കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872

## (1872-ലെ 1-ാം ആക്റ്റ്)

### (1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1975

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ഇൻഡ്യൻ തെളിവ് ആക്‌ററ്, 1872

**(1872-ലെ 1-ാം ആക്‌ററ്)**

**(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)**

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1975

കേന്ദ്രഗവൺമെന്റ്
നിയമ മന്ത്രാലയം

# ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872

## വകുപ്പുകളുടെ വിന്യാസം

ആമുഖം

ഭാഗം I

## വസ്തുതകളുടെ പ്രസക്തി

അദ്ധ്യായം I

പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.
2. (റദ്ദാക്കപ്പെട്ടു.)
3. വ്യാഖ്യാനഖണ്ഡം.
4. "അനുമാനിക്കാവുന്നതാണ്."
"അനുമാനിക്കേണ്ടതാണ്".
"നിശ്ചായകമായ തെളിയിക്കൽ".

അദ്ധ്യായം II

വസ്തുതകളുടെ പ്രസക്തിയെക്കുറിച്ച്

5. വിവാദ്യവസ്തുതകളേയും പ്രസക്തവസ്തുതകളേയും കുറിച്ച് തെളിവു നൽകാവുന്നതാണ്.
6. ഒരേ ഇടപാടിന്റെ ഭാഗമായ വസ്തുതകളുടെ പ്രസക്തി.
7. വിവാദ്യവസ്തുതകളുടെ സന്ദർഭമോ ഹേതുവോ പരിണാമമോ ആയിരുന്ന വസ്തുതകൾ.
8. പ്രേരകവും ഒരുക്കവും മുമ്പോ പിമ്പോ ഉള്ള പെരുമാററവും.
9. പ്രസക്ത വസ്തുതകൾ വിശദീകരിക്കുകയോ അവതരിപ്പിക്കുകയോ ചെയ്യുവാൻ ആവശ്യമായ വസ്തുതകൾ.
10. പൊതുവായ ഉദ്ദേശ്യം സംബന്ധിച്ച് ഗൂഢാലോചനക്കാരൻ പറയുകയോ ചെയ്യുകയോ ചെയ്തിട്ടുള്ള സംഗതികൾ.
11. മററു വിധത്തിൽ പ്രസക്തമല്ലാത്ത വസ്തുതകൾ എപ്പോൾ പ്രസക്തമാകുമെന്ന്.
12. നഷ്ടപരിഹാരത്തിനുള്ള വ്യവഹാരങ്ങളിൽ തുക നിശ്ചയിക്കാൻ കോടതിക്ക് കഴിവുണ്ടാക്കാൻ പ്രവണതയുള്ള വസ്തുതകൾ പ്രസക്തമാണ്.
13. അവകാശമോ ആചാരമോ പ്രശ്നവിഷയമായിരിക്കുമ്പോൾ പ്രസക്തമായ വസ്തുതകൾ.
14. മനസ്സിന്റെ അല്ലെങ്കിൽ ശരീരത്തിന്റെ സ്ഥിതിയുടേയോ ശാരീരികാനുഭൂതിയുടേയോ അസ്തിത്വം കാണിക്കുന്ന വസ്തുതകൾ.

15. കൃത്യം യാദൃശ്ചികമായിരുന്നോ ഉദ്ദേശ്യപൂർവ്വകമായിരുന്നോ എന്ന പ്രശ്നവുമായി ബന്ധപ്പെട്ട വസ്തുതകൾ.

16. ബിസിനസ് മുറ ഉണ്ടെന്നുള്ളത് എപ്പോൾ പ്രസക്തമാണെന്ന്.

17. അഡ്മിഷന്റെ നിർവ്വചനം.

18. അഡ്മിഷൻ-നടപടിയിലെ കക്ഷിയുടേയോ അയാളുടെ ഏജന്റിന്റേയോ ;

കക്ഷിയാൽ പ്രാതിനിധ്യ സ്വഭാവത്തിൽ ;

വിഷയത്തിൽ താൽപര്യമുള്ള കക്ഷിയാൽ;

താൽപര്യം ഏത് ആളിൽനിന്നാണോ സിദ്ധിച്ചത് ആ ആളിൽ.

19. വ്യവഹാരകക്ഷിക്കെതിരായി ഏതാളുകളുടെ നില തെളിയിക്കപ്പെടേണ്ടതാണോ ആ ആളുടെ അഡ്മിഷനുകൾ.

20. വ്യവഹാരകക്ഷി ഏതാളുകളോടു ചോദിക്കുവാൻ പ്രകടമായി പറയുന്നുവോ ആ ആളുകൾ നല്കുന്ന അഡ്മിഷനുകൾ.

21. അഡ്മിഷനുകൾ അവ ചെയ്യുന്നവർക്കെതിരായും അവരാലും അല്ലെങ്കിൽ അവർക്കുവേണ്ടിയും തെളിയിക്കുന്നത്.

22. രേഖകളുടെ ഉള്ളടക്കം സംബന്ധിച്ച വാക്കാലുള്ള അഡ്മിഷനുകൾ എപ്പോൾ പ്രസക്തമാണെന്ന്.

23. സിവിൽകേസുകളിലെ അഡ്മിഷനുകൾ എപ്പോൾ പ്രസക്തമെന്ന്.

24. പ്രചോദനമോ ഭീഷണിയോ വാഗ്ദാനമോ വഴിയായുണ്ടായ കുററസമ്മതം ക്രിമിനൽ നടപടിയിൽ എപ്പോൾ അപ്രസക്തമെന്ന്.

25. പോലീസ് ഉദ്യോഗസ്ഥനോടുള്ള കുററസമ്മതം തെളിയിക്കാവുന്നതല്ലെന്ന്.

26. പ്രതി പോലീസ് കസ്ററഡിയിലായിരിക്കുമ്പോൾ നടത്തുന്ന കുററസമ്മതം അയാൾക്കെതിരായി തെളിയിക്കാവുന്നതല്ലെന്ന്.

27. പ്രതിയിൽ നിന്ന് കിട്ടിയിട്ടുള്ള വിവരത്തിൽ എത്രത്തോളം തെളിയിക്കാവുന്നതാണെന്ന്.

28. പ്രചോദനമോ ഭീഷണിയോ വാഗ്ദാനമോ വഴി ഉണ്ടായിട്ടുള്ള ധാരണ നീക്കപ്പെട്ടശേഷം നടത്തുന്ന കുററസമ്മതം പ്രസക്തമെന്ന്.

29. മററുവിധത്തിൽ പ്രസക്തമായ കുററസമ്മതം രഹസ്യമായി വയ്ക്കാമെന്ന വാഗ്ദാനമോ മറേറാ കാരണം അപ്രസക്തമാകുകയില്ലെന്ന്.

30. കുററസമ്മതം നടത്തുന്ന ആളേയും ഒരേ കുററത്തിനു കൂട്ടായി വിചാരണ ചെയ്യപ്പെടുന്ന മററ് ആളുകളേയും ബാധിക്കുന്നതും തെളിയിക്കപ്പെട്ടതുമായ കുററസമ്മതത്തിന്റെ പരിഗണന.

31. അഡ്മിഷനുകൾ നിശ്ചായക തെളിവല്ല, എന്നാൽ വാദതടസ്സമായേക്കുമെന്ന്.

32. മരിച്ചുപോവുകയോ കണ്ടെത്താൻ സാധിക്കാതിരിക്കുകയോ മറേറാ ചെയ്യുന്ന ആൾ പ്രസക്ത വസ്തുതയെക്കുറിച്ച് ചെയ്യുന്ന പ്രസ്താവന പ്രസക്തമാകുന്ന സംഗതികൾ.

33 ചില തെളിവിന്റെ, അതിൽ പറഞ്ഞിട്ടുള്ള വസ്തുകളുടെ സത്യാവസ്ഥ പിന്നീടുള്ള നടപടിയിൽ തെളിയിക്കുന്നതിനുള്ള, പ്രസക്തി.

34. കണക്കുബുക്കുകളിലെ ഉരക്കുറിപ്പുകരം എപ്പോരം പ്രസക്തമെന്ന്.

35. കർത്തവ്യനിർവ്വഹണത്തിൽ പബ്ലിക്ക് റിക്കാർഡിൽ ചേർത്ത ഉരക്കുറിപ്പിന്റെ പ്രസക്തി.

36. ഭൂപടങ്ങളിലും ചാർട്ടുകളിലും പ്ലാനുകളിലും ഉള്ള പ്രസ്താവനകളുടെ പ്രസക്തി.

37. ചില ആക്റ്റുകളിലോ വിജ്ഞാപനങ്ങളിലോ അടങ്ങിയ പൊതുസ്വഭാവമുള്ള വസ്തുത സംബന്ധിച്ച പ്രസ്താവനയുടെ പ്രസക്തി.

38. ഏതെങ്കിലും നിയമത്തെക്കുറിച്ച് നിയമപുസ്തകങ്ങളിൽ അടങ്ങിയിട്ടുള്ള പ്രസ്താവനകളുടെ പ്രസക്തി.

39. പ്രസ്താവന ഒരു സംഭാഷണത്തിന്റേയോ രേഖയുടേയോ പുസ്തകത്തിന്റേയോ, കത്തുകളുടെ അല്ലെങ്കിൽ പത്രികകളുടെ പരമ്പരയുടേയോ ഭാഗമായിരിക്കുമ്പോരം എന്തു തെളിവാണ് നല്കേണ്ടതെന്ന്.

40. രണ്ടാം വ്യവഹാരമോ രണ്ടാം വിചാരണയോ തടയുവാൻ മുൻവിധി ന്യായങ്ങരം പ്രസക്തമെന്ന്.

41. പ്രൊബേററ് മുതലായ അധികാരിതയിലെ ചില വിധിന്യായങ്ങളുടെ പ്രസക്തി.

42. 41-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളവയൊഴികെയുള്ള വിധി ന്യായങ്ങളുടേയോ, ഉത്തരവുകളുടേയോ, വിധികളുടേയോ, പ്രസക്തിയും പ്രഭാവവും.

43. 40 മുതൽ 42 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ളവയൊഴികെയുള്ള വിധിന്യായങ്ങളും മററും എപ്പോരം പ്രസക്തമെന്ന്.

44. വിധിന്യായം സമ്പാദിക്കുന്നതിലുള്ള വഞ്ചനയോ കപടസന്ധിയോ അല്ലെങ്കിൽ കോടതിയുടെ ക്ഷമതയില്ലായ്മയോ തെളിയിക്കാമെന്ന്.

45. വിദഗ്ദ്ധന്മാരുടെ അഭിപ്രായങ്ങരം.

46. വിദഗ്ദ്ധന്മാരുടെ അഭിപ്രായങ്ങളോട് ബന്ധമുള്ള വസ്തുതകരം.

47. കൈപ്പടയെക്കുറിച്ചുള്ള അഭിപ്രായം എപ്പോരം പ്രസക്തമെന്ന്.

48. അവകാശത്തിന്റേയോ ആചാരത്തിന്റേയോ അസ്തിത്വത്തെക്കുറിച്ചുള്ള അഭിപ്രായം എപ്പോരം പ്രസക്തമെന്ന്.

49. വഴക്കങ്ങരം സിദ്ധാന്തങ്ങരം മുതലായവയെക്കുറിച്ചുള്ള അഭിപ്രായങ്ങരം എപ്പോരം പ്രസക്തമെന്ന്.

50. ബന്ധുത്വം സംബന്ധിച്ച അഭിപ്രായം എപ്പോരം പ്രസക്തമെന്ന്.

51. അഭിപ്രായത്തിനുള്ള കാരണങ്ങരം എപ്പോരം പ്രസക്തമെന്ന്.

52. സിവിൽ കേസുകളിൽ, ആരോപിക്കപ്പെട്ട പെരുമാററം തെളിയിക്കുന്നതിന് സ്വഭാവം അപ്രസക്തമാണെന്ന്.

53. മുൻപ് നല്ല സ്വഭാവക്കാരനായിരുന്നുവെന്നുള്ളത് ക്രിമിനൽ കേസുകളിൽ പ്രസക്തമാണെന്ന്.
54. മുൻപ് ചീത്ത സ്വഭാവക്കാരനായിരുന്നുവെന്നുള്ളത് എതിർത്തെളിവായി അല്ലാതെ പ്രസക്തമല്ലെന്ന്.
55. സ്വഭാവം നഷ്ടപരിഹാരത്തുകയെ ബാധിക്കുന്നത്.

ഭാഗം II

തെളിയിക്കലിനെക്കുറിച്ച്

അദ്ധ്യായം III

തെളിയിക്കപ്പെടേണ്ടതില്ലാത്ത വസ്തുതകൾ

56. ജുഡീഷ്യൽ നോട്ടീസ് എടുക്കാവുന്ന വസ്തുതകൾ തെളിയിക്കേണ്ടതില്ലെന്ന്.
57. കോടതി ജുഡീഷ്യൽ നോട്ടീസ് എടുക്കേണ്ട വസ്തുതകൾ.
58. അഡ്മിററു ചെയ്ത വസ്തുതകൾ തെളിയിക്കേണ്ടതില്ലെന്ന്.

അദ്ധ്യായം IV

വാക്കാൽ തെളിവിനെക്കുറിച്ച്

59. വാക്കാൽ തെളിവു വഴി വസ്തുതകൾ തെളിയിക്കൽ.
60. വാക്കാൽ തെളിവ് നേരിട്ടുള്ളതായിരിക്കണമെന്ന്.

അദ്ധ്യായം V

രേഖാമൂലമുള്ള തെളിവിനെക്കുറിച്ച്

61. രേഖകളുടെ ഉള്ളടക്കം തെളിയിക്കൽ.
62. പ്രാഥമികത്തെളിവ്.
63. ദ്വിതീയകത്തെളിവ്.
64. പ്രാഥമികത്തെളിവ് വഴി രേഖകൾ തെളിയിക്കൽ.
65. രേഖകൾ സംബന്ധിച്ച് ഏതു സംഗതികളിൽദ്വിതീയക തെളിവു നല്കാമെന്ന്.
66. ഹാജരാക്കുന്നതിനുള്ള നോട്ടീസ് സംബന്ധിച്ച ചട്ടങ്ങൾ.
67. ഹാജരാക്കിയ രേഖ വയ്ക്കുകയോ എഴുതുകയോ ചെയ്തു എന്നു പറയപ്പെട്ടിട്ടുള്ള ആളുടെ ഒപ്പും കൈപ്പടയും തെളിയിക്കൽ.
68. സാക്ഷ്യപ്പെടുത്തുന്നത് നിയമപ്രകാരം ആവശ്യമായിട്ടുള്ള രേഖയുടെ ഒപ്പിട്ടു പൂർത്തീകരിക്കൽ തെളിയിക്കുന്നത്.
69. സാക്ഷ്യപ്പെടുത്തുന്ന ഒരു സാക്ഷിയേയും കണ്ടെത്താത്തപ്പോഴുള്ള തെളിയിക്കൽ.
70. സാക്ഷ്യപ്പെടുത്തിയ രേഖയിലെ കക്ഷി ഒപ്പിട്ടു പൂർത്തീകരിക്കൽ അഡ്മിററു ചെയ്യുന്നത്.
71. സാക്ഷ്യപ്പെടുത്തുന്ന സാക്ഷി ഒപ്പിട്ടു പൂർത്തീകരിക്കൽ നിഷേധിക്കുമ്പോഴുള്ള തെളിയിക്കൽ.

72. സാക്ഷ്യപ്പെടുത്തുന്നത് നിയമപ്രകാരം ആവശ്യമില്ലാത്ത രേഖയുടെ തെളിയിക്കൽ.

73. ഒപ്പോ, ലിഖിതമോ, മുദ്രയോ അഡ്മിററു ചെയ്തിട്ടുള്ളതോ തെളിയിച്ചിട്ടുള്ളതോ ആയ മററുള്ളവയുമായി താരതമ്യപ്പെടുത്തുന്നത്.

74. പബ്ലിക്ക് രേഖകൾ.

75. പ്രൈവററ് രേഖകൾ.

76. പബ്ലിക്ക് രേഖയുടെ സർട്ടിഫൈ ചെയ്ത പകർപ്പുകൾ.

77. സർട്ടിഫൈ ചെയ്ത പകർപ്പുകൾഹാജരാക്കുന്നതുവഴി രേഖകൾ തെളിയിക്കൽ.

78. മററു ഔദ്യോഗിക രേഖകൾ തെളിയിക്കൽ.

79. സർട്ടിഫൈ ചെയ്ത പകർപ്പുകളുടെ യഥാർത്ഥത സംബന്ധിച്ച അനുമാനം.

80. തെളിവിൻെറ റിക്കാർഡ് ആയി ഹാജരാക്കിയ രേഖകൾ സംബന്ധിച്ച അനുമാനം.

81. ഗസററുകളും വർത്തമാനപ്പത്രങ്ങളും, പാർല്യമെൻറിൻെറ പ്രൈവററ് ആക്ററുകളും മററു രേഖകളും സംബന്ധിച്ച അനുമാനം.

82. മുദ്രയോ, ഒപ്പോ, തെളിയിക്കപ്പെടാതെ ഇംഗ്ലണ്ടിൽ സ്വീകാര്യമായ രേഖ സംബന്ധിച്ച അനുമാനം.

83. ഗവൺമെൻറിൻെറ പ്രാധികാരപ്രകാരം ഉണ്ടാക്കിയ ഭൂപടങ്ങളോ പ്ലാനുകളോ സംബന്ധിച്ച അനുമാനം.

84. നിയമങ്ങളുടെ ശേഖരങ്ങളും കോടതിത്തീരുമാനങ്ങളുടെ റിപ്പോർട്ടുകളും സംബന്ധിച്ച അനുമാനം.

85. മുക്ത്യാർ നാമങ്ങൾ സംബന്ധിച്ച അനുമാനം.

86. വിദേശ ജുഡീഷ്യൽ റിക്കാർഡുകളുടെ സർട്ടിഫൈ ചെയ്ത പകർപ്പുകൾ സംബന്ധിച്ച അനുമാനം.

87. പുസ്തകങ്ങളും ഭൂപടങ്ങളും ചാർട്ടുകളും സംബന്ധിച്ച അനുമാനം.

88. ടെലഗ്രാഫ് സന്ദേശങ്ങൾ സംബന്ധിച്ച അനുമാനം.

89. ഹാജരാക്കിയിട്ടില്ലാത്ത രേഖകൾ യഥാവിധി ഒപ്പിട്ട് പൂർത്തീകരിക്കുകയും മററും ചെയ്തത് സംബന്ധിച്ച അനുമാനം.

90. മുപ്പതുവർഷം പഴക്കമുള്ള രേഖകൾ സംബന്ധിച്ച അനുമാനം.

## അദ്ധ്യായം VI

### രേഖാമൂലമുള്ള തെളിവുകൊണ്ട് വാക്കാൽ തെളിവ് ഒഴിച്ചുനിറുത്തുന്നതിനെക്കുറിച്ച്

91. രേഖാരൂപത്തിൽ ആക്കിയിട്ടുള്ള കാൺട്രാക്ററുകളുടേയും, ഗ്രാൻറുകളുടേയും, വസ്തു സംബന്ധിച്ച മററ് വിനിയോഗങ്ങളുടേയും നിബന്ധനകൾ സംബന്ധിച്ച തെളിവ്.

92. വാക്കാൽ കരാറിനെക്കുറിച്ചുള്ള തെളിവ് ഒഴിച്ചു നിറുത്തൽ.

93. സന്നിഗ്ദ്ധാർത്ഥമുള്ള രേഖകൾ വിശദീകരിക്കുവാനോ, ഭേദഗതി ചെയ്യുവാനോ ഉള്ള തെളിവ് ഒഴിച്ചു നിറുത്തൽ.

94. നിലവിലിരിക്കുന്ന വസ്തുതകൾക്ക് രേഖ ബാധകമാകുന്നതിനെതിരായുള്ള തെളിവ് ഒഴിച്ചു നിറുത്തൽ.

95. നിലവിലുള്ള വസ്തുതകൾ വച്ചുനോക്കിയാൽ അർത്ഥഹീനമായ രേഖസംബന്ധിച്ചുള്ള തെളിവ്.

96. പല ആളുകളിൽ ഒരാൾക്ക് മാത്രം ബാധകമാകാവുന്ന ഭാഷ ബാധകമാകുന്നത് സംബന്ധിച്ച തെളിവ്.

97. രണ്ടു സെറ്റു വസ്തുതകളിൽ ഒന്നിനും മുഴുവനും ശരിക്ക് ബാധകമാകാത്ത ഭാഷ അവയിൽ ഒന്നിന് ബാധകമാകുന്നത് സംബന്ധിച്ച തെളിവ്.

98. അവ്യക്തമായ അക്ഷരങ്ങൾ മുതലായവയുടെ അർത്ഥം സംബന്ധിച്ച തെളിവ്.

99. രേഖയുടെ നിബന്ധനകൾ വ്യത്യാസപ്പെടുത്തുന്ന കരാറിനെക്കുറിച്ച് തെളിവ് ആർക്ക് നല്കാമെന്ന്.

100. മരണശാസനങ്ങളെസംബന്ധിച്ച ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്റ്റിലെ വ്യവസ്ഥകൾ ഒഴിവാക്കൽ.

## ഭാഗം III

## തെളിവ് ഹാജരാക്കലും അതിൻെറ പ്രഭാവവും

### അദ്ധ്യായം VII

### തെളിയിക്കേണ്ട ഭാരത്തെക്കുറിച്ച്

101. തെളിയിക്കേണ്ട ഭാരം.

102. തെളിയിക്കേണ്ട ഭാരം ആർക്കെന്ന്.

103. ഏതെങ്കിലും ഒരു വസ്തുത തെളിയിക്കേണ്ട ഭാരം.

104. തെളിവ് സ്വീകാര്യമാക്കുന്നതിന് തെളിയിക്കപ്പെടേണ്ട വസ്തുത തെളിയിക്കേണ്ട ഭാരം.

105. പ്രതിയുടെ കാര്യം അപവാദങ്ങളിൽപ്പെടുന്നുവെന്ന് തെളിയിക്കേണ്ട ഭാരം.

106. സവിശേഷമായി അറിവിൽപ്പെട്ട വസ്തുത തെളിയിക്കേണ്ട ഭാരം.

107. മുപ്പതുവർഷങ്ങൾക്കുള്ളിൽ ജീവിച്ചിരുന്നതായി അറിയുന്ന ആളുടെ മരണം തെളിയിക്കേണ്ട ഭാരം.

108. ഏഴുവർഷമായി കേൾക്കപ്പെടാത്ത ആൾ ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കേണ്ട ഭാരം.

109. പങ്കുകാരുടേയും ജന്മി–കുടിയാന്മാരുടേയും, പ്രിൻസിപ്പൽ-ഏജൻറുമാരുടേയും സംഗതികളിൽ ബന്ധം സംബന്ധിച്ച് തെളിയിക്കേണ്ട ഭാരം.

110 ഉടമാവകാശം സംബന്ധിച്ച് തെളിയിക്കേണ്ട ഭാരം.

111. ഒരു കക്ഷി സജീവമായ വിശ്വാസ്യതാബന്ധത്തിലായിരിക്കുന്ന ഇടപാടുകളിൽ ഉത്തമവിശ്വാസം തെളിയിക്കൽ.
112. വിവാഹബന്ധം നിലവിലുള്ളപ്പോഴത്തെ ജനനം നിയമാനുസൃത പുത്രത്വത്തിന്റെ നിശ്ചായക തെളിയിക്കലാണെന്ന്.
113. രാജ്യക്ഷേത്രം ഒഴിവായത് തെളിയിക്കൽ.
114. ചില വസ്തുതകളുടെ അസ്തിത്വം കോടതിക്ക് അനുമാനിക്കാവുന്നതാണെന്ന്.
115. വാമതടസ്സം.
116. വാമതടസ്സം-കുടിയാനെതിരായും; കൈവശക്കാരന്റെ ലൈസൻസുകാരനെതിരായും.
117. വിനിമയപത്രത്തിന്റെ പ്രതിഗ്രഹീതാവിനോ, ബെയിലീക്കോ ലൈസൻസുകാരനോ, എതിരായ വാമതടസ്സം.

അദ്ധ്യായം IX

സാക്ഷികളെക്കുറിച്ച്

118. ആർക്ക് സാക്ഷി പറയാമെന്ന്.
119. സംസാരിക്കുവാൻ കഴിവില്ലാത്ത സാക്ഷികൾ.
120. സിവിൽ വ്യവഹാരത്തിലെ കക്ഷികളും, അവരുടെ ഭാര്യമാരും അല്ലെങ്കിൽ ഭർത്താക്കന്മാരും; ക്രിമിനൽ വിചാരണയിലുള്ള ആളുടെ ഭർത്താവോ ഭാര്യയോ.
121. ജഡ്ജിമാരും മജിസ്ട്രേട്ടുമാരും.
122. വിവാഹബന്ധം നിലവിലുള്ളപ്പോൾ അറിയിക്കുന്ന സംഗതികൾ.
123. സ്റ്റേറ്റ് കാര്യങ്ങൾ സംബന്ധിച്ച തെളിവ്.
124. ഔദ്യോഗികമായി അറിയിച്ച സംഗതികൾ.
125. കുററങ്ങൾ ചെയ്തത് സംബന്ധിച്ച വിവരം.
126. വൃത്തിസംബന്ധമായി അറിയിച്ച സംഗതികൾ.
127. 126-ാം വകുപ്പ് ദ്വിഭാഷികൾക്കും മററും ബാധകമാകുമെന്ന്.
128. സ്വേച്ഛയാ തെളിവ് നല്കുന്നതുവഴി പ്രത്യേകാവകാശം ഉപേക്ഷിക്കുന്നില്ലെന്ന്.
129. നിയമോപദേഷ്ടാക്കളെ ഗോപ്യമായി അറിയിച്ച സംഗതി.
130. കക്ഷിയല്ലാത്ത സാക്ഷിയുടെ അവകാശപത്രങ്ങൾ ഹാജരാക്കൽ.
131. കൈവശമുണ്ടെങ്കിൽ ഹാജരാക്കുന്നതിന് വിസമ്മതിക്കുവാൻ മറെറാരാൾക്ക് കഴിയുമായിരുന്ന രേഖകൾ ഹാജരാക്കൽ.
132. ഉത്തരം കുററക്കാരനാക്കുമെന്ന കാരണത്തിന്മേൽ ഉത്തരം പറയുന്നതിൽനിന്ന് സാക്ഷി ഒഴിവാക്കപ്പെടുന്നില്ല.
133. കൂട്ടുകുററക്കാരൻ.
134. സാക്ഷികളുടെ എണ്ണം.

അദ്ധ്യായം X

## സാക്ഷി വിസ്താരത്തെക്കുറിച്ച്

135. സാക്ഷികളെ ഹാജരാക്കുകയും വിസ്തരിക്കുകയും ചെയ്യുന്ന ക്രമം.
136. തെളിവിൽ സ്വീകരിക്കുന്നതിനെക്കുറിച്ച് ജഡ്ജി തീരുമാനിക്കണമെന്ന്.
137. ആദ്യവിസ്താരം.
എതിർ വിസ്താരം.
പുനർ വിസ്താരം.
138. വിസ്താര ക്രമം.
പുനർവിസ്താരത്തിൻെറ ഉന്നം.
139. രേഖ ഹാജരാക്കാൻ വിളിച്ചുവരുത്തിയ ആളുടെഎതിർ വിസ്താരം.
140. സ്വഭാവത്തെക്കുറിച്ചുള്ള സാക്ഷികൾ.
141. സൂചക ചോദ്യങ്ങൾ.
142. അവ എപ്പോൾ ചോദിക്കരുതെന്ന്.
143. അവ എപ്പോൾ ചോദിക്കാമെന്ന്.
144. ലിഖിത വിഷയങ്ങൾ സംബന്ധിച്ച തെളിവ്.
145. ലിഖിതമായ മുൻ പ്രസ്താവനകൾ സംബന്ധിച്ച എതിർ വിസ്താരം.
146. എതിർ വിസ്താരത്തിൽ നിയമാനുസൃതമായ ചോദ്യങ്ങൾ.
147. ഉത്തരം പറയാൻ സാക്ഷിയെ എപ്പോൾ നിർബന്ധിക്കണമെന്ന്.
148. ചോദ്യം എപ്പോൾ ചോദിക്കണമെന്നും ഉത്തരം പറയുവാൻ സാക്ഷിയെ എപ്പോൾ നിർബന്ധിക്കണമെന്നും കോടതി തീരുമാനിക്കണമെന്ന്.
149. ന്യായമായ കാരണങ്ങൾ കൂടാതെ ചോദ്യം ചോദിക്കാവുന്നതല്ലെന്ന്.
150. ന്യായമായ കാരണമില്ലാതെ ചോദ്യം ചോദിക്കുന്ന സംഗതിയിൽ കോടതിയുടെ നടപടിക്രമം.
151. അസഭ്യമായതും അപവാദപരമായതുമായ ചോദ്യങ്ങൾ.
152. അപമാനിക്കുവാനോ അലട്ടുവാനോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ചോദ്യങ്ങൾ.
153. സത്യശീലത പരീക്ഷിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിലെ വൈരുദ്ധ്യം കാണിക്കുന്ന തെളിവ് ഒഴിച്ചുനിറുത്തൽ.
154. സ്വന്തം സാക്ഷിയോടുള്ള കക്ഷിയുടെ ചോദ്യം.
155. സാക്ഷിയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നത്.
156. പ്രസക്ത വസ്തുതയെക്കുറിച്ചുള്ള തെളിവ് ഉപോദ്ബലകമാക്കുന്ന പ്രവണതയുള്ള ചോദ്യങ്ങൾ സ്വീകരിക്കപ്പെടുന്നതാണെന്ന്.

157. പിന്നീടുള്ള സാക്ഷിത്തെളിവിന് ഉപോദ്ബലനം നല്കുവാൻ സാക്ഷിയുടെ അതേ വസ്തുത സംബന്ധിച്ചുള്ള മുൻ പ്രസ്താവനകൾ തെളിയിക്കാമെന്ന്.

158. 32-ാം വകുപ്പിനോ 33-ാം വകുപ്പിനോ കീഴിൽ പ്രസക്തമായ തെളിയിക്കപ്പെട്ട പ്രസ്താവന സംബന്ധിച്ച് ഏതുവിഷയങ്ങൾ തെളിയിക്കാമെന്ന്.

159. ഓർമ്മ പുതുക്കൽ.
ഓർമ്മ പുതുക്കുവാൻ രേഖയുടെ പകർപ്പ് സാക്ഷിക്ക് എപ്പോൾ ഉപയോഗിക്കാമെന്ന്.

160. 159-ാം വകുപ്പിൽ പറഞ്ഞ രേഖകളിൽ പ്രസ്താവിച്ച വസ്തുതകളെപ്പററിയുള്ള സാക്ഷിത്തെളിവ്.

161. ഓർമ്മ പുതുക്കാനായി ഉപയോഗിക്കുന്ന ലിഖിതം സംബന്ധിച്ച് എതിർകക്ഷിക്കുള്ള അവകാശം.

162. രേഖകൾ ഹാജരാക്കൽ.
രേഖകളുടെ തർജ്ജിമ.

163. ആവശ്യപ്പെടുകയും, നോട്ടീസിന്മേൽ ഹാജരാക്കുകയും ചെയ്ത രേഖ തെളിവായി കൊടുക്കുന്നത്.

164. നോട്ടീസിന്മേൽ ഹാജരാക്കാൻ വിസമ്മതിച്ച രേഖ തെളിവായി ഉപയോഗിക്കുന്നത്.

165. ചോദ്യങ്ങൾ ചോദിക്കുവാനോ ഹാജരാക്കുവാൻ ഉത്തരവു നല്കുവാനോ ജഡ്ജിക്കുള്ള അധികാരം.

166. ചോദ്യം ചോദിക്കാൻ ജൂറിക്കോ അസസ്സർമാർക്കോ ഉള്ള അധികാരം.

## അദ്ധ്യായം XI

### തെളിവ്, ശരിയല്ലാതെ തെളിവിൽ സ്വീകരിക്കലും നിരസിക്കലും

167. തെളിവ് ശരിയല്ലാതെ തെളിവിൽ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതു കൊണ്ട് പുതിയ വിചാരണയില്ലെന്ന്.

പട്ടിക (റദ്ദാക്കപ്പെട്ടു)

# ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872

(1872-ലെ 1-ാം ആക്റ്റ്)

[1872 മാർച്ച്, 15]

ആമുഖം:—തെളിവുനിയമം സഞ്ചയിക്കുകയും നിർവ്വചിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതു സമീചീനമായിരിക്കയാൽ ; ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## ഭാഗം I

## വസ്തുതകളുടെ പ്രസക്തി

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും :— ഈ ആക്റ്റിന് ഇൻഡ്യൻ തെളിവ് ആക്റ്റ് 1872 എന്ന് പേർ പറയാവുന്നതാണ്.

ഇത് ജമ്മു—കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും, ആർമിആക്റ്റോ നേവൽ ഡിസിപ്ലിൻ ആക്റ്റോ ഇൻഡ്യൻ നേവി (ഡിസിപ്ലിൻ) ആക്റ്റ് 1934-ഓ എയർഫോഴ്സ് ആക്റ്റോ പ്രകാരം വിളിച്ചുകൂട്ടിയ പട്ടാളക്കോടതികൾ അല്ലാതെയുള്ള പാട്ടളക്കോടതികൾ ഉൾപ്പെടെയുള്ള ഏതെങ്കിലും കോടതിയിലോ, കോടതി മുൻപാകെയോ ഉള്ള എല്ലാ നീതിന്യായ നടപടികൾക്കും ബാധകമാകുന്നതും, എന്നാൽ ഏതെങ്കിലും കോടതിയുടേയോ ആഫീസറുടേയോ മുമ്പാകെ കൊടുക്കുന്ന സത്യവാങ്മൂലങ്ങൾക്കോ ഒരു മദ്ധ്യസ്ഥന്റെ മുമ്പാകെയുള്ള നടപടികളിലേക്കോ ബാധകമാകാത്തതും

ഇത് 1872 സെപ്റ്റംബർ ഒന്നാം ദിവസം പ്രാബല്യത്തിൽ വരുന്നതും, ആകുന്നു.

2. [റദ്ദാക്കപ്പെട്ടു]

3. വ്യാഖ്യാന ഖണ്ഡം:—സന്ദർഭത്തിൽനിന്ന് വിപരീതമായ ഉദ്ദേശ്യം വെളിപ്പെടാത്തപക്ഷം, ഈ ആക്റ്റിൽ താഴെപറയുന്ന വാക്കുകളും പദങ്ങളും താഴെ പറയുന്ന അർത്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു :

"കോടതി"—"കോടതി" യിൽ എല്ലാ ജഡ്ജിമാരും മജിസ്ട്രേട്ടുമാരും, മദ്ധ്യസ്ഥൻമാർ ഒഴികെ, തെളിവെടുക്കാൻ നിയമപ്രകാരം അധികാരപ്പെടുത്തപ്പെട്ട എല്ലാ ആളുകളും ഉൾപ്പെടുന്നു.

"വസ്തുത—"വസ്തുത" എന്നാൽ—

(1) ഇന്ദ്രിയഗ്രാഹ്യമായ ഏതെങ്കിലും സംഗതി, സംഗതികളുടെ അവസ്ഥ, അല്ലെങ്കിൽ സംഗതികളുടെ ബന്ധം ;

(2) ഏതെങ്കിലും ആൾക്ക് ബോധമുള്ള ഏതെങ്കിലും മാനസികാവസ്ഥ, എന്നർത്ഥമാകുന്നതും അതിൽ അവ ഉൾപ്പെടുന്നതും ആകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ഒരു സ്ഥലത്ത് ഒരു ക്രമത്തിൽ ചില വസ്തുക്കൾ അടുക്കിവച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്.

(ഖ) ഒരാൾ എന്തെങ്കിലും കേൾക്കുകയോ കാണുകയോ ചെയ്തു എന്നത് ഒരു വസ്തുതയാണ്.

(ഗ) ഒരാൾ ചില വാക്കുകൾ പറഞ്ഞു എന്നത് ഒരു വസ്തുതയാണ്.

(ഘ) ഒരാൾക്ക് എന്തെങ്കിലും ഒരു അഭിപ്രായം ഉണ്ടെന്നോ എന്തെങ്കിലും ഒരു ഉദ്ദേശ്യം ഉണ്ടെന്നോ, ഒരാൾ ഉത്തമവിശ്വാസത്തിലോ വഞ്ചനാപൂർവകമായോ പ്രവർത്തിക്കുന്നു എന്നോ, ഏതെങ്കിലും ഒരു വാക്ക് ഏതെങ്കിലും ഒരു അർത്ഥത്തിൽ ഉപയോഗിക്കുന്നു എന്നോ ഒരു വിനിർദ്ദിഷ്ടസമയത്ത് ഏതെങ്കിലും ഒരു അനുഭൂതിയെപ്പററി ബോധവനാണെന്നോ, ആയിരുന്നുവെന്നോ ഉള്ളത് ഒരു വസ്തുതയാണ്.

(ങ) ഒരാൾക്ക് ഏതെങ്കിലും ഒരു ഖ്യാതി ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്.

"പ്രസക്തം"—വസ്തുതകളുടെ പ്രസക്തിയെ സംബന്ധിച്ച് ഈ ആക്ററിലെ വ്യവസ്ഥകളിൽ പരമർശിക്കപ്പെട്ട മാർഗ്ഗങ്ങളിൽ ഏതിലെങ്കിലും കൂടി ഒരു വസ്തുത മറെറാന്നുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ അത് മറേറതിന് പ്രസക്തമാണെന്ന് പറയപ്പെടുന്നു.

"വിവാദ്യ വസ്തുതകൾ"—"വിവാദ്യ വസ്തുതകൾ" എന്ന പദത്തിന്— ഏതൊരു വസ്തുതയിൽനിന്ന് സ്വയമേ അല്ലെങ്കിൽ മററ് വസ്തുതകളുമായി ചേർന്നാണോ ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ ദൃഢാഖ്യാനം ചെയ്തിട്ടുള്ളതോ, നിഷേധിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും അവകാശത്തിൻേറയോ ബാദ്ധ്യതയുടേയോ അല്ലെങ്കിൽ അവശതയുടേയോ, അസ്തിത്വമോ, അനസ്തിത്വമോ സ്വഭാവമോ വ്യാപ്തിയോ അവശ്യമായി സിദ്ധമാകുന്നത്;

ആ വസ്തുത എന്നർത്ഥമാകുന്നതും ആ വസ്തുത ആ പദത്തിൽ ഉൾപ്പെടുന്നതും ആകുന്നു.

വിശദീകരണം—സിവിൽ നടപടി സംബന്ധിച്ച് ആ സമയത്ത് പ്രാബല്യത്തിലിരിക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും കോടതി എപ്പോഴെങ്കിലും വസ്തുതാപരമായ ഒരു വിവാദ്യകം രേഖപ്പെടുത്തുമ്പോൾ, അങ്ങനെയുള്ള വിവാദ്യകത്തിനുള്ള മറുപടിയിൽ ദൃഢാഖ്യാനം ചെയ്യുകയോ നിഷേധിക്കുകയോ ചെയ്യേണ്ട വസ്തുത, ഒരു വിവാദ്യ വസ്തുതആകുന്നു.

### ദൃഷ്ടാന്തങ്ങൾ

'ഖ' യെ കൊലചെയ്തുവെന്ന കുററം 'ക' യുടെ മേൽ ആരോപിക്കപ്പെട്ടിരിക്കുന്നു.

അയാളുടെ വിചാരണയിൽ താഴെപ്പറയുന്ന വസ്തുതകൾ വിവാദ്യകം ആകാവുന്നതാണ് :—

'ക' 'ഖ' യുടെ മരണം സംഭവിപ്പിച്ചു എന്നത് ;

'ക' 'ഖ' യുടെ മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിച്ചു എന്നത് ;

'ക' യ്ക്ക് 'ഖ' യിൽ നിന്ന് ഗുരുവായതും പെട്ടെന്നുണ്ടായതുംആയ പ്രകോപനം ഉണ്ടായിട്ടുണ്ട് എന്നത്;
'ഖ' യുടെ മരണം സംഭവിപ്പിച്ച കൃത്യം ചെയ്യുന്ന സമയത്ത്, ചിത്തഭ്രമം കാരണമായി 'ക' യ്ക്ക് അതിന്റെ സ്വഭാവം അറിയാൻ കഴിവില്ലായിരുന്നു എന്നത്.

"രേഖ"—"രേഖ" എന്നാൽ, ഏതൊരു കാര്യമാണോ, ആ കാര്യം രേഖപ്പെടുത്തുന്ന ആവശ്യത്തിന് ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ, ഉപയോഗിക്കാവുന്നതോ ആയ അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ വഴിയായി അല്ലെങ്കിൽ അവയിൽ ഒന്നിലധികം മാർഗ്ഗങ്ങളിലൂടെ ഏതെങ്കിലും പദാർത്ഥത്തിൻ മേൽ പ്രകടമാക്കുകയോ വിവരിക്കുകയോ ചെയ്തിട്ടുള്ളത്, ആ കാര്യം എന്നർത്ഥമാകുന്നു.

ദൃഷ്ടാന്തങ്ങൾ

ഒരു ലിഖിതം ഒരു രേഖ ആകുന്നു :

അച്ചടിച്ചതോ ലിതോഗ്രാഫ് ചെയ്തതോ, ഫോട്ടോഗ്രാഫ് ചെയ്തതോ ആയ വാക്കുകൾ രേഖകൾ ആകുന്നു ;

ഭൂപടമോ പ്ലാനോ ഒരു രേഖ ആകുന്നു ;

ലോഹത്തകിടിലോ, ശിലയിലോ ഉള്ള ഒരു ആലേഖനം ഒരു രേഖ ആകുന്നു ;

ഒരു ഹാസ്യചിത്രം ഒരു രേഖയാകുന്നു.

"തെളിവ്"—"തെളിവ്" എന്നാൽ—

(1) വിചാരണയിൽ ഇരിക്കുന്ന, വസ്തുതാപരമായ കാര്യങ്ങൾ സംബന്ധിച്ച് കോടതി അതിന്റെ മുമ്പാകെ സാക്ഷികളെ, ചെയ്യാൻ അനുവദിക്കുകയോ, അവരോട് ആവശ്യപ്പെടുകയോ ചെയ്യുന്ന എല്ലാ പ്രസ്താവനകളും ;

അങ്ങനെയുള്ള പ്രസ്താവനകൾക്ക് വാക്കാൽ തെളിവ് എന്ന് പേർ പറയുന്നു—

(2) കോടതിയുടെ പരിശോധനക്ക് ഹാജരാകുന്ന എല്ലാ രേഖകളും ;
അങ്ങനെയുള്ള രേഖകൾക്ക് രേഖാമൂലം തെളിവ് എന്ന് പേർപറയുന്നു—

എന്നർത്ഥമാകുന്നതും അവ "തെളിവിൽ" ഉൾപ്പെടുന്നതും ആകുന്നു.

"തെളിയിക്കപ്പെട്ടു"—കോടതി അതിന്റെ മുമ്പാകെയുള്ള കാര്യങ്ങൾ പരിഗണിച്ചശേഷം, ഒരു വസ്തുത ഉള്ളതായി വിശ്വസിക്കുകയോ, അല്ലെങ്കിൽ വിവേകിയായ ഒരാൾ, ആ പ്രത്യേക കേസിന്റെ പരിതഃസ്ഥിതികളിൽ, അത് നിലവിലുള്ളതാണെന്ന സങ്കല്പത്തിൽ പ്രവർത്തിക്കേണ്ടിയിരിക്കത്തക്ക വണ്ണം അതിന്റെ അസ്തിത്വം അത്ര സംഭവ്യമാണെന്ന് പരിഗണിക്കുകയോ ചെയ്യുമ്പോൾ, ആ വസ്തുത തെളിയിക്കപ്പെട്ടു എന്ന് പറയുന്നു.

"ഇല്ലെന്നു തെളിയിക്കപ്പെട്ടു"—കോടതി, അതിന്റെ മുമ്പാകെ കാര്യങ്ങൾ പരിഗണിച്ചശേഷം ഒരു വസ്തുത ഇല്ലാത്തതായി വിശ്വസിക്കുകയോ, അല്ലെങ്കിൽ വിവേകി ആയ ഒരാൾ ആ പ്രത്യേക കേസിന്റെ പരിതഃസ്ഥിതികളിൽ അത് ഇല്ലാത്തതാണെന്ന സങ്കല്പത്തിൽ പ്രവർത്തിക്കേണ്ടിയിരിക്കത്തക്കവണ്ണം അതിന്റെ അഭാവം അത്ര സംഭവ്യമാണെന്ന് പരിഗണിക്കുകയോ ചെയ്യുമ്പോൾ, ആ വസ്തുത ഇല്ലെന്ന് തെളിയിക്കപ്പെട്ടു എന്ന് പറയുന്നു.

"തെളിയിക്കപ്പെട്ടിട്ടില്ല"—ഒരു വസ്തുത, തെളിയിക്കപ്പെടുകയോ അല്ലെങ്കിൽ ഇല്ലെന്ന് തെളിയിക്കപ്പെടുകയോ ചെയ്യാതിരിക്കുമ്പോൾ അത് തെളിയിക്കപ്പെട്ടിട്ടില്ല എന്ന് പറയപ്പെടുന്നു.

"ഇൻഡ്യ"—"ഇൻഡ്യ" എന്നാൽ ജമ്മു-കാശ്മീർ സ്റേററ് ഒഴികെയുള്ള ഇൻഡ്യയുടെ രാജ്യക്ഷേത്രം എന്നർത്ഥമാകുന്നു.

4. "അനുമാനിക്കാവുന്നതാണ്"—കോടതിക്ക് ഒരു വസ്തുത അനുമാനിക്കാവുന്നതാണെന്ന് ഈ ആക്ററ് വ്യവസ്ഥ ചെയ്തിട്ടുള്ളപ്പോഴെല്ലാം, അതിന് അങ്ങനെയുള്ള വസ്തുത തെളിയിക്കപ്പെട്ടതായി, അത് ഇല്ലെന്ന് തെളിയിക്കാത്തപക്ഷവും ഇല്ലെന്ന് തെളിയിക്കുന്നതുവരെയും കരുതുകയോ, അല്ലെങ്കിൽ അതു തെളിയിക്കുവാൻ ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.

"അനുമാനിക്കേണ്ടതാണ്"—കോടതി ഒരു വസ്തുത അനുമാനിക്കേണ്ടതാണെന്ന് ഈ ആക്ററ് നിർദേശിച്ചിട്ടുള്ളപ്പോഴെല്ലാം, അത് അങ്ങനെയുള്ള വസ്തുത തെളിയിക്കപ്പെട്ടതായി, അത് ഇല്ലെന്ന് തെളിയിക്കാത്തപക്ഷവും, ഇല്ലെന്ന് തെളിയിക്കുന്നതുവരെയും കരുതേണ്ടതാകുന്നു.

"നിശ്ചായകമായ തെളിയിക്കൽ"—ഒരു വസ്തുത മറെറാന്നിന്റെ നിശ്ചായകമായ തെളിയിക്കലായി ഈ ആക്ററ് പ്രഖ്യാപിക്കുമ്പോൾ, ആ വസ്തുത തെളിയിക്കപ്പെട്ടാൽ മറേറത് തെളിക്കപ്പെട്ടതായി കോടതി കരുതേണ്ടതും, അത് ഇല്ലെന്ന് തെളിയിക്കുന്നതിനുവേണ്ടി തെളിവ് നൽകാൻ അനുവദിച്ചുകൂടാത്തതും ആകുന്നു.

## അദ്ധ്യായം II

## വസ്തുതകളുടെ പ്രസക്തിയെക്കുറിച്ച്

5. വിവാദ്യവസ്തുതകളേയും പ്രസക്ത വസ്തുതകളേയും കുറിച്ച് തെളിവു നൽകാവുന്നതാണ്.— ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലാ ഏതൊരു വിവാദ്യവസ്തുതയുടേയും, പ്രസക്തമെന്ന് ഇതിന് ശേഷം ഇതിൽ പ്രഖ്യാപിച്ചിട്ടുള്ള മററു വസ്തുതകളുടേയും അസ്തിത്വത്തേയോ അഭാവത്തേയോ കുറിച്ച് തെളിവ് നല്കാവുന്നതും, മററ് യാതൊന്നിനേയും കുറിച്ച് നല്കാവുന്നതല്ലാത്തതും ആകുന്നു.

വിശദീകരണം.—സിവിൽ നടപടിയോട് ബന്ധപ്പെട്ട തത്സമയം പ്രാബല്യത്തിലിരിക്കുന്ന നിയമത്തിന്റെ ഏതെങ്കിലും വ്യവസ്ഥയാൽ തെളിയിക്കുന്നതിന് ഏതെങ്കിലും ആൾക്ക് അവകാശം നിഷേധിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയെക്കുറിച്ച്, തെളിവ്നൽകുവാൻ അയാൾക്ക് ഈ വകുപ്പ് കഴിവുണ്ടാക്കുന്നില്ല.

### ദൃഷ്ടാന്തങ്ങൾ

(ക) 'ഖ' യുടെ മരണം സംഭവിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അയാളെ ഒരു ഗദകൊണ്ട് അടിച്ച് കൊല ചെയ്തതിന് 'ക' വിചാരണ ചെയ്യപ്പെടുകയാണ്.

'ക' യുടെ വിചാരണയിൽ താഴെപ്പറയുന്ന വസ്തുതകൾ വിവാദ്യമാണ്: 'ഖ' യെ 'ക' ഗദകൊണ്ട് അടിക്കുന്നതു. അങ്ങനെയുള്ള അടികൊണ്ട് 'ക' 'ഖ' യുടെ മരണം സംഭവിപ്പിക്കുന്നത് : 'ഖ' യുടെ മരണം സംഭവിപ്പിക്കണമെന്നുള്ള 'ക' യുടെ ഉദ്ദേശ്യം.

(ഖ) ഒരു കക്ഷി, താൻ ആശ്രയിക്കുന്ന ഒരു ബാണ്ട് കൊണ്ടുവരാതിരിക്കുകയും കേസിന്റെ ആദ്യത്തെ ഹിയറിങ്ങിന് ഹാജരാക്കുവാൻഅത് തയ്യാറാകാതിരിക്കുകയും ചെയ്യുന്നു. സിവിൽ നടപടി

നിയമസംഹിതയിൽ നിർണ്ണിക്കപ്പെട്ടിട്ടുള്ള ഉപാധികൾ അനുസരിച്ചല്ലാതെ, ആ നടപടികളുടെ പിന്നീടുള്ള ഒരു ഘട്ടത്തിൽ ആ ബാണ്ട് ഹാജരാക്കുകയോ അതിന്റെ ഉള്ളടക്കം തെളിയിക്കുകയോ ചെയ്യാൻ ഈ വകുപ്പ് അയാൾക്ക് കഴിവുണ്ടാക്കുന്നില്ല.

6. ഒരേ ഇടപാടിന്റെ ഭാഗമായ വസ്തുതകളുടെ പ്രസക്തി— വിവാദ്യമല്ലെങ്കിലും, ഒരു ഇടപാടിന്റെ ഭാഗമാകത്തക്കവണ്ണം വിവാദ്യവസ്തുതയുമായി ബന്ധപ്പെട്ടിരിക്കുന്ന വസ്തുതകൾ, അവ ഒരേ സമയത്തും സ്ഥലത്തും സംഭവിച്ചതോ വ്യത്യസ്തമായ സമയങ്ങളിലും സ്ഥലങ്ങളിലും സംഭവിച്ചതോ ആയാലും, പ്രസക്തമാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) "ഖ" യെ അടിച്ചുകൊലചെയ്തതായി 'ക' യുടെ മേൽ കുററം ആരോപിച്ചിരിക്കുന്നു. അടിക്കുമ്പോഴോ അല്ലെങ്കിൽ ഇടപാടിന്റെ ഭാഗമാകത്തക്കവണ്ണം അതിന് അത്ര അടുത്തു മുമ്പോ പിമ്പോ 'ക' യോ 'ഖ' യോ അല്ലെങ്കിൽ കണ്ടുനില്ക്കുന്നവരോ പറയുകയോ പ്രവർത്തിക്കുകയോ ചെയ്ത എന്തും പ്രസക്തമായവസ്തുത ആകുന്നു.

(ഖ) വസ്തുക്കൾ നശിപ്പിക്കുകയും സൈന്യങ്ങളെ ആക്രമിക്കുകയും ജയിലുകൾ പൊളിക്കുകയും ചെയ്ത ഒരു സായുധകലാപത്തിൽ പങ്കെടുക്കുന്നതുവഴി ഇൻഡ്യാഗവൺമെൻറിനെതിരായി യുദ്ധം ചെയ്തതായി 'ക' യുടെ മേൽ കുററം ആരോപിച്ചിരിക്കുന്നു. ഈ വസ്തുതകൾ സംഭവിച്ചു എന്നത് അവയിലെല്ലാം 'ക' സന്നിഹിതനായിട്ടില്ലെന്ന് വരികിലും അവ പൊതു ചെയ്തിയുടെ ഭാഗമാകുന്നുവെന്ന നിലയിൽ പ്രസക്തമാണ്.

(ഗ) ഒരു എഴുത്തുകുത്തിന്റെ ഭാഗമായ ഒരെഴുത്തിൽ അടങ്ങിയിട്ടുള്ള ഒരു അപമാനലേഖം സംബന്ധിച്ച് 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു. ഏത് വിഷയത്തിൽ നിന്നാണോ അപമാനലേഖം ഉദ്ഭവിച്ചിട്ടുള്ളത്; ആ വിഷയം സംബന്ധിച്ചുള്ളതും, അത് അടങ്ങിയിട്ടുള്ള എഴുത്തുകുത്തിന്റെ ഭാഗമായിരിക്കുന്നതും ആയ, കക്ഷികൾ തമ്മിലുള്ള എഴുത്തുകൾ അവയിൽ അപമാനലേഖം അടങ്ങിയിട്ടില്ല എന്നുവരികിലും പ്രസക്ത വസ്തുതകൾ ആകുന്നു.

(ഘ) 'ഖ' യിൽ നിന്ന് ആർഡർ ചെയ്ത ചില സാമാനങ്ങൾ 'ക' യ്ക്ക ഡെലിവർ ചെയ്തിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം. സാമാനങ്ങൾ പല മദ്ധ്യവർത്തികൾക്ക് ഒന്നിനു പുറകെഒന്നായി ഡെലിവർ ചെയ്തു. ഓരോ ഡെലിവറിയും പ്രസക്തവസ്തുതയാണ്.

7. വിവാദ്യ വസ്തുതകളുടെ സന്ദർഭമോ ഹേതുവോ പരിണാമമോ ആയിരിക്കുന്ന വസ്തുതകൾ.—പ്രസക്തമായ വസ്തുതകളുടെ, അല്ലെങ്കിൽ വിവാദ്യ വസ്തുതകളുടെ, ആസന്നമോ അല്ലാത്തതോ ആയ, സന്ദർഭമോ ഹേതുവോ പരിണാമമോ ആയിട്ടുള്ളതോ അല്ലെങ്കിൽ അവ ഏത് സ്ഥിതിയിലാണോ സംഭവിച്ചത്, ആ സ്ഥിതിയെ ഉണ്ടാക്കിത്തീർക്കുന്നതോ അല്ലെങ്കിൽ അവ സംഭവിപ്പിക്കുകയോ നടക്കുകയോ ചെയ്യുന്നതിന് അവസരം നല്കുന്നതോ ആയ വസ്തുതകൾ പ്രസക്തമാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) 'ഖ' യെ 'ക' കവർച്ച ചെയ്തുവോ എന്നുള്ളതാണ് പ്രശ്നം. കവർച്ചയ്ക്ക് തൊട്ടുമുൻപ് തന്റെ കൈവശമുണ്ടായിരുന്ന പണവുമായി 'ഖ' ചന്തയ്ക്ക് പോയി എന്നും അത് മററാളുകളെ കാണിക്കുകയോ അല്ലെങ്കിൽ അത് അയാളുടെ കൈവശമുള്ള വസ്തുത മററാളുകളോട് പറയുകയോ ചെയ്തു എന്നുമുള്ള വസ്തുത പ്രസക്തമാകുന്നു.

(ഖ) 'ഖ' യെ 'ക' കൊല ചെയ്തുവോ എന്നുള്ളതാണ് പ്രശ്നം. കൊലപാതകം നടത്തിയ സ്ഥലത്തോ അതിന്റെ സമീപത്തോ പിടിവലി കൊണ്ട് നിലത്തുണ്ടായിട്ടുള്ള അടയാളങ്ങൾ പ്രസക്ത വസ്തുതകൾ ആകുന്നു.

(ഗ) 'ഖ' യക്ക് 'ക' വിഷം കൊടുത്തുവോ എന്നുള്ളതാണ് പ്രശ്നം. വിഷത്തിന്റേതാണെന്നുപറയുന്ന ലക്ഷണങ്ങൾ കാണുന്നതിന് മുമ്പുള്ള 'ഖ' യുടെ ആരോഗ്യസ്ഥിതിയും, വിഷം കൊടുക്കുന്നതിന് അവസരം കൊടുത്തതും 'ക' യ്ക്ക് അറിവുള്ളതുമായ 'ഖ' യുടെ ശീലങ്ങളും പ്രസക്ത വസ്തുതകളാകുന്നു.

8. പ്രേരകവും ഒരുക്കവും മുമ്പോ പിമ്പോ ഉള്ള പെരുമാററവും.—ഏതെങ്കിലും വിവാദ്യ വസതുതയ്ക്കോ പ്രസക്ത വസ്തുതയ്ക്കോ ഉള്ള പ്രേരകമോ ഒരുക്കമോ പ്രദർശിപ്പിക്കുന്ന, അല്ലെങ്കിൽ ആകുന്ന ഏതെങ്കിലും വസ്തുത പ്രസക്തമാകുന്നു.

ഏതെങ്കിലും വ്യവഹാരത്തിലേയോ നടപടിയിലേയോ ഏതെങ്കിലും കക്ഷിയുടേയോ അല്ലെങ്കിൽ ഏതെങ്കിലും കക്ഷിയുടെ ഏജൻറിന്റേയോ അങ്ങനെയുള്ള വ്യവഹാരമോ നടപടിയോ സംബന്ധിച്ചോ അല്ലെങ്കിൽ അതിലുള്ള ഏതെങ്കിലും വിവാദ്യവസ്തുതയോ പ്രസക്ത വസ്തുതയോ സംബന്ധിച്ചോ ഉള്ള പെരുമാററവും, ഏതാൾക്കെതിരായ ഒരു കുററമാണോ ഏതെങ്കിലും നടപടിക്ക് വിഷയമായിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആളുടെ പെരുമാററവും, അങ്ങനെയുള്ള പെരുമാററം ഏതെങ്കിലും വിവാദ്യ വസതുതയേയോ പ്രസക്ത വസ്തുതയേയോ സ്വാധീനപ്പെടുത്തുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പെരുമാററം ഏതെങ്കിലും വിവാദ്യ വസ്തുതയാലോ പ്രസക്തവസ്തുതയാലോ സ്വാധീനപ്പെടുത്തപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, അത് അതിന് മുമ്പോ പിമ്പോ ഉള്ളതായാലും, പ്രസക്തമാകുന്നു.

വിശദീകരണം. 1—ഈ വകുപ്പിലെ "പെരുമാററം" എന്ന വാക്കിൽ പ്രസ്താവനകൾ, അവ് പ്രസ്താവനകൾ അല്ലാതെയുള്ള കൃത്യങ്ങളോടുകൂടെ വരികയും ആ കൃത്യങ്ങളെ വിശദീകരിക്കുകയും ചെയ്യാത്തപക്ഷം, ഉൾപ്പെടാത്തതും; എന്നാൽ ഈ വിശദീകരണം, പ്രസ്താവനകളുടെ ഈ ആക്ററിന്റെ മറേറതെങ്കിലും വകുപ്പുപ്രകാരമുള്ള പ്രസക്തിയെ ബാധിച്ചു കൂടാത്തതും ആകുന്നു.

വിശദീകരണം.—2—ഏതെങ്കിലും ആളുടെ പെരുമാററം പ്രസക്തമായിരിക്കുമ്പോൾ, അങ്ങനെയുള്ള പെരുമാററത്തെ ബാധിക്കുന്നതും അയാളോടോ അല്ലെങ്കിൽ അയാളുടെ സാന്നിദ്ധ്യത്തിലോ ചെയ്തിട്ടുള്ളതുമായ ഏതെങ്കിലും പ്രസ്താവന പ്രസക്തമാകുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) 'ഖ' യെ കൊലചെയ്തതിന് 'ക' വിചാരണ ചെയ്യപ്പെടുകയാണ്. 'ക' 'ഗ' യെ കൊലചെയ്തു എന്നും, 'ക' 'ഗ' യെ കൊലചെയ്തത് 'ഖ' അറിഞ്ഞു എന്നും, 'ഖ' താൻ അത് പരസ്യമാക്കുമെന്ന് ഭയപ്പെടുത്തി 'ക' യിൽനിന്ന് പണം അപഹരിക്കുവാൻ ശ്രമിച്ചു എന്നും ഉള്ള വസ്തുതകൾ പ്രസക്തമാകുന്നു.

(ഖ) പണം കൊടുക്കുന്നതിനുള്ള ഒരു ബാണ്ടിൻമേൽ 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു. ബാണ്ട് ഉണ്ടാക്കിയെന്നത് 'ഖ' നിഷേധിക്കുന്നു.

ബാണ്ട് ഉണ്ടാക്കിയതായി പറയപ്പെടുന്ന സമയത്ത് ഒരു പ്രത്യേക ആവശ്യത്തിന് 'ഖ' യ്ക്ക് പണം വേണ്ടിയിരുന്നു എന്ന വസ്തുത പ്രസക്തമാകുന്നു.

(ഗ) 'ഖ' യെ വിഷം കൊടുത്തുകൊലചെയ്തതിന് 'ക' വിചാരണ ചെയ്യപ്പെടുകയാണ്.

'ഖ' യുടെ മരണത്തിന് മുമ്പ്, 'ഖ' യക്ക് കൊടുത്തതു പോലുള്ള വിഷം 'ക' സമ്പാദിച്ചു എന്ന വസ്തുത പ്രസക്തമാണ്.

(ഘ) ഒരു രേഖ 'ക' യുടെ മരണപത്രം ആണോ എന്നതാണ് പ്രശ്നം. മരണപത്രമാണെന്ന് പറയപ്പെടുന്ന ആ രേഖയുടെ തീയതിക്ക് വളരെ മുമ്പല്ലാതെ, അതിലെ വ്യവസ്ഥകൾ ഏതു സംഗതിയോടു ബന്ധപ്പെട്ടിരിക്കുന്നുവോ ആ സംഗതികൾ സംബന്ധിച്ച് 'ക' അന്വേഷണം നടത്തി എന്നും, മരണപത്രം ഉണ്ടാക്കുന്നതുസംബന്ധിച്ച് അയാൾ വക്കീൽമാരുമായി ആലോചിച്ചു എന്നും, മററു മരണപത്രങ്ങളുടെ കരടുകൾ അയാൾ തയ്യാറാക്കിക്കുകയും അവ അംഗീകരിക്കാതിരിക്കുകയും ചെയ്തു എന്നും ഉള്ള വസ്തുതകൾ പ്രസക്തമാകുന്നു.

(ങ) 'ക' യുടെ മേൽ ഒരു കുററം ആരോപിച്ചിരിക്കുന്നു. നടന്നതായി പറയുന്ന കുററകൃത്യത്തിനുമുമ്പോ കുററകൃത്യത്തിന്റെ സമയത്തോ, അതിനുപിമ്പോ കേസിന്റെ വസ്തുതകൾക്ക് അയാൾക്കനുകൂലമായ ഒരു രൂപം നൽകുന്ന പ്രവണതയോടുകൂടിയ തെളിവ് 'ക' സജ്ജമാക്കി വച്ചു എന്നോ അല്ലെങ്കിൽ അയാൾ തെളിവ് നശിപ്പിക്കുകയോ, ഒളിച്ചുവയ്ക്കുകയോ, സാക്ഷികൾ ആകുമായിരുന്ന ആളുകളുടെ സാന്നിദ്ധ്യം തടയുകയോ, അസാന്നിദ്ധ്യത്തിനിടവരുത്തുകയോ, അതു സംബന്ധിച്ച് വ്യാജമായ തെളിവ് കൊടുക്കുവാൻ പ്രലോഭനം നല്കി ആളുകളെ സമ്പാദിക്കുകയോ ചെയതു എന്നോ ഉള്ളത്, പ്രസക്തമാകുന്നു.

(ച) 'ക' 'ഖ' യെ കവർച്ച ചെയതുവോ എന്നുള്ളതാണ് പ്രശ്നം. 'ഖ' കവർച്ച ചെയ്യപ്പെട്ടശേഷം, 'ക' യുടെ സാന്നിദ്ധ്യത്തിൽ 'ഗ' 'ഖ' യെ കവർച്ച ചെയ്ത ആളെ അന്വേഷിച്ച് പോലീസ് വരുന്നുണ്ട് എന്നു പറഞ്ഞു എന്നും അതിനുശേഷം ഉടൻതന്നെ 'ക' ഓടിപ്പോയി എന്നും ഉള്ള വസ്തുതകൾ പ്രസക്തമാണ്.

(ഛ) 'ക' 'ഖ' യ്ക്ക് 10,000 രൂപ കൊടുക്കുവാനുണ്ടോ എന്നതാണ് പ്രശ്നം.

'ക' പണം കടംകൊടുക്കാൻ 'ഗ' യോടു ആവശ്യപ്പെട്ടു എന്നും, 'ക' യുടെ സാന്നിദ്ധ്യത്തിൽ അയാൾ കേൾക്കെ 'ഗ' യോട് 'ഘ' 'ക' യെ വിശ്വസിക്കരുതെന്ന് ഞാൻ നിന്നെ ഉപദേശിക്കുന്നു, കാരണം അയാൾ 'ഖ' യ്ക്കി 10,000 രൂപ കൊടുക്കാനുണ്ട് എന്നു പറഞ്ഞു എന്നും 'ക' യാതൊരു മറുപടിയും നല്കാതെപോയി എന്നും ഉള്ള വസ്തുതകൾ, പ്രസകതമായ വസ്തുതകൾ ആണ്.

(ജ) 'ക' ഒരു കുററം ചെയ്തുവോ എന്നുള്ളതാണ് പ്രശ്നം.
കുററവാളിയെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണെന്ന് അയാൾക്ക് മുന്നറിയിപ്പു നല്കിക്കൊണ്ടുള്ള ഒരു കത്ത് കിട്ടിയശേഷം 'ക' ഒളിവിൽ പോയി എന്ന വസ്തുതയും, ആ കത്തിലെ ഉള്ളടക്കവും പ്രസക്തമാകുന്നു.

(ഝ) 'ക' യുടെ മേൽ ഒരു കുററം ആരോപിച്ചിരിക്കുന്നു.
നടന്നതായിപ്പറയുന്ന കുററകൃത്യം നടത്തിയ ശേഷം അയാൾ ഒളിവിൽ പോയി എന്നോ, അല്ലെങ്കിൽ കുററകൃത്യം വഴി നേടിയ വസ്തുക്കളോ, വസ്തുക്കളിൽനിന്ന് കിട്ടിയ തുകയോ അയാളുടെ കൈവശം ഉണ്ടായിരുന്നുവെന്നോ അല്ലെങ്കിൽ അതു നടത്തുന്നതിന് ഉപയോഗിച്ചതോ, ഉപയോഗിച്ചിരിക്കാവുന്നതോ ആയ സാധനങ്ങൾ ഒളിപ്പിക്കുവാൻ ശ്രമിച്ചു എന്നോ ഉള്ള വസ്തുതകൾ പ്രസക്തമാകുന്നു.

(ഞ) 'ക' യെ ബലാൽസംഗം ചെയ്തുവോ എന്നുള്ളതാണ് പ്രശ്നം.
നടന്നതായിപ്പറയുന്ന ബലാൽസംഗത്തിനുശേഷം അവൾ ആ കുററകൃത്യം സംബന്ധിച്ചു പരാതിപ്പെട്ടു എന്ന വസ്തുതയും ആ പരാതി കൊടുത്ത സാഹചര്യങ്ങളും, പരാതിയുടെ വചനങ്ങളും പ്രസക്തമാകുന്നു.

ഒരു പരാതി ബോധിപ്പിക്കാതെതന്നെ ബലാൽസംഗം ചെയ്തു എന്ന് അവൾ പറഞ്ഞു എന്നത്,

32–ാം വകുപ്പ് (1)–ാം ഖണ്ഡപ്രകാരം മരണമൊഴിയെന്ന നിലയിലോ, അല്ലെങ്കിൽ

157–ാം വകുപ്പുപ്രകാരം ഉപോദ്ബലകത്തെളിവെന്ന നിലയിലോ, പ്രസക്തമായിരിക്കാമെങ്കിലും ഈ വകുപ്പുപ്രകാരം പെരുമാററമെന്ന നിലയിൽ പ്രസക്തമല്ല.

(ട) 'ക' യെ കവർച്ച ചെയ്തുവോ എന്നുള്ളതാണ് പ്രശ്നം.
നടന്നതായി പറയുന്ന കവർച്ചകഴിഞ്ഞ ഉടനെ അയാൾ കുററം സംബന്ധിച്ച് പരാതിപ്പെട്ടു എന്ന വസ്തുതയും ആ പരാതി കൊടുത്ത സാഹചര്യങ്ങളും അതിലെ വചനങ്ങളും പ്രസക്തമാകുന്നു.
ഒരു പരാതി ബോധിപ്പിക്കാതെ തന്നെ കവർച്ച ചെയ്തു എന്ന് അയാൾ പറഞ്ഞു എന്നത്.

32–ാം വകുപ്പ് 1–ാം ഖണ്ഡപ്രകാരമുള്ള ഒരുമരണമൊഴിഎന്ന നിലയിലോ,

157–ാം വകുപ്പുപ്രകാരം ഉപോദ് ബലകത്തെളിവ് എന്ന നിലയിലോപ്രസക്തമായിരിക്കാമെങ്കിലും ഈ വകുപ്പുപ്രകാരം പെരുമാററം എന്ന നിലയിൽ പ്രസക്തമല്ല.

9. <u>പ്രസക്ത വസ്തുതകൾ വിശദീകരിക്കുകയോ അവതരിപ്പിക്കുകയോ ചെയ്യുവാൻ :–</u> ആവശ്യമായവസ്തുതകൾ ഒരു വിവാദ്യ വസ്തുതയോപ്രസക്ത വസ്തുതയോ വിശദീകരിക്കുകയോ അവതരിപ്പിക്കുകയോ ചെയ്യാൻ ആവശ്യമായതോ, അല്ലെങ്കിൽ ഒരു വിവാദ്യ വസ്തുതയോ പ്രസക്ത വസ്തുതയോ സൂചിപ്പിച്ചിട്ടുള്ളതോ ആയ ഒരു നിഗമനത്തെ പിൻതാങ്ങുകയോ, ഖണ്ഡിക്കുകയോ ചെയ്യുന്നതോ, അല്ലെങ്കിൽ ഏത് സാധനത്തിൻേറയോ ആളുടേയോ അനന്യതയാണോ പ്രസക്തമായിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും സാധനത്തിൻേറയോ ആളുടേയോ അനന്യത സ്ഥാപിക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും വിവാദ്യ വസ്തുതയോ പ്രസക്ത വസ്തുതയോ സംഭവിച്ച സമയമോ സ്ഥലമോ നിജപ്പെടുത്തുന്നതോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വസ്തുത ഏത് കക്ഷികളാലാണോ നടത്തപ്പെട്ടത്, ആ കക്ഷികളുടെ ബന്ധം കാണിക്കുന്നതോ ആയ വസ്തുതകൾ, ആ ആവശ്യത്തിന് വേണ്ടിടത്തോളം പ്രസക്തമാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു രേഖ ' ക ' യുടെ മരണപത്രം ആണോ എന്നുള്ളതാണ് പ്രശ്നം.

മരണപത്രമാണെന്നു പറയപ്പെടുന്ന ആ രേഖയുടെ തീയതിയിൽ ' ക ' യുടെ വസ്തുവിൻേറയും അയാളുടെ കുടുംബത്തിൻേറയും സ്ഥിതി പ്രസക്ത വസ്തുതകൾ ആകാവുന്നതാണ്.

(ഖ) ' ക ' യുടെ ലജ്ജാവഹമായ പെരുമാററത്തെക്കുറിച്ചുള്ള ദോഷാരോപണം ഉന്നയിക്കുന്ന ഒരു അപമാനലേഖത്തിൻമേൽ 'ഖ' യുടെ മേൽ ' ക ' വ്യവഹാരപ്പെടുന്നു. അപമാനലേഖമാണെന്ന് പറയപ്പെട്ട വിഷയം സത്യമാണെന്ന് 'ഖ' ഉറപ്പിച്ചു പറയുന്നു.

അപമാനലേഖം പ്രസിദ്ധപ്പെടുത്തിയ സമയത്തെ കക്ഷികളുടെ നിലയും ബന്ധങ്ങളും, വിവാദ്യവസ്തുതകൾക്ക് അവതാരികയെന്നനിലയിൽ പ്രസക്ത വസ്തുതകൾ ആകാവുന്നതാണ്.

അപമാനലേഖമെന്നു പറയപ്പെടുന്നതുമായി ബന്ധമില്ലാത്ത ഒരു സംഗതിയെക്കുറിച്ച് ' ക ' യും ' ഖ ' യും തമ്മിൽ തർക്കമുണ്ടായിരുന്നു എന്നുള്ള വസ്തുത, അവർ തമ്മിലുള്ള ബന്ധങ്ങളെ അത് ബാധിച്ചിരുന്നെങ്കിൽ പ്രസക്തമായേക്കാമെങ്കിലും ആ തർക്കത്തിൻെറ വിവരങ്ങൾ അപ്രസക്തമാകുന്നു.

(ഗ) 'ക' യുടെ മേൽ ഒരു കുററം ആരോപിച്ചിരിക്കുന്നു.
കുററം നടത്തിക്കഴിഞ്ഞ ഉടൻതന്നെ 'ക' അയാളുടെ വീട്ടിൽ നിന്ന് ഒളിച്ചുപോയി എന്ന വസ്തുത വിവാദ്യ വസ്തുതകൾക്ക് ശേഷമുള്ളതും വിവാദ്യ വസ്തുതകൾ ബാധിക്കുന്നതുമായ പെരുമാററം എന്ന നിലയിൽ 8-ാം വകുപ്പുപ്രകാരം പ്രസക്തമാണ്.

അയാൾ വീടുവിട്ട സമയത്ത് അയാൾപോയ സ്ഥലത്ത് അയാൾക്ക് സത്വരവും അടിയന്തരവുമായ കാര്യം ഉണ്ടായിരിക്കുന്നു എന്ന വസ്തുത അയാൾ പെട്ടെന്ന് വീടുവിട്ടു എന്ന വസ്തുതയെ വിശദീകരിക്കാൻ പ്രവണതയുള്ളതെന്ന നിലയ്ക്ക് പ്രസക്തമാണ്.

ഏത് കാര്യത്തിനാണോ അയാൾ പോയത്, ആ കാര്യം സത്വരവും അടിയന്തരവും ആയിരുന്നെന്ന് കാണിക്കാൻ ആവശ്യമായിടത്തോളമൊഴികെ, അതിൻെറ വിശദാംശങ്ങൾ പ്രസക്തമല്ലാത്തതാകുന്നു.

(ഘ) 'ക' യുമായി ഉണ്ടാക്കിയ ഒരു സർവ്വീസ് കാൺട്രാക്ററ് ലംഘിക്കാൻ 'ഗ' യെ പ്രചോദിപ്പിച്ചു അതിനിടയാക്കിയതിന് 'ക' 'ഖ' യുടെ മേൽ വ്യവഹാരപ്പെടുന്നു. 'ക' യുടെ സർവ്വീസിൽ നിന്ന് വിട്ടുപോകുമ്പോൾ 'ഗ' 'ക'യോട് 'ഖ' എനിക്ക് കൂടുതൽ നല്ല ഒരു ആഫർതന്നതുകൊണ്ടാണ് ഞാൻ നിങ്ങളെ വിട്ടുപോകുന്നത് എന്നു പറയുന്നു. ഒരുവിവാദ്യവസ്തുത എന്ന നിലയിൽ പ്രസക്തമായ 'ഗ' യുടെ പെരുമാററത്തെ വിശദീകരിക്കുന്ന പ്രവണതയോടുകൂടിയതെന്ന നിലയിൽ ഈ പ്രസ്താവന പ്രസക്തമാണ്.

(ങ) മോഷണക്കുററം ആരോപിക്കപ്പെട്ട 'ക' കളവുമുതൽ 'ഖ' യ്ക്ക് കൊടുക്കുന്നതായും 'ഖ' അത് 'ക'യുടെ ഭാര്യയ്ക്കു കൊടുക്കുന്നതായുംകാണപ്പെടുന്നു. അതു കൊടുക്കുമ്പോൾ ' ഖ ' " നിങ്ങൾ അത് ഒളിച്ചു വയ്ക്കണമെന്നു 'ക'പറയുന്നു." എന്നു പറയുന്നു, ഇടപാടിൻെറ ഭാഗമായ ഒരു വസ്തുതയുടെ വിശദീകരണം എന്ന നിലയിൽ 'ഖ ' യുടെപ്രസ്താവന പ്രസക്തമാണ്.

(ച) ഒരു ലഹള നടത്തിയതിന് 'ക' വിചാരണ ചെയ്യപ്പെടുകയും, അയാൾ ഒരു ജനക്കൂട്ടത്തിൽ മുമ്പിലായി മാർച്ച് ചെയ്തിരുന്നുവെന്ന് തെളിയുകയും ചെയ്യുന്നു. ഇടപാടിന്റെ സ്വഭാവം വിശദീകരിക്കുന്നു എന്ന നിലയ്ക്ക് ജനക്കൂട്ടത്തിന്റെ വിളി പ്രസക്തമാണ്.

10. പൊതുവായ ഉദ്ദേശ്യം സംബന്ധിച്ച് ഗൂഢാലോചനക്കാരൻ പറയുകയോ ചെയ്യുകയോ ചെയ്തിട്ടുള്ള സംഗതികൾ.—രണ്ടോ അതിലധികമോ ആളുകൾ ചേർന്ന്, ഒരു കുററമോ വ്യവഹാരപ്പെടാവുന്ന ഒരു അപകൃത്യമോ ചെയ്യുന്നതിന് ഗൂഢാലോചന നടത്തിയിട്ടുണ്ടെന്ന് വിശ്വസിക്കാൻ ന്യായമായ കാരണങ്ങളുള്ളപ്പോൾ, അങ്ങനെയുള്ള ഏതെങ്കിലും ഒരാൾ, അവരുടെ പൊതുവായ ഉദ്ദേശ്യം അവരിൽ ഏതെങ്കിലും ഒരാൾക്ക് ആദ്യമായി ഉണ്ടായതിനുശേഷം, ആ ഉദ്ദേശ്യംസംബന്ധിച്ച് പറയുകയോ ചെയ്യുകയോ എഴുതുകയോ ചെയ്തിട്ടുള്ള ഏതും, അപ്രകാരം ഗൂഢാലോചന നടത്തുന്നതായി വിശ്വസിക്കപ്പെടുന്ന ഓരോ ആൾക്കും എതിരായി ആ ഗൂഢാലോചനയുടെ അസ്തിത്വം തെളിയിക്കുന്നതിലേക്കെന്ന പോലെ തന്നെ, അങ്ങനെയുള്ള ഏതെങ്കിലും ആൾ അതിൽ ഒരു കക്ഷി ആയിരുന്നു എന്ന് കാണിക്കുന്നതിലേക്കും ഒരു പ്രസക്തവസ്തുത ആകുന്നു.

### ദൃഷ്ടാന്തം

ഇൻഡ്യാഗവൺമെൻറിനെതിരായി യുദ്ധം ചെയ്യുന്നതിനുള്ള ഒരു ഗൂഢാലോചനയിൽ 'ക' പങ്കെടുത്തു എന്ന് വിശ്വസിക്കാൻ ന്യായമായകാരണങ്ങൾ നിലവിലുണ്ട്.

ആ ഗൂഢാലോചനയുടെ ആവശ്യത്തിലേക്കായി 'ഖ' യൂറോപ്പിൽ വച്ച് ആയുധങ്ങൾ സമ്പാദിച്ചു എന്നും, അതുപോലുള്ള ഒരു ഉദ്ദേശ്യത്തിനായി 'ഗ' കൽക്കട്ടയിൽ വച്ച് പണം ശേഖരിച്ചു എന്നും, ആ ഗൂഢാലോചനയിൽ ചേരാൻ 'ഘ' ബോംബെയിൽ വച്ച് ആളുകളെ പ്രോൽസാഹിപ്പിച്ചു എന്നും, ആ ഉദ്ദേശ്യത്തിനു വേണ്ടി വാദിച്ചുകൊണ്ടുള്ള ലേഖനങ്ങൾ 'ങ' ആഗ്രയിൽ വച്ച് പ്രസിദ്ധപ്പെടുത്തി എന്നും, 'ഗ' കൽക്കട്ടയിൽ വച്ചു ശേഖരിച്ച പണം 'ച' ഡൽഹിയിൽ നിന്ന് കാബൂളിലുള്ള 'ഛ' യ്ക്ക് അയച്ചുകൊടുത്തുഎന്നും ഉള്ളവസ്തുതകളും ഗൂഢാലോചനയുടെ ഒരു വിവരണം നൽകിക്കൊണ്ട് 'ജ' എഴുതിയിട്ടുള്ള ഒരു എഴുത്തിന്റെ ഉള്ളടക്കവും, ഓരോന്നും, അതിനെയെല്ലാം പററി 'ക' അജ്ഞനായിരിക്കാമെങ്കിലും, ആ കൃത്യങ്ങൾ ചെയ്ത ആളുകൾ അയാൾക്ക് അപരിചിതരായിരുന്നെങ്കിലും അവ അയാൾ ഗൂഢാലോചനയിൽ ചേരുന്നതിനു മുമ്പോ, അല്ലെങ്കിൽ അയാൾ അതിൽ നിന്ന് വിട്ടുപോന്നതിനുശേഷമോ സംഭവിച്ചതായിരിക്കാമെങ്കിലും ഗൂഢാലോചനയുടെ അസ്തിത്വം തെളിയിക്കുവാനും, അതിൽ 'ക' യ്ക്കുള്ള സഹാപരാധിത്വം തെളിയിക്കുവാനും പ്രസക്തമാകുന്നു.

11. മററു വിധത്തിൽ പ്രസക്തമല്ലാത്ത വസ്തുതകൾ എപ്പോൾ പ്രസക്തമാകുമെന്ന്.—മററുവിധത്തിൽ പ്രസക്തമല്ലാത്ത വസ്തുതകൾ.—

(1) ഏതെങ്കിലും വിവാദ്യവസ്തുതക്കോ പ്രസക്ത വസ്തുതക്കോ അവ അസംഗതമായിരിക്കുന്നെങ്കിൽ ;

(2) അവ തനിച്ചോ, മററു വസ്തുതകളുമായി ചേർന്നോ ഏതെങ്കിലും വിവാദ്യ വസ്തുതയുടേയോ പ്രസക്തവസ്തുതയുടേയോ അസ്തിത്വമോ അനസ്തിത്വമോ അത്യധികം സംഭാവ്യമോ അസംഭാവ്യമോ ആക്കിത്തീർക്കുന്നെങ്കിൽ

പ്രസക്തമാകുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) കൽക്കട്ടയിൽ വച്ച് ഒരു ദിവസം 'ക' ഒരു കുററം ചെയ്തിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം.

ആ ദിവസം 'ക' ലാഹോറിൽ ആയിരുന്നു എന്നുള്ള വസ്തുത പ്രസക്തമാണ്.

കുററം ചെയ്ത സമയത്തിനടുത്ത്, 'ക' അതു നടന്ന സ്ഥലത്തുനിന്ന്, 'ക' അതു ചെയ്തു എന്നുള്ളത് അസാദ്ധ്യമാക്കിത്തീർക്കുന്നില്ലെങ്കിലും, അത്യധികം അസംഭാവ്യമാക്കിത്തീർക്കത്തക്ക ദൂരെയായിരുന്നു എന്ന വസ്തുത പ്രസക്തമാണ്.

(ഖ) 'ക' ഒരു കുററം ചെയ്തിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം. കുററം ചെയ്തത് 'ക' യോ 'ഖ' യോ 'ഗ' യോ, 'ഘ' യോ ആയിരിക്കണം എന്നുള്ള തരത്തിലാണ് പരിതഃസ്ഥിതികൾ. കുററം മററാരും ചെയ്തിരിക്കാൻ സാദ്ധ്യതയില്ലെന്നും, 'ഖ' യോ 'ഗ' യോ 'ഘ' യോ അത് ചെയ്തിട്ടില്ലെന്നും കാണിക്കുന്ന ഏതൊരു വസ്തുതയും പ്രസക്തമാണ്.

12. നഷ്ടപരിഹാരത്തിനുള്ള വ്യവഹാരങ്ങളിൽ, തുക നിശ്ചയിക്കാൻ കോടതിയക്ക് കഴിവുണ്ടാക്കാൻ പ്രവണതയുള്ള വസ്തുതകൾ പ്രസക്തമാണ് — നഷ്ടപരിഹാരം അവകാശപ്പെടുന്ന വ്യവഹാരങ്ങളിൽ, അവാർഡ് ചെയ്യേണ്ട നഷ്ടപരിഹാരത്തുക നിശ്ചയിക്കാൻ കോടതിയ്ക്ക് കഴിവുണ്ടാക്കുന്ന ഏതെങ്കിലും വസ്തുത പ്രസക്തമാകുന്നു.

13. അവകാശമോ ആചാരമോ പ്രശ്നവിഷയമായിരിക്കുമ്പോൾ പ്രസക്തമായ വസ്തുതകൾ.—പ്രശ്നം ഏതെങ്കിലും അവകാശത്തിൻേറയോ ആചാരത്തിൻേറയോ അസ്തിത്വം ആയിരിക്കുമ്പോൾ, താഴെപ്പറയുന്ന വസ്തുതകൾ പ്രസക്തമാകുന്നു :

(ക) പ്രശ്ന വിഷയകമായ അവകാശമോ, ആചാരമോ സൃഷ്ടിക്കുകയോ അവകാശപ്പെടുകയോ, ഭേദഗതി ചെയ്യുകയോ, അംഗീകരിക്കുകയോ ഉറപ്പിച്ചു പറയുകയോ, നിഷേധിക്കുകയോ ചെയ്തത് ഏത് ഇടപാടുമൂലമാണോ അങ്ങനെയുള്ളതോ അല്ലെങ്കിൽ ആ അവകാശത്തിൻേറയോ ആചാരത്തിൻേറയോ അസ്തിത്വത്തിന് അസംഗതമായതോ ആയ ഏതെങ്കിലും ഇടപാട് ;

(ഖ) അവകാശമോ ആചാരമോ അവകാശപ്പെടുകയോ, അംഗീകരിക്കുകയോ, പ്രയോഗിക്കുകയോ, ചെയ്തതോ അല്ലെങ്കിൽ, അതിൻെറ പ്രയോഗം തർക്കിക്കപ്പെടുകയോ, ഉറപ്പിക്കുകയോ, പ്രയോഗത്തിൽ നിന്നു വ്യതിചലിക്കുകയോ ചെയ്തതോ, ആയ പ്രത്യേക സന്ദർഭങ്ങൾ.

ദൃഷ്ടാന്തം

'ക' യ്ക്കു ഒരു ഫിഷറിയ്ക്കുള്ള അവകാശം ഉണ്ടോ എന്നുള്ളതാണ് പ്രശ്നം. 'ക' യുടെ പൂർവ്വികൻമാർക്ക് ആ ഫിഷറി നൽകിക്കൊണ്ടുള്ള ഒരു കരണവും 'ക' യുടെ അച്ഛൻ കൊടുത്ത ആ ഫിഷറിയുടെ പണയവും, ആ പണയവുമായി പൊരുത്തപ്പെടാത്ത വിധം 'ക' യുടെ അച്ഛൻ ആ ഫിഷറി സംബന്ധിച്ച് പിന്നീട് നല്കിയ ഒരു ഗ്രാൻറും, 'ക' യുടെ അച്ഛൻ ആ അവകാശം പ്രയോഗിച്ചതോ അല്ലെങ്കിൽ ആഅവകാശത്തിൻെറ പ്രയോഗം 'ക' യുടെ അയൽക്കാർ മുടക്കിയതോ ആയ പ്രത്യേക സന്ദർഭങ്ങളും പ്രസക്ത വസ്തുതകൾ ആണ്.

14. മനസ്സിന്റെ അല്ലെങ്കിൽ ശരീരത്തിന്റെ സ്ഥിതിയുടേയോ ശാരീരികാനുഭൂതിയുടേയോ അസ്തിത്വം കാണിക്കുന്ന വസ്തുതകൾ.— ഏതെങ്കിലും മാനസിക സ്ഥിതിയുടെ ഉദ്ദേശ്യം, അറിവ്, ഉത്തമവിശ്വാസം, ഉപേക്ഷ, സാഹസികത, ഏതെങ്കിലും ഒരു ആളോടുള്ള വിദ്വേഷം അല്ലെങ്കിൽ സൻമനോഭാവം അല്ലെങ്കിൽ ഏതെങ്കിലും ശാരീരികസ്ഥിതിയുടേയോ ശാരീരികാനുഭൂതിയുടേയോഅസ്തിത്വം കാണിക്കുന്നത് എന്നിവപോലെയുള്ളത്— അസ്തിത്വം കാണിക്കുന്ന വസ്തുതകൾ മനസ്സിന്റേയോ ശരീരത്തിന്റേയോ അങ്ങനെയുള്ള ഏതെങ്കിലും സ്ഥിതിയുടേയോ ഏതെങ്കിലും ശാരീരികാനുഭൂതിയുടേയോ അസ്തിത്വം വിവാദ്യമോ പ്രസക്തമോ ആയിരിക്കുമ്പോൾ, പ്രസക്തമാകുന്നു.

വിശദീകരണം : 1. പ്രസക്തമായ ഒരു മാനസികസ്ഥിതിയുടെ അസ്തിത്വം കാണിക്കുന്നത് എന്ന നിലയിൽ പ്രസക്തമായ ഒരു വസ്തുത, ആ മാനസിക സ്ഥിതി സാമാന്യമായിട്ടുണ്ടെന്നല്ല, എന്നാൽ പ്രശ്നത്തിലിരിക്കുന്ന പ്രത്യേക വിഷയം സംബന്ധിച്ച് ഉണ്ട് എന്ന് കാണിക്കേണ്ടതാകുന്നു.

വിശദീകരണം.— 2 എന്നാൽ ഒരു കുററം ആരോപിക്കപ്പെട്ട ഒരാളുടെവിചാരണയിലെ പ്രതി മുമ്പ് ഒരു കുററം ചെയ്തത് ഈ വകുപ്പിന്റെ അർത്ഥത്തിൽ പ്രസക്തമായിരുന്നാൽ അങ്ങനെയുള്ള ആളുടെ മുൻകുററസ്ഥാപനവും ഒരു പ്രസക്ത വസ്തുത ആയിരിക്കുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) കട്ടതാണെന്നറിഞ്ഞുകൊണ്ട് കളവുമുതൽ സ്വീകരിക്കുക എന്ന കുററം 'ക' യുടെ മേൽ ആരോപിച്ചിരിക്കുന്നു. കട്ടതായ ഒരു സാധനം അയാളുടെ കൈവശമുണ്ടായിരുന്നു എന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.

കളവുപോയ മററു പല സാധനങ്ങളും അതേ സമയം തന്നെ അയാളുടെ കൈവശം ഉണ്ടായിരുന്നു എന്ന വസ്തുത, അയാളുടെ കൈവശമുണ്ടായിരുന്ന സാധനങ്ങൾ ഓരോന്നും സമസ്തവും കട്ടതാണെന്ന്അയാൾക്കറിയാമായിരുന്നു എന്ന് കാണിക്കാൻ പ്രവണതയുള്ളതെന്ന നിലയിൽ പ്രസക്തമാണ്.

(ഖ) താൻ മറെറാരാൾക്ക് കൈമാറുന്ന സമയത്ത് കപടാനുകരണമാണെന്ന് തനിക്കറിയാമായിരുന്ന കപടാനുകരണമായ ഒരു നാണയം വഞ്ചനാപൂർവ്വകം അങ്ങനെ കൈമാറിയെന്ന കുററം 'ക' യുടെ മേൽ ആരോപിച്ചിരിക്കുന്നു.

അത് കൈമാറിയ സമയത്ത് കപടാനുകരണമായ മററ് പല നാണയങ്ങളും 'ക' യുടെ കൈവശം ഉണ്ടായിരുന്നു എന്ന വസ്തുത പ്രസക്തമാണ്.

കപടാനുകരണമായ ഒരു നാണയം, അത് കപടാനുകരണമാണെന്ന് അറിഞ്ഞുകൊണ്ട്, യഥാർത്ഥമായതാണെന്ന മട്ടിൽ മറെറാരാൾക്ക് കൈമാറിയതിന് 'ക' യുടെ പേരിൽ മുമ്പ് കുററസ്ഥാപനം ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത പ്രസക്തമാണ്.

(ഗ) ക്രൂരനാണെന്ന് 'ഖ' യ്ക്ക്, അറിയാമായിരുന്ന 'ഖ' യുടെ നായ് വരുത്തിയ നാശനഷ്ടത്തിന് 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു.

മുമ്പ് ആ നായ് 'ഛ' യേയും 'ജ'യേയും 'യ' യേയും കടിച്ചിട്ടുണ്ടെന്നും അവർ 'ഖ' യോട് പരാതിപ്പെട്ടിട്ടുണ്ടെന്നും ഉള്ള വസ്തുതകൾ പ്രസക്തമാണ്.

(ഘ) 'ഒരു വിനിമയപത്രത്തിന്റെ പ്രതിഗ്രഹീതാവായ 'ക' യ്ക്ക് ആ ദാതാവിന്റെ പേര് കല്പിതമായിരുന്നു എന്ന് അറിയാമായിരുന്നോ. എന്നുള്ളതാണ് പ്രശ്നം.

അതേ രീതിയിൽ എഴുതി ഉണ്ടാക്കിയ മററ് വിനിമയപത്രങ്ങൾ, അവ 'ക' യ്ക്ക് എത്തിച്ചുകൊടുക്കുവാൻ ആ ദാതാവിന്, അയാൾ യഥാർത്ഥ ത്തിലുള്ള ആൾ ആയിരുന്നുവെങ്കിൽ, കഴിയുമായിരുന്നതിന് മുൻപ് 'ക' പ്രതിഗ്രഹിച്ചിരുന്നുവെന്ന വസ്തുത, ആ ദാതാവ് കല്പിതനായ ഒരാൾ ആണെന്ന് 'ക' യ്ക്ക് അറിയാമായിരുന്നുവെന്ന് കാണിക്കുന്ന നിലയിൽ പ്രസക്തമാണ്.

(ങ) 'ഖ' യുടെ ഖ്യാതിയ്ക്ക് ഹാനിയുണ്ടാക്കണമെന്ന്, ഉദ്ദേശിച്ചു കൊണ്ടുള്ള ഒരു ദോഷാരോപണം പ്രസിദ്ധപ്പെടുത്തിയതുവഴി 'ഖ' യെ അപകീർത്തിപ്പെടുത്തി എന്ന കുററം 'ക' യുടെ മേൽ ആരോപിച്ചിരിക്കുന്നു

'ക' യ്ക്ക് 'ഖ' യോടുള്ള വിദ്വേഷം കാണിക്കുന്ന 'ക' യുടെ മുൻ പ്രസിദ്ധീകരണങ്ങൾ 'ഖ' യെ സംബന്ധിച്ച് ഉണ്ടായിരുന്നുവെന്നുള്ള വസ്തുത, പ്രശ്നവിഷയകമായ പ്രത്യേക പ്രസിദ്ധീകരണം വഴി 'ഖ' യുടെ ഖ്യാതിക്ക് ഹാനിയുണ്ടാക്കണമെന്നുള്ള 'ക' യുടെ ഉദ്ദേശ്യം തെളിയിക്കുന്നു എന്ന നിലയിൽ പ്രസക്തമാണ്.

'ക' യും 'ഖ' യും തമ്മിൽ മുമ്പ് യാതൊരു വഴക്കും ഇല്ലായിരുന്നു എന്നും 'ക' പരാതിപ്പെട്ട സംഗതി 'ക' താൻ കേട്ടതുപോലെ ആവർത്തിച്ചു എന്നും ഉള്ള വസ്തുതകൾ, 'ഖ' യുടെ ഖ്യാതിക്ക് ഹാനിയുണ്ടാക്കണമെന്ന് 'ക' യ്ക്ക് ഉദ്ദേശ്യം ഉണ്ടായിരുന്നില്ലെന്ന് കാണിക്കുന്നു എന്ന നിലയിൽ പ്രസക്തമാകുന്നു.

(ച) 'ഗ' ധനശേഷിയുള്ളവനാണെന്ന് വഞ്ചനാപൂർവ്വം 'ഖ' യെ ധരിപ്പിക്കുകയും, അതുവഴി നിർദ്ധനൻ ആയിരുന്ന 'ഗ' യിൽ വിശ്വാസം അർപ്പിക്കുവാൻ പ്രേരിതനായ 'ഖ' യ്ക്ക് നഷ്ടം സംഭവിക്കുകയും ചെയ്തതിന് 'ക' യുടെ മേൽ 'ഖ' വ്യവഹാരപ്പെടുന്നു.

'ഗ' ധനശേഷിയുള്ളവനാണെന്ന് 'ക' ധരിപ്പിച്ചസമയത്ത്, 'ഗ' യുടെ അയൽക്കാരും അയാളോട് ഇടപെട്ടിരുന്ന ആളുകളും അയാൾ ധനശേഷിയുള്ള ആളാണെന്ന് കരുതിയിരുന്ന വസ്തുത, 'ക' അങ്ങനെ ധരിപ്പിച്ചത് ഉത്തമവിശ്വാസപൂർവ്വമാണെന്ന് കാണിക്കുന്നു എന്ന നിലയിൽ, പ്രസക്തമാണ്.

(ഛ) 'ക' യുടെ ഉടമയിലുള്ള ഒരു വീട്ടിൻമേൽ ഒരു കാൺട്രാക്ററർ ആയ 'ഗ' യുടെ ആർഡർ പ്രകാരം, 'ഖ' ചെയ്ത പണിക്കു കൊടുക്കേണ്ട തുകയ്ക്ക് 'ക' യുടെ മേൽ 'ഖ' വ്യവഹാരപ്പെടുന്നു.

'ഖ' യുടെ കാൺട്രാക്ററ് 'ഗ' യുമായിട്ടായിരുന്നു എന്നതാണ് 'ക' യുടെ പ്രതിവാദം.

പ്രശ്നവിഷയകമായ പണിക്ക് 'ക' 'ഗ' യ്ക്ക് പണം കൊടുത്തു എന്ന വസ്തുത, 'ക' യുടെ ഏജൻറായിട്ടല്ലാതെ 'ഗ' സ്വന്തനിലയ്ക്ക് 'ഖ' യുമായി കാൺട്രാക്ററിൽ ഏർപ്പെടാവുന്ന നിലയിലാകത്തക്കവണ്ണം, പ്രശ്നവിഷയകമായ പണിയുടെ നടത്തിപ്പ് 'ക' ഉത്തമ വിശ്വാസപൂർവ്വം 'ഗ' യ്ക്ക് വിട്ടു കൊടുത്തു എന്ന് തെളിയിക്കുന്നു എന്ന നിലയിൽ, പ്രസക്തമാണ്.

(ജ) 'ക' യ്ക്ക് കണ്ടുകിട്ടിയ വസ്തു അയാഠ നേരുകേടായി ദുർവിനിയോഗം ചെയ്തു എന്ന് 'ക' യുടെ മേൽ കുററം ആരോപിച്ചിരിക്കുകയാണ്; അയാഠ അത് വിനിയോഗിച്ചപ്പോഠ, യഥാർത്ഥ ഉടമസ്ഥനെ കണ്ടെത്തുവാൻ സാധിക്കുകയില്ലെന്ന് ഉത്തമ വിശ്വാസപൂർവ്വം വിശ്വസിച്ചിരുന്നോ എന്നുള്ളതാണ് പ്രശ്നം.

'ക' ഉണ്ടായിരുന്ന സ്ഥലത്ത് വസ്തുവിൻെറ നഷ്ടത്തെക്കുറിച്ചുള്ള പബ്ലിക്ക് നോട്ടീസ് കൊടുത്തിരുന്നു എന്നുള്ള വസ്തുത, യഥാർത്ഥ ഉടമസ്ഥനെ കണ്ടെത്തുവാൻ സാധിക്കുകയില്ലെന്ന് 'ക' ഉത്തമവിശ്വാസ പൂർവ്വം വിശ്വസിച്ചിരുന്നില്ലെന്നു കാണിക്കുന്നു എന്ന നിലയിൽ പ്രസക്തമാകുന്നു.

വസ്തുവിൻെറ നഷ്ടത്തെക്കുറിച്ച് കേഠക്കുകയും അതിനുവേണ്ടി വ്യാജമായി അവകാശവാദം ഉന്നയിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തിരുന്ന 'ഗ' വഞ്ചനാപൂർവ്വകം കൊടുത്തതായിരുന്നു ആ നോട്ടീസ് എന്ന് 'ക' അറിയുകയോ 'ക' യ്ക്ക് വിശ്വസിക്കുവാൻ കാരണമുണ്ടാവുകയോ ചെയ്തിരുന്നുവെന്ന വസ്തുത, നോട്ടീസിനെപ്പററി 'ക' അറിഞ്ഞിരുന്നുവെന്ന വസ്തുത 'ക' യ്ക്ക് ഉത്തമ വിശ്വാസം ഇല്ലെന്ന് തെളിയിക്കുന്നില്ലെന്ന് കാണിക്കുന്നു എന്നനിലയിൽ പ്രസക്തമാകുന്നു.

(ത്ധ) കൊല്ലണമെന്ന ഉദ്ദേശ്യത്തോടുകൂടി 'ഖ' യുടെ നേരെ വെടിവച്ചു എന്ന് 'ക' യുടെ മേൽ ചാർജ്ജു കൊണ്ടുവന്നിരിക്കുകയാണ്. 'ക' യുടെ ഉദ്ദേശ്യം കാണിക്കുവാൻ 'ക' മുമ്പ് 'ഖ' യുടെ നേരെ വെടി വച്ചിട്ടുണ്ടെന്നുള്ള വസ്തുത തെളിയിക്കാവുന്നതാണ്.

(ഞ) 'ഖ' യ്ക്ക് ഭീഷണിക്കത്തുകഠ അയച്ചുവെന്ന് 'ക' യുടെ മേൽ ചാർജ്ജു കൊണ്ടുവന്നിരിക്കുകയാണ്. അവയുടെ ഉദ്ദേശ്യം കാണിക്കുന്നു എന്ന നിലയിൽ 'ഖ' യ്ക്ക് 'ക' മുമ്പ് അയച്ചിട്ടുള്ള ഭീഷണിക്കത്തുകഠ തെളിയിക്കാവുന്നതാണ്.

(ട) 'ക' തൻെറ ഭാര്യയായ 'ഖ' യുടെ നേരെയുള്ള ക്രൂരതയ്ക്ക് അപരാധിയായിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം.

ആരോപിക്കപ്പെട്ട ക്രൂരതയ്ക്ക് അടുത്തു മുമ്പോ പിമ്പോ ഉള്ള അവരുടെ പരസ്പരമനോഭാവത്തിൻെറ പ്രകടനങ്ങഠ പ്രസക്തമായ വസ്തുതകളാണ്.

(ഠ) 'ക' യുടെ മരണം വിഷത്താലാണോ സംഭവിക്കപ്പെട്ടത് എന്നുള്ളതാണ് പ്രശ്നം.

രോഗാവസ്ഥയിൽ 'ക' തൻെറ രോഗലക്ഷണങ്ങളെക്കുറിച്ച് ചെയ്ത പ്രസ്താവനകഠ പ്രസക്തമായ വസ്തുതകളാണ്.

(ഡ) 'ക' യുടെ ജീവൻ ഇൻഷ്വർ ചെയ്ത സമയത്ത് 'ക' യുടെ ആരോഗ്യസ്ഥിതി എന്തായിരുന്നു എന്നുള്ളതാണ് പ്രശ്നം.

പ്രശ്നവിഷയകമായ സമയത്തോ അതിനടുത്തോ തൻെറ ആരോഗ്യസ്ഥിതിയെപ്പററി 'ക' ചെയ്ത പ്രസ്താവനകഠ പ്രസക്തമായ വസ്തുതകളാണ്.

(ഢ) ഉപയോഗത്തിന് ന്യായമായി പററാത്ത ഒരു വാഹനം കൂലിക്ക് നല്കുകയും അതുവഴി 'ക' യ്ക്ക് ക്ഷതി ഏല്പിക്കുകയും ചെയ്തതു വഴിയുള്ള ഉപേക്ഷയ്ക്ക് 'ഖ' യുടെ പേരിൽ 'ക' വ്യവഹാരപ്പെടുന്നു.

ആ വാഹനത്തിന്റെ തകരാറ് മററവസരങ്ങളിൽ 'ഖ' യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നുള്ള വസ്തുത പ്രസക്തമാണ്.

താൻ കൂലിക്ക് കൊടുക്കാറുള്ള വാഹനങ്ങളെ സംബന്ധിച്ച് 'ഖ' പതിവായി ഉപേക്ഷ കാണിച്ചിരുന്നുവെന്ന വസ്തുത അപ്രസക്തമാണ്.

(ണ) 'ഖ' യെ ഉദ്ദേശ്യപൂർവ്വം വെടിവച്ചു കൊലപ്പെടുത്തിയതിന് 'ക' വിചാരണ ചെയ്യപ്പെടുകയാണ്.

'ക' മററവസരങ്ങളിൽ 'ഖ' യുടെ നേരെ വെടിവച്ചിട്ടുണ്ടെന്നുള്ള വസ്തുത, 'ഖ' യെ വെടിവയ്ക്കുവാനുള്ള അയാളുടെ ഉദ്ദേശ്യം കാണിക്കുന്നു വെന്ന നിലയിൽ പ്രസക്തമാണ്.

കൊല്ലണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ആളുകളുടെ നേരെ വെടി വയ്ക്കുന്ന പതിവ് 'ക' യ്ക്ക് ഉണ്ടായിരുന്നുവെന്ന വസ്തുത പ്രസക്തമല്ല.

(ത) ഒരു കുററത്തിന് 'ക' വിചാരണ ചെയ്യപ്പെടുന്നു. ആ പ്രത്യേക കുററം ചെയ്യുന്നതിനുള്ള ഉദ്ദേശ്യം സൂചിപ്പിക്കുന്ന വല്ലതും അയാശം പറഞ്ഞു എന്ന വസ്തുത പ്രസക്തമാണ്.

ആ തരത്തിൽപ്പെട്ട കുററങ്ങശം ചെയ്യുന്നതിനുള്ള സാമാന്യമായ വാസന സൂചിപ്പിക്കുന്ന വല്ലതും അയാശം പറഞ്ഞു എന്ന വസ്തുത പ്രസക്തമല്ല.

15. <u>കൃത്യം യാദൃച്ഛികമായിരുന്നോ ഉദ്ദേശ്യപൂർവ്വകമായിരുന്നോ എന്ന പ്രശ്നവുമായി ബന്ധപ്പെട്ട വസ്തുതകശം</u>— ഒരു കൃത്യം യാദൃച്ഛികമായിരുന്നുവോ ഉദ്ദേശ്യപൂർവ്വകമായിരുന്നുവോ എന്നോ അല്ലെങ്കിൽ ഒരു പ്രത്യേക അറിവോടോ ഉദ്ദേശ്യത്തോടോ ചെയ്തത് ആയിരുന്നുവോ എന്നോ ഒരു പ്രശ്നം ഉള്ളപ്പോശം അങ്ങനെയുള്ള കൃത്യം, അതുപോലെയുള്ള ഏതു സംഭവങ്ങശം ഓരോന്നിലും ആ കൃത്യം ചെയ്യുന്ന ആശം സംബന്ധിച്ചിരുന്നുവോ അങ്ങനെയുള്ള സംഭവങ്ങളുടെ ഒരു പരമ്പരയുടെ ഭാഗമായിരുന്നുവോ, എന്ന വസ്തുത പ്രസക്തമാകുന്നു.

## ദൃഷ്ടാന്തങ്ങശം

(ക) 'ക' തന്റെ വീട് ഇൻഷ്വർ ചെയ്ത പണം കിട്ടുവാൻ വേണ്ടി കത്തിച്ചുകളഞ്ഞതായി 'ക' യുടെ മേൽ കുററം ആരോപിച്ചിരിക്കുന്നു.

'ക' ഒന്നിനു പുറകെ ഒന്നായി പല വീടുകളിലും താമസിച്ചിരുന്നുവെന്നും അവ ഓരോന്നും അയാശം ഇൻഷ്വർ ചെയ്തിരുന്നുവെന്നും, അവയിൽ ഓരോന്നിനും തീപ്പിടുത്തമുണ്ടായിയെന്നും, ഓരോതീപ്പിടിത്തത്തിനും ശേഷം ഓരോ വ്യത്യസ്ത ഇൻഷ്വറൻസ് ആഫീസിൽനിന്ന് 'ക' പണം വാങ്ങിയിട്ടുണ്ടെന്നും ഉള്ള വസ്തുതകശം, തീപ്പിടുത്തങ്ങശം യാദൃശ്ചികമായിരുന്നില്ലെന്ന് കാണിക്കുന്ന പ്രവണതയോടുകൂടിയതെന്ന നിലയിൽ പ്രസക്തമാണ്.

(ഖ) 'ഖ' യുടെ അധമർണ്ണൻമാരിൽ നിന്ന് പണം വാങ്ങുവാൻ 'ക' യെ നിയോഗിച്ചിരിക്കുന്നു. തനിക്കുകിട്ടുന്ന തുകകശം കാണിക്കുന്ന ഉശംക്കുറിപ്പുകശം ഒരു ബുക്കിൽ എഴുതിച്ചേർക്കേണ്ടത് 'ക' യുടെ കർത്തവ്യമാണ്. ഒരു പ്രത്യേക അവസരത്തിൽ അയാശംക്ക് യഥാർത്ഥത്തിൽ കിട്ടിയ തുകയേക്കാശം കുറഞ്ഞ ഒരു തുക കിട്ടിയതായി കാണിക്കുന്ന ഒരു ഉശംക്കുറിപ്പ് അയാശം എഴുതിച്ചേർക്കുന്നു.

ഈ വ്യാജമായ ഉശംക്കുറിപ്പ് യാദൃശ്ചികമായിരുന്നോ ഉദ്ദേശ്യപൂർവ്വകമായിരുന്നോ എന്നുള്ളതാണ് പ്രശ്നം.

അതേബുക്കിൽ 'ക' ചേർത്തിട്ടുള്ള മററ് ഉരക്കുറിപ്പുകൾ വ്യാജമാണെന്നും ഓരോ സംഗതിയിലും വ്യാജമായ ഉരക്കുറിപ്പ് 'ക'ക്ക് അനുകൂലമായതാണെന്നും ഉള്ള വസ്തുതകൾ പ്രസക്തമാണ്.

(ഗ) കപടദാനകരണമായ ഒരു രൂപ 'ഖ' യ്ക്ക് വഞ്ചനാപൂർവ്വകമായി കൈമാറിയതായി 'ക' യുടെ മേൽകുററം ആരോപിച്ചിരിക്കുന്നു.

രൂപ കൈമാറിയത് യാദൃച്ഛികമായിരുന്നോ എന്നുള്ളതാണ് പ്രശ്നം.

'ഖ' യ്ക്ക് കൈമാറുന്നതിന് അടുത്ത് മുമ്പോ പിമ്പോ 'ഗ' യ്ക്കും 'ഘ' യ്ക്കും 'ങ' യ്ക്കും 'ക' കപടദാനകരണമായ രൂപകൾ കൈമാറി എന്ന വസ്തുതകൾ, 'ഖ' യ്ക്ക് കൈമാറിയത് യാദൃച്ഛികമായിട്ടായിരുന്നില്ല എന്നു കാണിക്കുന്നു എന്ന നിലയിൽ പ്രസക്തമാണ്.

16. ബിസിനസ്സ് മുറ ഉണ്ടെന്നുള്ളത് എപ്പോൾ പ്രസക്തമാണെന്ന്.—ഒരു പ്രത്യേക കൃത്യം ചെയ്തിട്ടുണ്ടോ എന്ന പ്രശ്നം ഉള്ളപ്പോൾ ഏത് ബിസിനസ്സ് മുറപ്രകാരമാണോ അത് സ്വാഭാവികമായി ചെയ്യപ്പെടുമായിരുന്നത് അങ്ങനെയുള്ള ഏതെങ്കിലും ബിസിനസ്സ് മുറ ഉണ്ടെന്നുള്ളത് ഒരു പ്രസക്ത വസ്തുതയാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു പ്രത്യേക കത്ത് അയച്ചോ എന്നുള്ളതാണ് പ്രശ്നം.

സാധാരണ ബിസിനസ്സ് മുറ, ഒരു നിശ്ചിത സ്ഥലത്ത് വയ്ക്കുന്ന എല്ലാ കത്തുകളും പോസ്ററ് ചെയ്യുവാൻ കൊണ്ടുപോകുക എന്നതാണെന്നും ആ പ്രത്യേക കത്ത് ആ സ്ഥലത്തുവച്ചു എന്നുമുള്ള വസ്തുതകൾ പ്രസക്തമാണ്.

(ഖ) ഒരു പ്രത്യേക കത്ത് 'ക' യ്ക്ക് കിട്ടിയോ എന്നുള്ളതാണ് പ്രശ്നം. അത് മുറപ്രകാരം പോസ്ററ് ചെയ്തു എന്നും അത് ഡെഡ്ലററർ ആഫീസ് മുഖേന തിരിച്ചയച്ചിട്ടില്ലെന്നും ഉള്ള വസ്തുതകൾ പ്രസക്തമാണ്.

17. അഡ്മിഷന്റെ നിർവ്വചനം.—ഒരു അഡ്മിഷൻ ഏതെങ്കിലും വിവാദ്യ വസ്തുതയോ പ്രസക്ത വസ്തുതയോ സംബന്ധിച്ച ഏതെങ്കിലും നിഗമനത്തെ സൂചിപ്പിക്കുന്നതും, അതിനുശേഷം പറഞ്ഞിട്ടുള്ള ആളുകളിൽ ആരെങ്കിലും ഇതിനുശേഷം പറഞ്ഞിട്ടുള്ള പരിതഃസ്ഥിതികളിൽ ചെയ്തിട്ടുള്ളതുമായ വാക്കാലോ രേഖാമൂലമോ ഉള്ള ഒരു പ്രസ്താവന ആകുന്നു.

18. അഡ്മിഷൻ—നടപടിയിലെ കക്ഷിയുടേയോ അയാളുടെ ഏജൻറിന്റേയോ.—നടപടിയിലെ ഒരു കക്ഷിയോ, അല്ലെങ്കിൽ കേസിന്റെ പരിതഃസ്ഥിതികളിൽ, ചെയ്യുവാൻ അയാൾ പ്രകടമായോ വ്യംഗ്യമായോ അധികാരപ്പെടുത്തിയിട്ടുള്ള ആളാണെന്ന് കോടതി കരുതുന്ന അങ്ങനെയുള്ള ഏതെങ്കിലും കക്ഷിയുടെ ഏജൻേറാ ചെയ്തിട്ടുള്ള പ്രസ്താവനകൾ അഡ്മിഷനുകളാകുന്നു.

കക്ഷിയാൽ പ്രാതിനിധ്യ സ്വഭാവത്തിൽ;—പ്രാതിനിധ്യ സ്വഭാവത്തിൽ വ്യവഹാരം ബോധിപ്പിക്കുന്ന കക്ഷികളോ, ഏതു കക്ഷികൾക്കെതിരായാണോ പ്രാതിനിധ്യ സ്വഭാവത്തിൽ വ്യവഹാരം ബോധിപ്പിക്കപ്പെടുന്നത്, അങ്ങനെയുള്ള കക്ഷികളോ ചെയ്യുന്ന പ്രസ്താവനകൾ അവ ചെയ്യുന്ന കക്ഷിക്ക് പ്രാതിനിധ്യ സ്വഭാവം ഉണ്ടായിരുന്നപ്പോൾ ചെയ്തിട്ടുള്ളവയല്ലാത്തപക്ഷം, അഡ്മിഷനുകളല്ല.

(1) വിഷയത്തിൽ താൽപ്പര്യമുള്ള കക്ഷിയാൽ;—നടപടിയുടെ വിഷയത്തിൽ ഏതെങ്കിലും ഉടമ എന്ന നിലയിലുള്ളതോ ധനപരമോ ആയ ഏതെങ്കിലും താൽപ്പര്യം ഉണ്ടായിരിക്കുകയും പ്രസ്താവന അങ്ങനെ താൽപ്പര്യമുള്ള ആളുകൾ എന്ന നിലയിൽ ചെയ്യുകയും ചെയ്യുന്ന ആളുകൾ, അല്ലെങ്കിൽ

(2) താൽപ്പര്യം ഏത് ആളിൽ നിന്നാണോ സിദ്ധിച്ചത് ആ ആളാൽ;—ഏത് ആളുകളിൽനിന്നാണോ വ്യവഹാരകക്ഷികൾക്ക് വ്യവഹാര വിഷയത്തിൽ അവർക്കുള്ള താൽപ്പര്യം സിദ്ധിച്ചത് ആ ആളുകൾ,

ചെയ്യുന്ന പ്രസ്താവനകൾ, അവ ചെയ്യുന്ന ആളുകളുടെ താൽപ്പര്യം തുടർന്നുകൊണ്ടിരിക്കുമ്പോഴാണ് ചെയ്യുന്നതെങ്കിൽ, അഡ്മിഷനുകളാകുന്നു.

19. വ്യവഹാര കക്ഷിക്കെതിരായി ഏതാളുകളുടെ നില തെളിയിക്കപ്പെടേണ്ടതാണോ ആ ആളുകളുടെ അഡ്മിഷനുകൾ.—ഏതെങ്കിലും വ്യവഹാരകക്ഷിക്കെതിരായി ഏതാളുകളുടെ നിലയോ ബാദ്ധ്യതയോ, തെളിയിക്കപ്പെടേണ്ടിയിരിക്കുന്നുവോ, ആ ആളുകൾ ചെയ്യുന്ന പ്രസ്താവനകൾ, അവരോ അവർക്കെതിരായോ ബോധിപ്പിക്കുന്ന ഒരു വ്യവഹാരത്തിൽ അങ്ങനെയുള്ള നിലയോ ബാദ്ധ്യതയോ സംബന്ധിച്ച് അങ്ങനെയുള്ള ആളുകൾക്കെതിരായി അങ്ങനെയുള്ള പ്രസ്താവനകൾ പ്രസക്തമാവുകയും അവ ചെയ്യുന്ന ആൾ അങ്ങനെയുള്ള നിലയിൽ ആയിരിക്കുമ്പോഴോ അങ്ങനെയുള്ള ബാദ്ധ്യതയ്ക്ക് വിധേയനായിരിക്കുമ്പോഴോ ചെയ്യുന്നതാവുകയും ചെയ്യുകയാണെങ്കിൽ അഡ്മിഷനുകൾ ആകുന്നു.

### ദൃഷ്ടാന്തം

'ക' 'ഖ' യ്ക്കു വേണ്ടി വാടക പിരിക്കാമെന്ന് ഏല്ക്കുന്നു.

'ഗ' യിൽനിന്ന് 'ഖ' യ്ക്ക് കിട്ടേണ്ട വാടക പിരിക്കാത്തതിന് 'ക' യുടെ മേൽ 'ഖ' വ്യവഹാരപ്പെടുന്നു.

'ഗ' യിൽനിന്ന് 'ഖ' യ്ക്ക് വാടക കിട്ടാനുണ്ടായിരുന്നു എന്നത് 'ക' നിഷേധിക്കുന്നു.

'ഖ' യ്ക്ക് താൻ വാടക കൊടുക്കുവാനുണ്ടായിരുന്നു എന്നുള്ള 'ഗ' യുടെ പ്രസ്താവന ഒരു അഡ്മിഷനും 'ഖ' യ്ക്ക് 'ഗ' വാടക കൊടുക്കാനുണ്ടായിരുന്നു എന്നുള്ളത് 'ക' നിഷേധിക്കുകയാണെങ്കിൽ 'ക'യ്ക്കെതിരായ ഒരു പ്രസക്ത വസ്തുതയും ആണ്.

20. വ്യവഹാര കക്ഷി ഏതാളുകളോട് ചോദിക്കുവാൻ പ്രകടമായി പറയുന്നുവോ ആ ആളുകൾ നല്കുന്ന അഡ്മിഷനുകൾ.—ഒരു വ്യവഹാര കക്ഷി തർക്കത്തിലിരിക്കുന്ന ഒരു സംഗതി സംബന്ധിച്ച് ഏതാളുകളോടാണോ വിവരി ചോദിക്കുവാൻ പ്രകടമായി പറഞ്ഞിട്ടുള്ളത്, ആ ആളുകൾ ചെയ്യുന്ന പ്രസ്താവനകൾ അഡ്മിഷനുകൾ ആകുന്നു.

### ദൃഷ്ടാന്തം

'ക' 'ഖ' യ്ക്ക് വിററ ഒരു കുതിര നല്ലതാണോ എന്നുള്ളതാണ് പ്രശ്നം 'ക' 'ഖ' യോട് പറയുന്നു—" 'ഗ' യോട് പോയി ചോദിക്കൂ; 'ഗ' യ്ക്ക് അതിനെപ്പററി എല്ലാം അറിയാം". 'ഗ' യുടെ പ്രസ്താവന അഡ്മിഷൻ ആണ്.

21. അഡ്മിഷനുകൾ അവ ചെയ്യുന്നവർക്കെതിരായും അവരാലും അല്ലെങ്കിൽ അവർക്കു വേണ്ടിയും തെളിയിക്കുന്നത്.— അഡ്മിഷനുകൾ, അവ ചെയ്യുന്ന ആൾക്കോ അല്ലെങ്കിൽ അയാളുടെ താൽപ്പര്യങ്ങൾ പ്രതിനിധാനം ചെയ്യുന്നആൾക്കോ എതിരായി പ്രസക്തമായിരിക്കുന്നതും തെളിയിക്കാവുന്നതും ആകുന്നു; എന്നാൽ അവ ചെയ്യുന്ന ആളാലോ അയാളുടെ താൽപ്പര്യങ്ങൾ പ്രതിനിധാനം ചെയ്യുന്ന ആളാലോ അല്ലെങ്കിൽ അവർക്കുവേണ്ടിയോ താഴെപ്പറയുന്ന സംഗതികളിലൊഴികെ അവ തെളിയിക്കാവുന്നതല്ല:—

(1) ഒരു അഡ്മിഷൻ, അത് ചെയ്യുന്ന ആൾ മരിച്ചിരുന്നുവെങ്കിൽ അത് 32-ാം വകുപ്പുപ്രകാരം മററാളുകൾ തമ്മിൽ പ്രസക്തമാകുമായിരുന്ന സ്വഭാവത്തിലുള്ളതായിരിക്കുമ്പോൾ, അത് ചെയ്യുന്ന ആളാലോ അയാൾക്കുവേണ്ടിയോ അത് തെളിയിക്കാവുന്നതാണ്.

(2) ഒരു അഡ്മിഷൻ, അത് പ്രസക്തമോ വിവാദ്യമോ ആയ ഏതെങ്കിലും മാനസികസ്ഥിതിയുടേയോ ശാരീരികസ്ഥിതിയുടേയോ അസ്തിത്വത്തെക്കുറിച്ചുള്ളതും, അങ്ങനെയുള്ള മാനസിക സ്ഥിതിയോ ശാരീരികസ്ഥിതിയോ ഉണ്ടായിരുന്ന സമയത്തോ അതിനടുത്തോ ചെയ്തതുമായ ഒരു പ്രസ്താവന അതിൽ അടങ്ങുന്നതാവുകയും, അത് വ്യാജമാണെന്നുള്ളത് അസംഭാവ്യമാക്കിത്തീർക്കുന്ന പെരുമാററത്തോടുകൂടെ വരികയും ചെയ്യുമ്പോൾ, അത് നല്കുന്ന ആളാലോ ആൾക്കുവേണ്ടിയോ തെളിയിക്കാവുന്നതാണ്.

(3) ഒരു അഡ്മിഷൻ, അഡ്മിഷനെന്ന നിലയിലല്ലാതെ പ്രസക്തമാണെങ്കിൽ, അത് ചെയ്യുന്ന ആളാലോ ആൾക്കുവേണ്ടിയോ തെളിയിക്കാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ഒരു കരണം വ്യാജനിർമ്മിതമാണോ അല്ലയോ എന്നുള്ളതാണ് 'ക' യും 'ഖ' യും തമ്മിലുള്ള പ്രശ്നം. അത് യഥാർത്ഥത്തിലുള്ളതാണെന്ന് 'ക' യും വ്യാജമായി നിർമ്മിച്ചതാണെന്ന് 'ഖ' യും ഊന്നിപ്പറയുന്നു.

കരണം യഥാർത്ഥത്തിലുള്ളതാണെന്ന 'ഖ' യുടെ ഒരു പ്രസ്താവന 'ക' യ്ക്കും ആ കരണം വ്യാജനിർമ്മിതമാണെന്ന് 'ക' യുടെ ഒരുപ്രസ്താവന 'ഖ' യ്ക്കും തെളിയിക്കാവുന്നതാണ്; എന്നാൽ കരണം യഥാർത്ഥത്തിലുള്ളതാണെന്ന തന്റെ തന്നെ ഒരുപ്രസ്താവന 'ക' യ്ക്കോ ആ കരണം വ്യാജനിർമ്മിതമാണെന്ന തന്റെ തന്നെ ഒരു പ്രസ്താവന 'ഖ' യ്ക്കോ തെളിയാക്കാവുന്നതല്ല.

(ഖ) ഒരു കപ്പലിലെ കപ്പിത്താനായ 'ക' യെ ആ കപ്പൽ ഉപയോഗശൂന്യമാക്കിക്കളഞ്ഞതിന് വിചാരണ ചെയ്യുന്നു.

കപ്പൽ അതിന്റെ ശരിയായ മാർഗ്ഗത്തിന് വെളിയിൽ കൊണ്ടുപോ
യെന്ന് കാണിക്കുവാനായി തെളിവ് നല്കപ്പെടുന്നു. അയാൾ ദൈനംദിനം
നടത്തിയതായി പറയപ്പെടുന്ന നിരീക്ഷണങ്ങൾ കാണിക്കുന്നതും, കപ്പൽ
അതിന്റെ ശരിയായ മാർഗ്ഗത്തിന് വെളിയിൽ കൊണ്ടുപോയിട്ടില്ലെന്ന്
സൂചിപ്പിക്കുന്നതും, അയാൾ തന്റെ സാധാരണ ബിസിനസ്സ് മുറയിൽ
വച്ചുപോരുന്നതുമായ ഒരു ബുക്ക് 'ക' ഹാജരാക്കുന്നു. ഈ പ്രസ്താവനകൾ
'ക' യ്ക്ക് തെളിയിക്കാവുന്നതാണ്, എന്തുകൊണ്ടെന്നാൽ അയാൾ മരിച്ചിരുന്നു
വെങ്കിൽ 32-ാം വകുപ്പ് (2)-ാം ഖണ്ഡപ്രകാരം അവ മററാളുകൾ തമ്മിൽ
സ്വീകരിക്കപ്പെടുന്നവയാണ്.

(ഗ) കൽക്കട്ടയിൽ വച്ച് നടത്തിയ ഒരു കുറ്റത്തിന് 'ക' യുടെ മേൽ കുറ്റം ആരോപിച്ചിരിക്കുന്നു.

അയാൾ തന്നെ എഴുതിയതും, അതേ ദിവസം ലാഹോറിൽവച്ച് തീയതി ഇട്ടതും, അന്നേ ദിവസത്തെ ലാഹോർ പോസ്റ്റുമുദ്ര ഉള്ളതുമായ ഒരു കത്ത് അയാൾ ഹാജരാക്കുന്നു.

ആ കത്തിലെ തീയതിയിലെ പ്രസ്താവന സ്വീകരിക്കപ്പെടേണ്ടതാകുന്നു, എന്തുകൊണ്ടെന്നാൽ, 'ക' മരിച്ചിരുന്നെങ്കിൽ 32-ാം വകുപ്പ് (2)-ാം ഖണ്ഡ പ്രകാരം അത് സ്വീകരിക്കപ്പെടുന്നതാണ്.

(ഘ) കട്ടതാണെന്നറിഞ്ഞുകൊണ്ട് കളവു മുതൽ സ്വീകരിക്കുക എന്ന കുറ്റം 'ക'യുടെ മേൽ ആരോപിച്ചിരിക്കുന്നു.

അവ വിലകുറച്ച് വില്ക്കുവാൻ താൻ സമ്മതിച്ചു എന്ന് തെളിയിക്കാമെന്ന് അയാൾ പറയുന്നു.

ഈ പ്രസ്താവനകൾ അഡ്മിഷനുകൾ ആണെങ്കിലും, 'ക'യ്ക്ക് തെളിയിക്കാവുന്നതാണ്, എന്തുകൊണ്ടെന്നാൽ, അവ വിവാദ്യവസ്തുതകളാൽ സ്വാധീനപ്പെടുത്തപ്പെട്ടപെരുമാറ്റം വിശദീകരിക്കുന്നവയാകുന്നു.

(ങ) കപടാനുകരണമാണെന്ന് തനിക്ക് അറിയാവുന്ന കപടാനുകരണ നാണയം വഞ്ചനാപൂർവ്വം കൈവശം വയ്ക്കുക എന്ന കുറ്റം 'ക'-യുടെ മേൽ ആരോപിച്ചിരിക്കുന്നു. ആ നാണയം കപടാനുകരണം ആണോ അല്ലയോ എന്ന് താൻ സംശയിച്ചതുകൊണ്ട്, ആ നാണയം പരിശോധിക്കുവാൻ അയാൾ ഒരു വിദഗ്ദ്ധനോട് പറഞ്ഞു എന്നും ആ ആൾ അത് പരിശോധിച്ച് യഥാർത്ഥമായതാണെന്ന് പറഞ്ഞുവെന്നും തെളിയിക്കാമെന്ന് 'ക' പറയുന്നു. തൊട്ടുമുമ്പുള്ള ദൃഷ്ടാന്തത്തിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ ഈ വസ്തുതകൾ 'ക'-യ്ക്ക് തെളിയിക്കാവുന്നതാണ്.

22. രേഖകളുടെ ഉള്ളടക്കം സംബന്ധിച്ച വാക്കാലുള്ള അഡ്മിഷനുകൾ എപ്പോൾ പ്രസക്തമാകുമെന്ന്.—ഒരു രേഖയുടെ ഉള്ളടക്കം സംബന്ധിച്ച വാക്കാലുള്ള അഡ്മിഷനുകൾ, അവ തെളിയിക്കാമെന്ന് പറയുന്ന കക്ഷി, ഇതിനുശേഷം ഇതിൽ അടങ്ങിയിട്ടുള്ള ചട്ടങ്ങൾപ്രകാരം അങ്ങനെയുള്ള രേഖയുടെ ഉള്ളടക്കത്തെക്കുറിച്ച് ദ്വിതീയകത്തെളിവു കൊടുക്കുവാൻ അയാൾക്ക് അവകാശമുണ്ടെന്ന് തെളിയിക്കാത്തപക്ഷവും തെളിയിക്കുന്നതുവരെയും, അല്ലെങ്കിൽ ഹാജരാക്കിയ ഒരു രേഖ യഥാർത്ഥമാണോ എന്നത് പ്രശ്നവിഷയമായിരിക്കാത്തപക്ഷവും, പ്രസക്തമല്ല.

23. സിവിൽ കേസുകളിലെ അഡ്മിഷനുകൾ എപ്പോൾ പ്രസക്തമെന്ന്.—സിവിൽ കേസുകളിൽ യാതൊരു അഡ്മിഷനും അതിനെപ്പറ്റി തെളിവു കൊടുക്കുവാൻ പാടില്ലെന്നുള്ള പ്രകടമായ ഒരു നിബന്ധനയിൻമേലോ അതിനെപ്പറ്റി തെളിവു കൊടുക്കുവാൻ പാടില്ലെന്ന് കക്ഷികൾ തമ്മിൽ സമ്മതിച്ചുവെന്ന നിഗമനത്തിലെത്തുവാൻ കോടതിക്ക് കഴിയുന്ന പരിതഃസ്ഥിതികളിലോ ആണ് അത് ചെയ്തതെങ്കിൽ, പ്രസക്തമല്ല.

വിശദീകരണം.—ഏതെങ്കിലും ബാരിസ്റ്ററോ പ്ലീഡറോ അറ്റോർണിയോ വക്കീലോ 126-ാം വകുപ്പുപ്രകാരം തെളിവു നല്കുവാൻ നിർബന്ധിക്കപ്പെടാവുന്ന ഏതെങ്കിലും സംഗതിയെപ്പറ്റി തെളിവു നല്കുന്നതിൽനിന്ന് ഈ വകുപ്പിലെ യാതൊന്നും അയാളെ ഒഴിവാക്കുന്നതായി കണക്കാക്കുവാൻ പാടില്ലാത്തതാകുന്നു.

24. പ്രചോദനമോ ഭീഷണിയോ വാഗ്ദാനമോ വഴിയായുണ്ടായ കുററസമ്മതം ക്രിമിനൽ നടപടിയിൽ എപ്പോഴും അപ്രസക്തമെന്ന്.—ഒരു ക്രിമിനൽ നടപടിയിൽ കുററം ആരോപിക്കപ്പെട്ട ഒരാൾ നടത്തുന്ന കുററസമ്മതം, ആ കുററസമ്മതം നടത്തിയത്, കുററം ആരോപിക്കപ്പെട്ട ആൾക്ക് എതിരായുള്ള ചാർജ്ജുമായി ബന്ധപ്പെട്ടതും, അധികൃതസ്ഥാനത്തുള്ള ഒരാളിൽ നിന്ന് ഉണ്ടായിട്ടുള്ളതും, അത് ചെയ്യുന്നതുകൊണ്ട് അയാൾക്കെതിരായുള്ള നടപടികൾ സംബന്ധിച്ച് അയാൾക്ക് എന്തെങ്കിലും ഗുണം ഉണ്ടാകും എന്നോ അല്ലെങ്കിൽ ലൗകിക സ്വഭാവത്തോടുകൂടിയ ഏതെങ്കിലും ദോഷം ഒഴിവാക്കും എന്നോ കരുതുവാൻ ന്യായമാണെന്ന് തോന്നുന്ന കാരണങ്ങൾ കുററം ആരോപിക്കപ്പെട്ട ആൾക്ക് നല്കുവാൻ കോടതിയുടെ അഭിപ്രായത്തിൽ മതിയാവുന്നതും ആയ ഏതെങ്കിലും പ്രചോദനമോ ഭീഷണിയോ വാഗ്ദാനമോവഴി ഉണ്ടായതാണെന്ന് കോടതിക്ക് തോന്നുന്നു എങ്കിൽ, അപ്രസക്തമാകുന്നു.

25. പോലീസ് ഉദ്യോഗസ്ഥനോടുള്ള കുററസമ്മതം തെളിയിക്കാവുന്നതല്ലെന്ന്.—ഒരു പോലീസ് ഉദ്യോഗസ്ഥനോട് നടത്തുന്ന യാതൊരു കുററസമ്മതവും, ഏതെങ്കിലും കുററം ആരോപിക്കപ്പെട്ട ഒരാൾക്ക് എതിരായി, തെളിയിക്കുവാൻ പാടില്ലാത്തതാകുന്നു.

26. പ്രതി പോലീസ് കസ്ററഡിയിലായിരിക്കുമ്പോൾ നടത്തുന്ന കുററസമ്മതം അയാൾക്കെതിരായി തെളിയിക്കാവുന്നതല്ലെന്ന്.—ഏതെങ്കിലും ആൾ, ഒരു പോലീസുദ്യോഗസ്ഥൻെറ കസ്ററഡിയിലായിരിക്കുമ്പോൾ നടത്തുന്ന യാതൊരു കുററസമ്മതവും, അത് ഒരു മജിസ്ട്രേററ്റിൻെറ തൊട്ടടുത്ത സാന്നിദ്ധ്യത്തിൽ നടത്തിയിട്ടുള്ളതല്ലാത്തപക്ഷം, അങ്ങനെയുള്ള ആൾക്കെതിരായി തെളിയിക്കുവാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ വകുപ്പിൽ "മജിസ്ട്രേററ്" എന്നതിൽ ഫോർട്ട് സെൻറ് ജോർജ് പ്രസിഡൻസിയിലോ, മററവിടെയെങ്കിലുമോ മജിസ്ററീരിയൽ ചുമതലകൾ നിർവ്വഹിക്കുന്ന ഒരു വില്ലേജ് തലവൻ ക്രിമിനൽ നടപടി നിയമസംഹിത, 1882 പ്രകാരമുള്ള ഒരു മജിസ്ട്രേററ്റിൻെറ ചുമതലകൾ നിർവ്വഹിക്കുന്ന ഒരു മജിസ്ട്രേററ് അല്ലാത്തപക്ഷം, ഉൾപ്പെടുന്നതല്ല.

27. പ്രതിയിൽനിന്ന് കിട്ടിയിട്ടുള്ള വിവരത്തിൽ എത്രത്തോളം തെളിയിക്കാവുന്നതാണെന്ന്.—എന്നാൽ, ഒരു പോലീസ് ഉദ്യോഗസ്ഥൻെറ കസ്ററഡിയിലിരിക്കുന്ന, ഏതെങ്കിലും കുററം ആരോപിക്കപ്പെട്ട ആളിൽനിന്ന് കിട്ടിയ വിവരങ്ങളുടെ അനന്തരഫലമായി വെളിപ്പെടുത്തപ്പെട്ടതെന്ന നിലയിൽ ഏതെങ്കിലും വസ്തുതയ്ക്ക് മൊഴി കൊടുക്കുമ്പോൾ, അത് കുററസമ്മതം ആകുകയാണെങ്കിലും അല്ലെങ്കിലും, അതുവഴി വെളിപ്പെടുത്തപ്പെട്ട വസ്തുതയോട് സ്പഷ്ടമായി ബന്ധപ്പെട്ടിരിക്കുന്നിടത്തോളം അങ്ങനെയുള്ള വിവരത്തിൻെറ ഭാഗം, തെളിയിക്കാവുന്നതാണ്.

28. പ്രചോദനമോ ഭീഷണിയോ വാഗ്ദാനമോവഴി ഉണ്ടായിട്ടുള്ള ധാരണ നീക്കപ്പെട്ടശേഷം നടത്തുന്ന കുററസമ്മതം പ്രസക്തമെന്ന്.—24-ാം വകുപ്പിൽ പരാമർശിക്കപ്പെട്ടപോലെയുള്ള ഒരു കുററസമ്മതം, അങ്ങനെയുള്ള ഏതെങ്കിലും പ്രചോദനമോ ഭീഷണിയോ വാഗ്ദാനമോവഴി ഉണ്ടായിട്ടുള്ള ധാരണ, കോടതിയുടെ അഭിപ്രായത്തിൽ പൂർണ്ണമായും നീക്കപ്പെട്ടതിനുശേഷമാണ് നടത്തുന്നതെങ്കിൽ അത് പ്രസക്തമാകുന്നു.

29. മററു വിധത്തിൽ പ്രസക്തമായ കുററസമ്മതം, രഹസ്യമായി വയ്ക്കാമെന്ന വാഗ്ദാനമോ മററോ കാരണം അപ്രസക്തമാകുകയില്ല എന്ന്.—അങ്ങനെയുള്ള ഒരു കുററസമ്മതം മററുവിധത്തിൽ പ്രസക്തമാണെങ്കിൽ, അത് രഹസ്യമായി വയ്ക്കാമെന്ന ഒരു വാഗ്ദാനത്തിൻമേലോ അത് കിട്ടുന്ന ആവശ്യത്തിലേക്കായി കുററം ആരോപിക്കപ്പെട്ട ആളെ കബളിപ്പിച്ചതിന്റെ അനന്തരഫലമായിട്ടോ, അയാൾ കുടിച്ചു ലഹരിപിടിച്ചിരുന്നപ്പോഴോ ആണ് അത് നടത്തിയതെന്നതുകൊണ്ടോ, അല്ലെങ്കിൽ അയാൾ ഉത്തരം പറയേണ്ടതില്ലായിരുന്ന ചോദ്യങ്ങൾക്ക്, ആ ചോദ്യങ്ങളുടെ രൂപം എന്തുതന്നെയായിരുന്നാലും, ഉത്തരമായിട്ടാണ് അത് നടത്തിയത് എന്നതുകൊണ്ടോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററസമ്മതം നടത്തുവാൻ അയാൾ ബാദ്ധ്യസ്ഥനല്ലെന്നും, അതിനെക്കുറിച്ച് അയാൾക്കെതിരായി തെളിവ് നല്കപ്പെട്ടേക്കാം എന്നും, അയാൾക്ക് മുന്നറിയിപ്പ് നല്കിയിട്ടില്ലെന്നതുകൊണ്ടോ മാത്രം അപ്രസക്തമാകുന്നില്ല.

30. കുററസമ്മതം നടത്തുന്ന ആളെയും ഒരേ കുററത്തിനു കൂട്ടായി വിചാരണ ചെയ്യപ്പെടുന്ന മററു ആളുകളേയും ബാധിക്കുന്നതും തെളിയിക്കപ്പെട്ടതുമായ കുററസമ്മതത്തിന്റെ പരിഗണന.—ഒന്നിലധികം ആളുകൾ ഒരേ കുററത്തിനു കൂട്ടായി വിചാരണ ചെയ്യപ്പെടുകയും, അങ്ങനെയുള്ള ആളുകളിൽ ഒരാൾ തന്നെയും അങ്ങനെയുള്ള ആളുകളിൽ മററു ചിലരേയും ബാധിക്കുന്ന വിധത്തിൽ നടത്തുന്ന ഒരു കുററസമ്മതം തെളിയിക്കപ്പെടുകയും ചെയ്യുമ്പോൾ കോടതിക്ക് അങ്ങനെയുള്ള കുററസമ്മതം അങ്ങനെയുള്ള മററാൾക്കെതിരെന്ന പോലെ, അങ്ങനെയുള്ള കുററസമ്മതം നടത്തുന്ന ആൾക്കെതിരായും പരിഗണിക്കാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിൽ ഉപയോഗിച്ചിരിക്കുന്നപ്രകാരം "കുററം" എന്നതിൽ ആ കുററം ചെയ്യുന്നതിനുള്ള പ്രേരണയോ ശ്രമമോ ഉൾപ്പെടുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) 'ഗ'-യുടെ കൊലപാതകത്തിന് 'ക'-യും 'ഖ'-യും കൂട്ടായി വിചാരണ ചെയ്യപ്പെടുകയാണ്. "'ഗ'-യെ 'ഖ'-യും ഞാനും കൂടി കൊല ചെയ്തു" എന്ന് 'ക' പറഞ്ഞതായി തെളിഞ്ഞിരിക്കുന്നു. 'ഖ'-യ്ക്കെതിരായി ഈ കുററസമ്മതം ഉളവാക്കുന്ന ഫലം കോടതിക്ക് പരിഗണിക്കാവുന്നതാണ്.

(ഖ) 'ഗ'-യുടെ കൊലപാതകത്തിന് 'ക' വിചാരണ ചെയ്യപ്പെടുകയാണ്. 'ക'-യാലും 'ഖ'-യാലും 'ഗ' കൊല്ലപ്പെട്ടു എന്നും, "ഞാനും 'ക'-യുംകൂടി 'ഗ'-യെ കൊലചെയ്തു" എന്ന് 'ഖ' പറഞ്ഞു എന്നും കാണിക്കുന്നതിന് തെളിവുണ്ട്.

'ഖ' കൂട്ടായി വിചാരണ ചെയ്യപ്പെടാത്തതിനാൽ, 'ക'-യ്ക്കെതിരായി ഈ പ്രസ്താവം കോടതി പരിഗണിക്കണമെന്നില്ല.

31. അഡ്മിഷനുകൾ നിശ്ചായകത്തെളിവല്ല, എന്നാൽ വാദതടസ്സമായേക്കാമെന്ന്.—അഡ്മിഷനുകൾ അഡ്മിററുചെയ്തിട്ടുള്ള സംഗതികളുടെ നിശ്ചായകത്തെളിവല്ല, എന്നാൽ അവ ഇതിനുശേഷം ഇതിലടങ്ങിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരം വാദതടസ്സങ്ങളായി പ്രാവർത്തികമാകാവുന്നതാണ്.

## സാക്ഷികളായി വിളിക്കപ്പെടാൻ കഴിയാത്ത ആളുകളുടെ പ്രസ്താവനകൾ

32. മരിച്ചുപോവുകയോ കണ്ടെത്താൻ സാധിക്കാതിരിക്കുകയോ മററോ ചെയ്യുന്ന ആൾ പ്രസക്ത വസ്തുതയെക്കുറിച്ച് ചെയ്യുന്ന പ്രസ്താവന പ്രസക്തമാകുന്ന സംഗതികൾ.—മരിച്ചുപോവുകയോ അല്ലെങ്കിൽ കണ്ടെത്തുവാൻ കഴിയാതിരിക്കുകയോ, അല്ലെങ്കിൽ തെളിവു നല്കാൻ കഴിവില്ലാതായിത്തീരുകയോ അല്ലെങ്കിൽ കേസിൻെറ പരിത:സ്ഥിതികളിൽ, ന്യായമല്ലാത്തതാണെന്ന് കോടതിക്ക് തോന്നുന്നത്ര കാലതാമസമോ ചെലവോ കൂടാതെ ഹാജരാക്കപ്പെടുവാൻ കഴിയാതിരിക്കുകയോ ചെയ്യുന്ന ഒരാൾ പ്രസക്ത വസ്തുതകളെ സംബന്ധിച്ച് രേഖാമൂലമോ, വാക്കാലോ ചെയ്യുന്ന പ്രസ്താവനകൾ, താഴെ പറയുന്ന സംഗതികളിൽ സ്വയം പ്രസക്ത വസ്തുതകളാകുന്നു :—

(1) അത് മരണകാരണം സംബന്ധിച്ചാകുമ്പോൾ.—ഒരാളുടെ മരണത്തിനുള്ള കാരണം പ്രശ്നവിഷയമാകുന്ന സംഗതികളിൽ അയാൾ മരണത്തിനുള്ള കാരണം സംബന്ധിച്ചോ, അല്ലെങ്കിൽ തൻെറ മരണത്തിൽ എത്തിച്ച ഇടപാടിൻെറ പരിത:സ്ഥിതികളിൽ ഏതിനെ എങ്കിലും സംബന്ധിച്ചോ, പ്രസ്താവന ചെയ്യുമ്പോൾ,

അവ ചെയ്ത സമയത്ത് അവ ചെയ്ത ആൾ മരണം പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണെങ്കിലും അല്ലെങ്കിലും അയാളുടെ മരണത്തിൻെറ കാരണം പ്രശ്നവിഷയമാകുന്ന നടപടിയുടെ സ്വഭാവം എന്തുതന്നെയായിരുന്നാലും, പ്രസക്തമാകുന്നു.

(2) അല്ലെങ്കിൽ ബിസിനസ് മുറയിൽ ചെയ്യുമ്പോൾ.—പ്രസ്താവന അങ്ങനെയുള്ള ആൾ സാധാരണ ബിസിനസ് മുറയിൽ ചെയ്തതാകുമ്പോഴും, പ്രത്യേകിച്ച് സാധാരണ ബിസിനസ് മുറയിലോ തൊഴിൽപരമായ കൃത്യം നിർവ്വഹിക്കുന്നതിലോ, വച്ചുപോരുന്ന ബുക്കുകളിൽ അയാൾ എഴുതി ചേർക്കുന്ന ഏതെങ്കിലും ഉൾക്കുറിപ്പോ, മെമ്മോറാണ്ടമോ, അല്ലെങ്കിൽ പണമോ സാമാനങ്ങളോ ഈടുകളോ ഏതെങ്കിലും തരത്തിലുള്ള വസ്തുവോ കിട്ടിയതിന് അയാൾ എഴുതിയോ ഒപ്പിട്ടോ കൊടുക്കുന്ന ഒരു രസീതോ ; അല്ലെങ്കിൽ അയാൾ എഴുതുകയോ, ഒപ്പിടുകയോ ചെയ്തതും, വാണിജ്യത്തിൽ ഉപയോഗിക്കുന്നതുമായ ഒരു രേഖയോ, അല്ലെങ്കിൽ അയാൾ സാധാരണമായി തീയതി വയ്ക്കുകയോ എഴുതുകയോ ഒപ്പിടുകയോ ചെയ്യുന്ന കത്തിൻേറയോ മററു രേഖയുടേയോ തീയതിയോ അടങ്ങിയിരിക്കുമ്പോഴും,

(3) അല്ലെങ്കിൽ ചെയ്യുന്ന ആളുടെ താൽപ്പര്യത്തിനെതിരായിരിക്കുമ്പോൾ.—പ്രസ്താവന ചെയ്യുന്ന ആളുടെ ധനപരമോ ഉടമയെന്ന നിലയിലുള്ളതോ ആയ താൽപ്പര്യത്തിനെതിരായിരിക്കുമ്പോൾ, അല്ലെങ്കിൽ അത് സത്യമാണെങ്കിൽ, അയാളെ ക്രിമിനൽ ശിക്ഷാ നടപടിക്കോ, നഷ്ടപരിഹാരത്തിനുള്ള വ്യവഹാരത്തിനോ വിധേയമാക്കുമെങ്കിലോ വിധേയനാകുമായിരുന്നെങ്കിലോ, അപ്പോൾ,

(4) അല്ലെങ്കിൽ പബ്ലിക്ക് അവകാശമോ, ആചാരമോ, സാമാന്യമായി താൽപ്പര്യമുള്ള സംഗതികളോ സംബന്ധിച്ച് അഭിപ്രായം നല്കുമ്പോൾ.—പ്രസ്താവന ഏതു് പബ്ലിക്ക് അവകാശത്തിൻെറയോ ആചാരത്തിൻെറയോ പബ്ലിക്കിനോ സാമാന്യമായി ജനങ്ങൾക്കോ താൽപ്പര്യമുള്ള സംഗതിയുടെയോ

അസ്തിത്വമാണോ—അത് ഉണ്ടായിരുന്നുവെങ്കിൽ—അയാൾക്ക് അറിവുണ്ടായിരിക്കുവാൻ ഇടയുണ്ടായിരുന്നത് അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തിൻേറയോ ആചാരത്തിൻേറയോ സംഗതിയുടേയോ അസ്തിത്വത്തെപ്പററി അങ്ങനെയുള്ള ഏതെങ്കിലും ആളുടെ അഭിപ്രായം നല്കുന്നതാകുകയും അങ്ങനെയുള്ള പ്രസ്താവന അങ്ങനെയുള്ള അവകാശമോ ആചാരമോ സംഗതിയോ സംബന്ധിച്ച് ഏതെങ്കിലും തർക്കം ഉണ്ടാകുന്നതിനു മുൻപ് നടത്തിയിട്ടുള്ളതാകുകയും ചെയ്യുമ്പോൾ,

(5) അല്ലെങ്കിൽ ബന്ധുത്വത്തിൻെറ അസ്തിത്വത്തെ സംബന്ധിച്ചാകുമ്പോൾ.—പ്രസ്താവന, അത് ചെയ്യുന്ന ആൾക്ക്, ഏതാളുകൾ തമ്മിലുള്ള രക്തമോ വിവാഹമോ ദത്തോ വഴിയുള്ള ബന്ധുത്വത്തെപ്പററി, അറിയുന്നതിനാണോ വിശേഷമാർഗ്ഗമുണ്ടായിരുന്നത്, ആ ആളുകൾ തമ്മിലുള്ള രക്തമോ വിവാഹമോ ദത്തോ വഴിയുള്ള ബന്ധുത്വത്തിൻെറ അസ്തിത്വം സംബന്ധിച്ചതാവുകയും തർക്കപ്രശ്നം ഉന്നയിക്കപ്പെടുന്നതിനു മുമ്പ് ചെയ്തതാകുകയും ചെയ്യുമ്പോൾ ;

(6) അല്ലെങ്കിൽ മരണശാസനത്തിലോ കുടുംബകാര്യങ്ങൾ സംബന്ധിക്കുന്ന കരണത്തിലോ ചെയ്തതാകുമ്പോൾ.—പ്രസ്താവന, മരിച്ചുപോയ ആളുകൾ തമ്മിൽ രക്തമോ, വിവാഹമോ, ദത്തോ വഴിയുള്ള ഏതെങ്കിലും ബന്ധുത്വത്തിൻെറ അസ്തിത്വം സംബന്ധിച്ചതാവുകയും, മരിച്ചുപോയ അങ്ങനെയുള്ള ഏതെങ്കിലും ആൾ ഉൾപ്പെട്ടിരുന്ന കുടുംബത്തിൻെറ കാര്യങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും മരണശാസനത്തിലോ കരണത്തിലോ അല്ലെങ്കിൽ കുടുംബത്തിൻെറ ഏതെങ്കിലും വംശാവലിയിലോ, അല്ലെങ്കിൽ ഏതെങ്കിലും സമാധി ശിലയിലോ, കുടുംബചിത്രത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രസ്താവനകൾ സാധാരണ ചെയ്യാറുള്ള മററ് സാധനത്തിൻമേലോ ചെയ്തതാകുകയും, അങ്ങനെയുള്ള പ്രസ്താവന തർക്കപ്രശ്നം ഉന്നയിക്കപ്പെടുന്നതിനു മുമ്പ് നടത്തിയിട്ടുള്ളതാവുകയും ചെയ്യുമ്പോൾ,

(7) അല്ലെങ്കിൽ, 13-ാം വകുപ്പിലെ (ക) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഇടപാടിനെ സംബന്ധിക്കുന്ന രേഖയിലുള്ളതാകുമ്പോൾ.—പ്രസ്താവന, 13-ാം വകുപ്പിൽ, (ക) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ളതുപോലെയുള്ള ഏതെങ്കിലും ഇടപാടു സംബന്ധിക്കുന്ന ഏതെങ്കിലും കരണത്തിലോ, മരണശാസനത്തിലോ, മററു രേഖയിലോ അടങ്ങിയിട്ടുള്ളതാകുമ്പോൾ;

(8) അല്ലെങ്കിൽ പല ആളുകൾ ചെയ്തതും, പ്രശ്നവിഷയത്തിൽ പ്രസക്തമായ വികാരങ്ങൾ പ്രകടിപ്പിക്കുന്നതും ആകുമ്പോൾ.—ആ പ്രസ്താവന, അനേകം ആളുകൾ നടത്തിയതും, പ്രശ്നവിഷയത്തിൽ പ്രസക്തമായിട്ടുള്ളതും തങ്ങളുടെ വികാരങ്ങളോ ധാരണകളോ പ്രകടിപ്പിക്കുന്നതുമാകുമ്പോൾ.

ദൃഷ്ടാന്തങ്ങൾ

(ക) 'ക' യെ 'ഖ' കൊല ചെയ്തോ എന്നുള്ളതാണ് പ്രശ്നം; അല്ലെങ്കിൽ,

'ക' ബലാൽസംഗം ചെയ്യപ്പെട്ട ഒരു ഇടപാടിൽ നേരിട്ട ക്ഷതികൾമൂലം ക മരിക്കുന്നു. അവളെ 'ഖ' ബലാൽസംഗം ചെയ്തോ എന്നുള്ളതാണ് പ്രശ്നം; അല്ലെങ്കിൽ

'ക' യുടെ വിധവയുടെ ഒരു വ്യവഹാരം 'ഖ' യ്ക്കെതിരെ നിലനിൽക്കാവുന്ന വിധമുള്ള പരിതഃസ്ഥിതികളിൽ 'ഖ' 'ക' യെ കൊലചെയ്തോ എന്നുള്ളതാണ് പ്രശ്നം.

തന്റെ മരണത്തിനുള്ള കാരണത്തെപ്പററി, യഥാക്രമം കൊലപാതകം, ബലാൽസംഗം, വ്യവഹരിക്കപ്പെടാവുന്ന അപകൃത്യം ഇവയെ പരാമർശിച്ച് 'ക' ചെയ്ത പ്രസ്താവനകൾ പ്രസക്ത വസ്തുതയാകുന്നു.

(ഖ) 'ക' യുടെ ജനനത്തീയതിയെപ്പററിയാണ് പ്രശ്നം. മരിച്ചുപോയ ഒരു സർജൻ, ബിസിനസ്സുമുറയിൽ ക്രമമായി വച്ചുപോരുന്ന ഡയറിയിലെ, ഒരു ദിവസം അയാൾ 'ക' യുടെ അമ്മയുടെ പ്രസവത്തിൽ പരിചരിച്ചുവെന്നും അവർ ഒരു മകനെ പ്രസവിച്ചുവെന്നും പ്രസ്താവിക്കുന്ന ഒരു ഉരക്കുറിപ്പ്, ഒരു പ്രസക്ത വസ്തുതയാകുന്നു.

(ഗ) ഒരു പ്രത്യേക ദിവസം 'ക' കൽക്കട്ടയിൽ ഉണ്ടായിരുന്നോ എന്നുള്ളതാണ് പ്രശ്നം.

മരിച്ചുപോയ ഒരു സൊളിസിററർ, ബിസിനസ്സു മുറയിൽ ക്രമമായി വച്ചുപോരുന്ന ഒരു ഡയറിയിലെ ആ ദിവസം ആ സോളിസിററർ, കൽക്കട്ടയിൽ, പറഞ്ഞിട്ടുള്ള ഒരു സ്ഥലത്തുവച്ച് വിനിർദ്ദിഷ്ടമായ ബിസിനസ്സിനെക്കുറിച്ച് 'ക' യുമായി കൂടിയാലോചിക്കുന്നതിനുവേണ്ടി അയാളെ കണ്ടുവെന്ന പ്രസ്താവന പ്രസക്ത വസ്തുതയാകുന്നു.

(ഘ) ഒരു കപ്പൽ ഒരു പ്രത്യേകദിവസം ബോംബെ തുറമുഖത്തുനിന്നും പുറപ്പെട്ടോ എന്നുള്ളതാണ് പ്രശ്നം.

അത് വാടകയ്ക്കെടുത്തിരുന്ന വ്യാപാരികളുടെ ഒരു ഫേമിലെ മരിച്ചുപോയ ഒരു അംഗം, ചരക്കുകൾ കയററി അയക്കപ്പെട്ടിരുന്ന ലണ്ടനിലെ അവരുടെ കറസ്പോണ്ടൻറിന് ഒരു പ്രത്യേക ദിവസം ആ കപ്പൽ ബോംബെ തുറമുഖത്തുനിന്നും പുറപ്പെട്ടുവെന്ന് പ്രസ്താവിച്ചുകൊണ്ട് എഴുതിയ ഒരു കത്ത് ഒരു പ്രസക്ത വസ്തുതയാകുന്നു.

(ങ) 'ക' യ്ക്കു ഒരു ഭൂമിയുടെ പാട്ടം കൊടുത്തിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം.

'ക' യുടെ മരിച്ചുപോയ ഏജൻറിൽനിന്ന്, അയാൾ 'ക' യ്ക്കുവേണ്ടി ആ പാട്ടം വാങ്ങുകയും അത് 'ക' യുടെ ആർഡർപ്രകാരം കൈവശം വയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ടുള്ള, 'ക' യ്ക്കുള്ള ഒരു കത്ത്, പ്രസക്ത വസ്തുതയാകുന്നു.

(ച) 'ക' യും 'ഖ' യും തമ്മിൽ നിയമപ്രകാരം വിവാഹം കഴിച്ചിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം.

ആഘോഷം ഒരു കുററമാകത്തക്ക പരിതഃസ്ഥിതികളിൽ താൻ അവരുടെ വിവാഹം നടത്തി എന്നുള്ള പരേതനായ ഒരു പാതിരിയുടെ പ്രസ്താവന പ്രസക്തമാണ്.

(ഛ) കണ്ടെത്താൻ കഴിയാത്ത ഒരാളായ 'ക' ഒരു കത്ത് ഒരു ദിവസം എഴുതിയോ എന്നുള്ളതാണ് പ്രശ്നം.

അയാൾ എഴുതിയ ഒരുകത്തിൽ ആ ദിവസത്തെ തീയതി വച്ചിരിക്കുന്നുവെന്ന വസ്തുതപ്രസക്തമാണ്.

(ജ) ഒരു കപ്പലിൻെറ തകർച്ചയ്ക്ക് ഉള്ള കാരണമെന്തായിരുന്നുവെന്നുള്ളതാണ് പ്രശ്നം.

ഹാജരാക്കപ്പെടാൻ കഴിയാത്ത കപ്പിത്താൻെറ പ്രതിഷേധം പ്രസക്ത വസ്തുതയാണ്.

(ത്ധ) ഒരു പ്രത്യേക റോഡ്, പബ്ലിക്ക് മാർഗ്ഗമാണോ എന്നുള്ളതാണ് പ്രശ്നം.

അത് പബ്ലിക്ക് റോഡായിരുന്നു എന്ന, മരിച്ചുപോയ ഗ്രാമത്തലവനായ 'ക' യുടെ പ്രസ്താവന പ്രസക്ത വസ്തുതയാണ്.

(ഞ) ഒരു പ്രത്യേക കമ്പോളത്തിൽ ഒരു ദിവസം ധാന്യത്തിന്റെ വില എന്തായിരുന്നു എന്നുള്ളതാണ് പ്രശ്നം.

മരിച്ചുപോയ ഒരു കച്ചവടക്കാരൻ തന്റെ സാധാരണ ബിസിനസ്സുമുറയിൽ വിലയെപ്പററി ചെയ്ത ഒരു പ്രസ്താവന ഒരു പ്രസക്ത വസ്തുതയാണ്.

(ട) മരിച്ചുപോയ 'ക' 'ഖ'യുടെ പിതാവായിരുന്നോ എന്നുള്ളതാണ് പ്രശ്നം.

'ഖ' തന്റെ പുത്രനാണെന്നുള്ള 'ക'യുടെ പ്രസ്താവന ഒരു പ്രസക്ത വസ്തുതയാണ്.

(ഠ) 'ക' യുടെ ജനനത്തീയതി എന്തായിരുന്നു എന്നുള്ളതാണ് പ്രശ്നം. ഒരു പ്രത്യേക ദിവസം 'ക' ജനിച്ചുവെന്ന് അറിയിച്ചുകൊണ്ട് 'ക' യുടെ മരിച്ചുപോയ പിതാവ് ഒരു സ്നേഹിതനയച്ച കത്ത് ഒരു പ്രസക്ത വസ്തുതയാണ്.

(ഡ) 'ക' യും 'ഖ' യും തമ്മിൽ വിവാഹം കഴിച്ചിട്ടുണ്ടോ എന്നും അത് എപ്പോഴാണെന്നും ഉള്ളതാണ് പ്രശ്നം.

'ഖ' യുടെ മരിച്ചുപോയ പിതാവായ 'ഗ' യാൾ ഒരു ഓർമ്മക്കുറിപ്പു പുസ്തകത്തിൽ, 'ക' യുമായുള്ള തന്റെ മകൾ 'ഖ' യുടെ വിവാഹത്തെപ്പററിയുള്ള ഉരക്കുറിപ്പ് പ്രസക്ത വസ്തുതയാണ്.

(ഢ) ഒരു പീടികയുടെ പ്രദർശന ജനാലയിൽ കാഴ്ചയ്ക്കു വച്ചിരിക്കുന്നതും ചായത്തിലെഴുതിയ ഒരു ഹാസ്യ ചിത്രത്തിൽ പ്രകടിപ്പിച്ചിരിക്കുന്നതുമായ ഒരു അപമാനലേഖത്തിന് 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു. ഹാസ്യ ചിത്രത്തിലെ സാദൃശ്യത്തേയും അപമാനലേഖമെന്ന നിലയിലുള്ള അതിന്റെ സ്വഭാവത്തേയുംകുറിച്ചുള്ളതാണ് പ്രശ്നം. ഈ സംഗതികളിൽ കാണികളുടെ കൂട്ടത്തിന്റെ റിമാർക്കുകൾ തെളിയിക്കാവുന്നതാണ്.

33. ചില തെളിവിന്റെ, അതിൽ പറഞ്ഞിട്ടുള്ള വസ്തുതകളുടെ സത്യാവസ്ഥ പിന്നീടുള്ള നടപടിയിൽ തെളിയിക്കുന്നതിനുള്ള പ്രസക്തി.—ഒരു ജുഡീഷ്യൽ നടപടിയിലോ അല്ലെങ്കിൽ തെളിവെടുക്കാൻ നിയമത്താൽ പ്രാധികാരം നല്കപ്പെട്ട ഏതെങ്കിലും ആളുടെ മുമ്പാകെയോ ഒരു സാക്ഷി നല്കുന്ന തെളിവ്, അത് പ്രസ്താവിക്കുന്ന വസ്തുതകളുടെ സത്യാവസ്ഥ തെളിയിക്കുന്നതിന്, സാക്ഷി മരിച്ചുപോകുകയോ സാക്ഷിയെ കണ്ടെത്താൻ കഴിയാതെ വരികയോ, തെളിവു നല്കാൻ സാക്ഷിക്ക് കഴിവില്ലാതായിത്തീരുകയോ, എതിർകക്ഷി സാക്ഷിയെ മാററിനിറുത്തുകയോ ചെയ്യുമ്പോഴോ അല്ലെങ്കിൽ കേസിന്റെ പരിതഃസ്ഥിതികളിൽ ന്യായമല്ലാത്തതാണെന്ന് കോടതി കരുതുന്നത്ര കാലതാമസമോ ചെലവോ കൂടാതെ സാക്ഷിയുടെ സാന്നിദ്ധ്യം ലഭ്യമാക്കുവാൻ സാദ്ധ്യമല്ലെങ്കിലോ, പിന്നീടുള്ള ഒരു ജുഡീഷ്യൽ നടപടിയിലോ അല്ലെങ്കിൽ അതേ ജുഡീഷ്യൽ നടപടിയുടെ ഒരു അനന്തരഘട്ടത്തിലോ പ്രസക്തമാകുന്നു;

എന്നാൽ—

നടപടി അതേ കക്ഷികളോ അല്ലെങ്കിൽ അവരുടെ താൽപ്പര്യങ്ങൾ പ്രതിനിധാനം ചെയ്യുന്നവരോ തമ്മിലായിരിക്കുകയും,

ആദ്യത്തെ നടപടിയിലെ എതിർകക്ഷിക്ക് എതിർവിസ്താരം ചെയ്യാനുള്ള അവകാശവും അവസരവും ഉണ്ടായിരുന്നിരിക്കുകയും,

വിവാദ്യ പ്രശ്നങ്ങൾ രണ്ടാമത്തെ നടപടിയിലെന്നപോലെ ആദ്യത്തെ നടപടിയിലും സാരാംശത്തിൽ ഒന്നുതന്നെ ആയിരിക്കുകയും,

വേണം.

വിശദീകരണം.—ഒരു ക്രിമിനൽ വിചാരണയോ അന്വേഷണവിചാരണയോ ഈ വകുപ്പിന്റെ അർത്ഥത്തിൽ പ്രോസിക്യൂട്ടറും പ്രതിയും തമ്മിലുള്ള ഒരു നടപടിയായി കരുതപ്പെടുന്നതാകുന്നു.

## പ്രത്യേക പരിതഃസ്ഥിതികളിൽ നടത്തുന്ന പ്രസ്താവനകൾ

34. കണക്കുബുക്കുകളിലെ ഉൾക്കുറിപ്പുകൾ എപ്പോൾ പ്രസക്തമെന്ന്.—ബിസിനസു മുറയിൽ ക്രമമായി വച്ചുപോരുന്ന കണക്കു പുസ്തകങ്ങളിലെ ഉൾക്കുറിപ്പുകൾ, കോടതി അന്വേഷണവിചാരണ ചെയ്യേണ്ടതായുള്ള ഒരു വിഷയത്തെക്കുറിച്ചുള്ളതാകുമ്പോഴൊക്കെ പ്രസക്തങ്ങളാകുന്നു, എന്നാൽ അങ്ങനെയുള്ള പ്രസ്താവനകൾമാത്രം ഏതെങ്കിലും ആളുടെമേൽ ബാദ്ധ്യത ചുമത്തുന്നതിന് മതിയായ തെളിവ് ആകുന്നതല്ല.

### ദൃഷ്ടാന്തം

1,000 രൂപയ്ക്കു 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുകയും, ഈ തുകയ്ക്ക് തന്റെ കണക്കുബുക്കുകളിലെ, 'ക' അയാളോട് കടപ്പെട്ടിട്ടുണ്ടെന്ന് കാണിക്കുന്ന, ഉൾക്കുറിപ്പുകൾ കാണിക്കുകയും ചെയ്യുന്നു. ഈ ഉൾക്കുറിപ്പുകൾ പ്രസക്തമാകുന്നു, എന്നാൽ മററു തെളിവുകളില്ലാതെ കടം തെളിയിക്കുന്നതിന് മതിയാകുന്നതല്ല.

35. കർത്തവ്യനിർവ്വഹണത്തിൽ പബ്ലിക്ക് റിക്കാർഡിൽ ചേർത്ത ഉൾക്കുറിപ്പിന്റെ പ്രസക്തി.—പബ്ലിക്കോ മററു ഔദ്യോഗികമോ ആയ ഏതെങ്കിലും പുസ്തകത്തിലോ രജിസ്ററിലോ റിക്കാർഡിലോ ഉള്ളതും, ഒരു വിവാദ്യവസ്തുതയോ പ്രസക്ത വസ്തുതയോ പ്രസ്താവിക്കുന്നതും, ഒരു പബ്ലിക്ക് സർവന്റ് തന്റെ ഔദ്യോഗിക കർത്തവ്യം നിറവേററുന്നതിലോ അല്ലെങ്കിൽ മറേറതെങ്കിലും ആൾ അങ്ങനെയുള്ള പുസ്തകമോ രജിസ്ററോ റിക്കാർഡോ വച്ചുപോരുന്ന രാജ്യത്തിന്റെ നിയമപ്രകാരം വിശേഷാൽ ആദേശിച്ചിട്ടുള്ള ഒരു കർത്തവ്യം നിർവഹിക്കുന്നതിലോ ചേർത്തിട്ടുള്ളതും ആയ ഒരു ഉൾക്കുറിപ്പ് സ്വയം ഒരു പ്രസക്ത വസ്തുതയാകുന്നു.

36 ഭൂപടങ്ങളിലും, ചാർട്ടുകളിലും പ്ലാനുകളിലുമുള്ള പ്രസ്താവനകളുടെ പ്രസക്തി.—സാമാന്യമായി പബ്ലിക്ക് വില്പനയ്ക്ക് വച്ചിട്ടുള്ള പ്രസിദ്ധപ്പെടുത്തിയ ഭൂപടങ്ങളിലോ ചാർട്ടുകളിലോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെയോ ഏതെങ്കിലും സ്റേററ് ഗവൺമെന്റിന്റേയോ പ്രാധികാരപ്രകാരം ഉണ്ടാക്കിയിട്ടുള്ള ഭൂപടങ്ങളിലോ പ്ലാനുകളിലോ, അങ്ങനെയുള്ള ഭൂപടങ്ങളിലോ ചാർട്ടുകളിലോ, പ്ലാനുകളിലോ സാധാരണമായി പ്രതിനിധാനം ചെയ്യുകയോ പ്രസ്താവിക്കുകയോ ചെയ്യുന്ന വിഷയങ്ങളെക്കുറിച്ച് ചെയ്തിട്ടുള്ളതും വിവാദ്യവസ്തുതകളേയോ പ്രസക്ത വസ്തുതകളേയോ കുറിച്ചുള്ളതുമായ പ്രസ്താവനകൾ സ്വയം പ്രസക്ത വസ്തുതകളാകുന്നു.

37. ചില ആക്ററുകളിലോ വിജ്ഞാപനങ്ങളിലോ അടങ്ങിയ പൊതുസ്വഭാവമുള്ള വസ്തുത സംബന്ധിച്ച പ്രസ്താവനയുടെ പ്രസക്തി.—പൊതുസ്വഭാവത്തിലുള്ള ഏതെങ്കിലും വസ്തുതയുടെ അസ്തിത്വത്തെ കുറിച്ച് കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുള്ളപ്പോൾ,

യുണൈററഡ് കിങ്ങ്ഡത്തിലെ പാർലമെൻറിൻെറ ഏതെങ്കിലും ആക്ററിലോ അല്ലെങ്കിൽ ഏതെങ്കിലും കേന്ദ്ര ആക്ററിലോ പ്രവിശ്യാ ആക്ററിലോ സ്റേററ് ആക്ററിലോ അല്ലെങ്കിൽ ഔദ്യോഗിക ഗസററിൽ വരുന്ന ഗവൺമെൻറ് വിജ്ഞാപനത്തിലോ ക്രൗൺ പ്രതിനിധിയുടെ വിജ്ഞാപനത്തിലോ അല്ലെങ്കിൽ ലണ്ടൻ ഗസററോ ബ്രിട്ടീഷ് ചക്രവർത്തിയുടെ ഏതെങ്കിലും ഡൊമനിയൻേറയോ കോളനിയുടേയോ അധീനപ്രദേശത്തിൻേറയോ ഗവൺമെൻറ് ഗസററോ ആയോ കരുതപ്പെടുന്ന ഏതെങ്കിലും മുദ്രിതപത്രത്തിലോ അടങ്ങിയിട്ടുളള ഒരു ആഖ്യാനത്തിൽ അതിനെക്കുറിച്ച് ചെയ്ത ഏതെങ്കിലും പ്രസ്താവന ഒരു പ്രസക്ത വസ്തുതയാകുന്നു.

38. ഏതെങ്കിലും നിയമത്തെക്കുറിച്ച് നിയമ പുസ്തകങ്ങളിൽ അടങ്ങിയിട്ടുളള പ്രസ്താവനയുടെ പ്രസക്തി.—ഏതെങ്കിലും രാജ്യത്തിൻെറ ഒരു നിയമത്തെക്കുറിച്ച് കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുളളപ്പോഠം, അങ്ങനെയുളള രാജ്യത്തെ ഗവൺമെൻറിൻെറ പ്രാധികാരപ്രകാരം അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തതായും അങ്ങനെയുളള ഏതെങ്കിലും നിയമം അടങ്ങിയിരിക്കുന്നതായും കരുതപ്പെടുന്ന ഒരു പുസ്തകത്തിൽ അടക്കിയിരിക്കുന്നതും, അങ്ങനെയുളള നിയമത്തെക്കുറിച്ചുളളതുമായ ഏതെങ്കിലും പ്രസ്താവനയും അങ്ങനെയുളള രാജ്യത്തെ കോടതികളുടെ റൂളിങ്ങുകളുടെ റിപ്പോർട്ടായിട്ട് കരുതപ്പെടുന്ന ഒരു പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന അങ്ങനെയുളള റൂളിങ്ങിൻെറ ഏതെങ്കിലും റിപ്പോർട്ടും പ്രസക്തമാകുന്നു.

## ഒരു പ്രസ്താവനയിൽ എത്രത്തോളം തെളിയിക്കേണ്ടതാണെന്ന്

39. പ്രസ്താവന ഒരു സംഭാഷണത്തിൻേറയോ രേഖയുടേയോ പുസ്തകത്തിൻേറയോ, കത്തുകളുടെ അല്ലെങ്കിൽ പത്രികകളുടെ പരമ്പരയുടേയോ ഭാഗമായിരിക്കുമ്പോഠം എന്തു തെളിവാണ് നല്കേണ്ടതെന്ന്.—ഏത് പ്രസ്താവനയെക്കുറിച്ചാണോ തെളിവു നല്കപ്പെടുന്നത് അങ്ങനെയുളള ഏതെങ്കിലും പ്രസ്താവന, കൂടുതൽ ദീർഘമായ ഒരു പ്രസ്താവനയുടേയോ ഒരു സംഭാഷണത്തിൻേറയോ ഭാഗമോ അല്ലെങ്കിൽ ഒററതിരിഞ്ഞ ഒരു രേഖയുടെ ഭാഗമോ ആയിരിക്കുകയോ അല്ലെങ്കിൽ ഒരു പുസ്തകത്തിൻേറയോ പരസ്പരബന്ധമുളള കത്തുകളുടെ, അല്ലെങ്കിൽ പത്രികകളുടെ ഒരു പരമ്പരയുടേയോ ഭാഗമായ ഒരു രേഖയിൽ അടങ്ങിയിരിക്കുകയോ ചെയ്യുമ്പോഠം ആ പ്രസ്താവനയുടേയോ സംഭാഷണത്തിൻേറയോ രേഖയുടേയോ പുസ്തകത്തിൻേറയോ അല്ലെങ്കിൽ കത്തുകളുടെ അല്ലെങ്കിൽ പത്രികകളുടെ പരമ്പരയുടേയോ, ആ ഒരു കേസിൽ ആ പ്രസ്താവനയുടെ സ്വഭാവവും പ്രഭാവവും, അതു ചെയ്ത പരിതഃസ്ഥിതികളും പൂർണ്ണമായി ഗ്രഹിക്കുന്നതിന് ആവശ്യമെന്ന് കോടതി കരുതുന്നിടത്തോളമുളള തെളിവ് നല്കപ്പെടേണ്ടതും അതിൽ കൂടുതൽ നല്കപ്പെടാൻ പാടില്ലാത്തതും ആകുന്നു.

## നീതിന്യായക്കോടതികളുടെ വിധിന്യായങ്ങഠം എപ്പോഠം പ്രസക്തമെന്ന്

40. രണ്ടാം വ്യവഹാരമോ രണ്ടാം വിചാരണയോ തടയുവാൻ മുൻവിധിന്യായങ്ങഠം പ്രസക്തംമെന്ന്.—ഒരു വ്യവഹാരം വിചാരണാധികാരത്തിലേക്കെടുക്കുകയോ അല്ലെങ്കിൽ ഒരു വിചാരണ നടത്തുകയോ ചെയ്യുന്നതിൽനിന്ന്

നിയമം ഏതെങ്കിലും കോടതിയെ തടയുന്ന ഏതെങ്കിലും വിധിന്യായത്തിന്റേയോ ഉത്തരവിന്റേയോ വിധിയുടേയോ അസ്തിത്വം, അങ്ങനെയുള്ള കോടതി അങ്ങനെയുള്ള വ്യവഹാരം വിചാരണാധികാരത്തിലേക്കെടുക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വിചാരണ നടത്തുകയോ ചെയ്യേണ്ടതാണോ എന്നത് പ്രശ്നമായിരിക്കുമ്പോൾ, ഒരു പ്രസക്തവസ്തുതയാകുന്നു.

41. പ്രൊബേററ് മുതലായ അധികാരിതയിലെ ചില വിധിന്യായങ്ങളുടെ പ്രസക്തി.—ഏതെങ്കിലും ആൾക്ക് ഏതെങ്കിലും നിയമസ്വഭാവം നല്കുകയോ ഏതെങ്കിലും ആളിൽനിന്ന് ഏതെങ്കിലും നിയമസ്വഭാവം എടുത്തുകളയുകയോ ചെയ്യുന്നതോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് അങ്ങനെയുള്ള ഏതെങ്കിലും സ്വഭാവത്തിന്നോ അല്ലെങ്കിൽ വിനിർദ്ദിഷ്ടമായ ഏതെങ്കിലും സാധനത്തിന്നോ അവകാശമുണ്ടെന്ന് വിനിർദ്ദിഷ്ടനായ ഒരാൾക്കെതിരായല്ല, സർവ്വബന്ധകമായിത്തന്നെ പ്രഖ്യാപിക്കുകയോ ചെയ്യുന്നതും, ക്ഷമതയുള്ള ഒരു കോടതി, പ്രൊബേററിനേയോ വിവാഹബന്ധത്തേയോ, അഡ്മിറാൽററിയേയോ നിർദ്ധനത്വത്തേയോ സംബന്ധിച്ച അധികാരിതയുടെ പ്രയോഗത്തിൽ പുറപ്പെടുവിക്കുന്നതുമായ അന്തിമമായ ഒരു വിധിന്യായമോ, ഉത്തരവോ, വിധിയോ, അങ്ങനെയുള്ള ഏതെങ്കിലും നിയമസ്വഭാവമോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും സാധനത്തിന് അങ്ങനെയുള്ള ഏതെങ്കിലും ആൾക്കുള്ള ഉടമാവകാശമോ, പ്രസക്തമായിരിക്കുമ്പോൾ, പ്രസക്തമാകുന്നു.

അങ്ങനെയുള്ള വിധിന്യായമോ, ഉത്തരവോ, വിധിയോ—അത് നല്കുന്ന ഏതെങ്കിലും നിയമസ്വഭാവം അങ്ങനെയുള്ള വിധിന്യായമോ, ഉത്തരവോ, വിധിയോ പ്രവർത്തനത്തിൽവന്ന സമയത്ത് സിദ്ധിച്ചു എന്നും;

അങ്ങനെയുള്ള ഏതെങ്കിലും ആൾക്ക് ഏത് നിയമസ്വഭാവത്തിനാണോ അവകാശമുണ്ടെന്ന് അത് പ്രഖ്യാപിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും നിയമസ്വഭാവം ആ ആൾക്ക് അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ വിധിയോ, അത് അയാൾക്ക് എപ്പോൾ സിദ്ധിച്ചു എന്നു പ്രഖ്യാപിക്കുന്നുവോ ആ സമയത്ത് സിദ്ധിച്ചു എന്നും;

അത് അങ്ങനെയുള്ള ഏതെങ്കിലും ആളിൽനിന്ന് എടുത്തുകളയുന്ന ഏതെങ്കിലും നിയമസ്വഭാവം, അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ, വിധിയോ, അത് ഏതുസമയം മുതൽ അവസാനിച്ചെന്നോ, അവസാനിക്കണമെന്നോ പ്രഖ്യാപിക്കുന്നുവോ, ആ സമയത്ത് അവസാനിച്ചു എന്നും;

ഏതെങ്കിലും ആൾക്ക് അപ്രകാരം അവകാശപ്പെട്ടതാണെന്ന് അത് പ്രഖ്യാപിക്കുന്ന ഏതെങ്കിലും സാധനം അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ വിധിയോ, അത് ഏതു സമയം മുതൽ അയാളുടെ വസ്തു ആയിരുന്നെന്നോ, ആയിരിക്കണമെന്നോ പ്രഖ്യാപിക്കുന്നുവോ, ആ സമയത്ത് അയാളുടെ വസ്തു ആയിരുന്നു എന്നും;

ഉള്ളതിന്റെ നിശ്ചായകമായ തെളിവാകുന്നു.

42. 41-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളവയൊഴികെയുള്ള വിധിന്യായങ്ങളുടേയോ, ഉത്തരവുകളുടേയോ, വിധികളുടേയോ പ്രസക്തിയും പ്രഭാവവും.—41-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളവയൊഴികെയുള്ള വിധിന്യായങ്ങളോ, ഉത്തരവുകളോ, വിധികളോ, അന്വേഷണവിചാരണയ്ക്ക് പ്രസക്തമായതും പൊതുസ്വഭാവത്തിലുള്ളതുമായ സംഗതികൾ സംബന്ധിക്കുന്നതാണെങ്കിൽ, പ്രസക്തമാകുന്നു; എന്നാൽ അങ്ങനെയുള്ള വിധിന്യായങ്ങളോ ഉത്തരവുകളോ വിധികളോ, അവ പ്രസ്താവിക്കുന്ന കാര്യങ്ങളുടെ നിശ്ചായകമായ തെളിവല്ല.

### ദൃഷ്ടാന്തം

'ക' തൻെറ ഭൂമിയിൽ കൈയേററം നടത്തിയതിന് 'ഖ' യുടെമേൽ വ്യവഹാരപ്പെടുന്നു. ആ ഭൂമിയിൽ പബ്ലിക്കിന് വഴി നടപ്പവകാശമുണ്ടെന്ന് 'ഖ' അവകാശപ്പെടുന്നു. 'ക' അതു നിഷേധിക്കുന്നു.

അതേ ഭൂമിയിൽ നടത്തിയ ഒരു കൈയേററത്തിന് 'ഗ' യ്ക്കെതിരായുള്ളതും, അതേ വഴി നടപ്പവകാശം ഉണ്ടെന്ന് 'ഗ' അവകാശപ്പെട്ടതും ആയ 'ക'യുടെ, 'ഗ' യ്ക്കെതിരായ ഒരു വ്യവഹാരത്തിൽ പ്രതിക്ക് അനുകൂലമായുള്ള ഒരു വിധിയുണ്ടെന്നുള്ളത് പ്രസക്തമാകുന്നു. എന്നാൽ അത് ആ വഴി നടപ്പവകാശം ഉണ്ടെന്നുള്ളതിൻെറ നിശ്ചായകമായ തെളിവല്ല.

43 <u>40 മുതൽ 42 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ളവയൊഴികെയുള്ള വിധിന്യായങ്ങളും മററും എപ്പോഴ് പ്രസക്തമെന്ന്.</u>—40, 41, 42 എന്നീ വകുപ്പുകളിൽ പറഞ്ഞിട്ടുള്ളവയൊഴികെയുള്ള വിധിന്യായങ്ങളോ, ഉത്തരവുകളോ, വിധികളോ, അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ വിധിയോ ഉണ്ടെന്നുള്ളത് ഒരു വിവാദ്യവസ്തുത ആയിരിക്കുകയോ അല്ലെങ്കിൽ ഈ ആക്ററിലെ മറേറതെങ്കിലും വ്യവസ്ഥപ്രകാരം പ്രസക്തമായിരിക്കുകയോ ചെയ്യാത്തപക്ഷം അപ്രസക്തമാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) 'ക'-യും 'ഖ'-യും തങ്ങളിൽ ഓരോരുത്തനേയും വിലയിടിച്ചു കാണിക്കുന്ന ഒരു അപമാന ലേഖത്തിന് 'ഗ'-യുടെ മേൽ വെവ്വേറെ വ്യവഹാരപ്പെടുന്നു. അപമാനലേഖമായി പറയപ്പെട്ട സംഗതി സത്യമാണെന്ന് ഓരോ കേസിലും 'ഗ' പറയുന്നു. അത് രണ്ടിലും സത്യമായിരിക്കുകയോ അല്ലെങ്കിൽ ഒന്നിലും സത്യമല്ലാതിരിക്കുകയോ ചെയ്യുവാൻ സംഭാവ്യതയുള്ളതാണ്. പരിതഃസ്ഥിതികൾ.

'ഗ' തൻെറ ന്യായീകരണം സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടു എന്ന കാരണത്തിൻമേൽ 'ഗ'-യ്ക്കെതിരായി 'ക' നഷ്ടപരിഹാരത്തിന് വിധി സമ്പാദിക്കുന്നു. 'ഖ'-യും, 'ഗ'-യും തമ്മിലുള്ള കേസിൽ ആ വസ്തുത അപ്രസക്തമാകുന്നു.

(ഖ) തൻെറ ഭാര്യയായ 'ഗ'-യുമായുള്ള വ്യഭിചാരത്തിന് 'ക' 'ഖ'-യെ പ്രോസിക്യൂട്ടു ചെയ്യുന്നു.

'ക'-യുടെ ഭാര്യയാണ് 'ഗ' എന്ന വാദം 'ഖ' നിഷേധിക്കുന്നു, എന്നാൽ വ്യഭിചാരത്തിന് 'ഖ'-യുടെ മേൽ കോടതി കുററസ്ഥാപനം ചെയ്യുന്നു.

പിന്നീട്, 'ക'-യുടെ ജീവിതകാലത്ത് 'ഖ'-യെ വിവാഹം ചെയ്തതിലുള്ള ദ്വിഭർതൃത്വത്തിന് 'ഗ'-യെ പ്രോസിക്യൂട്ട് ചെയ്യുന്നു. താൻ ഒരിക്കലും 'ക'-യുടെ ഭാര്യ ആയിരുന്നില്ലെന്ന് 'ഗ' പറയുന്നു. 'ഖ' യ്ക്കെതിരായുള്ള വിധിന്യായം 'ഗ' യ്ക്കെതിരായി അപ്രസക്തമാകുന്നു.

(ഗ) തൻെറ പക്കൽനിന്നും ഒരു പശുവിനെ മോഷ്ടിച്ചതിന് 'ക' 'ഖ'-യെ പ്രോസിക്യൂട്ട് ചെയ്യുന്നു. 'ഖ'-യുടെ മേൽ കുററസ്ഥാപനം ചെയ്യുന്നു.

പിന്നീട് 'ക' 'ഖ'-യുടെ മേലുള്ള കുററസ്ഥാപനത്തിന് മുമ്പ് 'ഖ' 'ഗ'-യ്ക്ക് വിററിരുന്ന ആ പശുവിനുവേണ്ടി 'ഗ'-യുടെ മേൽവ്യവഹാരപ്പെടുന്നു. 'ക'-യും 'ഗ'-യും തമ്മിലുള്ള കേസിൽ 'ഖ'-യ്ക്കെതിരായുള്ള വിധിന്യായം അപ്രസക്തമാണ്.

(ഘ) 'ക' വസ്തുവിന്റെ കൈവശത്തിന് 'ഖ'-യ്ക്കെതിരായി ഒരു വിധി സമ്പാദിച്ചിട്ടുണ്ട്. തൽഫലമായി, 'ഖ'-യുടെ മകനായ 'ഗ' 'ക'-യെ കൊലചെയ്യുന്നു.

കുററത്തിനുള്ള പ്രേരകം കാണിക്കുന്നു എന്ന നിലയിൽ, ആ വിധി ന്യായമുണ്ടെന്നുള്ളത് പ്രസക്തമാണ്.

(ങ) മോഷണത്തിനും, മുമ്പ് മോഷണത്തിന് കുററം സ്ഥാപിച്ചിട്ടുണ്ടെന്നുള്ളതിനും 'ക'-ചാർജ് ചെയ്യപ്പെട്ടിരിക്കുന്നു. ഒരു വിവാദ്യവസ്തുത എന്ന നിലയിൽ മുൻ കുററ സ്ഥാപനം പ്രസക്തമാണ്.

(ച) 'ഖ'-യുടെ കൊലപാതകത്തിന് 'ക' വിചാരണ ചെയ്യപ്പെടുന്നു. അപമാനഫലത്തിന് 'ഖ' 'ക'-യെ പ്രോസിക്യൂട്ടു ചെയ്തുവെന്നും 'ക'-യുടെ മേൽ കുററം സ്ഥാപിച്ച് 'ക'-യ്ക്ക് ശിക്ഷ വിധിച്ചുവെന്നും ഉള്ള വസ്തുത, വിവാദ്യവസ്തുതയ്ക്കുള്ള പ്രേരകം കാണിക്കുന്നു എന്ന നിലയിൽ 8-ാം വകുപ്പ് പ്രകാരം പ്രസക്തമാണ്.

44. വിധിന്യായം സമ്പാദിക്കുന്നതിലുള്ള വഞ്ചനയോ, കപടസന്ധിയോ അല്ലെങ്കിൽ കോടതിയുടെ ക്ഷമതയില്ലായ്മയോ തെളിയിക്കാമെന്ന്.— 40-ാം വകുപ്പോ 41-ാം വകുപ്പോ 42-ാം വകുപ്പോ പ്രകാരം പ്രസക്തമായതും, എതിർകക്ഷി തെളിയിച്ചിട്ടുള്ളതുമായ ഏതെങ്കിലും വിധിന്യായമോ, ഉത്തരവോ, വിധിയോ, അത് പുറപ്പെടുവിക്കാൻ ക്ഷമതയില്ലാത്ത ഒരു കോടതി പുറപ്പെടുവിച്ചതാണെന്നോ അല്ലെങ്കിൽ അത് വഞ്ചനയോ കപട സന്ധിയോ വഴി സമ്പാദിച്ചതാണെന്നോ, ഒരു വ്യവഹാരത്തിലേയോ മററു നടപടിയിലേയോ ഏതെങ്കിലും കക്ഷിക്ക് കാണിക്കാവുന്നതാകുന്നു.

## കക്ഷികളല്ലാത്ത ആളുകളുടെ അഭിപ്രായങ്ങൾ എപ്പോൾ പ്രസക്തമെന്ന്

45. വിദഗ്ദ്ധൻമാരുടെ അഭിപ്രായങ്ങൾ.—വിദേശ നിയമമോ ശാസ്ത്രമോ കലയോ സംബന്ധിച്ച ഒരു സംഗതിയിൻമേലോ, അല്ലെങ്കിൽ കൈപ്പടയുടേയോ, വിരലടയാളങ്ങളുടേയോ അനന്യതയെക്കുറിച്ചോ കോടതിക്കു ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായുള്ളപ്പോൾ, അങ്ങനെയുള്ള വിദേശ നിയമത്തിലോ ശാസ്ത്രത്തിലോ കലയിലോ അല്ലെങ്കിൽ കൈപ്പടയുടേയോ വിരലടയാളങ്ങളുടേയോ അനന്യതയെക്കുറിച്ചുള്ള പ്രശ്നങ്ങളിലോ വിശേഷാൽ നൈപുണ്യമുള്ള ആളുകളുടെ ആ സംഗതിയിൻമേലുള്ള അഭിപ്രായങ്ങൾ പ്രസക്ത വസ്തുതകളാകുന്നു. അങ്ങനെയുള്ള ആളുകളെ വിദഗ്ദ്ധൻമാർ എന്നു പറയുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) 'ക'-യുടെ മരണം വിഷത്താലാണോ സംഭവിക്കപ്പെട്ടത് എന്നുള്ളതാണ് പ്രശ്നം. ഏതു വിഷത്താലാണോ മരിച്ചതെന്നുവിചാരിക്കപ്പെടുന്നത്, ആ വിഷം ഉളവാക്കുന്ന ലക്ഷണങ്ങൾ സംബന്ധിച്ചുള്ള വിദഗ്ദ്ധൻമാരുടെ അഭിപ്രായങ്ങൾ പ്രസക്തമാണ്.

(ഖ) ഒരു കൃത്യം ചെയ്യുന്ന സമയത്ത് ചിത്തഭ്രമം കാരണമായി, ആ കൃത്യത്തിന്റെ സ്വഭാവമോ, താൻ തെററായതോ, നിയമത്തിന് വിപരീതമായതോ ആണ് ചെയ്യുന്നതെന്നുള്ളതോ അറിയുവാൻ 'ക'-യ്ക്ക് കഴിവില്ലായിരുന്നോ എന്നുള്ളതാണ് പ്രശ്നം.

'ക' പ്രദർശിപ്പിച്ച ലക്ഷണങ്ങൾ സാധാരണമായി ചിത്തഭ്രമത്തെ ക്കുറിക്കുമോ എന്നും, അങ്ങനെയുള്ള ചിത്തഭ്രമം സാധാരണമായി തങ്ങൾ ചെയ്യുന്ന കൃത്യത്തിന്റെ സ്വഭാവം അറിയുന്നതിനോ അല്ലെങ്കിൽ തങ്ങൾ ചെയ്യുന്നത് തെററായതോ നിയമത്തിന് വിപരീതമായതോ ആണെന്ന് അറിയുന്നതിനോ ആളുകളെ കഴിവില്ലാതാക്കിത്തീർക്കുമോ എന്നും ഉള്ള പ്രശ്നത്തിൻമേൽ വിദഗ്ദ്ധൻമാരുടെ അഭിപ്രായങ്ങൾ പ്രസക്തമാകുന്നു.

(ഗ) ഒരു രേഖ 'ക'എഴുതിയതാണോ എന്നുള്ളതാണ് പ്രശ്നം. 'ക' എഴുതിയിട്ടുള്ളതായി തെളിയിച്ചതോ സമ്മതിച്ചതോ ആയ മററൊരു രേഖ ഹാജരാക്കപ്പെടുന്നു.

രണ്ടു രേഖകളും ഒരേ ആൾ എഴുതിയതാണോ, അതോ വെവ്വേറെ ആളുകൾ എഴുതിയതാണോ എന്ന പ്രശ്നത്തിൻമേലുള്ള വിദഗ്ധൻമാരുടെ അഭിപ്രായങ്ങൾ പ്രസക്തമാണ്.

46. വിദഗ്ദ്ധൻമാരുടെ അഭിപ്രായങ്ങളോട് ബന്ധമുള്ള വസ്തുതകൾ.—മററു പ്രകാരത്തിൽ പ്രസക്തമല്ലാത്ത വസ്തുതകൾ, വിദഗ്ദ്ധൻമാരുടെ അഭിപ്രായങ്ങൾ പ്രസക്തമായിരിക്കുമ്പോൾ, അങ്ങനെയുള്ള അഭിപ്രായങ്ങളെ പിൻതാങ്ങുകയോ അല്ലെങ്കിൽ അവയുമായി അസംഗതമായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, പ്രസക്തമാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു പ്രത്യേക വിഷത്താൽ ക വിഷബാധിതനായോ എന്നുള്ളതാണ് പ്രശ്നം.

ആ വിഷത്താൽ വിഷബാധിതരായ മററാളുകൾ, ആ വിഷത്തിന്റെ ലക്ഷണങ്ങളാണെന്ന് വിദഗ്ദ്ധമാർ സമ്മതിക്കുന്നതോ നിഷേധിക്കുന്നതോ ആയ, ചില ലക്ഷണങ്ങൾ പ്രദർശിപ്പിച്ചുഎന്ന വസ്തുത പ്രസക്തമാകുന്നു.

(ഖ) ഒരു കടൽഭിത്തിയാലാണോ ഒരു തുറമുഖത്തിന് തടസ്സം ഉണ്ടായത് എന്നുള്ളതാണ് പ്രശ്നം അങ്ങനെയുള്ള കടൽഭിത്തിയില്ലാത്തതും എന്നാൽ മററു സംഗതികളിൽ അതേപോലെ സ്ഥിതിചെയ്തതുമായ മററു തുറമുഖങ്ങൾക്ക് ഏതാണ്ട് അതേസമയത്ത് തടസ്സം ഉണ്ടാകുവാൻ തുടങ്ങി എന്ന വസ്തുത പ്രസക്തമാണ്.

47. കൈപ്പടയെക്കുറിച്ചുള്ള അഭിപ്രായം എപ്പോൾ പ്രസക്തമെന്ന്.—ഏതെങ്കിലും രേഖ എഴുതിയതോ, ഒപ്പുവച്ചതോ ആരാണെന്നതിനെസംബന്ധിച്ച് കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായുള്ളപ്പോൾ, അത് എഴുതിയതായോ ഒപ്പുവച്ചതായോ വിചാരിക്കപ്പെടുന്ന ആൾ എഴുതിയതോ ഒപ്പുവച്ചതോ ആണെന്നോ അല്ലന്നോ ഉള്ള, ആ ആളുടെ കൈപ്പട പരിചയമുള്ള ഏതെങ്കിലും ആളുടെ അഭിപ്രായം പ്രസക്ത വസ്തുതയാകുന്നു.

വിശദീകരണം.—ഒരാൾ മററൊരാൾ എഴുതുന്നത് കണ്ടിരിക്കുകയോ അല്ലെങ്കിൽ താൻ തന്നെയോ തന്റെ പ്രാധികാരത്തിൻ കീഴിലോ എഴുതിയതും ആ ആളെ സംബോധന ചെയ്യുന്നതുമായ രേഖകൾക്ക് മറുപടിയായി ആ ആൾ എഴുതിയതെന്ന് കരുതപ്പെടുന്ന രേഖകൾ തനിക്ക് കിട്ടിയിരിക്കുകയോ, അല്ലെങ്കിൽ സാധാരണ ബിസിനസ്സുമുറയിൽ,ആ ആൾ എഴുതിയതെന്ന് കരുതപ്പെടുന്ന രേഖകൾപതിവായി അയാൾക്ക് കിട്ടിക്കൊണ്ടിരിക്കുകയോ ചെയ്യുമ്പോൾ അയാൾ മറേറയാളുടെ കൈപ്പടയുമായി പരിചയമുള്ളവനാണെന്ന് പറയപ്പെടുന്നു.

## ദൃഷ്ടാന്തം

ലണ്ടനിലെ ഒരു കച്ചവടക്കാരനായ 'ക' യുടെ കൈപ്പടയിലുള്ളതാണോ ഒരു കത്ത് എന്നുള്ളതാണ് പ്രശ്നം.

'ക' യെ സംബോധന ചെയ്തുകൊണ്ടുള്ള കത്തുകൾ എഴുതുകയും 'ക' എഴുതിയതായി കരുതപ്പെടുന്ന കത്തുകൾ കിട്ടുകയും ചെയ്തിട്ടുള്ള കൽക്കട്ടയിലെ ഒരു കച്ചവടക്കാരനാണ് 'ഖ'. 'ഖ'യുടെ കത്തിടപാടുകൾ പരിശോധിക്കുകയും ഫയൽ ചെയ്യുകയും ചെയ്യുന്നത് കർത്തവ്യമായിട്ടുള്ള ആളാണ് 'ഖ'യുടെ ക്ലാർക്ക് ആയ 'ഗ'. 'ക' എഴുതിയതാണെന്നു കരുതപ്പെടുന്ന കത്തുകൾ, അതുസംബന്ധിച്ച് അയാളുമായി ആലോചിക്കുന്നതിനായി 'ഖ' പതിവായി സമർപ്പിക്കാറുള്ള തന്റെ ദല്ലാളാണ് 'ഘ'.

കത്ത് 'ക' യുടെ കൈപ്പടയിലാണോ എന്ന പ്രശ്നത്തിൻമേലുള്ള 'ഖ' യുടെയും 'ഗ' യുടെയും 'ഘ' യുടെയും അഭിപ്രായങ്ങൾ 'ക'എഴുതുന്നത് 'ഖ'യോ 'ഗ' യോ 'ഘ' യോ ഒരിക്കലും കണ്ടിട്ടില്ലെങ്കിലും, പ്രസക്തമാകുന്നു.

48. <u>അവകാശത്തിന്റേയോ ആചാരത്തിന്റേയോ അസ്തിത്വത്തെക്കുറിച്ചുള്ള അഭിപ്രായം എപ്പോൾ പ്രസക്തമെന്ന്.</u>—ഏതെങ്കിലും പൊതുവായ ആചാരത്തിന്റേയോ അവകാശത്തിന്റേയോ അസ്തിത്വത്തെക്കുറിച്ച് കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായുള്ളപ്പോൾ, അങ്ങനെയുള്ള ആചാരമോ അവകാശമോ ഉണ്ടായിരുന്നുവെങ്കിൽ അതിന്റെ അസ്തിത്വത്തെക്കുറിച്ച് അറിയാൻ ഇടയുള്ള ആളുകളുടെ അതിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പ്രസക്തമാകുന്നു.

വിശദീകരണം.—"പൊതുവായ ആചാരം അല്ലെങ്കിൽ അവകാശം" എന്ന പദത്തിൽ ആളുകളുടെ ഏതെങ്കിലും ഗണ്യമായ വിഭാഗത്തിന്റെ പൊതുവായ ആചാരങ്ങളോ അവകാശങ്ങളോ ഉൾപ്പെടുന്നതാകുന്നു.

## ദൃഷ്ടാന്തം

ഒരു കിണററിലെ വെള്ളം ഉപയോഗിക്കാൻ ഒരു ഗ്രാമത്തിലെ ഗ്രാമവാസികളുടെ അവകാശം ഈ വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ ഒരു പൊതുവായ അവകാശമാണ്.

49. <u>വഴക്കങ്ങൾ സിദ്ധാന്തങ്ങൾ മുതലായവയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ എപ്പോൾ പ്രസക്തമെന്ന്.</u>—ഏതെങ്കിലും ജനനികായത്തിന്റേയോ കുടുംബത്തിന്റേയോ വഴക്കങ്ങളേയും സിദ്ധാന്തങ്ങളേയും കുറിച്ചോ,

ഏതെങ്കിലും മതസ്ഥാപനത്തിന്റേയോ ധർമ്മസ്ഥാപനത്തിന്റേയോ ഘടനയേയും ഭരണത്തേയും കുറിച്ചോ,

അല്ലെങ്കിൽ പ്രത്യേക ജില്ലകളിലോ അല്ലെങ്കിൽ പ്രത്യേക ജനവിഭാഗങ്ങളോ ഉപയോഗിക്കുന്ന വാക്കുകളുടേയോ, പ്രയോഗങ്ങളുടേയോ അർത്ഥത്തെക്കുറിച്ചോ,

കോടതിക്ക് അഭിപ്രായം രൂപവൽക്കരിക്കുവാനുള്ളപ്പോൾ—

അതിനെപ്പററി അറിയുവാൻ വിശേഷാൽ മാർഗ്ഗമുള്ള ആളുകളുടെ അഭിപ്രായങ്ങൾ പ്രസക്ത വസ്തുതകളാകുന്നു.

50. ബന്ധുത്വം സംബന്ധിച്ച അഭിപ്രായം എപ്പോൾ പ്രസക്തമെന്ന്.—ഒരാൾക്ക് മറ്റൊരാളോടുള്ള ബന്ധുത്വത്തെക്കുറിച്ച് കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുള്ളപ്പോൾ, കുടുംബത്തിലെ ഒരംഗമെന്ന നിലയിലോ മറ്റോ ആ വിഷയത്തെപ്പറ്റി അറിയുവാൻ വിശേഷാൽ മാർഗ്ഗമുള്ള ഏതെങ്കിലും ആൾ, അങ്ങനെയുള്ള ബന്ധുത്വം ഉണ്ടെന്നുള്ളതിനെക്കുറിച്ച് പെരുമാറ്റം വഴി പ്രകടമാക്കുന്ന അഭിപ്രായം പ്രസക്ത വസ്തുതയാകുന്നു :

എന്നാൽ അങ്ങനെയുള്ള അഭിപ്രായം 1869-ലെ ഇൻഡ്യൻ വിവാഹമോചന ആക്റ്റി (1869-ലെ 4)-ൻ കീഴിലുള്ള നടപടികളിലോ 1860 ലെ ഇൻഡ്യൻ ശിക്ഷാനിനിയമസംഹിത (1860-ലെ 45)യിലെ 494-ാം, 495-ാം, 497-ാം 498-ാം വകുപ്പു പ്രകാരമുള്ള പ്രാസിക്യൂഷനുകളിലോ ഒരു വിവാഹം തെളിയിക്കുവാൻ മതിയാകുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ :

(ക) 'ക' യും 'ഖ'യും തമ്മിൽ വിവാഹം കഴിച്ചിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം.

അവരുടെ സുഹൃത്തുക്കൾ സാധാരണമായി ഭർത്താവും ഭാര്യയും എന്നനിലയിൽ അവരെ സ്വീകരിക്കുകയും അവരോട് പെരുമാറുകയും ചെയ്തിരുന്നു എന്ന വസ്തുത പ്രസക്തമാണ്.

(ഖ) 'ക' 'ഖ' യുടെ നിയമാനുസൃത പുത്രനായിരുന്നോ എന്നുള്ളതാണ് പ്രശ്നം. ആ കുടുംബത്തിലെ അംഗങ്ങൾ 'ക' യോട് എപ്പോഴും അങ്ങനെയാണ് പെരുമാറിയിരുന്നതെന്ന വസ്തുത പ്രസക്തമാണ്.

51. അഭിപ്രായത്തിനുള്ള കാരണങ്ങൾ എപ്പോൾ പ്രസക്തമെന്ന്.—ജീവിച്ചിരിക്കുന്ന ഏതെങ്കിലും ആളുടെ അഭിപ്രായം പ്രസക്തമായിരിക്കുമ്പോഴെല്ലാം, അങ്ങനെയുള്ള അഭിപ്രായത്തിന് അടിസ്ഥാനമായ കാരണങ്ങളും പ്രസക്തമാകുന്നു.

### ദൃഷ്ടാന്തം :

ഒരു വിദഗ്ദ്ധന് തന്റെ അഭിപ്രായം രൂപവൽക്കരിക്കുന്നതിനുവേണ്ടി താൻ നടത്തിയിട്ടുള്ള പരീക്ഷണങ്ങളുടെ ഒരു വിവരണം നല്കാവുന്നതാണ്.

### സ്വഭാവം എപ്പോൾ പ്രസക്തമെന്ന്

52. സിവിൽ കേസുകളിൽ, ആരോപിക്കപ്പെട്ട പെരുമാറ്റം തെളിയിക്കുന്നതിന് സ്വഭാവം അപ്രസക്തമെന്ന്.—സിവിൽ കേസുകളിൽ, ബന്ധപ്പെട്ട ഏതെങ്കിലും ആളുടെ സ്വഭാവം അയാളിൽ ആരോപിച്ചിരിക്കുന്ന ഏതെങ്കിലും പെരുമാറ്റം സംഭാവ്യമോ അസംഭാവ്യമോ ആക്കത്തക്കതാണെന്നുള്ള വസ്തുത, അങ്ങനെയുള്ള സ്വഭാവം മറ്റുവിധത്തിൽ പ്രസക്തമായ വസ്തുതകളിൽ നിന്ന് കാണുന്നിടത്തോളമൊഴികെ, അപ്രസക്തമാകുന്നു.

53. മുൻപ് നല്ല സ്വഭാവക്കാരനായിരുന്നുവെന്നുള്ളത് ക്രിമിനൽ കേസുകളിൽ പ്രസക്തമാണെന്ന്.—ക്രിമിനൽ നടപടികളിൽ കുറ്റം ആരോപിക്കപ്പെട്ട ആൾ നല്ല സ്വഭാവക്കാരൻ ആണെന്നുള്ള വസ്തുത പ്രസക്തമാകുന്നു.

54. മുൻപ് ചീത്ത സ്വഭാവക്കാരനായിരുന്നുവെന്നുള്ളത് എതിർ തെളിവായി അല്ലാതെ പ്രസക്തമല്ലെന്ന്.—ക്രിമിനൽ നടപടികളിൽ, കുററം ആരോപിക്കപ്പെട്ട ആാം ചീത്ത സ്വഭാവക്കാരനാണെന്നുള്ള വസ്തുത അയാാം നല്ല സ്വഭാവക്കാരനാണെന്നുള്ള തെളിവ് നല്കിയിട്ടില്ലാത്തപക്ഷം അപ്രസക്തവും നല്കിയിട്ടുള്ള പക്ഷം പ്രസക്തവും ആകുന്നു.

വിശദീകരണം. 1—ഏതെങ്കിലും ആാം ഒരു ചീത്ത സ്വഭാവക്കാരനാണെന്നുള്ളത് തന്നെ വിവാദ്യ വസ്തുതയായിട്ടുള്ള കേസുകാംക്ക് ഈ വകുപ്പ് ബാധകമല്ല.

വിശദീകരണം. 2—ചീത്ത സ്വഭാവക്കാരനാണെന്നുള്ളതിൻെറ തെളിവായിഒരു മുൻകുററസ്ഥാപനം പ്രസക്തമാകുന്നു.

55. സ്വഭാവം നഷ്ടപരിഹാരത്തുകയെ ബാധിക്കുന്നത്.—സിവിൽ കേസുകളിൽ, ഏതെങ്കിലും ആളുടെ സ്വഭാവം അയാാംക്ക് കിട്ടേണ്ടതായ നഷ്ടപരിഹാരത്തുകയെ ബാധിക്കത്തക്കതാണെന്ന വസ്തുത പ്രസക്തമാകുന്നു.

വിശദീകരണം.—52, 53, 54, 55 എന്നീ വകുപ്പുകളിൽ "സ്വഭാവം" എന്ന വാക്കിൽ ഖ്യാതിയും ശീലവും ഉാംപ്പെടുന്നു. എന്നാൽ 54-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒഴികെ, സാമാന്യഖ്യാതിയും സാമാന്യശീലവും സംബന്ധിച്ചു മാത്രം തെളിവ് നല്കാവുന്നതും, ഖ്യാതിയേയോ ശീലത്തേയോ കാണിക്കുന്ന പ്രത്യേക കൃത്യങ്ങാം സംബന്ധിച്ച് തെളിവ് നല്കുവാൻ പാടില്ലാത്തതും ആകുന്നു.

ഭാഗം II

## തെളിയിക്കലിനെക്കുറിച്ച്

അദ്ധ്യായം III

## തെളിയിക്കപ്പെടേണ്ടതില്ലാത്ത വസ്തുതകൾ

56. ജുഡീഷ്യൽ നോട്ടീസ് എടുക്കാവുന്ന വസ്തുതകൾ തെളയിക്കേണ്ടതില്ലെന്ന്.—കോടതി ജുഡീഷ്യൽ നോട്ടീസ് എടുക്കുന്ന യാതൊരു വസ്തുതയും തെളിയിക്കേണ്ടതില്ല.

57. കോടതി ജുഡീഷ്യൽ നോട്ടീസ് എടുക്കേണ്ട വസ്തുതകൾ.—താഴെ പറയുന്ന വസ്തുതകൾ സംബന്ധിച്ച് കോടതി ജുഡീഷ്യൽ നോട്ടീസ് എടുക്കേണ്ടതാകുന്നു:—

(1) ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിൽ പ്രാബല്യത്തിലിരിക്കുന്ന എല്ലാ നിയമങ്ങളും:

(2) യുണൈററഡ് കിങ്ഡത്തിലെ പാർലമെൻറ് പാസ്സാക്കിയതോ ഇതിനുശേഷം പാസ്സാക്കുന്നതോ ആയ എല്ലാ പബ്ലിക്ക് ആക്ററുകളും ജുഡീഷ്യൽ നോട്ടീസ് എടുക്കേണ്ടതാണെന്ന് യുണൈററഡ് കിങ്ഡത്തിലെ പാർലമെൻറ് നിർദേശിക്കുന്ന തദ്ദേശ്യവും വൈയക്തികവുമായ എല്ലാ ആക്ററുകളും:

(3) ഇൻഡ്യൻ കരസേനയ്ക്കോ, നാവികസേനയ്ക്കോ, വ്യോമസേനയ്ക്കോ വേണ്ടിയുള്ള യുദ്ധനിയമാവലി:

(4) യുണൈററഡ് കിങ്ഡത്തിലെ പാർലമെൻറിന്റേയും ഇൻഡ്യയുടെ കാൺസ്ററിററുവൻറ് അസംബ്ലിയുടേയും ഒരു പ്രവിശ്യയിലേയോ സ്റേററിലേയോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമങ്ങളിൽ ഏതിന്റേയെങ്കിലും കീഴിൽ സ്ഥാപിതമായിട്ടുള്ള നിയമനിർമ്മാണമണ്ഡലങ്ങളുടേയും നടപടികൾ:

(5) യുണൈററഡ് കിങ്ഡം ആഫ് ഗ്രേററ്ബ്രിട്ടൻ ആൻഡ് അയർലൻഡിന്റെ തൽസമയത്തെ പരമാധികാരിയുടെ സ്ഥാനാരോഹണവും, രാജഹസ്താക്ഷരവും:

(6) ഇംഗ്ലീഷ് കോടതികൾ ജുഡീഷ്യൽ നോട്ടീസ് എടുക്കുന്ന എല്ലാ മുദ്രകളും: ഇൻഡ്യയിലെ എല്ലാ കോടതികളുടേയും, കേന്ദ്ര ഗവൺമെൻറിന്റേയോ ക്രൗൺ പ്രതിനിധിയുടേയോ പ്രാധികാരത്തിൻകീഴിൽ സ്ഥാപിതമായിട്ടുള്ളതും ഇൻഡ്യയ്ക്കു പുറമേയുള്ളതുമായ എല്ലാ കോടതികളുടേയും മുദ്രകൾ: അഡ്മിറാൽററി—മാരിറൈറം അധികാരിതയുള്ള കോടതികളുടേയും നോട്ടറി പബ്ലിക്കുകളുടേയും മുദ്രകളും, ഭരണഘടനയോ യുണൈററഡ് കിങ്ഡത്തിലെ പാർലമെൻറിന്റെ ഒരു ആക്ററോ, അല്ലെങ്കിൽ ഇൻഡ്യയിൽ നിയമപ്രാബല്യമുള്ള ഒരു ആക്ററോ, റഗുലേഷനോ പ്രകാരം ഏതെങ്കിലും ആൾക്ക് ഉപയോഗിക്കുവാൻ പ്രാധികാരം നല്കിയിട്ടുള്ള എല്ലാ മുദ്രകളും:

(7) ഏതെങ്കിലും സ്റേററിലെ ഏതെങ്കിലും പബ്ലിക്ക് ആഫീസിൽ തൽസമയം ഉദ്യോഗത്തിലിരിക്കുന്ന ആളുകളുടെ ഉദ്യോഗസ്ഥാനമേല്ക്കലും പേരുകളും ഉദ്യോഗപ്പേരുകളും ചുമതലകളും ഒപ്പുകളും, അങ്ങനെയുള്ള ഉദ്യോഗത്തിൽ അവരെ നിയമിച്ച വസ്തുത ഏതെങ്കിലും ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ:

(8) ഇൻഡ്യാഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള ഏതൊരു സ്റേററിൻേറയും അല്ലെങ്കിൽ പരമാധികാരിയുടേയും അസ്തിത്വവും നാമവും ദേശീയപതാകയും :

(9) സമയവിഭാഗങ്ങളും, ഭൂലോകത്തിൻെറ ഭൂമിശാസ്ത്രപരമായ വിഭാഗങ്ങളും, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പബ്ലിക്ക് ഉൽസവങ്ങളും ഉപവാസങ്ങളും ഒഴിവുദിവസങ്ങളും :

(10) ഇൻഡ്യാഗവൺമെൻറിൻെറ അധീനതയിലുള്ള രാജ്യക്ഷേത്രങ്ങൾ :

(11) ഇൻഡ്യാഗവൺമെൻറും മറേറതെങ്കിലും സ്റേറേറാ ആളുകളുടെ നികായമോ തമ്മിലെടുക്കുന്ന യുദ്ധനടപടികളുടെ ആരംഭവും തുടർച്ചയും പര്യവസാനവും :

(12) കോടതിയിലെ അംഗങ്ങളുടേയും ഉദ്യോഗസ്ഥൻമാരുടേയും, അവരുടെ ഡെപ്യൂട്ടികളുടേയും കീഴുദ്യോഗസ്ഥൻമാരുടേയും അസിസ്ററൻറ്മാരുടേയും കൂടാതെ അതിൻെറ പ്രോസസ്സ് നടത്തുന്നതിൽ പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥൻമാരുടേയും എല്ലാ അഡ്വക്കേററുമാരുടേയും, അററാർണികളുടേയും, പ്രാക്ടർമാരുടേയും വക്കീൽമാരുടേയും പ്ലീഡർമാരുടേയും, അതിൻെറ മുമ്പാകെ ഹാജരാകുവാനോ പ്രവർത്തിക്കുവാനോ നിയമം പ്രാധികാരം നല്കിയിട്ടുള്ള മററ് ആളുകളുടേയും പേരുകൾ :

(13) കരയിലോ കടലിലോ ഉള്ള ഗതാഗതച്ചട്ടം.

ഈ സംഗതികളിലെല്ലാററിലും, കൂടാതെ പൊതുചരിത്രമോ സാഹിത്യമോ ശാസ്ത്രമോ കലയോസംബന്ധിച്ച എല്ലാ വിഷയങ്ങളിലും കോടതിക്ക് റഫറൻസിനുള്ള തക്ക പുസ്തകങ്ങളുടേയോ രേഖകളുടേയോ സഹായം തേടാവുന്നതാണ്.

ഏതെങ്കിലും വസ്തുത സംബന്ധിച്ച് ജുഡീഷ്യൽ നോട്ടീസ് എടുക്കണമെന്ന് കോടതിയോട് ഏതെങ്കിലും ആൾ ബോധിപ്പിക്കുന്ന പക്ഷം, അങ്ങനെ ചെയ്യുന്നതിന് കോടതിയ്ക്ക് കഴിവുണ്ടാക്കുന്നതിന് ആവശ്യമെന്ന് അത് കരുതുന്ന ഏതെങ്കിലും പുസ്തകമോ രേഖയോ അങ്ങനെയുള്ള ആൾ ഹാജരാക്കാത്തപക്ഷവും ഹാജരാക്കുന്നതുവരെയും, അങ്ങനെചെയ്യുന്നതിന് കോടതിയ്ക്ക് വിസമ്മതിക്കാവുന്നതാണ്.

58. അഡ്മിററ് ചെയ്ത വസ്തുതകൾ തെളിയിക്കേണ്ടതില്ലെന്ന്.— ഏതെങ്കിലും നടപടികളിൽ, അതിലെ കക്ഷികളോ അവരുടെ ഏജൻറുമാരോ അഡ്മിററ് ചെയ്യാമെന്ന് ഹിയറിങ്ങ് സമയത്ത് സമ്മതിക്കുന്നതോ അല്ലെങ്കിൽ അവരുടെ കൈപ്പടയിലുള്ള ഏതെങ്കിലും ലിഖിതം വഴി അഡ്മിററു ചെയ്യാമെന്ന് ഹിയറിങ്ങിനുമുമ്പ് സമ്മതിക്കുന്നതോ, അല്ലെങ്കിൽ പ്ലീഡിങ്ങ് സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ചട്ടപ്രകാരം അവരുടെ പ്ലീഡിങ്ങ് വഴി അവർ അഡ്മിററ് ചെയ്തതായി കരുതപ്പെടുന്നതോ ആയ യാതൊരു വസ്തുതയും തെളിയിക്കേണ്ടതില്ല.

എന്നാൽ കോടതിക്ക്, അഡ്മിററ് ചെയ്യപ്പെട്ട വസ്തുതകൾ അങ്ങനെയുള്ള അഡ്മിഷനുകൾ വഴിയല്ലാതെ തെളിയിക്കണമെന്ന് സ്വവിവേകം ഉപയോഗിച്ച് ആവശ്യപ്പെടാവുന്നതാണ്.

## അദ്ധ്യായം IV

## വാക്കാൽ തെളിവിനെക്കുറിച്ച്

59. വാക്കാൽ തെളിവു വഴി വസ്തുതകൾ തെളിയിക്കൽ :— രേഖകളുടെ ഉള്ളടക്കം ഒഴികെയുള്ള എല്ലാ വസ്തുതകളും വാക്കാൽ തെളിവുവഴി തെളിയിക്കാവുന്നതാണ്.

60. വാക്കാൽത്തെളിവ് നേരിട്ടുള്ളതായിരിക്കണമെന്ന് :— വാക്കാൽ തെളിവ്, എല്ലാ സംഗതികളിലും അത് എന്തുതന്നെയായാലും, നേരിട്ടുള്ളതായിരിക്കണം, അതായത്—

അതു കാണാൻ കഴിയുന്ന ഒരു വസ്തുതയെക്കുറിച്ചുള്ളതാണെങ്കിൽ അതു താൻ കണ്ടു എന്നു പറയുന്ന ഒരു സാക്ഷിയുടെ തെളിവായിരിക്കണം;

അതു കേൾക്കാൻ കഴിയുന്ന ഒരു വസ്തുതയെക്കുറിച്ചുള്ളതാണെങ്കിൽ, അതു താൻ കേട്ടു എന്നു പറയുന്ന ഒരു സാക്ഷിയുടെ തെളിവായിരിക്കണം ;

മറെറതെങ്കിലും ഇന്ദ്രിയത്താലോ, മറെറതെങ്കിലും രീതിയിലോ ഗ്രഹിക്കാൻ കഴിയുന്ന ഒരു വസ്തുതയെക്കുറിച്ചുള്ളതാണെങ്കിൽ, അതു താൻ ആ ഇന്ദ്രിയത്താലോ അല്ലെങ്കിൽ ആ രീതിയിലോ ഗ്രഹിച്ചു എന്നു പറയുന്ന ഒരു സാക്ഷിയുടെ തെളിവായിരിക്കണം ;

ഒരു അഭിപ്രായത്തേയോ, ആ അഭിപ്രായം വച്ചുകൊണ്ടിരിക്കുന്നതിനുള്ള കാരണങ്ങളേയോ കുറിച്ചുള്ളതാണെങ്കിൽ ആ അഭിപ്രായം ആ കാരണങ്ങളിൻമേൽ വച്ചുകൊണ്ടിരിക്കുന്ന ആളുടെ തെളിവായിരിക്കണം ;

എന്നാൽ, സാമാന്യമായി വില്പനയ്ക്ക് വച്ചിട്ടുള്ള ഏതെങ്കിലും ഗ്രന്ഥത്തിൽ പ്രകടിപ്പിച്ചിട്ടുള്ള വിദഗ്ദ്ധൻമാരുടെ അഭിപ്രായങ്ങളും, അങ്ങനെയുള്ള അഭിപ്രായങ്ങൾ ഏതുകാരണത്തിൻമേലാണോ വച്ചുകൊണ്ടിരിക്കുന്നത്, ആ കാരണങ്ങളും, ഗ്രന്ഥകർത്താവ് മരിച്ചുപോവുകയോ അയാളെ കണ്ടെത്തുവാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ അയാൾക്ക് തെളിവ് കൊടുക്കുന്നതിന് കഴിവില്ലാതായിത്തീരുകയോ അല്ലെങ്കിൽ അന്യായമല്ലെന്ന് കോടതി കരുതുന്നത്ര കാലതാമസമോ ചെലവോ കൂടാതെ ഒരു സാക്ഷിയായി അയാളെ വിളിക്കുവാൻ കഴിയാതിരിക്കുകയോ ചെയ്യുകയോ ആണെങ്കിൽ അങ്ങനെയുള്ള ഗ്രന്ഥങ്ങൾ ഹാജരാക്കുന്നതുവഴി തെളിയിക്കാവുന്നതാണ് :

എന്നുമാത്രമല്ല വാക്കാൽത്തെളിവ് ഒരു രേഖ അല്ലാതെയുള്ള ഏതെങ്കിലും ഭൌതികമായ സാധനത്തിൻെറ അസ്തിത്വത്തേയോ അവസ്ഥയേയോ കുറിച്ചുള്ളതാണെങ്കിൽ, കോടതിക്കു യുക്തമെന്നു തോന്നുന്നപക്ഷം, അതിൻെറ പരിശോധനയ്ക്കായി അങ്ങനെയുള്ള ഭൌതികമായ സാധനം ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

## അദ്ധ്യായം V

## രേഖാമൂലമുള്ള തെളിവിനെക്കുറിച്ച്

61. രേഖകളുടെ ഉള്ളടക്കം തെളിയിക്കൽ:— രേഖകളുടെ ഉള്ളടക്കം ഒന്നുകിൽ പ്രാഥമികമോ അല്ലെങ്കിൽ ദ്വിതീയകമോ ആയ തെളിവുവഴി തെളിയിക്കാവുന്നതാണ്.

62. പ്രാഥമികത്തെളിവ്.—പ്രാഥമികത്തെളിവ് എന്നാൽ കോടതിയുടെ പരിശോധനക്കായി രേഖ തന്നെ ഹാജരാക്കൽ എന്ന് അർത്ഥമാകുന്നു.

വിശദീകരണം 1.—രേഖ പല ഭാഗങ്ങളായി ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളപ്പോൾ, ഓരോ ഭാഗവും രേഖയുടെ പ്രാഥമികത്തെളിവാകുന്നു;

ഓരോ മറുരേഖയും കക്ഷികളിൽ ഒരാളോ അല്ലെങ്കിൽ ചിലരോ മാത്രമോ ഒപ്പിട്ട് പൂർത്തീകരിച്ചിട്ടുള്ള നിലയിൽ ഒരു രേഖയും മറുരേഖയും ആയി ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളപ്പോൾ ഓരോ മറുരേഖയും, അത് ഒപ്പിട്ടു പൂർത്തീകരിക്കുന്ന കക്ഷികൾക്കെതിരായി, പ്രാഥമികത്തെളിവാകുന്നു.

വിശദീകരണം 2.—അച്ചടി, ലിത്തോഗ്രാഫി, ഫോട്ടോഗ്രാഫി എന്നീ സംഗതികളിൽ ഏതിലെങ്കിലുമെന്നപോലെ അനേകം രേഖകൾ എല്ലാം ഏകരൂപമായ പ്രക്രിയയാൽ ഉണ്ടാക്കിയതാകുമ്പോൾ, ഓരോന്നും ബാക്കിയുള്ളവയുടെ ഉള്ളടക്കത്തിന്റെ പ്രാഥമികത്തെളിവാകുന്നു ; എന്നാൽ അവയെല്ലാം ഒരു പൊതുവായ അസ്സലിന്റെ പകർപ്പുകളാകുമ്പോൾ അവ അസ്സലിന്റെ ഉള്ളടക്കത്തിന്റെ പ്രാഥമികത്തെളിവല്ല.

## ദൃഷ്ടാന്തം

ഒരാൾ, ഒരു അസ്സലിൽനിന്ന് ഒരേസമയത്ത് അച്ചടിച്ചിട്ടുള്ള അനേകം പ്ലാക്കാർഡുകൾ കൈവശം വെച്ചിരുന്നുവെന്ന് കാണിക്കപ്പെട്ടിരിക്കുന്നു. പ്ലാക്കാർഡുകളിൽ ഏതും, മറ്റേതിന്റേയും ഉള്ളടക്കത്തിന്റെ പ്രാഥമികത്തെളിവാകുന്നു ; എന്നാൽ അവയിൽ ഒന്നും അസ്സലിന്റെ ഉള്ളടക്കത്തിന്റെ പ്രാഥമികത്തെളിവല്ല.

63. ദ്വിതീയകത്തെളിവ്.—ദ്വിതീയകത്തെളിവ് എന്നാൽ—

(1) ഇതിൽ ഇതിനുശേഷം അടങ്ങിയിട്ടുള്ള വ്യവസ്ഥകൾപ്രകാരം നൽകിയിട്ടുള്ള സർട്ടിഫൈ ചെയ്ത പകർപ്പുകൾ ;

(2) അസ്സലിൽനിന്ന് പകർപ്പ് ശരിയാണെന്ന് ഉറപ്പു വരുത്തുന്ന യാന്ത്രികപ്രക്രിയകൾ വഴി ഉണ്ടാക്കിയിട്ടുള്ള പകർപ്പുകളും, അങ്ങനെയുള്ള പകർപ്പുകളുമായി ഒത്തുനോക്കിയിട്ടുള്ള പകർപ്പുകളും ;

(3) അസ്സലിൽനിന്ന് ഉണ്ടാക്കിയതോ, അതുമായി ഒത്തുനോക്കിയതോ ആയ പകർപ്പുകൾ ;

(4) രേഖയുടെ മറുരേഖകൾ ഒപ്പിട്ടു പൂർത്തീകരിച്ചിട്ടില്ലാത്ത കക്ഷികൾക്കെതിരെ അങ്ങനെയുള്ള മറുരേഖകൾ ;

(5) താൻ തന്നെ കണ്ടിട്ടുള്ള ഒരു രേഖയുടെ ഉള്ളടക്കത്തെപ്പറ്റി ഏതെങ്കിലും ആൾ നല്കിയിട്ടുള്ള വാക്കാൽ വിവരണം,

എന്ന് അർത്ഥമാകുന്നതും അവ ദ്വിതീയകത്തെളിവിൽ ഉൾപ്പെടുന്നതും ആകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) അസ്സലിന്റെ ഒരു ഫോട്ടോ, അവ രണ്ടും ഒത്തുനോക്കിയിട്ടില്ലെങ്കിലും, ഫോട്ടോ എടുത്ത വസ്തു അസ്സൽ ആണെന്ന് തെളിയിക്കപ്പെട്ടാൽ, അതിന്റെ ഉള്ളടക്കത്തിന്റെ ദ്വിതീയകത്തെളിവാകുന്നു.

(ഖ) ഒരു കത്തിന്റെ, പകർപ്പെടുപ്പുയന്ത്രം കൊണ്ട് ഉണ്ടാക്കിയ ഒരു പകർപ്പുമായി ഒത്തുനോക്കിയിട്ടുള്ള, ഒരു പകർപ്പ്, പകർപ്പുയന്ത്രം ഉണ്ടാക്കിയ പകർപ്പ് അസ്സലിൽനിന്ന് എടുത്തതാണെന്ന് കാണിക്കുന്നപക്ഷം, ആ കത്തിന്റെ ഉള്ളടക്കത്തിന്റെ ദ്വിതീയകത്തെളിവാണ്.

(ഗ) ഒരു പകർപ്പിൽനിന്ന് പകർത്തിയതും, എന്നാൽ പിന്നീട് അസ്സലുമായി ഒത്തുനോക്കിയതുമായ ഒരു പകർപ്പ്, ദ്വിതീയകത്തെളിവാണ്; എന്നാൽ അങ്ങനെ ഒത്തുനോക്കിയിട്ടില്ലാത്ത പകർപ്പ്, അത് പകർത്തിയത് ഏതു പകർപ്പിൽ നിന്നാണോ ആ പകർപ്പ് അസ്സലുമായി ഒത്തുനോക്കിയിട്ടുണ്ടെങ്കിലും, അസ്സലിന്റെ ദ്വിതീയകത്തെളിവല്ല.

(ഘ) അസ്സലുമായി ഒത്തുനോക്കിയിട്ടുള്ള പകർപ്പിന്റെ വാക്കാൽ വിവരണമോ, അല്ലെങ്കിൽ അസ്സലിന്റെ ഫോട്ടോഗ്രാഫിന്റേയോ, യന്ത്രനിർമ്മിതപകർപ്പിന്റേയോ വാക്കാൽവിവരണമോ, അസ്സലിന്റെ ദ്വിതീയകത്തെളിവല്ല.

64. പ്രാഥമികത്തെളിവുവഴി രേഖകൾ തെളിയിക്കൽ.—ഇതിൽ ഇതിനു ശേഷം പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, രേഖകൾ പ്രാഥമികത്തെളിവുവഴി തെളിയിക്കണം.

65. രേഖകൾ സംബന്ധിച്ച് ഏതു സംഗതികളിൽ ദ്വിതീയകത്തെളിവ് നല്കാമെന്ന്.—താഴെപ്പറയുന്ന സംഗതികളിൽ ഒരു രേഖയുടെ അസ്തിത്വമോ, അവസ്ഥയോ, ഉള്ളടക്കമോ സംബന്ധിച്ച് ദ്വിതീയകത്തെളിവ് നല്കാവുന്നതാണ്:—

(ക) ഏതാ് ആൾക്ക് എതിരായാണോ അസ്സൽ രേഖ തെളിയിക്കാൻ ഉദ്യമിച്ചിട്ടുള്ളത്, ആ ആളുടേയോ, അല്ലെങ്കിൽ

കോടതിയുടെ പ്രോസസ്സിന് അപ്രാപ്യനോ വിധേയനല്ലാത്തവനോ ആയ ഏതെങ്കിലും ആളുടേയോ, അല്ലെങ്കിൽ

അത് ഹാജരാക്കുവാൻ നിയമാനുസൃതം ബാദ്ധ്യസ്ഥനായ ഏതെങ്കിലും ആളുടേയോ,

കൈവശത്തിലോ, അധീനതയിലോ ആണ് അസ്സൽ എന്നു കാണിക്കപ്പെടുകയോ അല്ലെങ്കിൽ അങ്ങനെയാണെന്ന് തോന്നുകയോ ചെയ്യുകയും 66-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നോട്ടീസിനുശേഷം, അങ്ങനെയുള്ള ആൾ അത് ഹാജരാക്കാതിരിക്കുകയും ചെയ്യുമ്പോൾ;

(ഖ) അസ്സലിന്റെ അസ്തിത്വമോ അവസ്ഥയോ ഉള്ളടക്കമോ രേഖാമൂലം അഡ്മിററ് ചെയ്തിട്ടുള്ളതായി ഏതൊരാൾക്കെതിരായാണോ തെളിയിച്ചിട്ടുള്ളത്, അങ്ങനെയുള്ള ആളോ അയാളുടെ അവകാശബന്ധമുള്ള പ്രതിനിധിയോ അത് രേഖാമൂലം അഡ്മിററ് ചെയ്തിട്ടുള്ളതായി തെളിയിക്കപ്പെട്ടിട്ടുള്ളപ്പോൾ;

(ഗ) അസ്സൽ നശിച്ചുപോകുകയോ നഷ്ടപ്പെട്ടുപോകുകയോ ചെയ്യുമ്പോൾ അല്ലെങ്കിൽ അതിന്റെ ഉള്ളടക്കം സംബന്ധിച്ച തെളിവ് നല്കാമെന്ന് പറയുന്ന കക്ഷിക്ക്, സ്വന്തം വീഴ്ചയിൽനിന്നോ, ഉപേക്ഷയിൽനിന്നോ ഉദ്ഭവിക്കുന്നതല്ലാത്ത മറെറതെങ്കിലും കാരണത്താൽ, അത് ന്യായമായ സമയത്തിനുള്ളിൽ ഹാജരാക്കുവാൻ കഴിയാത്തപ്പോൾ;

(ഘ) അസ്സൽ എളുപ്പത്തിൽ നീക്കുവാൻ കഴിയാത്ത സ്വഭാവത്തിലുള്ളതായിരിക്കുമ്പോൾ;

(ങ) അസ്സൽ, 74-ാം വകുപ്പിന്റെ അർത്ഥത്തിൽ ഒരു പബ്ലിക്ക്രേഖ ആയിരിക്കുമ്പോൾ;

(ച) അസ്സൽ, അതിന്റെ സർട്ടിഫൈ ചെയ്ത പകർപ്പ് തെളിവായി നല്കാൻ ഈ ആക്ററോ, ഇൻഡ്യയിൽ പ്രാബല്യത്തിലുള്ള മറെറതെങ്കിലും നിയമമോ അനുവദിച്ചിട്ടുള്ള രേഖയായിരിക്കുമ്പോൾ;

(ഛ) അസ്സലുകൾ കോടതിയിൽ സുകരമായി പരിശോധിക്കുവാൻ കഴിയാത്ത നിരവധി കണക്കുകളോ, മററുരേഖകളോ അടങ്ങിയതാവുകയും, തെളിയിക്കപ്പെടേണ്ട വസ്തുത മുഴുവൻ ശേഖരത്തിന്റെ ആകെപ്പാടെയുള്ള പരിണാമം ആയിരിക്കുകയും ചെയ്യുമ്പോൾ.

(ക) (ഗ) (ഘ) എന്നീ സംഗതികളിൽ, രേഖയുടെ ഉള്ളടക്കത്തിന്റെ ഏതു ദ്വിതീയകത്തെളിവും സ്വീകാര്യമാകുന്നു.

(ഖ) എന്ന സംഗതിയിൽ, രേഖാമൂലമുള്ള ആ അഡ്മിഷൻ സ്വീകാര്യമാകുന്നു.

(ങ) എന്ന സംഗതിയിലോ(ച) എന്നസംഗതിയിലോ രേഖയുടെ സർട്ടിഫൈ ചെയ്ത പകർപ്പ് സ്വീകാര്യമാകുന്നു; എന്നാൽ മററു യാതൊരുവിധമായ ദ്വീതിയകത്തെളിവും സ്വീകാര്യമല്ല.

(ഛ) എന്ന സംഗതിയിൽ, രേഖകളുടെ ആകപ്പാടെയുള്ള പരിണാമം സംബന്ധിച്ച്, അവ പരിശോധിച്ചിരിക്കുകയും അങ്ങനെയുള്ള രേഖകൾ പരിശോധിക്കുന്നതിൽ പ്രാവിണ്യമുണ്ടായിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആൾക്ക് തെളിവു നൽകാവുന്നതാണ്.

66. ഹാജരാക്കുന്നതിനുള്ള നോട്ടീസ് സംബന്ധിച്ച ചട്ടങ്ങൾ — 65-ാം വകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട രേഖകളുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള ദ്വിതീയകത്തെളിവ്, അങ്ങനെയുള്ള ദ്വിതീയകത്തെളിവ് നല്കാൻ ഉദ്ദേശിക്കുന്ന കക്ഷി ഏതു കക്ഷിയുടെ കൈവശത്തിൽ അല്ലെങ്കിൽ അധീനതയിൽ ആണോ രേഖ ഉള്ളത് ആ കക്ഷിക്കോ അല്ലെങ്കിൽ അയാളുടെ അററാർണിക്കോ പ്ലീഡർക്കോ അതു ഹാജരാക്കുവാൻ, നിയമം നിർണ്ണയിച്ച തരത്തിലുള്ള നോട്ടീസ് മുൻകൂട്ടി നല്കിയിട്ടില്ലാത്ത പക്ഷം, നല്കുവാൻ പാടില്ലാത്തതാകുന്നു; നിയമം ഒരു നോട്ടീസും നിർണ്ണയിച്ചിട്ടില്ലെങ്കിൽ അത് കേസ്സിന്റെ പരിതഃസ്ഥിതികളിൽ ന്യായമെന്ന് കോടതി കരുതുന്ന നോട്ടീസാകുന്നു.

എന്നാൽ, താഴെപറയുന്ന ഏതെങ്കിലും സംഗതിയിലോ, അല്ലെങ്കിൽ അതു വേണ്ടെന്നു വയ്ക്കുന്നത് യുക്തമെന്നു കോടതി കരുതുന്ന മറേറതെങ്കിലും സംഗതിയിലോ ദ്വിതീയകത്തെളിവ് സ്വീകാര്യമാക്കുന്നതിന് അങ്ങനെയുള്ള നോട്ടീസ് ആവശ്യമില്ല:—

(1) തെളിയിക്കേണ്ട രേഖതന്നെ ഒരു നോട്ടീസ് ആയിരിക്കുമ്പോൾ;

(2) കേസ്സിന്റെ സ്വഭാവത്തിൽനിന്ന്, അതു ഹാജരാക്കുവാൻ തന്നോട് ആവശ്യപ്പെടുമെന്ന് എതിർകക്ഷി അറിഞ്ഞിരിക്കണമെന്നുള്ളപ്പോൾ;

(3) എതിർകക്ഷിക്ക് അസ്സൽ കൈവശം ലഭിച്ചത് ചതിയോ ബലപ്രയോഗമോ വഴിയാണെന്ന് കാണുകയോ തെളിയിക്കപ്പെടുകയോ ചെയ്യുമ്പോൾ;

(4) അസ്സൽ, എതിർകക്ഷിയുടേയോ, അയാളുടെ ഏജൻറിന്റെയോ കൈയിലായി കോടതിയിൽ ഉള്ളപ്പോൾ;

(5) രേഖ നഷ്ടപ്പെട്ടതായി എതിർകക്ഷിയോ അയാളുടെ ഏജൻറോ സമ്മതിച്ചിട്ടുള്ളപ്പോൾ;

(6) രേഖ കൈവശമുള്ള ആൾ, കോടതിയുടെ പ്രോസസ്സിന് അപ്രാപ്യനോ അതിനു വിധേയനല്ലാത്തവനോ ആയിരിക്കുമ്പോൾ.

67. ഹാജരാക്കിയ രേഖ ഒപ്പുവയ്ക്കുകയോ എഴുതുകയോ ചെയ്തതായി പറയപ്പെട്ടിട്ടുള്ള ആളുടെ ഒപ്പും കൈപ്പടയും തെളിയിക്കൽ.—ഏതെങ്കിലും ആൾ ഒപ്പു വയ്ക്കുകയോ പൂർണ്ണമായോ ഭാഗികമായോ എഴുതുകയോ

ചെയ്തതാണ് ഒരു രേഖയെന്ന് പറയപ്പെട്ടിരിക്കുകയാണെങ്കിൽ, ആ ഒപ്പോ ആ ആളുടെ കൈപ്പടയിലുള്ളതാണെന്നു പറയപ്പെട്ടിരിക്കുന്ന രേഖയുടെ അത്രയുംഭാഗമോ ആ ആളുടെ കൈപ്പടയിലുള്ളതാണെന്നു തെളിയിക്കണം.

68. സാക്ഷ്യപ്പെടുത്തുന്നത് നിയമപ്രകാരം ആവശ്യമായിട്ടുള്ള രേഖയുടെ ഒപ്പിട്ട് പൂർത്തികരിക്കൽ തെളിയിക്കുന്നത്.— സാക്ഷ്യപ്പെടുത്തുന്നത് നിയമപ്രകാരം ആവശ്യമായതാണ് ഒരു രേഖയെങ്കിൽ, ജീവിച്ചിരിക്കുന്നവനും കോടതിയുടെ പ്രാസസ്സിനു വിധേയനും തെളിവു നല്കുന്നതിനു കഴിവുള്ളവനും ആയ ഒരു സാക്ഷിയുള്ളപക്ഷം അതിന്റെ ഒപ്പിട്ടു പൂർത്തീകരിക്കൽ തെളിയിക്കുന്നതിനുവേണ്ടി സാക്ഷ്യപ്പെടുത്തുന്ന ഒരു സാക്ഷിയെ എങ്കിലും വിളിക്കുന്നതുവരെ അത് തെളിവായി ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു:

എന്നാൽ, ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററ് 1908(1908-ലെ 16)ലെ വ്യവസ്ഥപ്രകാരം രജിസ്ററർചെയ്യപ്പെട്ടിട്ടുള്ളതും മരണപത്രം അല്ലാത്തതുമായ ഏതെങ്കിലും രേഖയുടെ ഒപ്പിട്ടു പൂർത്തീകരിക്കൽ തെളിയിക്കുന്നതിനായി, അതു ഒപ്പിട്ട് പൂർത്തികരിച്ചതായി കരുതപ്പെടുന്ന ആൾ അതു ഒപ്പിട്ടു പൂർത്തീകരിച്ചത് എടുത്തുപറഞ്ഞ് നിഷേധിക്കാത്തപക്ഷം, സാക്ഷ്യപ്പെടുത്തുന്ന സാക്ഷിയെ വിളിക്കേണ്ട ആവശ്യമില്ല.

69. സാക്ഷ്യപ്പെടുത്തുന്ന ഒരു സാക്ഷിയേയും കണ്ടെത്താത്തപ്പോഴുള്ള തെളിയിക്കൽ.—അങ്ങനെ സാക്ഷ്യപ്പെടുത്തുന്ന ഒരു സാക്ഷിയേയും കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലോ, അല്ലെങ്കിൽ ആ രേഖ യുണൈറ്റഡ് കിങ്ഡത്തിൽ വച്ച് ഒപ്പിട്ടു പൂർത്തീകരിക്കപ്പെട്ടതായി കരുതപ്പെടുകയാണെങ്കിലോ സാക്ഷ്യപ്പെടുത്തുന്ന ഒരു സാക്ഷിയുടേയെങ്കിലും സാക്ഷ്യപ്പെടുത്തൽ അയാളുടെ കൈപ്പടയിൽ ഉള്ളതാണെന്നും, ആ രേഖ ഒപ്പിട്ടു പൂർത്തീകരിക്കുന്ന ആളുടെ ഒപ്പ് ആ ആളുടെ കൈപ്പടയിൽ ഉള്ളതാണെന്നും തെളിയിക്കപ്പെടണം.

70. സാക്ഷ്യപ്പെടുത്തിയ രേഖയിലെ കക്ഷി ഒപ്പിട്ടു പൂർത്തീകരിക്കൽ അഡ്മിററുചെയ്യുന്നത്.—സാക്ഷ്യപ്പെടുത്തിയ ഒരു രേഖയിലെ ഒരു കക്ഷിയുടെ, അത് അയാൾതന്നെ ഒപ്പിട്ടു പൂർത്തീകരിച്ചതാണെന്നുള്ള അഡ്മിഷൻ അതു സാക്ഷ്യപ്പെടുത്തുന്നത് നിയമപ്രകാരം ആവശ്യമായിട്ടുള്ള രേഖയാണെങ്കിലും, അതു അയാൾക്കെതിരെ ഒപ്പിട്ടു പൂർത്തീകരിക്കലിന്റെ മതിയായ തെളിവായിരിക്കുന്നതാണ്.

71. സാക്ഷ്യപ്പെടുത്തുന്ന സാക്ഷി ഒപ്പിട്ടു പൂർത്തീകരിക്കൽ നിഷേധിക്കുമ്പോൾ തെളിയിക്കൽ.— സാക്ഷ്യപ്പെടുത്തുന്ന സാക്ഷി, രേഖയുടെ ഒപ്പിട്ടു പൂർത്തീകരിക്കൽ നിഷേധിക്കുകയോ ഓർമ്മിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ, അതിന്റെ ഒപ്പിട്ടു പൂർത്തീകരിക്കൽ മററു തെളിവുവഴി തെളിയിക്കാവുന്നതാണ്.

72. സാക്ഷ്യപ്പെടുത്തുന്നത് നിയമപ്രകാരം ആവശ്യമില്ലാത്ത രേഖയുടെ തെളിയിക്കൽ.—സാക്ഷ്യപ്പെടുത്തുന്നത് നിയമപ്രകാരം ആവശ്യമല്ലാത്തതും, സാക്ഷ്യപ്പെടുത്തിയതുമായ ഒരു രേഖ, അതു സാക്ഷ്യപ്പെടുത്തിയിരുന്നില്ലെങ്കിലെന്നപോലെ തെളിയിക്കാവുന്നതാണ്.

73. ഒപ്പോ, ലിഖിതമോ, മുദ്രയോ, അഡ്മിററുചെയ്തിട്ടുള്ളതോ തെളിയിച്ചിട്ടുള്ളതോ ആയ മററുള്ളവയുമായി താരതമ്യപ്പെടുത്തുന്നത്.—ഒരു ഒപ്പോ ലിഖിതമോ മുദ്രയോ, അതു എഴുതുകയോ വയ്ക്കുകയോ ചെയ്തതായി കരുതപ്പെടുന്ന ആളുടേതാണോ എന്ന് തിട്ടപ്പെടുത്തുന്നതിലേക്കായി, ആ ആൾ എഴുതിയതോ വച്ചതോ ആണെന്ന് അഡ്മിററു ചെയ്യപ്പെടുകയോ, കോടതിക്ക് ബോദ്ധ്യമാകുംവണ്ണം തെളിയിക്കപ്പെടുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ഒപ്പോ, ലിഖിതമോ മുദ്രയോ ആ ഒപ്പോ ലിഖിതമോ മുദ്രയോ മററു ഏതെങ്കിലും ആവശ്യത്തിനായി ഹാജരാക്കുകയോ തെളിയിക്കുകയോ ചെയ്തിട്ടില്ലെങ്കിലും, തെളിയിക്കപ്പെടേണ്ടതുമായി താരതമ്യപ്പെടുത്താവുന്നതാണ്:

കോടതിയിൽ സന്നിഹിതനായ ഏതെങ്കിലും ആളോട് ഏതെങ്കിലും വാക്കുകളോ അക്കങ്ങളോ എഴുതുവാൻ, അങ്ങനെ എഴുതിയ വാക്കുകളോ അക്കങ്ങളോ, അങ്ങനെയുള്ള ആൾ എഴുതിയതാണെന്നു പറയപ്പെടുന്ന ഏതെങ്കിലും വാക്കുകളോടോ, അക്കങ്ങളോടോ,താരതമ്യപ്പെടുത്തുന്നതിന് കോടതിയ്ക്ക് കഴിവുണ്ടാക്കുന്നതിനുവേണ്ടി കോടതിക്ക് നിർദേശിക്കാവുന്നതാണ്.

ഈ വകുപ്പ്, ആവശ്യകമായ ഏതെങ്കിലും രൂപഭേദങ്ങളോടുകൂടി, വിരലടയാളങ്ങൾക്കും ബാധകമാകുന്നു.

## പബ്ലിക്ക് രേഖകൾ

74. പബ്ലിക്ക് രേഖകൾ.—താഴെ പറയുന്ന രേഖകൾ പബ്ലിക്ക് രേഖകൾ ആകുന്നു:—

(1) (i) പരമാധികാര സ്ഥാനത്തിൻേറയും,

(ii) ഔദ്യോഗിക നികായങ്ങളുടേയും ട്രിബൂണലുകളുടേയും,

(iii) ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്തേയോ കോമൺവെൽത്തിലേയോ, ഒരു വിദേശരാജ്യത്തേയോ, നിയമനിർമ്മാണ വിഭാഗത്തിലും ജുഡീഷ്യൽ വിഭാഗത്തിലും നിർവ്വാഹക വിഭാഗത്തിലും ഉള്ള പബ്ലിക്ക് ഉദ്യോഗസ്ഥൻമാരുടേയും, കൃത്യങ്ങളോ, കൃത്യങ്ങളുടെ റിക്കാർഡുകളോ ആകുന്നു രേഖകൾ ;

(2) പ്രൈവററ് രേഖകളെക്കുറിച്ച് ഏതെങ്കിലും സ്റേററിൽ വച്ചുപോരുന്ന പബ്ലിക്ക് റിക്കാർഡുകൾ.

75. പ്രൈവററ് രേഖകൾ.—മററെല്ലാ രേഖകളും പ്രൈവററ് രേഖകൾ ആകുന്നു.

76. പബ്ലിക്ക് രേഖകളുടെ സർട്ടിഫൈ ചെയ്ത പകർപ്പുകൾ.—പരിശോധിക്കുവാൻ ഏതെങ്കിലും ആൾക്ക് അവകാശമുള്ള ഒരു പബ്ലിക്ക് രേഖയുടെ കസ്ററഡിയുള്ള ഏതൊരു പബ്ലിക്ക് ഉദ്യോഗസ്ഥനും, ആ ആൾ ആവശ്യപ്പെടുമ്പോൾ അതിൻെറ ഒരു പകർപ്പ്, അതിനുള്ള നിയമാനുസൃത ഫീസ് നല്കുമ്പോൾ, അതതു സംഗതിപോലെ, അങ്ങനെയുള്ള രേഖയുടേയോ, അതിൻെറ ഭാഗത്തിൻേറയോ ഒരു ശരിപ്പകർപ്പാണെന്ന് അങ്ങനെയുള്ള പകർപ്പിൻെറ അടിയിൽ എഴുതിയ ഒരു സർട്ടിഫിക്കററോടുകൂടി നല്കേണ്ടതും, അങ്ങനെയുള്ള സർട്ടിഫിക്കററിൽ തീയതി വയ്ക്കുകയും അങ്ങനെയുള്ള

ഉദ്യോഗസ്ഥൻ തന്റെ പേരും ഉദ്യോഗപ്പേരും വച്ച് ഒപ്പിടുകയും ഒരു മുദ്ര ഉപയോഗിക്കുവാൻ നിയമം അയാളെ അധികാരപ്പെടുത്തിയിരിക്കുമ്പോഴൊക്കെ, അതിൽ മുദ്ര വയ്ക്കേണ്ടതും ആകുന്നു; അപ്രകാരം സർട്ടിഫൈ ചെയ്ത അങ്ങനെയുള്ള പകർപ്പുകളെ സർട്ടിഫൈ ചെയ്ത പകർപ്പുകൾ എന്ന് പറയേണ്ടതുമാകുന്നു.

വിശദീകരണം.—ഔദ്യോഗിക കർത്തവ്യത്തിന്റെ സാധാരണ മുറപ്രകാരം അങ്ങനെയുള്ള പകർപ്പുകൾ നല്കുന്നതിന് പ്രാധികാരമുള്ള ഏത് ഉദ്യോഗസ്ഥനും, ഈ വകുപ്പിന്റെ അർത്ഥത്തിൽ അങ്ങനെയുള്ള രേഖകളുടെ കസ്ററഡി ഉള്ളതായി കരുതപ്പെടുന്നതാകുന്നു.

77. സർട്ടിഫൈചെയ്ത പകർപ്പുകൾ ഹാജരാക്കുന്നതുവഴി രേഖകൾ തെളിയിക്കൽ—അങ്ങനെ സർട്ടിഫൈ ചെയ്തിട്ടുള്ള പകർപ്പുകൾ അവ ഏതെല്ലാം പബ്ലിക്ക് രേഖകളുടേയോ അല്ലെങ്കിൽ പബ്ലിക്ക് രേഖകളുടെ ഭാഗങ്ങളുടേയോ പകർപ്പുകള ണെന്നാണോ കരുതപ്പെടുന്നത്, ആ പബ്ലിക്ക് രേഖകളുടെ, അല്ലെങ്കിൽ പബ്ലിക്ക് രേഖകളുടെ ഭാഗങ്ങളുടെ, ഉള്ളടക്കത്തിന്റെ തെളിയിക്കലായി ഹാജരാക്കാവുന്നതാണ്.

78. മററു ഔദ്യോഗിക രേഖകൾ തെളിയിക്കൽ—താഴെപ്പറയുന്ന പബ്ലിക്ക് രേഖകൾ, താഴെപറയും പ്രകാരം തെളിയിക്കാവുന്നതാണ്:—

(1) കേന്ദ്രഗവൺമെൻറിന്റെ ഏതെങ്കിലും വകുപ്പുകളിലേയോ അല്ലെങ്കിൽ ക്രൗൺ പ്രതിനിധിയുടേയോ അല്ലെങ്കിൽ ഏതെങ്കിലും സ്റേററ് ഗവൺമെൻറിന്റേയോ, ഏതെങ്കിലും സ്റേററ് ഗവൺമെൻറിന്റെ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിന്റേയോ, ആക്ററുകളോ ഉത്തരവുകളോ വിജ്ഞാപനങ്ങളോ,

അതതു വകുപ്പുകളുടെ അദ്ധ്യക്ഷൻമാർ സർട്ടി ഫൈചെയ്തിട്ടുള്ള വകുപ്പുകളുടെ റിക്കാർഡുകൾ വഴി ;

അല്ലെങ്കിൽ അതതുസംഗതിപോലെ, അങ്ങനെയുള്ള ഏതെങ്കിലും ഗവൺമെൻറിന്റെയോ, അല്ലെങ്കിൽ ക്രൗൺ പ്രതിനിധിയുടേയോ ഉത്തരവുപ്രകാരം അച്ചടിക്കപ്പെട്ടതായി കരുതപ്പെടുന്ന ഏതെങ്കിലും രേഖവഴി ;

(2) നിയമനിർമ്മാണ മണ്ഡലങ്ങളുടെ നടപടികൾ,

അതതു മണ്ഡലങ്ങളുടെ ജേർണലുകൾവഴി, അല്ലെങ്കിൽ പ്രസിദ്ധപ്പെടുത്തിയ ആക്ററുകളോ, സംക്ഷേപങ്ങളോ വഴി, അല്ലെങ്കിൽ, ബന്ധപ്പെട്ട ഗവൺമെൻറിന്റെ ഉത്തരവുപ്രകാരം അച്ചടിക്കപ്പെട്ടതായി കരുതപ്പെടുന്ന പകർപ്പുകൾ വഴി ;

(3) ഹെർ മജെസ്ററിയോ, പ്രിവികൗൺസിലോ ഹെർമജെസ്ററിയുടെ ഗവൺമെൻറിന്റെ ഏതെങ്കിലും വകുപ്പോ പുറപ്പെടുവിച്ചിട്ടുള്ള വിളംബരങ്ങളോ, ഉത്തരവുകളോ, റഗുലേഷനുകളോ,—

ലണ്ടൻ ഗസററിൽ അടങ്ങിയിട്ടുള്ളതോ ക്വീൻസ് പ്രിൻറർ അച്ചടിച്ചതായി കരുതപ്പെടുന്നതോ ആയ പകർപ്പുകളോ ഉദ്ധൃതാംശങ്ങളോ വഴി ;

(4) ഒരു വിദേശ രാജ്യത്തെ നിർവ്വാഹകമണ്ഡലത്തിന്റെ കൃത്യങ്ങളോ നിയമനിർമ്മാണമണ്ഡലത്തിന്റെ നടപടികളോ,—

അവയുടെ പ്രാധികാരപ്രകാരം പ്രസിദ്ധപ്പെടുത്തിയതോ ആ രാജ്യത്ത് സാമാന്യമായി ആ നിലയിൽ സ്വീകരിക്കപ്പെടുന്നതോ ആയ ജേർണലുകൾ വഴിയോ, അല്ലെങ്കിൽ ആ രാജ്യത്തിന്റേയോ പരമാധികാരിയുടേയോ മുദ്രവച്ച് സർട്ടിഫൈ ചെയ്ത ഒരു പകർപ്പ് വഴിയോ, അല്ലെങ്കിൽ ഏതെങ്കിലും കേന്ദ്ര ആക്ററിലെ അതിന്റെ അംഗീകരണം വഴിയോ ;

(5) ഒരു സ്റ്റേറ്റിലെ ഒരു മുനിസിപ്പൽ നികായത്തിന്റെ നടപടികൾ, അങ്ങനെയുള്ള നടപടികളുടെ നിയമാനുസൃത സൂക്ഷിപ്പുകാരൻ സർട്ടിഫൈ ചെയ്തിട്ടുള്ള അവയുടെ ഒരു പകർപ്പ് വഴി, അല്ലെങ്കിൽ അങ്ങനെയുള്ള നികായത്തിന്റെ പ്രാധികാരപ്രകാരം പ്രസിദ്ധപ്പെടുത്തിയതായി കരുതപ്പെടുന്ന ഒരു അച്ചടിച്ച ബുക്കുവഴി ;

(6) ഒരു വിദേശ രാജ്യത്തെ മറേറതെങ്കിലും തരത്തിലുള്ള പബ്ലിക്ക രേഖകൾ,—

അസ്സൽ വഴി, അല്ലെങ്കിൽ അതിന്റെ നിയമാനുസൃത സൂക്ഷിപ്പുകാരൻ സർട്ടിഫൈ ചെയ്ത, ആ പകർപ്പ് അസ്സലിന്റെ നിയമാനുസൃതമായ കസ്റ്റഡിയുള്ള ഉദ്യോഗസ്ഥൻ യഥാവിധി സർട്ടിഫൈ ചെയ്തതാണെന്നുള്ള ഒരു നോട്ടറി പബ്ലിക്കിന്റേയോ ഒരു ഇൻഡ്യൻ കാൺസിലിന്റേയോ ഒരു ഡിപ്ലോമാറ്റിക്ക് ഏജന്റിന്റേയോ മുദ്രയോടുകൂടിയ ഒരു സർട്ടിഫിക്കററ് സഹിതമുള്ളതുമായ ഒരു പകർപ്പ് വഴി, രേഖയുടെ സ്വഭാവം ആ വിദേശ രാജ്യത്തിലെ നിയമപ്രകാരം തെളിയിക്കുമ്പോൾ.

## രേഖകൾ സംബന്ധിച്ച അനുമാനങ്ങൾ

79. സർട്ടിഫൈ ചെയ്ത പകർപ്പുകളുടെ യഥാർത്ഥത സംബന്ധിച്ച അനുമാനം.—ഏതെങ്കിലും പ്രത്യേക വസ്തുതയുടെ തെളിവായി സ്വീകരിക്കാവുന്നതെന്ന നിയമപ്രകാരം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതും, കേന്ദ്രഗവൺമെന്റിന്റേയോ ഒരു സ്റ്റേററു ഗവൺമെന്റിന്റേയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ, കേന്ദ്രഗവൺമെന്റ് യഥാവിധി സർട്ടിഫൈ ചെയ്യുവാൻ പ്രാധികാരം നല്കിയിട്ടുള്ള ജമ്മു കാശ്മീർ സ്റ്റേററിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ യഥാവിധി സർട്ടിഫൈ ചെയ്തതായി കരുതപ്പെടുന്നതുമായ ഒരു സർട്ടിഫിക്കററോ സർട്ടിഫൈ ചെയ്ത പകർപ്പോ മററ് രേഖയോ ആണെന്ന് കരുതപ്പെടുന്ന ഏതൊരു രേഖയും യഥാർത്ഥമായതാണെന്ന് കോടതി അനുമാനിക്കുന്നതാകുന്നു : എന്നാൽ അതിന് അങ്ങനെയുള്ള രേഖ സാരാംശത്തിൽ അതിലേക്ക് നിയമം നിർദേശിച്ചിട്ടുള്ള രൂപത്തിലുള്ളതും, അങ്ങനെ അതിലേക്ക് നിയമം നിർദേശിച്ചിട്ടുള്ള രീതിയിൽ ഒപ്പിട്ട് പൂർത്തീകരിച്ചതായി കരുതപ്പെടുന്നതും ആയിരിക്കണം.

അങ്ങനെയുള്ള ഏതെങ്കിലും രേഖ ഒപ്പുവയ്ക്കുകയോ സർട്ടിഫൈ ചെയ്യുകയോ ചെയ്തതായി കരുതപ്പെടുന്ന ഏതൊരു ഉദ്യോഗസ്ഥനും അത് ഒപ്പുവച്ചപ്പോൾ, അങ്ങനെയുള്ള പത്രത്തിൽ അവകാശപ്പെടുന്ന ഔദ്യോഗിക സ്ഥാനം, ഉണ്ടായിരുന്നതായും കോടതി അനുമാനിക്കുന്നതാകുന്നു.

80. തെളിവിന്റെ റിക്കാർഡ് ആയി ഹാജരാക്കിയ രേഖകൾ സംബന്ധിച്ച അനുമാനം.—ഒരു ജുഡീഷ്യൽ നടപടിയിലോ, അങ്ങനെയുള്ള തെളിവ് എടുക്കുവാൻ നിയമം പ്രാധികാരം നല്കിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെ മുമ്പാകെയോ ഒരു സാക്ഷികൊടുത്തിട്ടുള്ള തെളിവിന്റേയോ തെളിവിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ ഒരു റിക്കാർഡോ മെമ്മോറാണ്ടമോ ആയോ അല്ലെങ്കിൽ നിയമാനുസരണം എടുത്തിട്ടുള്ളതും ഏതെങ്കിലും ജഡ്ജിയോ മജിസ്ട്രേട്ടോ മുൻ പറഞ്ഞപ്രകാരമുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ഒപ്പുവച്ചതായി കരുതപ്പെടുന്നതും, ഏതെങ്കിലും തടവുകാരനോ കുററാരോപണം ചെയ്യപ്പെട്ട ആളോ നല്കിയതുമായ പ്രസ്താവമോ കുററസമ്മതമോ ആയി കരുതപ്പെടുന്ന ഏതെങ്കിലും രേഖ ഏതെങ്കിലും കോടതി മുമ്പാകെ ഹാജരാക്കിയിരിക്കുമ്പോഴെല്ലാം—

ആ രേഖ യഥാർത്ഥമായതാണെന്നും, അത് എടുത്തതായ പരിതഃസ്ഥിതികളെ സംബന്ധിച്ച്, അത് ഒപ്പുവയ്ക്കുന്ന ആരം നല്കിയിട്ടുള്ളതായി കരുതപ്പെടുന്ന ഏതു് പ്രസ്താവനയും സത്യമാണെന്നും, അങ്ങനെയുള്ള തെളിവോ, പ്രസ്താവമോ, കുററസമ്മതമോ യഥാവിധി എടുത്തിട്ടുള്ളതാണെന്നും, കോടതി അനുമാനിക്കുന്നതാകുന്നു.

81. ഗസററുകളും വർത്തമാന പത്രങ്ങളും പാർലമെൻറിൻെറ പ്രൈവററ് ആക്ററുകളും മററ് രേഖകളും സംബന്ധിച്ച അനുമാനം.—ലണ്ടൻ ഗസററാ, ഏതെങ്കിലും ഔദ്യോഗിക ഗസററാ ബ്രിട്ടീഷ് ക്രൗണിൻെറ ഏതെങ്കിലും കോളനിയുടേയോ അധീനസ്ഥലത്തേയോ കൈവശപ്രദേശത്തേയോ ഗവൺമെൻറ് ഗസററാ ആയി അല്ലെങ്കിൽ ഒരു വർത്തമാനപത്രമോ ജേർണലോ ആയി, അല്ലെങ്കിൽ ക്വീൻസ് പ്രിൻറർ അച്ചടിച്ച യുണൈററഡ് കിങ്ഡത്തിലെ പാർലമെൻറിൻെറ ഒരു പ്രൈവററ് ആക്ററിൻെറ പകർപ്പ് ആയി കരുതപ്പെടുന്ന ഏത് രേഖയും ഏതെങ്കിലും ആരം വച്ചുപോരേണ്ടതാണെന്ന് ഏതെങ്കിലും നിയമം നിർദേശിക്കുന്ന രേഖയായി കരുതപ്പെടുന്ന ഏത് രേഖയും, അങ്ങനെയുള്ള രേഖ സാരാംശത്തിൽ നിയമം ആവശ്യപ്പെടുന്ന രൂപത്തിൽ വച്ചുപോരുകയും ശരിയായ കസ്ററഡിയിൽനിന്ന് ഹാജരാക്കുകയും ചെയ്തിട്ടുള്ളതാണെങ്കിൽ യഥാർത്ഥമായതാണെന്ന് കോടതി അനുമാനിക്കുന്നതാകുന്നു.

82. മുദ്രയോ, ഒപ്പോ തെളിയിക്കപ്പെടാതെ ഇംഗ്ലണ്ടിൽ സ്വീകാര്യമായ രേഖ സംബന്ധിച്ച അനുമാനം.—ഇംഗ്ലണ്ടിലോ, അയർലണ്ടിലോ തൽസമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം, ഏതെങ്കിലും രേഖ, അതു പ്രമാണീകരിക്കുന്ന മുദ്രയോ സ്ററാമ്പോ ഒപ്പോ അല്ലെങ്കിൽ അത് ഒപ്പുവച്ചിരിക്കുന്നതായി കരുതപ്പെടുന്ന ആരം അവകാശപ്പെടുന്ന ജുഡീഷ്യലോ, ഔദ്യോഗികമോ ആയ സ്വഭാവമോ തെളിയിക്കാതെ ഇംഗ്ലണ്ടിലേയോ, അയർലണ്ടിലേയോ ഏതെങ്കിലും നീതിന്യായക്കോടതിയിൽ ഏതെങ്കിലും വിവരം തെളിയിക്കുന്നതിന് സ്വീകാര്യമാകുന്ന ഒരു രേഖയാണെന്ന് കരുതപ്പെടുന്ന രേഖയായി ഏതെങ്കിലും കോടതി മുമ്പാകെ ഹാജരാക്കിയിരിക്കുമ്പോൾ, അങ്ങനെയുള്ള മുദ്രയോ, സ്ററാമ്പോ, ഒപ്പോ യഥാർത്ഥമായിട്ടുള്ളതാണെന്നും, അത് ഒപ്പുവയ്ക്കുന്ന ആരാൾക്ക് അയാൾ അത് ഒപ്പുവച്ച സമയത്ത് അയാൾ അവകാശപ്പെടുന്ന ജുഡീഷ്യലോ, ഔദ്യോഗികമോ ആയ സ്വഭാവം ഉണ്ടായിരുന്നുവെന്നും കോടതി അനുമാനിക്കുന്നതും,

ആ രേഖ ഇംഗ്ലണ്ടിലോ, അയർലണ്ടിലോ തെളിവിൽ സ്വീകാര്യമാകുന്ന അതേ ആവശ്യത്തിന് സ്വീകാര്യമായിരിക്കുന്നതുമാകുന്നു.

83. ഗവൺമെൻറിൻെറ പ്രാധികാരപ്രകാരം ഉണ്ടാക്കിയ ഭൂപടങ്ങളോ പ്ലാനുകളോ സംബന്ധിച്ച അനുമാനം.—കേന്ദ്രഗവൺമെൻറിൻേറയോ, ഏതെങ്കിലും സ്റേററ് ഗവൺമെൻറിൻേറയോ പ്രാധികാരത്തിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ളതായി കരുതപ്പെടുന്ന ഭൂപടങ്ങളോ, പ്ലാനുകളോ അപ്രകാരം ഉണ്ടാക്കിയവയാണെന്നും, കൃത്യമായവയാണെന്നും കോടതി അനുമാനിക്കുന്നതാകുന്നു; എന്നാൽ ഏതെങ്കിലും വ്യവഹാരത്തിൻെറ ആവശ്യങ്ങൾക്കായി ഉണ്ടാക്കിയ ഭൂപടങ്ങളോ പ്ലാനുകളോ കൃത്യമായിട്ടുള്ളതാണെന്ന് തെളിയിക്കണം.

84. നിയമങ്ങളുടെ ശേഖരങ്ങളും കോടതിത്തീരുമാനങ്ങളുടെ റിപ്പോർട്ടുകളും സംബന്ധിച്ച അനുമാനം.—ഏതെങ്കിലും രാജ്യത്തെ ഗവൺമെൻറിൻെറ പ്രാധികാരപ്രകാരം അച്ചടിച്ചതോ, പ്രസിദ്ധപ്പെടുത്തിയതോ ആയും ആ രാജ്യത്തെ നിയമങ്ങളിൽ ഏതെങ്കിലും അടങ്ങിയതായും കരുതപ്പെടുന്ന ഏതൊരു പുസ്തകവും,

അങ്ങനെയുള്ള രാജ്യത്തെ കോടതികളുടെ തീരുമാനങ്ങളുടെ റിപ്പോർട്ടുകൾ അടങ്ങിയതായി കരുതപ്പെടുന്ന ഏതൊരു പുസ്തകവും യഥാർത്ഥമായതാണെന്ന് കോടതി അനുമാനിക്കുന്നതാകുന്നു.

85. മുക്ത്യാർ നാമങ്ങൾ സംബന്ധിച്ച അനുമാനം.—ഒരു മുക്ത്യാർ നാമം ആയും ഒരു നോട്ടറി പബ്ലിക്കിൻേറയോ ഏതെങ്കിലും കോടതിയുടേയോ ജഡ്ജിയുടേയോ മജിസ്ട്രേററിൻേറയോ ഇൻഡ്യൻ കാൺസലിൻേറയോ വൈസ്കാൺസലിൻേറയോ, കേന്ദ്രഗവൺമെൻറിൻെറ പ്രതിനിധിയുടേയോ മുമ്പാകെ വച്ച് ഒപ്പിട്ട് പൂർത്തീകരിക്കുകയും യഥാക്രമം അവരാൽ പ്രമാണീകരിക്കപ്പെടുകയും ചെയ്തതായും കരുതപ്പെടുന്നഏതൊരുരേഖയും അപ്രകാരം എഴുതി ഒപ്പിട്ട് പൂർത്തീകരിക്കുകയും പ്രമാണീകരിക്കപ്പെടുകയും ചെയ്തതാണെന്ന് കോടതി അനുമാനിക്കുന്നതാകുന്നു.

86. വിദേശ ജുഡീഷ്യൽ റിക്കാർഡുകളുടെ സർട്ടിഫൈ ചെയ്ത പകർപ്പുകൾ സംബന്ധിച്ച അനുമാനം.—ഇൻഡ്യയുടേയോ ഹെർമജെസ്ററിയുടെ ഡൊമിനിയനുകളുടേയോ ഭാഗമാകാത്ത ഏതെങ്കിലും രാജ്യത്തെ ഏതെങ്കിലും ജുഡീഷ്യൽ റിക്കാർഡിൻെറ സർട്ടിഫൈ ചെയ്ത ഒരു പകർപ്പായി കരുതപ്പെടുന്ന ഏതെങ്കിലും രേഖ, ആ രേഖ, അങ്ങനെയുള്ള രാജ്യത്തേയോ രാജ്യത്തിനുവേണ്ടിയോ ഉള്ള ഏതെങ്കിലും കേന്ദ്രഗവൺമെൻറിൻെറ പ്രതിനിധി, ജുഡീഷ്യൽ റിക്കാർഡുകളുടെ പകർപ്പുകൾ സർട്ടിഫൈ ചെയ്യുന്നതിന് ആ രാജ്യത്ത് സാധാരണ ഉപയോഗത്തിലിരിക്കുന്ന രീതിയെന്ന് സർട്ടിഫൈ ചെയ്തിട്ടുള്ള ഏതെങ്കിലും രീതിയിൽ സർട്ടിഫൈ ചെയ്തതായി കരുതപ്പെടുന്നതാണെങ്കിൽ, അത് യഥാർത്ഥവും കൃത്യവും ആയതാണെന്ന് കോടതിക്ക് അനുമാനിക്കാവുന്നതാണ്.

ഇൻഡ്യയുടേയോ, ഹെർമജെസ്ററിയുടെ ഡൊമിനിയനുകളുടേയോ ഭാഗമാകാത്ത ഏതെങ്കിലും രാജ്യക്ഷേത്രമോ സ്ഥലമോ സംബന്ധിച്ച് അവിടത്തേയ്ക്കുള്ള

1897 സാമാന്യ ഖണ്ഡങ്ങൾ ആക്ററ് 1897—ലെ (10)-ലെ 3-ാം വകുപ്പ് (43)—ാം ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള, പൊളിററിക്കൽ ഏജൻറായ ഉദ്യോഗസ്ഥൻ, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് ആ രാജ്യക്ഷേത്രമോ, സ്ഥലമോ ഉൾക്കൊള്ളുന്ന രാജ്യത്തേയോ, രാജ്യത്തിനുവേണ്ടിയോ ഉള്ള കേന്ദ്രഗവൺമെൻറിൻെറ ഒരു പ്രതിനിധിയായി കരുതപ്പെടുന്നതാകുന്നു.

87. പുസ്തകങ്ങളും ഭൂപടങ്ങളും ചാർട്ടുകളും സംബന്ധിച്ച അനുമാനം പൊതുജന താൽപ്പര്യമോ സാമാന്യ താൽപ്പര്യമോ ഉള്ള വിഷയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾക്കായി കോടതിക്ക് റഫർ ചെയ്യാവുന്ന ഏത് ബുക്കും, പ്രസിദ്ധപ്പെടുത്തിയ ഏത് ഭൂപടത്തിലേയോ ചാർട്ടിലേയോ പ്രസ്താവങ്ങൾ ആണോ പ്രസ്കത വസ്തുതകളായിട്ടുള്ളത്, അങ്ങനെയുള്ളതും കോടതിയുടെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളതുമായ ഏതെങ്കിലും ഭൂപടം അല്ലങ്കിൽ ചാർട്ട്, അതു ആരാൽ, എപ്പോൾ, എവിടെവച്ച് എഴുതപ്പെട്ടതോ പ്രസിദ്ധപ്പെടുത്തിയതോ ആയി കരുതപ്പെടുന്നുവോ, ആ ആളാലും ആ സമയത്തും സ്ഥലത്തും വച്ച് എഴുതിയതോ പ്രസിദ്ധപ്പെടുത്തിയതോ ആണെന്ന് കോടതിയക്ക് കരുതാവുന്നതാണ്.

88. ടെലഗ്രാഫ് സന്ദേശങ്ങൾ സംബന്ധിച്ച അനുമാനം.—ഒരു ടെലഗ്രാഫ് ആഫീസിൽനിന്ന് ഒരു സന്ദേശം ആരുടെ വിലാസത്തിൽ ഉള്ളതായി കരുതപ്പെടുന്നുവോ ആ ആൾക്ക് അയച്ചുകൊടുത്ത സന്ദേശം, ആ സന്ദേശം അയച്ചതെന്ന് കരുതപ്പെടുന്ന ആഫീസിൽ, അയക്കുന്നതിനായി നല്കിയ

സന്ദേശത്തിന് മതതാണെന്ന് കോടതിയ്ക്ക് അനുമാനിക്കാവുന്നതാണ്, എന്നാൽ അങ്ങനെയുള്ള സന്ദേശം അയക്കാനായി നല്കിയത് ആരാണെന്നത് സംബന്ധിച്ച് കോടതിയക്ക് യാതൊരു അനുമാനവും ചെയ്യുവാൻ പാടുള്ള തല്ല.

89. ഹാജരാക്കിയിട്ടില്ലാത്ത രേഖകൾ യഥാവിധി ഒപ്പിട്ട് പൂർത്തീകരിക്കുകയും മററും ചെയ്തത് സംബന്ധിച്ച അനുമാനം.—ഹാജരാക്കാൻ ആവശ്യപ്പെടുകയും, ഹാജരാക്കാനുള്ള നോട്ടീസിനുശേഷം ഹാജരാക്കാതിരിക്കുകയും ചെയ്യുന്ന ഏതൊരു രേഖയും, നിയമം ആവശ്യപ്പെടുന്ന രീതിയിൽ സ്ററാമ്പ് ഒട്ടിക്കുകയും ഒപ്പിട്ടു പൂർത്തീകരിക്കുകയും ചെയ്തതാണെന്ന് കോടതി അനുമാനിക്കുന്നതാകുന്നു.

90. മുപ്പതുവർഷം പഴക്കമുള്ള രേഖകൾ സംബന്ധിച്ച അനുമാനം.—മുപ്പതുവർഷം പഴക്കമുള്ളതായി കരുതപ്പെടുന്നതോ തെളിയിക്കപ്പെട്ടതോ ആയ ഏതെങ്കിലും രേഖ, ശരിയായതെന്നു ആ സംഗതിയിൽ കോടതി കരുതുന്ന ഏതെങ്കിലും കസ്ററഡിയിൽനിന്ന് ഹാജരാക്കുമ്പോൾ, അങ്ങനെയുള്ള രേഖയിൽ ഏതെങ്കിലും ഒരു ആളുടെ കൈപ്പടയിലുള്ളതായി കരുതപ്പെടുന്ന കൈയൊപ്പും മററു ഏതൊരു ഭാഗവും ആ ആളുടെ കൈപ്പടയിൽ ഉള്ളതാണെന്നും, ഒപ്പിട്ട് പൂർത്തീകരിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഒരു രേഖയുടെ സംഗതിയിൽ അത് ഒപ്പിട്ടു പൂർത്തീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തതായി കരുതപ്പെടുന്ന ആളുകൾ അത് യഥാവിധി ഒപ്പിട്ട് പൂർത്തീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തതാണെന്നും കോടതിയ്ക്ക് അനുമാനിക്കാവുന്നതാണ്.

വിശദീകരണം,—രേഖകൾ, ഏതു സ്ഥലത്തും ആരുടെ സൂക്ഷിപ്പിലുമാണ് സ്വാഭാവികമായി ഉണ്ടായിരിക്കുക, ആ സ്ഥലത്തും ആ ആളുടെ സൂക്ഷിപ്പിലും ആണെങ്കിൽ, ശരിയായ കസ്ററഡിയിലാണെന്ന് പറയപ്പെടുന്നു ; എന്നാൽ കസ്ററഡി നിയമാനുസൃതം ഉദ്ഭവിച്ചതാണെന്ന് തെളിയിക്കുകയോ ആ സംഗതിയുടെ പരിതഃസ്ഥിതികൾ അങ്ങനെയുള്ള ഉദ്ഭവം സംഭാവ്യമാക്കുകയോ ചെയ്യുന്നുവെങ്കിൽ യാതൊരു കസ്ററഡിയും ശരിയല്ലാത്തതല്ല.

ഈ വിശദീകരണം 81-ാം വകുപ്പിനും ബാധകമാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക വളരെക്കാലമായി ഭൂസ്വത്ത് കൈവശം വച്ചിരിക്കുകയാണ്. ആ ഭൂമിയെ സംബന്ധിച്ച അയാൾക്ക് അതിലുള്ള അവകാശം കാണിക്കുന്ന കരണങ്ങൾ അയാൾ തന്റെ കസ്ററഡിയിൽനിന്ന് ഹാജരാക്കുന്നു. ആ കസ്ററഡി ശരിയായിട്ടുള്ളതാണ്.

(ഖ) താൻ പണയം വാങ്ങിയ ഭൂസ്വത്ത് സംബന്ധിക്കുന്ന കരണങ്ങൾ 'ക' ഹാജരാക്കുന്നു. പണയം കൊടുത്തയാൾക്കാണ് ഭൂമി കൈവശമുള്ളത്. ഈ കസ്ററഡി ശരിയായിട്ടുള്ളതാണ്.

(ഗ) 'ഖ' യുടെ ഒരു ബന്ധുവായ 'ക' 'ഖ' യുടെ കൈവശത്തിൽ ഉള്ള ഭൂമി സംബന്ധിച്ചതും ഭദ്രമായ കസ്ററഡിക്കായി 'ഖ' തന്റെ പക്കൽ നിക്ഷേപിച്ചതുമായ കരണങ്ങൾ ഹാജരാക്കുന്നു. ഈ കസ്ററഡി ശരിയായിട്ടുള്ളതാണ്.

അദ്ധ്യായം VI

## രേഖാമൂലമുള്ള തെളിവുകൊണ്ട് വാക്കാൽത്തെളിവ് ഒഴിച്ചുനിറുത്തുന്നതിനെക്കുറിച്ച്

91. രേഖാരൂപത്തിൽ ആക്കിയിട്ടുള്ള കാൺട്രാക്റ്റുകളുടേയും, ഗ്രാൻറുകളുടേയും, വസ്തു സംബന്ധിച്ച മററു വിനിയോഗങ്ങളുടേയും നിബന്ധനകൾ സംബന്ധിച്ച തെളിവ്.—ഒരു കാൺട്രാക്റ്റിൻേറയോ ഗ്രാൻറിൻേറയോ വസ്തു സംബന്ധിച്ച മററ് ഏതെങ്കിലും നിയോഗത്തിൻേറയോ നിബന്ധനകൾ ഒരു രേഖയുടെ രൂപത്തിൽ ആക്കിയിട്ടുള്ളപ്പോഴും, ഏതെങ്കിലും വിഷയം ഒരു രേഖയുടെ രൂപത്തിലാകണമെന്ന് നിയമം ആവശ്യപ്പെടുന്ന എല്ലാ സംഗതികളിലും, അങ്ങനെയുള്ള കാൺട്രാക്റ്റിൻേറയോ ഗ്രാൻറിൻേറയോ വസ്തു സംബന്ധിച്ച മററു ഏതെങ്കിലും വിനിയോഗത്തിൻേറയോ' നിബന്ധനകളോ അല്ലെങ്കിൽ അങ്ങനെയുള്ള വിഷയമോ തെളിയിക്കുന്നതിനായി, രേഖ തന്നെ' അല്ലെങ്കിൽ ഇതിനുമുമ്പ് ഇതിലടങ്ങിയിട്ടുള്ള വ്യവസ്ഥകൾപ്രകാരം ദ്വിതീയക തെളിവ് സ്വീകാര്യമായ സംഗതികളിൽ അതിൻെറ ഉള്ളടക്കം സംബന്ധിച്ച ദ്വിതീയകത്തെളിവ്, അല്ലാതെ യാതൊരു തെളിവും നല്കാൻ പാടുള്ളതല്ല.

അപവാദം. 1· ഒരു പബ്ലിക്ക് ഉദ്യോഗസ്ഥൻ രേഖാമൂലം നിയമിക്കപ്പെടേണ്ടതാണെന്ന് നിയമം ആവശ്യപ്പെടുകയും ഏതെങ്കിലും ഒരു ആൾ അങ്ങനെയുള്ള ഉദ്യോഗസ്ഥനായി പ്രവർത്തിച്ചിട്ടുണ്ടെന്ന് കാണിക്കപ്പെടുകയും ചെയ്തിരിക്കുമ്പോൾ, അയാളെ നിയമിച്ച ലിഖിതം തെളിയിക്കപ്പെടേണ്ടതില്ല.

അപവാദം 2.—ഇൻഡ്യയിൽ പ്രൊബേററ് അനുവദിച്ചിട്ടുള്ള മരണപത്രങ്ങൾ പ്രൊബേററുവഴി തെളിയിക്കാവുന്നതാണ്.

വിശദീകരണം 3.—മുകളിൽ പരാമർശിക്കപ്പെട്ട കാൺട്രാക്റ്റുകളോ ഗ്രാൻറുകളോ വസ്തു സംബന്ധിച്ച വിനിയോഗങ്ങളോ ഒരേ രേഖയിൽ അടങ്ങിയിരിക്കുന്ന സംഗതികൾക്കും ഒന്നിൽക്കൂടുതൽ രേഖകളിൽ അടങ്ങിയിരിക്കുന്ന സംഗതികൾക്കും ഈ വകുപ്പ് ഒന്നുപോലെ ബാധകമാകുന്നു.

വിശദീകരണം 2.—ഒന്നിൽക്കൂടുതൽ അസ്സലുകൾ ഉള്ളപ്പോൾ, ഒരു അസ്സൽ മാത്രമേ തെളിയിക്കേണ്ടതുള്ളു.

വിശദീകരണം 3.—ഏതെങ്കിലും രേഖയിൽ' അത് ഏങ്ങനെയുള്ളതായാലും ഈ വകുപ്പിൽ പരാമർശിച്ച വസ്തുതകൾ അല്ലാതെയുള്ള ഒരു വസ്തുതയെക്കുറിച്ചുള്ള പ്രസ്താവന അതേ വസ്തുത സംബന്ധിച്ച വാക്കാൽ തെളിവ് സ്വീകരിക്കുന്നതിനെ തടയുന്നതല്ല.

ദൃഷ്ടാന്തങ്ങൾ

(ക) ഒരു കാൺട്രാക്റ്റ് പല കത്തുകളിലായിഅടങ്ങിയിരിക്കുന്നെങ്കിൽ, അത് അടങ്ങിയിട്ടുള്ള എല്ലാ കത്തുകളും തെളിയിക്കണം.

(ഖ) ഒരു കാൺട്രാക്റ്റ് ഒരു വിനിമയപത്രത്തിൽ അടങ്ങിയിരിക്കുന്നെങ്കിൽ' ആ വിനിമയപത്രം തെളിയിക്കണം.

(ഗ) ഒരു വിനിമയപത്രം എഴുതിയിരിക്കുന്നത് മൂന്നെണ്ണമുള്ള ഒരു സെററായിട്ടാണെങ്കിൽ, ഒന്നുമാത്രം തെളിയിച്ചാൽ മതി.

(ഘ) ചില വ്യവസ്ഥകളിൻമേൽ നീലം നല്കുന്നതിന് 'ക' രേഖാമൂലം 'ഖ' യുമായി കാൺട്രാക്റ്റ് ചെയ്യുന്നു. ആ കാൺട്രാക്റ്റിൽ മറ്റൊരവസരത്തിൽ വാക്കാൽ കാൺട്രാക്റ്റ് ചെയ്തിരുന്ന മറ്റു നീലത്തിന്റെ വില കയ്ക്ക് 'ഖ' കൊടുത്തിട്ടുണ്ടെന്നുള്ള വസ്തുത പറയുന്നു. ആ മറ്റേനീലത്തിനു പണം നല്കിയിട്ടുണ്ടെന്നുള്ളതിന് വാക്കാൽത്തെളിവ് നല്കുന്നു. അത് തെളിവിൽ സ്വീകാര്യമാണ്.

(ങ) 'ഖ' കൊടുത്ത പണത്തിന് അയാൾക്ക് 'ക' രസീതു കൊടുക്കുന്നു. ആ പണം കൊടുത്തതിനെക്കുറിച്ച വാക്കാൽത്തെളിവ് നൽകാമെന്ന് പറയുന്നു.

അത് തെളിവിൽ സ്വീകാര്യമാണ്

92. <u>വാക്കാൽ കരാറിനെക്കുറിച്ചുള്ള തെളിവ് ഒഴിച്ചുനിറുത്തൽ.</u>—അങ്ങനെയുള്ള ഏതെങ്കിലും കാൺട്രാക്റ്റിന്റേയോ, ഗ്രാന്റിന്റേയോ, വസ്തു സംബന്ധിച്ച മറ്റേതെങ്കിലും വിനിയോഗത്തിന്റേയോ അല്ലെങ്കിൽ ഒരു രേഖയുടെ രൂപത്തിൽ ആക്കണമെന്ന് നിയമം ആവശ്യപ്പെടുന്ന ഏതെങ്കിലും വിഷയത്തിന്റേയോ നിബന്ധനകൾ, മുൻവകുപ്പുപ്രകാരം തെളിയിക്കപ്പെട്ടിരിക്കുമ്പോൾ അതിന്റെ നിബന്ധനകൾക്ക് വിപരീതമായി പറയുകയോ, അവയെ വ്യത്യാസപ്പെടുത്തുകയോ, അവയോടു കൂട്ടിച്ചേർക്കുകയോ, അവയിൽനിന്ന് കുറയ്ക്കുകയോ ചെയ്യുന്നതിനുവേണ്ടി അങ്ങനെയുള്ള ഏതെങ്കിലും പ്രമാണത്തിലെ കക്ഷികൾ തമ്മിലോ, അവരുടെ താൽപര്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ആളുകൾ തമ്മിലോ, ഉള്ള ഏതെങ്കിലും വാക്കാൽ കരാറിന്റേയോ വാക്കാൽ പ്രസ്താവനയുടേയോ യാതൊരു തെളിവും സ്വീകരിക്കപ്പെടുന്നതല്ല.

പരിമിതിവ്യവസ്ഥ (1)—ഏതെങ്കിലും രേഖയെ അസ്ഥിരപ്പെടുത്തുന്നതോ, അതു സംബന്ധിച്ച ഏതെങ്കിലും വിധിക്കോ ഉത്തരവിനോ ഏതെങ്കിലും ആൾക്ക് അവകാശം നല്കുന്നതോ ആയ ഏതെങ്കിലും വസ്തുത തെളിയിക്കാവുന്നതാണ്; വഞ്ചന, ഭയപ്പെടുത്തൽ, നിയമവിരുദ്ധത യഥാവിധി ഒപ്പിട്ടു പൂർത്തീകരിക്കലിന്റെ അഭാവം, കാൺട്രാക്റ്റ് ചെയ്യുന്ന ഏതെങ്കിലും കക്ഷിയുടെ കഴിവില്ലായ്മ, പ്രതിഫലത്തിന്റെ അഭാവമോ, നിഷ്ഫലതയോ അല്ലെങ്കിൽ വസ്തുതയേയോ നിയമത്തേയോ കുറിച്ചുള്ള തെറ്റ് എന്നിവപോലെയുള്ളത്.

പരിമിതിവ്യവസ്ഥ (2)—ഒരു രേഖ മൗനം ഭജിക്കുന്നതും അതിന്റെ നിബന്ധനകളോട് അസംഗതമല്ലാത്തതുമായ ഏതെങ്കിലും വിഷയം സംബന്ധിച്ച ഏതെങ്കിലും വേറിട്ടുള്ള വാക്കാൽ കരാറിന്റെ അസ്തിത്വം, തെളിയിക്കാവുന്നതാണ്. ഈ പരിമിതിവ്യവസ്ഥ ബാധകമാണോ അല്ലയോ എന്ന് പര്യാലോചിക്കുന്നതിൽ കോടതി ആ രേഖ എത്രത്തോളം ഔപചാരികമാണെന്ന് പരിഗണിക്കേണ്ടതാകുന്നു.

പരിമിതിവ്യവസ്ഥ (3)—അങ്ങനെയുള്ള ഏതെങ്കിലും കാൺട്രാക്റ്റിന്റേയോ, ഗ്രാന്റിന്റേയോ, വസ്തു സംബന്ധിച്ച വിനിയോഗത്തിന്റേയോ, കീഴിൽ ഏതെങ്കിലും കടപ്പാട് ഉണ്ടാക്കുന്നതിനുള്ള ഒരു മുൻ ഉപാധിയാകുന്ന ഏതെങ്കിലും വേറിട്ടുള്ള വാക്കാൽ കരാറിന്റെ അസ്തിത്വം, തെളിയിക്കാവുന്നതാണ്.

പരിമിതി വ്യവസ്ഥ (4)—അങ്ങനെയുള്ള ഏതെങ്കിലും കോൺട്രാക്റ്റോ ഗ്രാന്റോ, വസ്തു സംബന്ധിച്ച വിനിയോഗമോ റദ്ദാക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യുന്ന, പിന്നീടുള്ള ഏതെങ്കിലും വേറിട്ടുള്ള വാക്കാൽ കരാറിന്റെ അസ്തിത്വം അങ്ങനെയുള്ള കാൺട്രാക്റ്റോ, ഗ്രാന്റോ, വസ്തു

സംബന്ധിച്ച വിനിയോഗമോ രേഖാ മൂലമായിരിക്കണമെന്ന് നിയമം ആവശ്യപ്പെടുകയോ, രേഖകളുടെരജിസ്ട്രേഷൻ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം രജിസ്ററർ ചെയ്തിരിക്കുകയോ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, തെളിയിക്കാവുന്നതാണ്.

പരിമിതിവ്യവസ്ഥ (5)—ഏതെങ്കിലും കാൺട്രാക്ററിൽ പ്രകടമായി പറഞ്ഞിട്ടില്ലാത്ത ഉപസംഗതികാം സാധാരണമായി ആ തരത്തിലുള്ള കാൺട്രാക്ററുകളോടുകൂടി ചേർക്കുന്ന ഏതെങ്കിലും വഴക്കമോ, ആചാരമോ തെളിയിക്കാവുന്നതാണ് : എന്നാൽ, അങ്ങനെയുള്ള ഉപസംഗതി കൂട്ടിച്ചേർക്കുന്നത് ആ കാൺട്രാക്ററിന്റെ പ്രകടമായ നിബന്ധനകാംക്ക് വിരുദ്ധമോ അസംഗതമോ ആയിരിക്കരുത്.

പരിമിതിവ്യവസ്ഥ (6)—നിലവിലുള്ള വസ്തുതകളുമായി ഒരു രേഖയിലെ ഭാഷ ഏതു രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാണിക്കുന്ന ഏതെങ്കിലും വസ്തുത തെളിയിക്കാവുന്നതാണ്.

## ദൃഷ്ടാന്തങ്ങാം

(ക) "കൽക്കട്ടയിൽനിന്ന് ലണ്ടനിലേക്കുള്ള കപ്പലുകളി" ലെ സാമാനങ്ങളിൻമേൽ ഒരു ഇൻഷ്വറൻസ്പോളിസി എടുത്തിരിക്കുന്നു. ഒരു കപ്പലിൽ സാമാനങ്ങാം കയററി അയക്കുന്നു, ആ കപ്പൽ നഷ്ടപ്പെടുന്നു. ആ കപ്പൽ, പോളിസിയിൽ നിന്ന് വാക്കാൽ ഒഴിവാക്കിയിരുന്നു എന്ന വസ്തുത തെളിയിച്ചുകൂടാത്തതാണ്.

(ഖ) 1873 മാർച്ച് ആദ്യദിവസം 'ഖ' യ്ക്ക് 1000 രൂപ നല്കാമെന്ന് 'ക' നിരുപാധികം കരാർ എഴുതി കൊടുക്കുന്നു. അതേസമയം മാർച്ച് മുപ്പത്തൊന്നു വരെ ആ പണം നല്കരുതെന്ന് ഒരു വാക്കാൽ കരാർ ഉണ്ടാക്കിയെന്ന വസ്തുത തെളിയിച്ചുകൂടാത്തതാണ്.

(ഗ) "രാംപൂർ ടീ എസ്റേററ്" എന്നു വിളിക്കപ്പെടുന്ന ഒരു തോട്ടം വിററ വസ്തുവിന്റെ ഒരു പ്ലാൻ അടങ്ങിയിട്ടുള്ള ഒരു പ്രമാണം വഴി വില്ക്കുന്നു. പ്ലാനിൽ ഉാംപ്പെടുത്തിയിട്ടില്ലാത്ത ഭൂമി ആ തോട്ടത്തിന്റെ ഭാഗമായി എപ്പോഴും കരുതിപ്പോന്നിരുന്നുവെന്നും ആ കരണംവഴി കൈമാറാൻ ഉദ്ദേശിച്ചിരുന്നുവെന്നുമുള്ള വസ്തുത തെളിയിച്ചുകൂടാത്തതാണ്.

(ഘ) 'ഖ' യുടെ വകയായ ചില ഖനികാം നടത്തുവാൻ, ചില നിബന്ധനകളിൻമേൽ 'ക' 'ഖ' യുമായി രേഖാമൂലമുള്ള ഒരു കാൺട്രാക്ററിൽ ഏർപ്പെടുന്നു. അവയുടെമൂല്യം സംബന്ധിച്ചു 'ഖ' തെററിദ്ധരിപ്പിച്ചതുകൊണ്ടാണ് അങ്ങനെ ചെയ്യുവാൻ 'ക' പ്രചോദിതനായത്. ഈ വസ്തുത തെളിയിക്കാവുന്നതാണ്.

(ങ) ഒരു കാൺട്രാക്ററിന്റെ വിനിർദ്ദിഷ്ട നിർവ്വഹണത്തിനായി 'ഖ' യ്ക്കെതിരെ 'ക' ഒരു വ്യവഹാരം ബോധിപ്പിക്കുകയും, അതിലെ വ്യവസ്ഥകളിൽ ഒന്ന് അതിൽ തെററായി ചേർത്തതാകയാൽ ആ വ്യവസ്ഥ സംബന്ധിച്ച് കാൺട്രാക്ററ് വീണ്ടും രൂപപ്പെടുത്തണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. കാൺട്രാക്ററ് വീണ്ടും രൂപപ്പെടുത്തുന്നതിന് അയാാംക്ക് നിയമപ്രകാരം അവകാശം കിട്ടത്തക്കവിധം അങ്ങനെയുള്ള ഒരു തെററുപററിയെന്ന് 'ക' യ്ക്ക് തെളിയിക്കാവുന്നതാണ്.

(ഛ) പണം കൊടുക്കേണ്ട സമയത്തെക്കുറിച്ച് ഒന്നും പറയാത്ത ഒരു കത്ത് മുഖേന 'ക' 'ഖ' യുടെ സാമാനങ്ങൾ ആർഡർ ചെയ്യുകയും, സാമാനങ്ങൾ ഡെലിവറി കൊടുത്തപ്പോൾ സ്വീകരിക്കുകയും ചെയ്യുന്നു. 'ഖ' അതിന്റെ വിലയ്ക്ക് 'ക' യുടെ മേൽ വ്യവഹാരപ്പെടുന്നു. അവധി കഴിഞ്ഞിട്ടില്ലാത്ത ഒരു കാലത്തേക്കുള്ള ക്രെഡിററിൻമേലാണ് സാമാനങ്ങൾ വാങ്ങിയതെന്ന് 'ക' യ്ക്ക് കാണിക്കാവുന്നതാണ്.

(ഝ) 'ക' 'ഖ' യ്ക്കു ഒരു കുതിരയെ വില്ക്കുകയും അത് കുററമററതാണെന്ന് വാക്കാൽ വാറൻറി നല്കുകയും ചെയ്യുന്നു. "500 രൂപയ്ക്ക് ഒരു കുതിരയെ 'ക' യുടെ പക്കൽനിന്നും വിലയ്ക്ക് വാങ്ങി"—ഈ വാക്കുകളിൽ 'ക' 'ഖ' യ്ക്ക് ഒരു കടലാസ് നല്കുന്നു. ആ വാക്കാൽ വാറൻറി 'ഖ' യ്ക്ക് തെളിയിക്കാവുന്നതാണ്.

(ഞ) 'ക', 'ഖ' യിൽനിന്ന് താമസസ്ഥലം വാടകയ്ക്ക് എടുക്കുകയും, "മുറികൾ, പ്രതിമാസം 200 രൂപ", എന്നു എഴുതിയിട്ടുള്ള ഒരു കാർഡ് 'ഖ' യ്ക്കു കൊടുക്കുകയും ചെയ്യുന്നു. ഈ നിബന്ധനയിൽ ഭാഗികമായ ഭക്ഷണം കൂടി ഉൾപ്പെടുന്നതാണെന്നുള്ള ഒരു വാക്കാൽ കരാർ 'ക' യ്ക്കു തെളിയിക്കാവുന്നതാണ്.

'ഖ' യിൽനിന്ന് ഒരു വർഷത്തേക്ക് താമസസ്ഥലങ്ങൾ 'ക' വാടകക്കെടുക്കുകയും, അവർ തമ്മിൽ ഒരു അററാർണി എഴുതിയുണ്ടാക്കിയതും ക്രമപ്രകാരം സ്ററാമ്പൊട്ടിച്ചതുമായ ഒരു കരാർ ഉണ്ടാക്കുകയും ചെയ്യുന്നു. ഭക്ഷണ കാര്യത്തെപ്പററി അത് മൗനമാണ്. നിബന്ധനകളിൽ ഭക്ഷണകാര്യം വാക്കാൽ ഉൾപ്പെടുത്തിയിരുന്നുവെന്ന് 'ക' യ്ക്ക് തെളിയിക്കാവുന്നതല്ല.

(ഢ) 'ക' യ്ക്ക് കിട്ടേണ്ട ഒരു കടത്തിന്, ആ പണത്തിനുള്ള ഒരു രസീത് അയച്ചുകൊടുത്തുകൊണ്ട്, 'ക' 'ഖ' യോട് ആവശ്യപ്പെടുന്നു. 'ഖ' ആ രസീത് സൂക്ഷിക്കുകയും പണം അയച്ചുകൊടുക്കാതിരിക്കുകയും ചെയ്യുന്നു. ആ തുകക്കായുള്ള ഒരു വ്യവഹാരത്തിൽ 'ക' യ്ക്കു ഇതു തെളിയിക്കാവുന്നതാണ്.

(ഞ) ഒരു അനിശ്ചിത സംഭവം ഉണ്ടായാൽ ബലത്തിൽ വരേണ്ടതായ ഒരു കാൺട്രാക്ട് 'ക' യും 'ഖ' യും കൂടി എഴുതി ഉണ്ടാക്കുന്നു. അങ്ങനെ എഴുതിയത് 'ഖ' യുടെ പക്കൽ കൊടുക്കുന്നു; ആയാൾ അതിനുമേൽ 'ക' യുടെ മേൽ വ്യവഹാരപ്പെടുന്നു. അതു കൊടുത്തതായ പരിതഃസ്ഥിതികൾ 'ക' യ്ക്ക് കാണിക്കാവുന്നതാണ്.

93. <u>സന്ദിഗ്ദ്ധാർത്ഥമുള്ള രേഖകൾ വിശദീകരിക്കുവാനോ, ഭേദഗതി ചെയ്യുവാനോ ഉള്ള തെളിവ് ഒഴിച്ചുനിറുത്തൽ.</u>—ഒരു രേഖയിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ, പ്രത്യക്ഷത്തിൽ അസന്ദിഗ്ദ്ധാർത്ഥമുള്ളതോ ന്യൂനതയുള്ളതോ ആയിരിക്കുമ്പോൾ, അതിന്റെ അർത്ഥം കാണിക്കുന്നതോ അതിന്റെ ന്യൂനതകൾ പരിഹരിക്കുന്നതോ ആയ വസ്തുതകൾ സംബന്ധിച്ചതെളിവുകൾ നല്കാവുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) "1000 രൂപയ്ക്കോ 1500 രൂപയ്ക്കോ" ഒരു കുതിരയെ 'ഖ' യ്ക്കു വില്ക്കാമെന്ന് 'ക' കരാർ എഴുതി കൊടുക്കുന്നു.

ഏതു വിലയ്ക്കാണ് കൊടുക്കേണ്ടിയിരിക്കുന്നതെന്നു കാണിക്കുന്നതിന് തെളിവ് നല്കാവുന്നതല്ല.

(ഖ) ഒരു കരണത്തിൽ എഴുതാതെ ഒഴിച്ചിട്ട സ്ഥലമുണ്ട്. എങ്ങനെയാണ് അതു പൂരിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് കാണിക്കുന്ന വസ്തുതകളെക്കുറിച്ച് തെളിവ് നല്കാവുന്നതല്ല.

94. നിലവിലിരിക്കുന്ന വസ്തുതകൾക്ക് രേഖ ബാധകമാകുന്നതിനെതിരായുള്ള തെളിവ് ഒഴിച്ചുനിറുത്തൽ. — ഒരു രേഖയിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ സ്വയം സ്പഷ്ടമായിരിക്കുകയും, നിലവിലിരിക്കുന്ന വസ്തുതകൾക്ക് അതു കൃത്യമായി ബാധകമാവുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള വസ്തുതകൾക്ക് അതു ബാധകമാകുവാൻ ഉദ്ദേശിച്ചിരുന്നില്ലെന്ന് കാണിക്കുന്നതിന് തെളിവ് നൽകാവുന്നതല്ല.

### ദൃഷ്ടാന്തം

"100 ബീഘാ ഉള്ള റാംപൂരിലെ എന്റെ എസ്റേററ്" കരണം വഴി 'ക' 'ഖ' യ്ക്ക് വില്ക്കുന്നു. 'ക' യ്ക്ക് റാംപൂരിൽ 100 ബീഘാ ഉള്ള ഒരു എസ്റേററ് ഉണ്ട്. വില്ക്കാൻ ഉദ്ദേശിച്ച എസ്റേററ് ഒരു വ്യത്യസ്ത സ്ഥലത്തുള്ളതും വ്യത്യസ്തമായ വലിപ്പമുള്ളതുമായ ഒന്നായിരുന്നെന്ന വസ്തുതയെക്കുറിച്ച് തെളിവ് നല്കാവുന്നതല്ല.

95. നിലവിലുള്ള വസ്തുതകൾ വച്ചുനോക്കിയാൽ അർത്ഥഹീനമായ രേഖ സംബന്ധിച്ചുള്ള തെളിവ്: — ഒരു രേഖയിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ സ്വയംസ്പഷ്ടമായിരിക്കുകയും എന്നാൽ നിലവിലുള്ള വസ്തുതകൾ വച്ചുനോക്കിയാൽ അർത്ഥഹീനമായിരിക്കുകയും ചെയ്യുമ്പോൾ, അത് ഒരു വിശേഷാർത്ഥത്തിലാണ് ഉപയോഗിച്ചതെന്ന് കാണിക്കുന്നതിന് തെളിവ് നല്കാവുന്നതാണ്.

### ദൃഷ്ടാന്തം

"കൽക്കട്ടയിലെ എന്റെ വീട്" കരണം വഴി 'ക' 'ഖ' യ്ക്ക് വില്ക്കുന്നു. 'ക' യ്ക്ക് കൽക്കട്ടയിൽ വീടില്ലായിരുന്നു, എന്നാൽ അയാൾക്ക് ആ കരണം ഒപ്പിട്ടുപൂർത്തീകരിച്ചതിനുശേഷം 'ഖ' യുടെ കൈവശത്തിലായിരുന്ന ഒരു വീട് ഹൗറയിൽ ഉണ്ടായിരുന്നതായി കാണുന്നു. കരണം ഹൗറയിലെ വീട് സംബന്ധിച്ചതാണെന്ന് കാണിക്കുന്നതിന് ഈ വസ്തുതകൾ തെളിയിക്കാവുന്നതാണ്.

96. പല ആളുകളിൽ ഒരാൾക്കുമാത്രം ബാധകമാകാവുന്ന ഭാഷ ബാധകമാകുന്നത് സംബന്ധിച്ച തെളിവ്. — വസ്തുതകൾ, ഉപയോഗിച്ചിരിക്കുന്ന ഭാഷ പല ആളുകളിൽ അല്ലെങ്കിൽ സാധനങ്ങളിൽ ഒരാൾക്കോ, ഒരു സാധനത്തിനോ ബാധകമാകണമെന്ന് ഉദ്ദേശിച്ചതായിരിക്കാവുന്നതും, ഒന്നിൽ കൂടുതൽ ആൾക്കോ സാധനത്തിനോ ബാധകമാകണമെന്ന് ഉദ്ദേശിച്ചതായിരിക്കുവാൻ വയ്യാത്തതും ആയിരിക്കുമ്പോൾ, ആ ആളുകളിലോ സാധനങ്ങളിലോ ഏതാൾക്കോ സാധനത്തിനോ ആണ് അത് ബാധകമാകണമെന്ന് ഉദ്ദേശിച്ചിരുന്നത് എന്ന് കാണിക്കുന്ന വസ്തുതകൾ സംബന്ധിച്ച തെളിവ് നല്കാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) "എന്റെ വെള്ളക്കുതിര"യെ 'ഖ' യ്ക്ക് 1000 രൂപയ്ക്ക് വില്ക്കാമെന്ന് 'ക' കരാർ ചെയ്യുന്നു. 'ക' യ്ക്ക് രണ്ട് വെള്ളക്കുതിരകൾ ഉണ്ട്. അവയിൽ ഏതിനെയാണ് ഉദ്ദേശിച്ചതെന്നു കാണിക്കുന്ന വസ്തുതകളെക്കുറിച്ച് തെളിവ് നല്കാവുന്നതാണ്.

(ഖ) ഹൈദരാബാദിലേക്ക് 'ഖ' യെ അനുഗമിക്കാമെന്ന് 'ക' കരാർ ചെയ്യുന്നു. ഡക്കാണിലെ ഹൈദരാബാദാണോ, സിൻഡിലെ ഹൈദരാബാദാണോ ഉദ്ദേശിക്കപ്പെട്ടത് എന്ന് കാണിക്കുന്ന വസ്തുതകളെക്കുറിച്ച് തെളിവ് നല്കാവുന്നതാണ്.

97. രണ്ടു സെററ് വസ്തുതകളിൽ ഒന്നിനും മുഴുവനും ശരിക്ക് ബാധകമാകാത്ത ഭാഷ അവയിൽ ഒന്നിന് ബാധകമാകുന്നത് സംബന്ധിച്ച തെളിവ്:—ഉപയോഗിച്ചിരിക്കുന്ന ഭാഷ ഭാഗികമായി നിലവിലിരിക്കുന്ന ഒരു സെററ് വസ്തുതകൾക്കും ഭാഗികമായി നിലവിലിരിക്കുന്ന മറ്റൊരു സെററ് വസ്തുതകൾക്കും ബാധകമായിരിക്കുകയും എന്നാൽ അത് മുഴുവനും ഒന്നിനും ശരിക്ക് ബാധകമാകാതിരിക്കുകയും ചെയ്യുമ്പോൾ, രണ്ടിൽ ഏതിനാണ് അത് ബാധകമാകാൻ ഉദ്ദേശിച്ചിരുന്നതെന്ന് കാണിക്കുന്നതിനുള്ള തെളിവ് നല്കാവുന്നതാണ്.

### ദൃഷ്ടാന്തം

"ഭ' എന്ന സ്ഥലത്തുള്ളതും 'മ' യുടെ കൈവശത്തിലിരിക്കുന്നതുമായ എന്റെ ഭൂമി" 'ഖ' യ്ക്ക് വില്ക്കാമെന്ന് 'ക' കരാർ ചെയ്യുന്നു. 'ഭ' എന്ന സ്ഥലത്ത് 'ക' യ്ക്ക് ഭൂമിയുണ്ട്; എന്നാൽ അത് 'മ' യുടെ കൈവശത്തിലല്ല. അയാൾക്ക് 'മ' യുടെ കൈവശത്തിൽ ഭൂമിയുണ്ട്; എന്നാൽ അത് 'ഭ' എന്ന സ്ഥലത്തല്ല. ഏതാണ് അയാൾ വില്ക്കുവാൻ ഉദ്ദേശിച്ചത് എന്ന് കാണിക്കുന്ന വസ്തുതകളെക്കുറിച്ച് തെളിവ് നല്കാവുന്നതാണ്.

98. അവ്യക്തമായ അക്ഷരങ്ങൾ മുതലായവയുടെ അർത്ഥം സംബന്ധിച്ച തെളിവ്.—വായിക്കാൻ വയ്യാത്തതോ സാധാരണ നിലയിൽ ഗ്രഹിക്കാൻ വയ്യാത്തതോ ആയ അക്ഷരങ്ങളുടേയും, വിദേശീയമോ പ്രചാരലുപ്തമോ സാങ്കേതികമോ തദ്ദേശ്യമോ പ്രാദേശികമോ ആയ പദങ്ങളുടേയും, പദസംക്ഷേപങ്ങളുടേയും വിശേഷാർത്ഥത്തിൽ ഉപയോഗിച്ച വാക്കുകളുടേയും അർത്ഥം കാണിക്കുന്നതിലേക്ക് തെളിവ് നല്കാവുന്നതാണ്.

### ദൃഷ്ടാന്തം

'ഖ' യ്ക്ക് "എന്റെ എല്ലാ മോഡുകളും" വില്ക്കാമെന്ന് ഒരു പ്രതിമാശില്പിയായ 'ക' കരാർ ചെയ്യുന്നു. 'ക' യ്ക്ക് മോഡുകളും മോഡൽ നിർമ്മിക്കുന്നതിനുള്ള സാമഗ്രികളും ഉണ്ട്. അയാൾ ഏതാണ് വില്ക്കാൻ ഉദ്ദേശിച്ചതെന്ന് കാണിക്കുന്നതിന് തെളിവ് നല്കാവുന്നതാണ്.

99. രേഖയുടെ നിബന്ധനകൾ വ്യത്യാസപ്പെടുത്തുന്ന കരാറിനെക്കുറിച്ച് തെളിവ് ആർക്ക് നല്കാമെന്ന്:—ഒരു രേഖയിലെ, കക്ഷികളോ, അവരുടെ താൽപര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നവരോ അല്ലാത്ത ആളുകൾക്ക് ആ രേഖയുടെ നിബന്ധനകൾ വ്യത്യാസപ്പെടുത്തുന്ന ഒരു സമകാലിക കരാറിനെ കാണിക്കുന്ന പ്രവണതയുള്ള ഏതെങ്കിലും വസ്തുതകളെക്കുറിച്ച് തെളിവ് നല്കാവുന്നതാണ്.

### ദൃഷ്ടാന്തം

ഡെലിവറി കൊടുക്കുമ്പോൾ പണം കൊടുക്കേണ്ട കുറെ പരുത്തി 'ക' യ്ക്ക് 'ഖ' വില്ക്കേണ്ടതാണെന്ന് 'ക' യും 'ഖ' യും തമ്മിൽ രേഖാമൂലമായ ഒരു കാൺട്രാക്റ്റ് എഴുതിപ്പിടിക്കുന്നു. അതേസമയം 'ക' യ്ക്ക് മൂന്നു

മാസത്തെ ക്രെഡിററ് നല്കേണ്ടതാണെന്ന് അവർ വാക്കാൽ കരാർ ചെയ്യുന്നു. 'ക' യും 'ഖ' യും തമ്മിൽ ഇത് തെളിയിക്കാവുന്നതല്ല. എന്നാൽ 'ഗ' യ്ക്ക് അത് അയാളുടെ താൽപര്യങ്ങളെ ബാധിക്കുന്നതെങ്കിൽ അത് തെളിയിക്കാവുന്നതാണ്.

100. **മരണശാസനങ്ങളെ സംബന്ധിച്ച ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്ററിലെ വ്യവസ്ഥകൾ ഒഴിവാക്കൽ.**—ഈ അധ്യായത്തിൽ അടങ്ങിയിരിക്കുന്ന യാതൊന്നും മരണശാസനങ്ങളുടെ അർത്ഥകല്പനയെ സംബന്ധിച്ചിടത്തോളം ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്ററ്, 1925 (1925-ലെ 39)-ൽ അടങ്ങിയിരിക്കുന്ന ഏതെങ്കിലും വ്യവസ്ഥകളെ ബാധിക്കുന്നതായി പരിഗണിക്കുവാൻ പാടില്ലാത്തതാകുന്നു.

## ഭാഗം III

## തെളിവ് ഹാജരാക്കലും അതിന്റെ പ്രഭാവവും

### അദ്ധ്യായം VII

### തെളിയിക്കേണ്ട ഭാരത്തെക്കുറിച്ച്

101. തെളിയിക്കേണ്ട ഭാരം.—ഒരാൾ ഊന്നിപ്പറയുന്ന വസ്തുതകളുടെ അസ്തിത്വത്തെ ആശ്രയിച്ചിരിക്കുന്ന നിയമപ്രകാരമുള്ള ഏതെങ്കിലും അവകാശമോ, ബാദ്ധ്യതയോ സംബന്ധിച്ച് ഏതെങ്കിലും കോടതി വിധിന്യായം നല്കണമെന്ന് ആഗ്രഹിക്കുന്ന ഏതൊരാളും ആ വസ്തുതകൾക്ക് അസ്തിത്വം ഉണ്ടെന്നു തെളിയിക്കണം.

ഏതെങ്കിലും വസ്തുതയുടെ അസ്തിത്വം തെളിയിക്കാൻ ഒരാൾ ബാദ്ധ്യസ്ഥനായിരിക്കുമ്പോൾ, തെളിയിക്കേണ്ട ഭാരം ആ ആൾക്കാണ് എന്നു പറയപ്പെടുന്നു.

#### ദൃഷ്ടാന്തങ്ങൾ

(ക) 'ഖ' ചെയ്തിട്ടുണ്ടെന്ന് 'ക' പറയുന്ന ഒരു കുററത്തിന് 'ഖ' ശിക്ഷിക്കപ്പെടുന്നതാണെന്ന് കോടതി വിധിന്യായം പറയണമെന്ന് 'ക' ആഗ്രഹിക്കുന്നു.

'ഖ' ആ കുററം ചെയ്തിട്ടുണ്ടെന്ന് 'ക' തെളിയിക്കണം.

(ഖ) സത്യമെന്ന് താൻ ഊന്നിപ്പറയുന്നതും, 'ഖ' നിഷേധിക്കുന്നതുമായ വസ്തുതകൾ കാരണമായി 'ഖ' യുടെ കൈവശമുള്ള ഒരു ഭൂമി തനിക്ക് അവകാശപ്പെട്ടതാണെന്ന് ഒരു കോടതി വിധിന്യായം പറയണമെന്ന് 'ക' ആഗ്രഹിക്കുന്നു.

ആ വസ്തുതകളുടെ അസ്തിത്വം 'ക' തെളിയിക്കണം.

102. തെളിയിക്കേണ്ട ഭാരം ആർക്കെന്ന്.—ഒരു വ്യവഹാരത്തിലോ നടപടിയിലോ തെളിയിക്കേണ്ട ഭാരം, ഇരുഭാഗത്തിൽ ആരും തെളിവ് ഒന്നും തന്നെ നല്കിയില്ലെങ്കിൽ ആരു തോല്ക്കുമോ ആ ആൾക്കാകുന്നു.

#### ദൃഷ്ടാന്തങ്ങൾ

(ക) 'ഖ' യുടെ കൈവശമുള്ളതും 'ക' ഊന്നിപ്പറയുന്നതുപോലെ 'ഖ' യുടെ പിതാവായ 'ഗ' യുടെ മരണശാസനപ്രകാരം 'ക' യ്ക്ക് നല്കിയതുമായ വസ്തുവിനു 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു.

ഇരുഭാഗത്തിൽ ആരും തെളിവൊന്നും നല്കുന്നില്ലെങ്കിൽ, തന്റെ കൈവശം തുടരുന്നതിന് 'ഖ' യ്ക്ക് അവകാശമുണ്ട്.

അതുകൊണ്ട് തെളിയിക്കേണ്ട ഭാരം 'ക' യ്ക്കാകുന്നു.

(ഖ) ഒരു ബാണ്ടു പ്രകാരം കിട്ടേണ്ട പണത്തിന് 'ക' 'ഖ' യുടെ മേൽ വ്യവഹാരപ്പെടുന്നു.

ബാണ്ടു ഒപ്പിട്ട് പൂർത്തീകരിച്ചത് സമ്മതിച്ചിരിക്കുന്നു, എന്നാൽ അത് വഞ്ചനവഴി നേടിയതാണെന്ന് 'ഖ' പറയുന്നു, 'ക' അത് നിഷേധിക്കുന്നു.

ഇരുഭാഗത്തിൽ ആരും തെളിവൊന്നും നല്കുന്നില്ലെങ്കിൽ, ബാണ്ടിനെപ്പററി തർക്കമില്ലാത്തതുകൊണ്ടും, വഞ്ചന തെളിയിക്കപ്പെടാത്തതുകൊണ്ടും 'ക' വിജയിക്കും.

അതുകൊണ്ട് തെളിയിക്കേണ്ട ഭാരം 'ഖ' യ്ക്ക് ആണ്.

103. ഏതെങ്കിലും ഒരു വസ്തുത തെളിയിക്കേണ്ട ഭാരം.— ഏതെങ്കിലും ഒരു നിർദ്ദിഷ്ട വസ്തുത തെളിയിക്കേണ്ട ഭാരം, അത് തെളിയിക്കേണ്ടത് നിർദ്ദിഷ്ടനായ ഒരാളായിരിക്കേണ്ടതാണെന്ന് ഏതെങ്കിലും നിയമം വ്യവസ്ഥ ചെയ്യാത്തപക്ഷം, ആ വസ്തുതയുടെ അസ്തിത്വത്തിൽ കോടതി വിശ്വസിക്കണമെന്ന് ഇച്ഛിക്കുന്ന ആൾക്ക് ആകുന്നു.

ദൃഷ്ടാന്തം

(ക) 'ക' 'ഖ' യെ മോഷണത്തിന് പ്രോസിക്യൂട്ട് ചെയ്യുകയും, 'ഗ' യോട് 'ഖ' മോഷണം സമ്മതിച്ചതായി കോടതി വിശ്വസിക്കണമെന്ന് ഇച്ഛിക്കുകയും ചെയ്യുന്നു. ആ സമ്മതം 'ക' തെളിയിക്കണം.

സംഭവസമയത്ത് താൻ മററൊരിടത്ത് ആയിരുന്നുവെന്ന് കോടതി വിശ്വസിക്കണമെന്ന് 'ഖ' ഇച്ഛിക്കുന്നു. അയാൾ അത് തെളിയിക്കണം.

104. തെളിവ് സ്വീകാര്യമാക്കുന്നതിന് തെളിയിക്കപ്പെടേണ്ട വസ്തുത തെളിയിക്കേണ്ട ഭാരം.—മറേറതെങ്കിലുംവസ്തുതയെക്കുറിച്ച് തെളിവുനല്കാൻ ഏതെങ്കിലും ആൾക്ക് കഴിവുണ്ടാക്കുവാൻവേണ്ടി തെളിയിക്കുന്നത് ആവശ്യമായ ഏതെങ്കിലും വസ്തുത തെളിയിക്കേണ്ട ഭാരം, അങ്ങനെയുള്ള തെളിവ് നല്കാൻ ഇച്ഛിക്കുന്ന ആൾക്കാകുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) 'ഖ' യുടെ മരണമൊഴി തെളിയിക്കുവാൻ 'ക' ഇച്ഛിക്കുന്നു. 'ക' 'ഖ' യുടെ മരണം തെളിയിക്കണം.

(ഖ) നഷ്ടപ്പെട്ട ഒരു രേഖയുടെ ഉള്ളടക്കം, ദ്വിതീയകത്തെളിവുവഴി തെളിയിക്കാൻ 'ക' ഇച്ഛിക്കുന്നു. ആ രേഖ നഷ്ടപ്പെട്ടുവെന്ന് 'ക' തെളിയിക്കണം.

105. കുററാരോപണം ചെയ്യപ്പെട്ട ആളുടെ കാര്യം അപവാദങ്ങളിൽപ്പെടുന്നുവെന്ന് തെളിയിക്കേണ്ട ഭാരം—ഒരാൾ ഏതെങ്കിലും കുററം ചെയ്തതായി ആരോപിക്കപ്പെട്ടിരിക്കുമ്പോൾ ആ കാര്യം ഇൻഡ്യൻ ശിക്ഷാനിയമസംഹിത, 1860 (1860-ലെ 45)-ലെ ഏതെങ്കിലും സാമാന്യമായ അപവാദങ്ങളുടെയോ അതേ സംഹിതയിലെ മറേറതെങ്കിലും ഭാഗത്തെ ആ കുററം നിർവ്വചിക്കുന്ന ഏതെങ്കിലും നിയമത്തിലൊ അടങ്ങിയിട്ടുള്ള ഏതെങ്കിലും പ്രത്യേക അപവാദത്തിൻെറയോ പരിമിതി വ്യവസ്ഥയുടേയൊ പരിധിക്കുള്ളിൽ കൊണ്ടുവരുന്ന പരിതഃസ്ഥിതികളുണ്ടെന്ന് തെളിയിക്കേണ്ട ഭാരം അയാൾക്കുള്ളതും, കോടതി അങ്ങനെയുള്ള പരിത:സ്ഥിതികൾ ഇല്ലെന്ന് അനുമാനിക്കേണ്ടതും ആകുന്നു

ദൃഷ്ടാന്തങ്ങൾ

(ക) കൊലപാതകം ആരോപിക്കപ്പെട്ട 'ക' ചിത്തഭ്രമം കാരണമായി കൃത്യത്തിൻെറ സ്വഭാവം അറിഞ്ഞില്ലെന്ന് പറയുന്നു.

തെളിയിക്കേണ്ട ഭാരം 'ക' യ്ക്കാണ്.

(ഖ) കൊലപാതകം ആരോപിക്കപ്പെട്ട 'ക' ഗുരുവായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്താൽ തനിക്കു ആത്മനിയന്ത്രണ ശക്തി ഇല്ലാതാക്കപ്പെട്ടിരുന്നുവെന്ന് പറയുന്നു.

തെളിയിക്കേണ്ട ഭാരം 'ക' യ്ക്കാണ്.

(ഗ) ഇൻഡ്യൻ ശിക്ഷാനിയമ സംഹിത, 1860 (1860-ലെ 45)-ലെ 335-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള സംഗതിയിലൊഴികെ, സ്വേച്ഛയാ കഠിനമായ ദേഹോപദ്രവമേല്പിക്കുന്ന ആരും, ചില ശിക്ഷകൾക്ക് വിധേയനായിരിക്കുന്നതാണെന്ന് 325-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

325-ാം വകുപ്പുപ്രകാരം സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിച്ചുവെന്നതിന് 'ക' ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുന്നു.

ആ കേസ് 335-ാം വകുപ്പിൻകീഴിൽ കൊണ്ടുവരുന്ന പരിതഃസ്ഥിതികൾ തെളിയിക്കേണ്ട ഭാരം 'ക'-യ്ക്കാണ്.

106. സവിശേഷമായി അറിവിൽപ്പെട്ട വസ്തുത തെളിയിക്കേണ്ട ഭാരം.—ഏതെങ്കിയും വസ്തുത സവിശേഷമായി ഏതെങ്കിലും ആളുടെ അറിവിൽപ്പെട്ടതായിരിക്കുമ്പോൾ, ആ വസ്തുത തെളിയിക്കേണ്ട ഭാരം അയാൾക്കാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ഒരു കൃത്യം, ആ കൃത്യത്തിന്റെ സ്വഭാവവും പരിതഃസ്ഥിതികളും സൂചിപ്പിക്കുന്ന ഉദ്ദേശ്യമല്ലാതെയുള്ള മറേറതെങ്കിലും ഉദ്ദേശ്യത്തോടെ ഒരാൾ ചെയ്യുമ്പോൾ, ആ ഉദ്ദേശ്യം തെളിയിക്കേണ്ട ഭാരം അയാൾക്കാണ്.

(ഖ) ടിക്കററ് കൂടാതെ തീവണ്ടിയിൽ സഞ്ചരിച്ചുവെന്നതിന് 'ക' ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുന്നു. തനിക്ക് ടിക്കററ് ഉണ്ടായിരുന്നുവെന്ന് തെളിയിക്കേണ്ട ഭാരം അയാൾക്കാണ്.

107. മുപ്പതു വർഷങ്ങൾക്കുള്ളിൽ ജീവിച്ചിരുന്നതായി അറിയുന്ന ആളുടെ മരണം തെളിയിക്കേണ്ട ഭാരം.—പ്രശ്നം ഒരാൾ ജീവിച്ചിരിപ്പുണ്ടോ മരിച്ചുപോയോ എന്നതായിരിക്കുകയും, മുപ്പതു വർഷത്തിനുള്ളിൽ അയാൾ ജീവിച്ചിരിപ്പുണ്ടായിരുന്നു എന്ന് കാണിച്ചിരിക്കുകയും ചെയ്യുമ്പോൾ അയാൾ മരിച്ചുപോയെന്ന് തെളിയിക്കേണ്ട ഭാരം അത് ഉറപ്പിച്ചു പറയുന്ന ആൾക്കാകുന്നു.

108. ഏഴുവർഷമായി കേൾക്കപ്പെടാത്ത ആൾ ജീവിച്ചിരിപ്പുണ്ടെന്നു തെളിയിക്കേണ്ട ഭാരം.—എന്നാൽ പ്രശ്നം ഒരാൾ ജീവിച്ചിരിപ്പുണ്ടോ മരിച്ചുപോയോ എന്നതായിരിക്കുകയും, അയാൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ സ്വാഭാവികമായി അയാളെപ്പററി കേൾക്കുമായിരുന്ന ആളുകൾ അയാളെപ്പററി ഏഴു വർഷമായി കേട്ടിട്ടില്ലെന്ന് തെളിയിച്ചിരിക്കുകയും ചെയ്യുമ്പോൾ അയാൾ ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കേണ്ട ഭാരം അത് ഉറപ്പിച്ചു പറയുന്ന ആളിലേക്ക് മാറുന്നു.

109. പങ്കുകാരുടേയും ജൻമി-കുടിയാൻമാരുടേയും പ്രിൻസിപ്പൽ-ഏജൻറുമാരുടേയും സംഗതികളിൽ ബന്ധം സംബന്ധിച്ച് തെളിയിക്കേണ്ട ഭാരം.—പ്രശ്നം ചില ആളുകൾ പങ്കുകാരോ ജൻമി-കുടിയാൻമാരോ, പ്രിൻസിപ്പൽ-ഏജൻറുമാരോ ആണോ എന്നതായിരിക്കുകയും അവർ അങ്ങനെ പ്രവർത്തിച്ചിരുന്നു എന്ന് കാണിച്ചിരിക്കുകയും ചെയ്യുമ്പോൾ, അവർ തമ്മിൽ യഥാക്രമം ആ ബന്ധങ്ങൾ ഇല്ലെന്നോ, ഉണ്ടായിരുന്നത് അവസാനിച്ചുവെന്നോ തെളിയിക്കേണ്ട ഭാരം, അത് ഉറപ്പിച്ചു പറയുന്ന ആൾക്ക് ആകുന്നു.

110. ഉടമാവകാശം സംബന്ധിച്ച് തെളിയിക്കേണ്ട ഭാരം.—പ്രശ്നം ഏതെങ്കിലും ആരം. അയാളുടെ കൈവശമാണെന്ന് കാണിച്ചിട്ടുള്ള എന്തിന്റെ യെങ്കിലും ഉടമയാണോ എന്നതായിരിക്കുമ്പോരം, അയാരം ഉടമയല്ല എന്നു തെളിയിക്കേണ്ട ഭാരം, അയാരം ഉടമയല്ല എന്ന് ഉറപ്പിച്ചു പറയുന്ന ആരംക്കാകുന്നു.

111. ഒരു കക്ഷി സജീവമായ വിശ്വാസ്യതാബന്ധത്തിലായിരിക്കുന്ന ഇടപാടുകളിൽ ഉത്തമവിശ്വാസം തെളിയിക്കൽ.—കക്ഷികളിൽ ഒരാരം മററാളുമായി സജീവമായ വിശ്വാസ്യത പുലർത്തുന്ന അവസ്ഥയിലിരിക്കുന്ന ഒരു ഇടപാടിലെ ഉത്തമവിശ്വാസം സംബന്ധിച്ച ഒരു പ്രശ്നമുള്ളപ്പോരം, ആ ഇടപാടിലെ ഉത്തമവിശ്വാസം തെളിയിക്കേണ്ട ഭാരം, സജീവമായ വിശ്വാസ്യത പുലർത്തുന്ന അവസ്ഥയിലിരിക്കുന്ന കക്ഷിക്കാകുന്നു.

ദൃഷ്ടാന്തങ്ങരം

(ക) അററാർണിക്ക് കക്ഷി നടത്തിയ ഒരു വില്പനയുടെ ഉത്തമ വിശ്വാസം ആ കക്ഷി കൊണ്ടുവന്ന വ്യവഹാരത്തിൽ പ്രശ്നമാണ്. ആ ഇടപാടിന്റെ ഉത്തമവിശ്വാസം തെളിയിക്കേണ്ട ഭാരം അററാർണിക്കാണ്.

(ഖ) ഒരു പിതാവിന് അപ്പോരംമാത്രം പ്രായപൂർത്തി എത്തിയ മകൻ നടത്തിയ ഒരു വില്പനയുടെ ഉത്തമവിശ്വാസം ആ മകൻ കൊണ്ടുവന്ന വ്യവഹാരത്തിൽ പ്രശ്നമാണ്. ആ ഇടപാടിലെ ഉത്തമവിശ്വാസം തെളിയിക്കേണ്ട ഭാരം പിതാവിനാണ്.

112. വിവാഹബന്ധം നിലവിലുള്ളപ്പോഴത്തെ ജനനം നിയമാനുസൃത പുത്രനാണെന്നതിന്റെ നിശ്ചായകത്തെളിയിക്കലാണെന്ന്.—തന്റെ മാതാവും ഏതെങ്കിലും പുരുഷനും തമ്മിൽ സാധുവായ വിവാഹബന്ധം തുടരുമ്പോഴോ, അല്ലെങ്കിൽ ആ ബന്ധത്തിന്റെ വിഘടനത്തിനുശേഷം മാതാവ് വീണ്ടും വിവാഹിത ആകാതെയിരിക്കെ ഇരുന്നൂററി എൺപതു ദിവസത്തിനകമോ, ഏതെങ്കിലും ആരം ജനിച്ചു എന്ന വസ്തുത, അയാരം ഉൽപ്പാദിപ്പിക്കപ്പെടുവാൻ കഴിയുമായിരുന്ന ഒരു സമയത്ത് വിവാഹത്തിലെ കക്ഷികരംക്ക് അന്യോന്യം പ്രാപിക്കാൻ സാദ്ധ്യത ഉണ്ടായിട്ടില്ലെന്ന് കാണിക്കാൻ കഴിയാത്തപക്ഷം, അയാരം ആ പുരുഷന്റെ നിയമാനുസൃത പുത്രനാണെന്നുള്ളതിന്റെ നിശ്ചായകത്തെളിയിക്കൽ ആകുന്നതാണ്.

113. രാജ്യക്ഷേത്രം ദത്തമായത് തെളിയിക്കൽ.—ഗവൺമെൻറ് ആഫ് ഇൻഡ്യാ ആക്ററ്, 1935 (26 ജോർജ്ജ്, 5, അദ്ധ്യായം 2)-ലെ III-ാം ഭാഗത്തിന്റെ പ്രാരംഭത്തിനു മുൻപ് ബ്രിട്ടീഷ് രാജ്യ ക്ഷേത്രത്തിന്റെ ഏതെങ്കിലും ഭാഗം ഏതെങ്കിലും നാട്ടുരാജ്യത്തിനോ നാട്ടുരാജാവിനോ ഭരണാധികാരിക്കോ ദത്തമായിട്ടുണ്ടെന്നുള്ള ഔദ്യോഗിക ഗസററിലെ ഒരു വിജ്ഞാപനം അങ്ങനെയുള്ള രാജ്യക്ഷേത്രം അങ്ങനെയുള്ള വിജ്ഞാപനത്തിൽ പറഞ്ഞ തീയതി സാധുവായി ദത്തമായിട്ടുണ്ടെന്നതിന്റെ നിശ്ചായകത്തെളിയിക്കലാകുന്നതാണ്.

114. ചില വസ്തുതകളുടെ അസ്തിത്വം കോടതിക്ക് അനുമാനിക്കാവുന്നതാണെന്ന്.—കോടതിക്ക്, സംഭവിച്ചിരിക്കാൻ ഇടയുണ്ടെന്ന് അത് കരുതുന്ന ഏതെങ്കിലും വസ്തുതയുടെ അസ്തിത്വം, സ്വാഭാവിക സംഭവങ്ങളുടേയും മാനുഷികമായ പെരുമാററത്തിന്റേയും പബ്ലിക്കും പ്രൈവററുമായ

ബിസിനസ്സിന്റേയും സാധാരണഗതി ആ പ്രത്യേക കേസ്സിന്റെ വസ്തുതകളുമായുള്ള ബന്ധത്തിൽ പരിഗണിച്ചുകൊണ്ട് അനുമാനിക്കാവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

കോടതിക്ക്—

(ക) കളവുമുതൽ മോഷണം കഴിഞ്ഞ ഉടനെ കൈവശം വച്ചിരിക്കുന്ന ആൾ, തനിക്ക് എങ്ങനെ കൈവശം കിട്ടിയെന്ന് കാണിക്കാൻ അയാൾക്ക് കഴിയാത്തപക്ഷം, ഒന്നുകിൽ മോഷ്ടാവാണ്, അല്ലെങ്കിൽ കളവുമുതലാണെന്ന് അറിഞ്ഞുകൊണ്ട് അവ സ്വീകരിച്ചിട്ടുണ്ടെന്ന് ;

(ഖ) കൂട്ടുകുററക്കാരൻ, അയാളുടെ തെളിവിന് സാരവത്തായ വിവരങ്ങളിൽ ഉപോൽബലനമില്ലാത്തപക്ഷം വിശ്വാസ്യതയ്ക്ക് അനർഹനാണെന്ന് ;

(ഗ) പ്രതിഗ്രഹിക്കുകയോ, എൻഡോഴ്സ് ചെയ്യുകയോ ചെയ്ത ഒരു വിനിമയപത്രം ശരിയായ പ്രതിഫലത്തിൻമേൽ ആണ് പ്രതിഗ്രഹിക്കുകയോ എൻഡോഴ്സ് ചെയ്യുകയോ ചെയ്തതെന്ന് ;

(ഘ) ഏതെങ്കിലും സംഗതികൾക്കോ സംഗതികളുടെ അവസ്ഥയ്ക്കോ സാധാരണമായി അസ്തിത്വം ഇല്ലാതായിത്തീരുന്ന കാലത്തേക്കാൾ കുറഞ്ഞ ഒരു കാലത്തിനുള്ളിൽ അസ്തിത്വം ഉള്ളതായി കാണിച്ചിട്ടുള്ള അങ്ങനെയുള്ള സംഗതികൾക്കോ സംഗതികളുടെ അവസ്ഥയ്ക്കോ അപ്പോഴും അസ്തിത്വം ഉണ്ടെന്ന് ;

(ങ) ജുഡീഷ്യലും ഔദ്യോഗികവും ആയ കൃത്യങ്ങൾ ക്രമപ്രകാരം നിർവ്വഹിച്ചിട്ടുണ്ടെന്ന് ;

(ച) പ്രത്യേക സംഗതികളിൽ സാധാരണ ബിസിനസ്സുമുറ അനുവർത്തിച്ചിട്ടുണ്ടെന്ന് ;

(ഛ) ഹാജരാക്കാൻ കഴിയുന്നതും ഹാജരാക്കിയിട്ടില്ലാത്തതും ആയ തെളിവ്, ഹാജരാക്കിയാൽ അത് ഹാജരാക്കാതിരിക്കുന്ന ആൾക്കു പ്രതികൂലമായിരിക്കുമെന്ന് ;

(ജ) നിയമപ്രകാരം താൻ ഉത്തരം പറയാൻ നിർബ്ബന്ധിതനല്ലാത്ത ഒരു ചോദ്യത്തിന് ഉത്തരം പറയാൻ ഒരാൾ വിസമ്മതിക്കുന്നപക്ഷം ഉത്തരം നല്കിയാൽ അത് അയാൾക്ക് പ്രതികൂലമായേയ്ക്കുമെന്ന് ;

(ഝ) ബാദ്ധ്യത സൃഷ്ടിക്കുന്ന ഒരു രേഖ ബാദ്ധ്യത ഉണ്ടാക്കുന്ന ആളുടെ കൈവശം ഇരിക്കുമ്പോൾ ബാദ്ധ്യത ഡിസ്ചാർജ് ചെയ്തിട്ടുണ്ടെന്ന്

അനുമാനിക്കാവുന്നതാണ്.

എന്നാൽ അങ്ങനെയുള്ള തത്വങ്ങൾ കോടതി മുമ്പാകെയുള്ള ഒരു കേസ്സിന് ബാധകമാണോ അല്ലയോ എന്ന് പര്യാലോചിക്കുന്നതിൽ താഴെ പറയുന്ന തരത്തിലുള്ള വസ്തുതകൾകൂടി കോടതി പരിഗണിക്കേണ്ടതാകുന്നു.

ദൃഷ്ടാന്തം (ക) യെ സംബന്ധിച്ച്—ഒരു അടയാളപ്പെടുത്തിയ രൂപ കളവുപോയശേഷം ഉടനെ അത് ഒരു പീടികക്കാരന്റെ പണപ്പെട്ടിയിൽ ഉണ്ടായിരിക്കുകയും അത് എങ്ങനെ കൈവശം കിട്ടിയെന്ന് വ്യക്തമായി കാണിക്കാൻ

അയാൾക്ക് കഴിയാതിരിക്കുകയും, എന്നാൽ അയാളുടെ ബിസിനസ്സു മുറയിൽ തുടരെ രൂപ കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു ;

ദൃഷ്ടാന്തം (ഖ) യെ സംബന്ധിച്ച്—ശ്രേഷ്ഠ സ്വഭാവമുള്ള ഒരാളായ 'ക' ഏതോ മെഷിനറി സജ്ജമാക്കുന്നതിലുള്ള ഉപേക്ഷവഴി ഒരാളുടെ മരണം സംഭവിപ്പിച്ചതിന് വിചാരണ ചെയ്യപ്പെടുന്നു. അങ്ങനെ സജ്ജമാക്കുന്നതിൽ പങ്കെടുത്ത, തുല്യമായ സ്വഭാവഗുണമുള്ള 'ഖ' ചെയ്യപ്പെട്ടത് എന്താണെന്ന് കൃത്യമായി വിവരിക്കുകയും, തന്റേയും 'ക' യുടേയും പൊതുവായ അശ്രദ്ധ സമ്മതിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു.

ദൃഷ്ടാന്തം (ഖ) യെ സംബന്ധിച്ച്—പലരുംകൂടി ഒരു കുററകൃത്യം ചെയ്യുന്നു. കുററക്കാരിൽ മൂന്നുപേരായ 'ക' യെയും 'ഖ' യെയും 'ഗ' യെയും കൃത്യസ്ഥലത്തുവച്ച് പിടിക്കുകയും വെവ്വേറെ സൂക്ഷിക്കുകയും ചെയ്യുന്നു. ഓരോരുത്തരും, കുററകൃത്യത്തെപ്പററി 'ഘ' യെ അതിൽ ഉൾപ്പെടുത്തുന്ന വിധം ഒരു വിവരണം നല്കുകയും ആ വിവരണങ്ങൾ ഒത്തുചേർന്നുള്ള മുൻ ആലോചന വളരെ അസംഭാവ്യമാക്കുന്നവിധം അന്യോന്യം ഉപോൽബലകമായിരിക്കുകയും ചെയ്യുന്നു.

ദൃഷ്ടാന്തം (ഗ) യെ സംബന്ധിച്ച്—ഒരു വിനിമയപത്രം എഴുതി കൊടുത്ത 'ക' ഒരു ബിസിനസ്സുകാരനായിരുന്നു. അത് പ്രതിഗ്രഹിച്ച 'ഖ' പൂർണ്ണമായും 'ക' യുടെ സ്വാധീനത്തിൽപെട്ട അറിവില്ലാത്ത ഒരു ചെറുപ്പക്കാരനായിരുന്നു;

ദൃഷ്ടാന്തം (ഘ) യെ സംബന്ധിച്ച്—അഞ്ചു വർഷം മുമ്പ് ഒരു നദി ഒരു പ്രത്യേക മാർഗ്ഗത്തിൽകൂടി ഒഴുകിയിരുന്നു എന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അതിനുശേഷം അതിന്റെ മാർഗ്ഗം മാററിയിരിക്കാവുന്ന വെള്ളപ്പൊക്കങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിവുള്ളതാണ്;

ദൃഷ്ടാന്തം (ങ) യെ സംബന്ധിച്ച്—ഏത് ജുഡീഷ്യൽ കൃത്യത്തിന്റെ ക്രമാനുസാരിതയാണോ പ്രശ്നമായിരിക്കുന്നത്, ആ ജുഡീഷ്യൽ കൃത്യം അസാധാരണ പരിത:സ്ഥിതികളിലാണ് ചെയ്തത് ;

ദൃഷ്ടാന്തം (ച) യെ സംബന്ധിച്ച്—ഒരു കത്ത് കൈപ്പററിയോ എന്നുള്ളതാണ് പ്രശ്നം ; അത് പോസ്ററ് ചെയ്തതായി കാണിക്കപ്പെട്ടിരിക്കുന്നു, എന്നാൽ കുഴപ്പങ്ങൾ പോസ്ററിന്റെ സാധാരണഗതിക്ക് തടസ്സം ഉണ്ടാക്കി ;

ദൃഷ്ടാന്തം (ഛ) യെ സംബന്ധിച്ച്—ഒരാൾ അയാളുടെ മേലുള്ള വ്യവഹാരത്തിന്റെ അടിസ്ഥാനമായ പ്രാധാന്യം കുറഞ്ഞ ഒരു കാൺട്രാക്ററിനെക്കുറിച്ചുള്ളതും, എന്നാൽ അയാളുടെ കുടുംബത്തിന്റെ വികാരങ്ങൾക്കും ഖ്യാതിക്കും ക്ഷതി ഉളവാക്കുകകൂടി ചെയ്തേക്കാവുന്നതുമായ ഒരു രേഖ ഹാജരാക്കുവാൻ വിസമ്മതിക്കുന്നു ;

ദൃഷ്ടാന്തം (ജ) യെ സംബന്ധിച്ച്—

ഒരാൾ ഉത്തരം പറയാൻ നിയമത്താൽ നിർബദ്ധനല്ലാത്ത ഒരു ചോദ്യത്തിന് ഉത്തരം പറയാൻ വിസമ്മതിക്കുന്നു, എന്നാൽ അതിനുള്ള ഉത്തരം ആ ചോദ്യം സംബന്ധിക്കുന്ന വിഷയവുമായി ബന്ധപ്പെടാത്ത വിഷയങ്ങളിൽ അയാൾക്ക് നഷ്ടം ഉണ്ടാക്കിയേക്കും;

ദൃഷ്ടാന്തം (ഝ) യെ സംബന്ധിച്ച്—ഒരു ബാണ്ട്, ബാദ്ധ്യത ഉണ്ടാക്കുന്ന ആളുടെ കൈവശമാണ്, എന്നാൽ അയാൾ അത് മോഷ്ടിച്ചിരിക്കാമെന്ന വിധത്തിലാണ് കേസിലെ പരിതഃസ്ഥിതികൾ.

## അദ്ധ്യായം VIII.

### വാദതടസ്സം

115. വാദതടസ്സം.—ഒരു ആൾ തൻെറ പ്രസ്താവനയോ, കൃത്യമോ, കൃത്യവിലോപമോ വഴി മററൊരാൾ ഒരു സംഗതി സത്യമാണെന്ന് വിശ്വസിക്കുവാനും അങ്ങനെയുള്ള വിശ്വാസത്തിൻമേൽ പ്രവർത്തിക്കാനും ഉദ്ദേശ്യപൂർവ്വം ഇടയാക്കുകയോ, അനുവദിക്കുകയോ ചെയ്തിട്ടുള്ളപ്പോൾ, അയാളും മറേറ ആളും അല്ലെങ്കിൽ മറേറ ആളുടെ പ്രതിനിധിയും തമ്മിലുള്ള ഏതെങ്കിലും വ്യവഹാരത്തിലോ, നടപടിയിലോ, ആ സംഗതിയുടെ സത്യാവസ്ഥ നിഷേധിക്കുവാൻ, അയാളേയോ അയാളുടെ പ്രതിനിധിയേയോ അനുവദിക്കുന്നതല്ല.

### ദൃഷ്ടാന്തം

'ക' ഒരു ഭൂമി തൻേറതാണെന്ന് 'ഖ' വിശ്വസിക്കുവാൻ ഉദ്ദേശ്യപൂർവ്വകമായും വ്യാജമായും വഴിതെളിയിക്കുകയും, അങ്ങനെ അത് വാങ്ങുവാനും അതിന് വില നല്കുവാനും 'ഖ' യെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു.

ഭൂമി അതിനുശേഷം 'ക' യുടെ വസ്തുവായിത്തീരുകയും, വില്പന സമയത്ത് തനിക്ക് ഉടമാവകാശം ഇല്ലാതിരുന്നു എന്ന കാരണത്തിൻമേൽ ആ വില്പന അസ്ഥിരപ്പെടുത്തുവാൻ 'ക' ശ്രമിക്കുകയും ചെയ്യുന്നു. തനിക്ക് ഉടമാവകാശമില്ലായിരുന്നു എന്ന് തെളിയിക്കുവാൻ അയാളെ അനുവദിച്ചുകൂടാ.

116. വാദതടസ്സം—കുടിയാനെതിരായും.—സ്ഥാവര വസ്തുവിൻെറ കുടിയാനോ, അങ്ങനെയുള്ള കുടിയാൻവഴി അവകാശപ്പെടുന്നവനോ ആയ യാതൊരാളേയും, കുടിയായ്മ തുടരുന്ന കാലത്ത്, അങ്ങനെയുള്ള കുടിയാൻെറ ഭൂവുടമയ്ക്ക് അങ്ങനെയുള്ള സ്ഥാവരവസ്തുവിന് കുടിയായ്മയുടെ ആരംഭത്തിൽ ഉടമാവകാശം ഉണ്ടായിരുന്നുവെന്നത് നിഷേധിക്കുവാൻ അനുവദിക്കുന്നതല്ലാത്തതും ;

കൈവശക്കാരൻെറ ലൈസൻസുകാരനെതിരായും.—ഏതെങ്കിലും സ്ഥാവര വസ്തുവിൽ അതിൻെറ കൈവശമുള്ള ആളുടെ ലൈസൻസുപ്രകാരം വന്നുചേർന്നിട്ടുള്ള യാതൊരാളേയും, അങ്ങനെയുള്ള ലൈസൻസ് നല്കിയസമയത്ത്, അങ്ങനെയുള്ള ആൾക്ക് അങ്ങനെ കൈവശം വയ്ക്കുന്നതിന് അവകാശം ഉണ്ടായിരുന്നു എന്നത് നിഷേധിക്കുവാൻ അനുവദിക്കുന്നതല്ലാത്തതും ആകുന്നു.

117. വിനിമയപത്രത്തിൻെറ പ്രതിഗ്രഹീതാവിനോ ബെയിലിക്കോ ലൈസൻസുകാരനോ എതിരായ വാദതടസ്സം.—ഒരു വിനിമയപത്രത്തിൻെറ പ്രതി അത് എഴുതികൊടുക്കുന്ന ആൾക്ക് അങ്ങനെയുള്ള പത്രം എഴുതിക്കൊടുക്കുവാനോ, അത് എൻഡോഴ്സ് ചെയ്യുവാനോ പ്രാധികാരം ഉണ്ടായിരുന്നുവെന്ന് നിഷേധിക്കുവാൻ അനുവദിക്കുന്നതല്ല ; ഏതെങ്കിലും ബെയിലിയേയോ ലൈസൻസുകാരനേയോ ബെയിൽമെൻേറാ ലൈസൻസോ ആരംഭിച്ചകാലത്ത് അയാളുടെ ബെയിലർക്കോ ലൈസൻസ് നല്കിയ ആൾക്കോ അങ്ങനെയുള്ള ബെയിൽമെൻേറാ ലൈസൻസോ നല്കുവാൻ പ്രാധികാരം ഉണ്ടായിരുന്നുവെന്നത് നിഷേധിക്കുവാൻ അനുവദിക്കുന്നതല്ല.

വിശദീകരണം—(1) ഒരു വിനിമയപത്രത്തിൻെറ പ്രതിഗ്രഹീതാവിന്, അത് എഴുതി കൊടുത്തതായി കരുതപ്പെടുന്ന ആളാണ് യഥാർത്ഥത്തിൽ എഴുതി കൊടുത്തത് എന്നുള്ളത് നിഷേധിക്കാവുന്നതാണ്.

വിശദീകരണം.—(2) ഒരു ബെയിലി ബെയിൽ ചെയ്ത സാമാനങ്ങൾ ബെയിലറല്ലാത്ത ഒരാൾക്ക് ഏല്പിച്ചുകൊടുക്കുകയാണെങ്കിൽ, അങ്ങനെയുള്ള ആൾക്ക് ബെയിലർക്കെതിരെ ഒരവകാശം ഉണ്ടായിരുന്നുവെന്ന് അയാൾക്ക് തെളിയിക്കാവുന്നതാണ്.

## അദ്ധ്യായം IX.

### സാക്ഷികളെക്കുറിച്ച്

118. **ആർക്ക് സാക്ഷി പറയാമെന്ന്.**—എല്ലാ ആളുകളും, അവരോട് ചോദിക്കുന്ന ചോദ്യങ്ങൾ മനസ്സിലാക്കുകയോ, ആ ചോദ്യങ്ങൾക്ക് അർത്ഥമുള്ള മറുപടി കൊടുക്കുകയോ ചെയ്യുന്നതിൽനിന്ന്, ഇളംപ്രായമോ, അത്യധിക വാർദ്ധക്യമോ, ശാരീരികമോ മാനസികമോ ആയ രോഗമോ കാരണമായോ അല്ലെങ്കിൽ അത്തരത്തിലുള്ള മറേറതെങ്കിലും കാരണമായോ, തടയപ്പെട്ടിരിക്കുന്നുവെന്ന് കോടതി കരുതാത്തപക്ഷം സാക്ഷി പറയുവാൻ ക്ഷമതയുള്ളവരായിരിക്കുന്നതാണ്.

വിശദീകരണം.—ഒരു ഭ്രാന്തൻ, അയാളോടു ചോദിക്കുന്ന ചോദ്യങ്ങൾ മനസ്സിലാക്കുകയും അവയ്ക്ക് അർത്ഥവത്തായ മറുപടികൾ കൊടുക്കുകയും ചെയ്യുന്നതിൽ നിന്ന് അയാളുടെ ഭ്രാന്തു അയാളെ തടയുന്നില്ലെങ്കിൽ, സാക്ഷി പറയുവാൻ ക്ഷമതയില്ലാത്തവനാകുന്നില്ല.

119. സംസാരിക്കുവാൻ കഴിവില്ലാത്ത സാക്ഷികൾ.—സംസാരിക്കുവാൻ കഴിവില്ലാത്ത ഒരു സാക്ഷിക്ക്, തന്റെ തെളിവ്, എഴുത്തോ ആംഗ്യങ്ങളോ പോലുള്ള ഗ്രാഹ്യമാക്കാവുന്ന മറേറതെങ്കിലും വിധത്തിൽ നല്കാവുന്നതാണ്: എന്നാൽ അങ്ങനെയുള്ള എഴുത്ത് എഴുതുന്നതും, ആംഗ്യങ്ങൾ കാണിക്കുന്നതും തുറന്ന കോടതിയിൽ വച്ചായിരിക്കണം. അങ്ങനെ നല്കുന്ന തെളിവ് വാക്കാൽ തെളിവായി കരുതപ്പെടുന്നതാകുന്നു.

120. സിവിൽ വ്യവഹാരങ്ങളിലെ കക്ഷികളും, അവരുടെ ഭാര്യമാരും അല്ലെങ്കിൽ ഭർത്താക്കൻമാരും. ക്രിമിനൽ വിചാരണയിലുള്ള ആളുകളുടെ ഭർത്താവോ ഭാര്യയോ.—എല്ലാ സിവിൽ നടപടികളിലും, വ്യവഹാരത്തിലെ കക്ഷികളും, വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷികളുടെ ഭർത്താവും അല്ലെങ്കിൽ ഭാര്യയും ക്ഷമതയുള്ള സാക്ഷികൾ ആയിരിക്കുന്നതാകുന്നു. ഏതെങ്കിലും ആൾക്കെതിരായുള്ള ക്രിമിനൽ നടപടികളിൽ, യഥാക്രമം അങ്ങനെയുള്ള ആളുടെ ഭർത്താവോ, ഭാര്യയോ ക്ഷമതയുള്ള സാക്ഷി ആയിരിക്കുന്നതാണ്.

121. ജഡ്ജിമാരും മജിസ്ട്രേട്ടുമാരും.—യാതൊരു ജഡ്ജിയും അല്ലെങ്കിൽ മജിസ്ട്രേട്ടും, അയാൾ കീഴ്പ്പെട്ടിരിക്കുന്ന ഏതെങ്കിലും കോടതിയുടെ വിശേഷാൽ ഉത്തരവിൻമേലല്ലാതെ, അങ്ങനെയുള്ള ജഡ്ജിയോ മജിസ്ട്രേട്ടോ എന്ന നിലയ്ക്കുള്ള കോടതിയിലെ അയാളുടെ സ്വന്തം പെരുമാററം സംബന്ധിച്ചതോ, അല്ലെങ്കിൽ അങ്ങനെയുള്ള ജഡ്ജിയോ മജിസ്ട്രേട്ടോ എന്ന നിലയ്ക്ക് കോടതിയിൽവച്ച് അയാളുടെ അറിവിൽ വന്നിട്ടുള്ള ഏതെങ്കിലും സംബന്ധിച്ചതോ ആയ ഏതെങ്കിലും ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ നിർബന്ധിക്കപ്പെടുവാൻ പാടുള്ളതല്ല; എന്നാൽ അയാൾ അങ്ങനെ പ്രവർത്തിക്കുമ്പോൾ അയാളുടെ സാന്നിദ്ധ്യത്തിൽ സംഭവിച്ച മററു വിഷയങ്ങൾ സംബന്ധിച്ച് അയാളെ വിസ്തരിക്കാവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) 'ക' സെഷൻ കോടതിമുമ്പാകെയുള്ള തന്റെ വിചാരണയിൽ, മജിസ്ട്രേട്ടായ 'ഖ' തെററായവിധത്തിൽ മൊഴി എടുത്തുവെന്ന് പറയുന്നു. ഒരു മേൽകോടതിയുടെ വിശേഷാൽ ഉത്തരവിൻമേലല്ലാതെ, അതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ 'ഖ' നിർബന്ധിക്കപ്പെടാവുന്നതല്ല.

(ഖ) ഒരു മജിസ്ട്രേട്ടായ 'ഖ' യുടെ മുമ്പാകെ, വ്യാജമായ തെളിവ് നല്കിയെന്ന് 'ക' യുടെ മേൽ സെഷൻ കോടതി മുമ്പാകെ കുററാരോപണം നടത്തിയിരിക്കുന്നു. മേൽക്കോടതിയുടെ വിശേഷാൽ ഉത്തരവിൻമേലല്ലാതെ, എന്താണ് പറഞ്ഞത് എന്നു 'ഖ' യോട് ചോദിക്കാവുന്നതല്ല.

(ഗ) ഒരു സെഷൻ ജഡ്ജിയായ 'ഖ' യുടെ മുമ്പാകെയുള്ള തന്റെ വിചാരണ സമയത്ത് ഒരു പോലീസ് ഉദ്യോഗസ്ഥനെ കൊല ചെയ്യാൻ ശ്രമിച്ചു എന്ന് സെഷൻകോടതി മുമ്പാകെ 'ക' യുടെ മേൽ കുററം ആരോപിച്ചിരിക്കുന്നു. എന്തു സംഭവിച്ചു എന്നതു സംബന്ധിച്ച് 'ഖ' യെ വിസ്തരിക്കാവുന്നതാണ്.

122. <u>വിവാഹബന്ധം നിലവിലുള്ളപ്പോൾ അറിയിക്കുന്ന സംഗതികൾ.</u>—വിവാഹിതനാകുന്നവനോ വിവാഹിതനായിരുന്നവനോ ആയ യാതൊരാളും, അയാൾ വിവാഹം കഴിച്ചിട്ടുള്ളതോ കഴിച്ചിരുന്നതോ ആയ ഏതെങ്കിലും ആൾ, വിവാഹബന്ധം നിലവിലുള്ളപ്പോൾ അയാളെ അറിയിക്കുന്ന ഏതെങ്കിലും സംഗതികൾ വെളിപ്പെടുത്തുവാൻ നിർബന്ധിക്കപ്പെടുവാൻ പാടുള്ളതല്ല; ഭാര്യാഭർത്താക്കൻമാർ തമ്മിലുള്ള വ്യവഹാരങ്ങളിലോ ഭാര്യാഭർത്താക്കൻമാരിൽ ഒരാൾ മററാരാൾക്കെതിരെ ചെയ്തിട്ടുള്ള ഏതെങ്കിലും കുററത്തിന് പ്രോസിക്യൂട്ട് ചെയ്യപ്പെട്ടിരിക്കുന്ന നടപടികളിലോ ഒഴികെ, അങ്ങനെ അറിയിക്കുന്ന ഏതെങ്കിലും സംഗതി, അത് അറിയിക്കുന്ന ആളോ അയാളുടെ താൽപര്യങ്ങൾ പ്രതിനിധാനം ചെയ്യുന്ന ആളോ അനുമതി നല്കിയാലല്ലാതെ വെളിപ്പെടുത്തുവാൻ അയാളെ അനുവദിക്കാനും പാടുള്ളതല്ല.

123. <u>സ്റേററ് കാര്യങ്ങൾ സംബന്ധിച്ച തെളിവ്.</u>—ഏതെങ്കിലും സ്റേററ് കാര്യവുമായി ബന്ധപ്പെട്ട പ്രസിദ്ധപ്പെടുത്താത്ത ഔദ്യോഗിക റിക്കാർഡുകളിൽ നിന്ന് ലഭിച്ച ഏതെങ്കിലും തെളിവ് നല്കുവാൻ, ബന്ധപ്പെട്ട വകുപ്പിന്റെ അദ്ധ്യക്ഷന്റെ അനുവാദം കൂടാതെ യാതൊരാളേയും അനുവദിക്കാവുന്നതല്ലാത്തതും വകുപ്പിന്റെ അദ്ധ്യക്ഷന് യുക്തംപോലെ അനുവാദം നല്കുകയോ നല്കാതിരിക്കുകയോ ചെയ്യാവുന്നതും ആകുന്നു.

124. <u>ഔദ്യോഗികമായി അറിയിച്ച സംഗതികൾ.</u>—യാതൊരു പബ്ലിക്ക് ഉദ്യോഗസ്ഥനേയും, ഔദ്യോഗികമായ വിശ്വാസ്യതയിൻമേൽ അയാളെ അറിയിച്ചിട്ടുള്ള സംഗതികൾ, വെളിപ്പെടുത്തുവാൻ, അങ്ങനെ വെളിപ്പെടുത്തുന്നത് പൊതുതാൽപ്പര്യത്തിന് ഹാനികരമാകുമെന്ന് അയാൾ കരുതുമ്പോൾ, നിർബന്ധിക്കാവുന്നതല്ല.

125. <u>കുററങ്ങൾ ചെയ്തത് സംബന്ധിച്ച വിവരം.</u>—യാതൊരു മജിസ്ട്രേട്ടിനേയും പോലീസ് ഉദ്യോഗസ്ഥനേയും ഏതെങ്കിലും കുററം ചെയ്തത് സംബന്ധിച്ച ഏതെങ്കിലുംവിവരം അയാൾക്ക് എവിടെനിന്നു കിട്ടിയെന്ന് പറയുന്നതിന് നിർബന്ധിക്കുവാൻ പാടുള്ളതല്ല. യാതൊരു റവന്യൂ ഉദ്യോഗസ്ഥനേയും പബ്ലിക് റവന്യൂവിനെതിരായ ഏതെങ്കിലും കുററം ചെയ്തത് സംബന്ധിച്ച ഏതെങ്കിലും വിവരം അയാൾക്ക് എവിടെനിന്നു കിട്ടിയെന്ന് പറയുവാൻ നിർബന്ധിക്കുവാനും പാടുള്ളതല്ല.

വിശദീകരണം.—ഈ വകുപ്പിൽ "റവന്യൂ ഉദ്യോഗസ്ഥൻ" എന്നാൽ പബ്ലിക്റവന്യുവിൻെറ ഏതെങ്കിലും ശാഖയുടെ ബിസിനസിലോ,ബിസിനസ് സംബന്ധിച്ചോ നിയോജിതനായിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

126. വ്യക്തിസംബന്ധമായി അറിയിച്ചസംഗതികൾ.—ബാരിസ്ററോ അററാർണിയോ പ്ലീഡറോ വക്കീലോ ആയ യാതൊരാളേയും, അയാളുടെ കക്ഷിയുടെ പ്രകടമായ അനുവാദത്തോടുകൂടിയല്ലാതെ, അങ്ങനെയുള്ള ബാരിസ്ററോ പ്ലീഡറോ അററാർണിയോ വക്കീലോ ആയുള്ള അയാളുടെ നിയോജനത്തിൻെറ അടിസ്ഥാനത്തിലും നിയോജനത്തിനുവേണ്ടിയും അയാളുടെ കക്ഷിയോ കക്ഷിക്കുവേണ്ടിയോ അയാളെ അറിയിച്ചിട്ടുള്ള ഏതെങ്കിലും സംഗതി വെളിപ്പെടുത്തുകയോ അല്ലെങ്കിൽ അയാളുടെ വൃത്തിസംബന്ധമായ നിയോജനത്തിൻെറ അടിസ്ഥാനത്തിലും നിയോജനത്തിനുവേണ്ടിയും അയാൾ പരിചയപ്പെട്ട ഏതെങ്കിലും രേഖയുടെ ഉള്ളടക്കമോ ഉപാധിയോ എന്തെന്ന് പ്രസ്താവിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള നിയോജനത്തിൻെറ അടിസ്ഥാനത്തിലും നിയോജനത്തിനുവേണ്ടിയും അയാൾ തൻെറ കക്ഷിക്ക് നല്കിയ ഏതെങ്കിലും ഉപദേശം വെളിപ്പെടുത്തുകയോ ചെയ്യുവാൻ ഒരിക്കലും അനുവദിക്കുവാൻ പാടുള്ളതല്ല ;

എന്നാൽ ഈ വകുപ്പിലെ യാതൊന്നും—

(1) ഏതെങ്കിലും നിയമവിരുദ്ധമായ ആവശ്യത്തെ പുരോഗമിപ്പിക്കുന്നതിൽ ചെയ്ത അങ്ങനെ അറിയിച്ചിട്ടുള്ള ഏതെങ്കിലും സംഗതിയോ ;

(2) ഏതെങ്കിലും ബാരിസ്ററോ, പ്ലീഡറോ അററാർണിയോ, വക്കീലോ അങ്ങനെയുള്ള അയാളുടെ നിയോജനത്തിൻെറ അടിസ്ഥാനത്തിൽ അയാളുടെ നിയോജനത്തിൻെറ പ്രാരംഭത്തിനുശേഷം നിരീക്ഷണം ചെയ്തതും, ഏതെങ്കിലും കുററമോ വഞ്ചനയോ ചെയ്തുവെന്ന് കാണിക്കുന്നതുമായ ഏതെങ്കിലും വസ്തുതയോ,

വെളിപ്പെടുത്തുന്നതിൽനിന്ന് സംരക്ഷിക്കപ്പെടുന്നതല്ല.

അങ്ങനെയുള്ള ബാരിസ്ററുടെയോ പ്ലീഡറുടെയോ അററാർണിയുടേയോ, വക്കീലിൻെറയോ ശ്രദ്ധ അങ്ങനെയുള്ള വസ്തുതയിലേക്ക് അയാളുടെ കക്ഷിയോ കക്ഷിക്കുവേണ്ടിയോ തിരിച്ചുവിട്ടിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് സാരമുള്ളതല്ല.

വിശദീകരണം.—ഈ വകുപ്പിൽ പ്രസ്താവിച്ച കടപ്പാട് നിയോജനം അവസാനിച്ചതിനുശേഷം തുടരുന്നതാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) കക്ഷിയായ 'ക' അററാർണിയായ 'ഖ' യോടു പറയുന്നു. ഞാൻ "വ്യാജ നിർമ്മാണം നടത്തിയിട്ടുണ്ട്, നിങ്ങൾ എനിക്കുവേണ്ടി വാദിക്കണമെന്ന് ഞാൻ ഇച്ഛിക്കുന്നു."

അപരാധിയെന്നറിയുന്ന ഒരാൾക്കുവേണ്ടിയുള്ള വാദം കുററകരമായ ഒരു ആവശ്യമല്ലാത്തതിനാൽ, ഇങ്ങനെ അറിയിച്ച സംഗതി വെളിപ്പെടുത്തലിൽ നിന്ന് സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

(ഖ) കക്ഷിയായ'ക'അററാർണിയായ'ഖ' യോടുപറയുന്നു—"വ്യവഹാരപ്പെടുവാൻ ഞാൻ നിങ്ങളോടു ആവശ്യപ്പെടുന്നതിൻെറ അടിസ്ഥാനമായ വ്യാജനിർമ്മിതമായ കരണം ഉപയോഗിച്ച് വസ്തു കൈവശമാക്കുവാൻ ഇച്ഛിക്കുന്നു."

അങ്ങനെ അറിയിച്ച സംഗതി, ഒരു കുററകരമായ ആവശ്യം പുരോഗമിക്കുന്നതിനുവേണ്ടി ചെയ്തതാകകൊണ്ട് വെളിപ്പെടുത്തലിൽ നിന്നു സംരക്ഷിക്കപ്പെടുന്നില്ല.

(ഗ) ധനാപഹരണത്തിന് ചാർജ്ജ് ചെയ്യപ്പെട്ടിരിക്കെ, 'ക' തനിക്കു വേണ്ടി വാദിക്കുന്നതിനായി അററാർണിയായ 'ഖ' യെ ഏർപ്പെടുത്തുന്നു. നടപടികൾ നടന്നുകൊണ്ടിരിക്കെ അപഹാരണം നടത്തിയതായി പറയുന്ന തുകയ്ക്ക് 'ക' യെ ബാദ്ധ്യസ്ഥനാക്കികൊണ്ടുള്ളതും തന്റെ നിയോജനത്തിന്റെ ആരംഭത്തിൽ 'ക' യുടെ കണക്ക് ബുക്കിൽ ഇല്ലാതിരുന്നതുമായ ഒരു ഉൾക്കുറിപ്പ് ആ ബുക്കിൽ ചേർത്തിട്ടുള്ളതായും 'ഖ' കാണുന്നു.

നടപടികളുടെ ആരംഭത്തിനുശേഷം ഒരു വഞ്ചന നടത്തിയിട്ടുണ്ടെന്ന് കാണിക്കുന്ന, തന്റെ ജോലിക്കിടയിൽ 'ഖ' കണ്ട ഒരു വസ്തുതയാകയാൽ, ഇത് വെളിപ്പെടുത്തലിൽ നിന്ന് സംരക്ഷിക്കപ്പെടുന്നില്ല.

127. 126-ാം വകുപ്പ് ദ്വിഭാഷികൾക്കും മററും ബാധകമാകുമെന്ന്.— 126-ാം വകുപ്പിലെ വ്യവസ്ഥകൾ ദ്വിഭാഷികൾക്കും, ബാരിസ്ററർമാരുടേയും പ്ലീഡർമാരുടേയും അററാർണികളുടേയും വക്കീലുമാരുടേയും ക്ലാർക്കുമാരോ ജോലിക്കാരോ ആയവർക്കും ബാധകമാകുന്നതാണ്.

128. സ്വേച്ഛയാ തെളിവു നല്കുന്നതുവഴി പ്രത്യേകാവകാശം ഉപേക്ഷിക്കുന്നില്ലെന്ന്.— ഒരു വ്യവഹാരത്തിൽ, അതിലെ ഏതെങ്കിലും കക്ഷി സ്വയമായോ മററു വിധത്തിലോ അതിൽ തെളിവു നല്കുന്നുവെങ്കിൽ അയാൾ 126-ാം വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള വെളിപ്പെടുത്തലിന് അതുവഴി സമ്മതിച്ചിട്ടുണ്ടെന്ന് കരുതുവാൻ പാടില്ലാത്തതാകുന്നു. ഒരു വ്യവഹാരത്തിലേയോ നടപടിയിലേയോ ഏതെങ്കിലും കക്ഷി അങ്ങനെയുള്ള ഏതെങ്കിലും ബാരിസ്ററരേയോ പ്ലീഡറേയോ അററാർണിയേയോ വക്കീലിനേയോ സാക്ഷിയായിവിളിക്കുന്നുവെങ്കിൽ ഒരു ചോദ്യം കൂടാതെ വെളിപ്പെടുത്താൻ അയാൾക്ക് സ്വാതന്ത്ര്യമില്ലാത്ത വിഷയങ്ങളിന്മേൽ അയാൾ അങ്ങനെയുള്ള ബാരിസ്ററരേയോ അററാർണിയേയോ വക്കീലിനേയോ ചോദ്യം ചെയ്യുന്നെങ്കിൽ മാത്രം അങ്ങനെയുള്ള വെളിപ്പെടുത്തലിന് അയാൾ സമ്മതിച്ചതായി കരുതുന്നതും ആകുന്നു.

129. നിയമോപദേഷ്ടാക്കളെ ഗോപ്യമായി അറിയിച്ച സംഗതി.— ഒരാളും അയാളുടെ നിയമവൃത്തികോപദേഷ്ടാവും തമ്മിൽ അറിയിച്ച ഗോപ്യമായ ഏതെങ്കിലും സംഗതി കോടതിയിൽ വെളിപ്പെടുത്താൻ അയാൾ സ്വയം സാക്ഷിയാകുവാൻ മുന്നോട്ടുവരാത്തപക്ഷം, യാതൊരാളെയും നിർബന്ധിക്കുവാൻ പാടില്ലാത്തതും, മുന്നോട്ടു വരുന്നപക്ഷം അയാൾ നല്കിയിട്ടുള്ള ഏതെങ്കിലും തെളിവ് വിശദമാക്കുവാൻ, അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണെന്ന് കോടതിക്ക് തോന്നുന്ന അങ്ങനെ അറിയിച്ചിട്ടുള്ള ഏതെങ്കിലും സംഗതി വെളിപ്പെടുത്തുവാൻ അയാളെ നിർബന്ധിക്കാവുന്നതും എന്നാൽ മററൊന്നും വെളിപ്പെടുത്തുവാൻ നിർബന്ധിക്കുന്നതല്ലാത്തതും ആകുന്നു.

130. കക്ഷിയല്ലാത്ത സാക്ഷിയുടെ അവകാശ പത്രങ്ങൾ ഹാജരാക്കൽ.— ഒരു വ്യവഹാരത്തിലെ കക്ഷിയല്ലാത്ത യാതൊരു സാക്ഷിയേയും, ഏതെങ്കിലും വസ്തു സംബന്ധിച്ച അയാളുടെ അവകാശ പത്രങ്ങളെ, അല്ലെങ്കിൽ ഏതെങ്കിലും സാധനങ്ങളോ വസ്തുവോ പണയം വാങ്ങിയ ആൾ എന്ന നിലയിൽ ഏതെങ്കിലും വസ്തു അയാൾ കൈവശം

വയ്ക്കുന്നത് ഏതു് രേഖയുടെ ബലത്തിലാണോ, അങ്ങനെയുള്ള ഏതെങ്കിലും രേഖയോ, അല്ലെങ്കിൽ ഏത് രേഖയുടെ ഹാജരാക്കലാണോ അയാളെ കുററക്കാരനാക്കുവാൻ പ്രവണതയുള്ളതാക്കിയേക്കാവുന്നത് അങ്ങനെയുള്ള ഏതെങ്കിലും രേഖയോ, അങ്ങനെയുള്ള കരണങ്ങളാം ഹാജരാക്കുവാൻ ആവശ്യപ്പെടുന്ന ആളുമായോ അല്ലെങ്കിൽ അയാാം അവകാശപ്പെടുന്നത് ആരിൽ കൂടിയാണോ അങ്ങനെയുള്ള വല്ല ആളുമായോ അവ ഹാജരാക്കാമെന്ന് രേഖാമൂലം കരാർ ചെയ്തിട്ടില്ലാത്തപക്ഷം, നിർബന്ധിക്കുവാൻ പാടില്ലാത്തതാകുന്നു.

131. കൈവശമുണ്ടെങ്കിൽ ഹാജരാക്കുന്നതിന് വിസമ്മതിക്കുവാൻ മററൊരാാക്ക് കഴിയുമായിരുന്ന രേഖകാം ഹാജരാക്കൽ.— യാതൊരാളേയും അയാളുടെ കൈവശമുള്ളതും അവ മററേതെങ്കിലും ആളുടെ കൈവശമായിരുന്നെങ്കിൽ ഹാജരാക്കുന്നതിന് വിസമ്മതിക്കുവാൻ അയാാക്ക് അവകാശമുണ്ടാകുമായിരുന്നതുമായ രേഖകാം, ഒടുവിൽ പറഞ്ഞ അങ്ങനെയുള്ള ആാം അവ ഹാജരാക്കുവാൻ സമ്മതിക്കാത്തപക്ഷം ഹാജരാക്കുന്നതിന് നിർബന്ധിക്കുവാൻ പാടില്ലാത്തതാകുന്നു.

132. ഉത്തരം കുററക്കാരനാക്കുമെന്ന കാരണത്തിൻമേൽ ഉത്തരം പറയുന്നതിൽനിന്ന് സാക്ഷി ഒഴിവാക്കപ്പെടുന്നില്ല.— ഏതെങ്കിലും വ്യവഹാരത്തിലോ, ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടിയിലോ വിവാദ്യവിഷയത്തിന് പ്രസക്തമായ ഏതെങ്കിലും വിഷയം സംബന്ധിച്ച ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയുന്നതിൽ നിന്ന് ഒരു സാക്ഷി അങ്ങനെയുള്ള ചോദ്യത്തിനുള്ള ഉത്തരം അങ്ങനെയുള്ള സാക്ഷിയെ കുററക്കാരനാക്കുമെന്നോ, നേരിട്ടോ, നേരിട്ടല്ലാതേയോ കുററക്കാരനാക്കുവാൻ പ്രവണതയുള്ളതാണെന്നോ അല്ലെങ്കിൽ അത് അങ്ങനെയുള്ള സാക്ഷിയെ ഏതെങ്കിലും തരത്തിലുള്ള പിഴയ്ക്കോ കണ്ടുകെട്ടലിനോ വിധേയനാക്കുമെന്നോ നേരിട്ടോ നേരിട്ടല്ലാതേയോ വിധേയനാക്കുവാൻ പ്രവണതയുള്ളതാകുമെന്നോ ഉള്ള കാരണത്തിൻമേൽ, ഒഴിവാക്കപ്പെടുവാൻ പാടില്ലാത്തതാകുന്നു.

പരിമിതി വ്യവസ്ഥ.— എന്നാൽ നല്കുവാൻ ഒരു സാക്ഷി നിർബദ്ധനാകുന്ന അങ്ങനെയുള്ള ഉത്തരം, ഏതെങ്കിലും അറസ്ററിനോ പ്രാസിക്യൂഷനോ അയാളെ വിധേയനാക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഉത്തരം വ്യാജമായ തെളിവ് നല്കിയതിനുള്ള പ്രാസിക്യൂഷനല്ലാത്ത ഏതെങ്കിലും ക്രിമിനൽ നടപടിയിൽ അയാാക്കെതിരായി തെളിയിക്കുകയോ ചെയ്യുവാൻ പാടില്ല.

133. കൂട്ടുകുററക്കാരൻ.— കൂട്ടുകുററക്കാരൻ കുററം ആരോപിക്കപ്പെട്ട ആാക്കെതിരെ ക്ഷമതയുള്ള സാക്ഷി ആയിരിക്കുന്നതാണ്; ഒരു കൂട്ടുകുററക്കാരൻെറ ഉപോൽബലനരഹിതമായ സാക്ഷിമൊഴി തെളിവിന്മേലാണെന്നുള്ളതുകൊണ്ടുമാത്രം ഒരു കുററസ്ഥാപനം നിയമവിരുദ്ധമാകുന്നതുമല്ല.

134. സാക്ഷികളുടെ എണ്ണം.— ഏതെങ്കിലും വസ്തുതയുടെ തെളിയിക്കലിന് ഒരു സംഗതിയിലും സാക്ഷികളുടെ എണ്ണം ഇന്നതായിരിക്കണമെന്നില്ല.

## അദ്ധ്യായം X

## സാക്ഷി വിസ്താരത്തെക്കുറിച്ച്

135. സാക്ഷികളെ ഹാജരാക്കുകയും വിസ്തരിക്കുകയും ചെയ്യുന്ന ക്രമം.— സാക്ഷികളെ ഹാജരാക്കുകയും വിസ്തരിക്കുകയും ചെയ്യുന്ന ക്രമം, യഥാക്രമം സിവിലും ക്രിമിനലും ആയ നടപടി സംബന്ധിച്ചുള്ള തൽസമയത്തെ നിയമവും നടപ്പും വഴിയും, അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിന്റെ അഭാവത്തിൽ, കോടതിയുടെ വിവേകം ഉപയോഗിച്ചും, ക്രമപ്പെടുത്തേണ്ടതാകുന്നു.

136. തെളിവിൽ സ്വീകരിക്കുന്നതിനെക്കുറിച്ച് ജഡ്ജി തീരുമാനിക്കണമെന്ന്.— രണ്ടിലേതെങ്കിലും കക്ഷി ഏതെങ്കിലും വസ്തുതയെക്കുറിച്ച് തെളിവ് നല്കാമെന്ന് ഉദ്ദേശിക്കുമ്പോൾ, ജഡ്ജിക്ക് തെളിവു നല്കാമെന്ന് നിർദ്ദേശിക്കുന്ന കക്ഷിയോട്, ഉണ്ടെന്നു പറയുന്ന വസ്തുത, തെളിയിച്ചാൽ ഏതു രീതിയിൽ പ്രസക്തമാകുമെന്ന് ചോദിക്കാവുന്നതും, വസ്തുത, തെളിയിച്ചാൽ പ്രസക്തമായിരിക്കുമെന്ന് തോന്നുന്നുവെങ്കിൽ ജഡ്ജി ആ തെളിവ് സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം സ്വീകരിക്കാൻ പാടില്ലാത്തതും ആകുന്നു.

തെളിയിക്കാൻ ഉദ്ദേശിക്കുന്ന വസ്തുത, അതിനെക്കുറിച്ചുള്ള തെളിവ് മറ്റൊരു വസ്തുത തെളിയിച്ചാൽ മാത്രമേ സ്വീകാര്യമാവുകയുള്ളൂ എന്ന വിധത്തിലുള്ളതാണെങ്കിൽ, അങ്ങനെയുള്ള വസ്തുത തെളിയിക്കാമെന്ന് കക്ഷി ഏല്ക്കുകയും അങ്ങനെ ഏല്ക്കുന്നത് കോടതിയെ തൃപ്തിപ്പെടുത്തുകയും ചെയ്യാത്തപക്ഷം, ആദ്യം പറഞ്ഞ വസ്തുതയെക്കുറിച്ച് തെളിവുനല്കുന്നതിനു മുൻപ് ഒടുവിൽ പറഞ്ഞ വസ്തുത തെളിയിക്കേണ്ടതാകുന്നു.

ഉണ്ടെന്നു പറയുന്ന ഒരു വസ്തുതയുടെ പ്രസക്തി, ഉണ്ടെന്നു പറയുന്ന മറ്റൊരു വസ്തുത ആദ്യം തെളിയിക്കുന്നതിനെ ആശ്രയിച്ചിരിക്കുമ്പോൾ, ജഡ്ജിക്ക്, സ്വവിവേകം ഉപയോഗിച്ച്, രണ്ടാമത്തെ വസ്തുത തെളിയിക്കുന്നതിനുമുമ്പ് ആദ്യത്തെ വസ്തുതയുടെ തെളിവ് നല്കുവാൻ അനുവദിക്കുകയോ, അല്ലെങ്കിൽ ആദ്യ വസ്തുതയെക്കുറിച്ച് തെളിവ് നല്കുന്നതിനുമുമ്പ് രണ്ടാമത്തെ വസ്തുതയെക്കുറിച്ച് തെളിവ് നല്കുവാൻ ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) മരിച്ചുവെന്ന് പറയപ്പെടുന്ന ഒരാൾ, ഒരു പ്രസക്ത വസ്തുത സംബന്ധിച്ച് ചെയ്തതും, 32-ാം വകുപ്പിൻ കീഴിൽ പ്രസക്തവുമായ ഒരു പ്രസ്താവന തെളിയിക്കുവാൻ ഭാവിക്കുന്നു. ആ ആൾ മരിച്ചു എന്നുള്ള വസ്തുത, പ്രസ്താവനയെ ക്കുറിച്ചുള്ള തെളിവ് നല്കുന്നതിനുമുമ്പ്, പ്രസ്താവനതെളിയിക്കാൻ ഭാവിക്കുന്ന ആൾ തെളിയിക്കേണ്ടതാണ്.

(ഖ) നഷ്ടപ്പെട്ടുപോയെന്ന് പറയുന്ന ഒരു രേഖയുടെ ഉള്ളടക്കം, ഒരു പകർപ്പുവഴി, തെളിയിക്കാൻ ഭാവിക്കുന്നു.

അസ്സൽ നഷ്ടപ്പെട്ടുപോയി എന്ന വസ്തുത, പകർപ്പ് ഹാജരാക്കുന്നതിനുമുമ്പ്, പകർപ്പ് ഹാജരാക്കാൻ ഭാവിക്കുന്ന ആൾ തെളിയിക്കേണ്ടതാണ്.

(ഗ) കളവുമുതൽ, അതു കട്ടതാണെന്നറിഞ്ഞുകൊണ്ട് സ്വീകരിച്ചതിന് 'ക' യുടെ മേൽ കുററം ആരോപിച്ചിരിക്കുന്നു.
വസ്തുവിന്റെ കൈവശം അയാാം നിഷേധിച്ചെന്ന് തെളിയിക്കാൻ ഭാവിക്കുന്നു.

നിഷേധത്തിന്റെ പ്രസക്തി, വസ്തുവിന്റെ അനന്യതയെആശ്രയിച്ചിരിക്കുന്നു. കോടതിക്ക്, സ്വവിവേകം ഉപയോഗിച്ച്, കൈവശത്തിന്റെ നിഷേധം തെളിയിക്കുന്നതിനുമുമ്പ് വസ്തുവിന്റെ അനന്യതസ്ഥാപിക്കാൻ ആവശ്യപ്പെടുകയോ, അല്ലെങ്കിൽ വസ്തുവിന്റെ അനന്യത സ്ഥാപിക്കുന്നതിന് മുമ്പ് കൈവശത്തിന്റെ നിഷേധം തെളിയിക്കാൻ അനുവദിക്കുകയോ ചെയ്യാവുന്നതാണ്.

(ഘ) ഒരു വിവാദ്യ വസ്തുതയുടെ ഹേതുഭവാ പരിണാമമോ ആയിരുന്നുവെന്നു പറയപ്പെടുന്ന (ക) എന്ന വസ്തുത തെളിയിക്കാൻ ഭാവിക്കുന്നു. (ക) എന്ന വസ്തുത വിവാദ്യ വസ്തുതയുടെ ഹേതുവോപരിണാമമോ ആണെന്ന് കരുതപ്പെടുന്നതിനുമുമ്പ്, ഇടയിലുള്ള പല വസ്തുതകളായ (ഖ) (യും) (ഗ) യും (ഘ) യും തെളിയിക്കേണ്ടതുണ്ട്. കോടതിക്ക് (ഖ) യോ, (ഗ) യോ (ഘ) യോ തെളിയിക്കുന്നതിനുമുമ്പ് (ക) തെളിയിക്കാൻ അനുവദിക്കുകയോ, അല്ലെങ്കിൽ (ക) തെളിയിക്കാൻ അനുവദിക്കുന്നതിനുമുമ്പ് (ഖ) യോ (ഗ) യോ (ഘ) യോ തെളിയിക്കാൻ ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.

137. ആദ്യവിസ്താരം — സാക്ഷിയെ വിളിച്ചുവരുത്തുന്ന കക്ഷി ആ സാക്ഷിയെ വിസ്തരിക്കുന്നതിന് അയാളുടെ ആദ്യ വിസ്താരം എന്നു പറയുന്നു.

എതിർ വിസ്താരം.— സാക്ഷിയെ എതിർ കക്ഷി വിസ്തരിക്കുന്നതിന് അയാളുടെ എതിർ വിസ്താരം എന്നു പറയുന്നു.

പുനർ വിസ്താരം.— എതിർ വിസ്താരത്തിനുശേഷം ഒരു സാക്ഷിയെ, അയാളെ വിളിച്ചു വരുത്തിയ കക്ഷി വിസ്തരിക്കുന്നതിന് അയാളുടെ പുനർവിസ്താരം എന്നു പറയുന്നു.

138. വിസ്താര ക്രമം.— സാക്ഷിയെ ഒന്നാമതായി ആദ്യവിസ്താരം ചെയ്യുകയും പിന്നീട് (എതിർ കക്ഷി ആഗ്രഹിക്കുന്നുവെങ്കിൽ) എതിർ വിസ്താരം ചെയ്യുകയും, പിന്നീട് (അയാളെ വിളിച്ചുവരുത്തുന്ന കക്ഷി ആഗ്രഹിക്കുന്നുവെങ്കിൽ) പുനർവിസ്താരം ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

വിസ്താരവും എതിർവിസ്താരവും പ്രസക്ത വസ്തുതകളോട് ബന്ധപ്പെട്ടിരിക്കണം, എന്നാൽ ആദ്യവിസ്താരത്തിൽ സാക്ഷി പറഞ്ഞിട്ടുള്ള വസ്തുതകളിൽ തന്നെ എതിർ വിസ്താരം ഒതുക്കി നിർത്തണമെന്നില്ല.

പുനർ വിസ്താരത്തിന്റെ ഉന്നം.— പുനർ വിസ്താരം എതിർവിസ്താരത്തിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളുടെ വിശദീകരണത്തെ ഉന്നമാക്കിയിരിക്കേണ്ടതും, പുതിയ വിഷയം, കോടതിയുടെ അനുവാദത്തോടുകൂടി പുനർവിസ്താരത്തിൽപ്പെടുത്തുകയാണെങ്കിൽ, എതിർ കക്ഷിക്ക് ആ വിഷയത്തിൻമേൽ വീണ്ടും എതിർ വിസ്താരം ചെയ്യാവുന്നതുമാണ്.

139. രേഖ ഹാജരാക്കാൻ വിളിച്ചുവരുത്തിയ ആളുടെ എതിർവിസ്താരം.— രേഖ ഹാജരാക്കാനായി സമൻ ചെയ്യപ്പെട്ട ആൾ, അത് ഹാജരാക്കി യെന്ന വസ്തുതകൊണ്ടുമാത്രം ഒരു സാക്ഷിയായിത്തീരുന്നതല്ലാത്തതും, അയാൾ ഒരു സാക്ഷിയായി വിളിക്കപ്പെടാത്തപക്ഷവും വിളിക്കപ്പെടു ന്നതുവരേയും എതിർ വിസ്താരം ചെയ്യപ്പെടാവുന്നതല്ലാത്തതുമാണ്.

140. സ്വഭാവത്തെക്കുറിച്ചുള്ള സാക്ഷികൾ.— സ്വഭാവത്തെക്കുറിച്ചുള്ള സാക്ഷികളെ എതിർ വിസ്താരവും പുനർ വിസ്താരവും ചെയ്യാവുന്ന താണ്.

141. സൂചകചോദ്യങ്ങൾ.—ചോദ്യം ചോദിക്കുന്ന ആൾ,കിട്ടാൻ ഇച്ഛിക്കു കയോ പ്രതീക്ഷിക്കുകയോ ചെയ്യുന്ന ഉത്തരം ധ്വനിപ്പിക്കുന്ന ഏതെങ്കിലും ചോദ്യത്തിന് സൂചകചോദ്യം എന്നു പറയുന്നു.

142. അവ എപ്പോൾ ചോദിക്കരുതെന്ന്.—സൂചകചോദ്യങ്ങൾ, എതിർ കക്ഷി, ആക്ഷേപിക്കുന്നപക്ഷം ഒരു ആദ്യവിസ്താരത്തിലോ പുനർ വിസ്താരത്തിലോ കോടതിയുടെ അനുവാദത്തോടുകൂടി യല്ലാതെ, ചോദിക്കാൻ പാടില്ലാത്തതാകുന്നു.

അവതാരകമോ അവിതർക്കിതമോ ആയതോ കോടതിയുടെ അഭിപ്രാ യത്തിൽ, നേരത്തെ വേണ്ടത്ര തെളിയിച്ചിട്ടുള്ളതോ ആയ വിഷയങ്ങൾ സംബന്ധിച്ച് കോടതി സൂചകചോദ്യങ്ങൾ അനുവദിക്കേണ്ടതാകുന്നു.

143. അവ എപ്പോൾ ചോദിക്കാമെന്ന്.—സൂചക ചോദ്യങ്ങൾ എതിർ വിസ്താരത്തിൽ ചോദിക്കാവുന്നതാണ്.

144. ലിഖിതവിഷയങ്ങൾ സംബന്ധിച്ച തെളിവ്.—ഏതൊരു സാക്ഷി യോടും, അയാളെ വിസ്തരിച്ചു കൊണ്ടിരിക്കുമ്പോൾ, ഏതെങ്കിലും കോൺട്രാക്ററോ ഗ്രാന്റോ വസ്തു സംബന്ധിച്ച മററു വിനിയോഗമോ സംബന്ധിച്ചാണോ അയാൾ തെളിവ് നല്കുന്നത്, അത് ഒരു രേഖയിൽ അടങ്ങിയിരുന്നില്ലേ എന്ന് ചോദിക്കാവുന്നതും, അടങ്ങിയിരുന്നുവെന്ന് അയാൾ പറയുകയോ അല്ലെങ്കിൽ കോടതിയുടെ അഭിപ്രായത്തിൽ, ഹാജരാക്കപ്പെടേണ്ട ഏതെങ്കിലും രേഖയുടെ ഉള്ളടക്കം സംബന്ധിച്ച് അയാൾ ഏതെങ്കിലും പ്രസ്താവന ചെയ്യുവാൻ പോവുകയോ ആണെങ്കിൽ, എതിർകക്ഷിക്ക് അങ്ങനെയുള്ള രേഖ ഹാജരാക്കു ന്നതുവരേയോ, അല്ലെങ്കിൽ സാക്ഷിയെ വിളിച്ചുവരുത്തിയ കക്ഷിക്ക് അതിന്റെ ദ്വിതീയകത്തെളിവ് നല്കാൻ അവകാശം നല്കുന്ന വസ്തുതകൾ തെളിയിക്കുന്നതു വരേയോ, അങ്ങനെയുള്ള തെളിവ് നല്കരുതെന്ന് ആക്ഷേപം ഉന്നയിക്കാവുന്നതാണ്.

വിശദീകരണം— സാക്ഷിക്ക് രേഖകളുടെ ഉള്ളടക്കത്തെപ്പററി മററാളുകൾ ചെയ്യുന്ന പ്രസ്താവനകളെക്കുറിച്ച്, അങ്ങനെയുള്ള പ്രസ്താവനകൾ തന്നെ പ്രസക്തവസ്തുതകളാണെങ്കിൽ, വാക്കാൽത്തെളിവ് നല്കാവുന്നതാണ്.

### ദൃഷ്ടാന്തം

'ഖ' യെ 'ക' കയ്യേററം ചെയ്തോ എന്നുള്ളതാണ് പ്രശ്നം.

'ഖ' യോട് 'ക' ഞാൻ മോഷണം നടത്തി എന്ന് ആരോപിച്ചുകൊണ്ട് 'ഖ' ഒരു കത്തെഴുതി, ഞാൻ അവനോടു പകരം ചോദിക്കും'' എന്നു പറഞ്ഞത് താൻ കേട്ടുവെന്ന് 'ഗ' മൊഴി കൊടുക്കുന്നു. കയ്യേററത്തിന് 'ക' യ്ക്കുണ്ടായ പ്രേരകം കാണിക്കുന്നുവെന്ന നിലയിൽ ഈ പ്രസ്താവന പ്രസക്തമാകു ന്നതും, ആ കത്തിനെക്കുറിച്ച് മററ് യാതൊരുതെളിവും നല്കിയില്ലെങ്കിലും, തെളിവായി നല്കാവുന്നതും ആണ്.

145. ലിഖിതമായ മുൻ പ്രസ്താവനകൾ സംബന്ധിച്ച എതിർവിസ്താരം.—ഒരു സാക്ഷിയെ, ലിഖിതമായതോ ലിഖിതമാക്കിയിട്ടുള്ളതോ ആയതും പ്രശ്നവിഷയങ്ങൾക്ക് പ്രസക്തവുമായ അയാളുടെ മുൻപ്രസ്താവനകൾ സംബന്ധിച്ച് അങ്ങനെയുള്ള ലിഖിതം അയാൾക്ക് കാണിച്ചുകൊടുക്കുകയോ തെളിയിക്കപ്പെടുകയോ ചെയ്യാതെ, എതിർവിസ്താരം ചെയ്യാവുന്നതാണ്; എന്നാൽ ആ ലിഖിതം വഴി അയാൾ പറഞ്ഞതിന് വിരുദ്ധമായത് കാണിക്കലാണ് ഉദ്ദേശ്യമെങ്കിൽ, ആ ലിഖിതം തെളിയിക്കപ്പെടുന്നതിന് മുമ്പ് അയാൾ പറഞ്ഞതിന് വിരുദ്ധമായത് കാണിക്കേണ്ട ആവശ്യത്തിലേക്ക് ഉപയോഗിക്കേണ്ട അതിന്റെ ഭാഗങ്ങളിലേക്ക് അയാളുടെ ശ്രദ്ധ ക്ഷണിക്കേണ്ടതാകുന്നു.

146. എതിർ വിസ്താരത്തിൽ നിയമാനുസൃതമായ ചോദ്യങ്ങൾ.—ഒരു സാക്ഷിയെ എതിർവിസ്താരം ചെയ്യുമ്പോൾ അയാളോട് ഇതിനുമുൻപ് പരാമർശിക്കപ്പെട്ട ചോദ്യങ്ങൾക്ക് പുറമെ—

(1) അയാളുടെ സത്യശീലത പരീക്ഷിക്കുന്ന പ്രവണതയുള്ള ഏതെങ്കിലും ചോദ്യങ്ങൾ, അല്ലെങ്കിൽ

(2) അയാൾ ആരാണെന്നും ജീവിതത്തിൽ അയാൾക്കുള്ള സ്ഥിതിയെന്താണെന്നും വെളിപ്പെടുത്തുന്ന പ്രവണതയുള്ള ഏതെങ്കിലും ചോദ്യങ്ങൾ, അല്ലെങ്കിൽ

(3) അയാളുടെ സ്വഭാവത്തിന് ക്ഷതിയുണ്ടാക്കി അയാളുടെ വിശ്വാസ്യതയെ ഉലയ്ക്കുന്ന പ്രവണതയുള്ള ഏതെങ്കിലും ചോദ്യങ്ങൾ അങ്ങനെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം നേരിട്ടോ അല്ലാതേയോ അയാളെ കുററക്കാരനാക്കുന്ന പ്രവണതയുള്ളതാണെന്നിരുന്നാലും അല്ലെങ്കിൽ അയാളെ ദണ്ഡനത്തിനോ കണ്ടുകെട്ടലിനോ വിധേയനാക്കുകയോ വിധേയനാക്കാൻ നേരിട്ടോ നേരിട്ടല്ലാതേയോ പ്രവണതയുള്ളതാണെന്നിരുന്നാലും, ചോദിക്കാവുന്നതാണ്.

147. ഉത്തരം പറയാൻ സാക്ഷിയെ എപ്പോൾ നിർബന്ധിക്കണമെന്ന്.—അങ്ങനെയുള്ള ഏതെങ്കിലും ചോദ്യം, വ്യവഹാരത്തിനോ നടപടിക്കോ പ്രസക്തമായ ഒരു വിഷയം സംബന്ധിച്ചുള്ളതാണെങ്കിൽ, 132-ാം വകുപ്പിലെ വ്യവസ്ഥകൾ അതിന് ബാധകമാകുന്നതാണ്.

148. ചോദ്യം എപ്പോൾ ചോദിക്കണമെന്നും ഉത്തരം പറയുവാൻ സാക്ഷിയെ എപ്പോൾ നിർബന്ധിക്കണമെന്നും കോടതി തീരുമാനിക്കണമെന്ന്.—അങ്ങനെയുള്ള ഏതെങ്കിലും ചോദ്യം സാക്ഷിയുടെ സ്വഭാവത്തിന് ക്ഷതി ഉളവാക്കി അയാളുടെ വിശ്വാസ്യതയെ ബാധിക്കുന്നിടത്തോളം ഒഴികെ, വ്യവഹാരത്തിനോ നടപടിക്കോ പ്രസക്തമല്ലാത്ത ഒരു വിഷയം സംബന്ധിച്ചുള്ളതാണെങ്കിൽ, അതിന് മറുപടി പറയുവാൻ സാക്ഷിയെ നിർബന്ധിക്കണമോ വേണ്ടയോ എന്ന് കോടതി തീരുമാനിക്കേണ്ടതും, അതിന് മറുപടി പറയുവാൻ അയാൾ ബാദ്ധ്യസ്ഥനല്ലെന്ന് കോടതി യുക്തമെന്നു കരുതുന്നപക്ഷം സാക്ഷിക്ക് മുന്നറിയിപ്പു നല്കാവുന്നതും ആണ്.

കോടതി സ്വവിവേകം ഉപയോഗിക്കുന്നതിൽ. താഴെപ്പറയുന്ന പരിഗണനകൾ മാനിക്കേണ്ടതാകുന്നു:—

(1) അങ്ങനെയുള്ള ചോദ്യങ്ങൾ, അവ വഹിക്കുന്ന ദോഷാരോപണത്തിന്റെ സത്യസ്ഥിതി സാക്ഷിപറയുന്ന വിഷയത്തിന്മേലുള്ള സാക്ഷിയുടെ വിശ്വാസ്യത സംബന്ധിച്ചുള്ള കോടതിയുടെ അഭിപ്രായത്തെ, സാരമായി ബാധിക്കുന്ന പ്രകൃതത്തോടുകൂടിയവയാണെങ്കിൽ, ശരിയായിട്ടുള്ളവയാണ്;

(2) അങ്ങനെയുള്ള ചോദ്യങ്ങൾ, അവ വഹിക്കുന്ന ദോഷാരോപണം, അതിന്റെ സത്യസ്ഥിതി സാക്ഷി പറയുന്ന വിഷയത്തിന്മേലുള്ള സാക്ഷിയുടെ വിശ്വാസ്യത സംബന്ധിച്ചുള്ള കോടതിയുടെ അഭിപ്രായത്തെ ബാധിക്കാതിരിക്കുകയോ സ്വല്പമായി മാത്രം ബാധിക്കുകയോ ചെയ്യത്തക്കവിധം അത്ര വിദൂരകാലത്തെ വിഷയങ്ങളെക്കുറിച്ചുള്ളതോ അങ്ങനെയുള്ള പ്രകൃതത്തോടുകൂടിയതോ , ആണെങ്കിൽ, ശരിയായിട്ടുള്ളവയല്ല;

(3) അങ്ങനെയുള്ള ചോദ്യങ്ങൾ, സാക്ഷിയുടെ സ്വഭാവത്തിനെതിരെ ചെയ്ത ദോഷാരോപണത്തിന്റെ പ്രാധാന്യവും അയാളുടെ തെളിവിന്റെ പ്രാധാന്യവും തമ്മിൽ വലിയ അന്തരമുണ്ടെങ്കിൽ, ശരിയായിട്ടുള്ളവയല്ല;

(4) കോടതിക്ക് യുക്തമെന്ന് കാണുന്നെങ്കിൽ, ഉത്തരം പറയാൻ സാക്ഷി വിസമ്മതിക്കുന്നതിൽ നിന്ന്, ഉത്തരം നല്കിയാൽ അത് അനുകൂലമല്ലാത്തതായിരിക്കും എന്ന നിഗമനത്തിൽ എത്താവുന്നതാണ്.

149. ന്യായമായ കാരണങ്ങൾ കൂടാതെ ചോദ്യം ചോദിക്കാവുന്നതല്ലെന്ന്.—148-ാം വകുപ്പിൽ പരാമർശിച്ച വിധമുള്ള യാതൊരു ചോദ്യവും, അത് വഹിക്കുന്ന ദോഷാരോപണം ശരിയായ അടിസ്ഥാനമുള്ളതാണെന്ന് വിചാരിക്കുവാൻ അത് ചോദിക്കുന്ന ആൾക്ക് ന്യായമായ കാരണങ്ങളില്ലാത്ത പക്ഷം, ചോദിക്കാൻ പാടുള്ളതല്ല.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു പ്രധാന സാക്ഷി ഒരു കൂട്ടായ്മക്കവർച്ചക്കാരൻ ആണെന്ന് ഒരു അററാർണിയോ വക്കീലോ ഒരു ബാരിസ്ററർക്ക് ഉപദേശം നല്കുന്നു. സാക്ഷി കൂട്ടായ്മക്കവർച്ചക്കാരൻ ആണോ എന്ന് അയാളോടു ചോദിക്കുവാൻ ഇതു ന്യായമായ കാരണമാണ്.

(ഖ) ഒരു പ്രധാന സാക്ഷി കൂട്ടായ്മക്കവർച്ചക്കാരനാണെന്ന് കോടതിയിൽ ഒരാൾ ഒരു പ്ലീഡറെ അറിയിക്കുന്നു. അറിയിച്ച ആൾ പ്ലീഡർ ചോദിച്ചപ്പോൾ അയാളുടെ പ്രസ്താവനക്ക് തൃപ്തികരമായ കാരണങ്ങൾ നല്കുന്നു. സാക്ഷി കൂട്ടായ്മക്കവർച്ചക്കാരൻ ആണോ എന്ന് അയാളോടു ചോദിക്കുവാൻ ഇത് ന്യായമായ കാരണമാണ്.

(ഗ) ഏതു സാക്ഷിയെക്കുറിച്ചാണോ ഒന്നുംതന്നെ അറിയാത്തത്, അയാളോട്, അയാൾ കൂട്ടായ്മക്കവർച്ചക്കാരനാണോ എന്ന് ചുമ്മാ ചോദിക്കുന്നു. ആ ചോദ്യത്തിന് ഇവിടെ ന്യായമായ കാരണമില്ല.

(ഘ) ഏത് സാക്ഷിയെക്കുറിച്ചാണോ ഒന്നുംതന്നെ അറിയാത്തത് അയാളോട്, അയാളുടെ ജീവിതരീതിയേയും ജീവിതമാർഗ്ഗത്തേയുംപററി ചോദിച്ചപ്പോൾ അതൃപ്തികരമായ ഉത്തരങ്ങൾ നല്കുന്നു. അയാൾ കൂട്ടായ്മക്കവർച്ചക്കാരനാണോ എന്ന് ചോദിക്കുന്നതിന് ഇത് ന്യായമായ കാരണമാകാം.

150. ന്യായമായ കാരണമില്ലാതെ ചോദ്യം ചോദിക്കുന്ന സംഗതിയിൽ കോടതിയുടെ നടപടിക്രമം.—അങ്ങനെയുള്ള ഏതെങ്കിലും ചോദ്യം ചോദിച്ചത് ന്യായമായ കാരണമില്ലാതെയാണെന്നാണ് കോടതിയുടെ അഭിപ്രായമെങ്കിൽ, ഏതെങ്കിലും ബാരിസ്ററററോ പ്ലീഡറോ, വക്കീലോ അററാർണിയോ ആണ് അത് ചോദിച്ചതെങ്കിൽ, കോടതിക്ക് കേസിന്റെ പരിതഃസ്ഥിതികൾ അങ്ങനെയുള്ള ബാരിസ്ററററോ, പ്ലീഡറോ, വക്കീലോ, അററാർണിയോ അയാളുടെ വൃത്തിനിർവ്വഹണത്തിൽ ഏത് ഹൈക്കോടതിയുടേയോ മററ് അധികാരസ്ഥാനത്തിന്റേയോ കീഴിലാണോ, ആ ഹൈക്കോടതിക്കോ അധികാരസ്ഥാനത്തിനോ റിപ്പോർട്ടു ചെയ്യാവുന്നതാണ്.

151. **അസഭ്യമായതും അപവാദപരമായതുമായ ചോദ്യങ്ങൾ.**—അസഭ്യമോ അപവാദപരമോ ആണ് എന്ന് കോടതി കരുതുന്ന ഏതെങ്കിലും ചോദ്യങ്ങളേയോ അന്വേഷണങ്ങളേയോ, അങ്ങനെയുള്ള ചോദ്യങ്ങൾക്കോ അന്വേഷണങ്ങൾക്കോ കോടതിയുടെ മുമ്പാകെയുള്ള പ്രശ്നങ്ങളുമായി വല്ല ബന്ധവും ഉണ്ടാകാമെങ്കിലും, അവ വിവാദ്യവസ്തുതകളേയോ വിവാദ്യവസ്തുതകൾക്ക് അസ്തിത്വം ഉണ്ടായിരുന്നോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നതിന് അറിയുവാൻ ആവശ്യമായ വിഷയങ്ങളേയോ സംബന്ധിക്കുന്നതല്ലാത്തപക്ഷം, കോടതിക്ക് വിലക്കാവുന്നതാണ്.

152. **അപമാനിക്കുവാനോ അലട്ടുവാനോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ചോദ്യങ്ങൾ.**—അപമാനിക്കുകയോ അലട്ടുകയോ ചെയ്യാൻ ഉദ്ദേശിച്ചുള്ളതാണെന്ന് കോടതിക്ക് തോന്നുന്നതോ, അല്ലെങ്കിൽ സ്വയം ശരിയായതെങ്കിലും, അനാവശ്യമായി ക്ഷോഭിപ്പിക്കുന്നതിന്, രൂപംകൊണ്ട് കോടതിക്ക് തോന്നുന്നതോ ആയ ഏതെങ്കിലും ചോദ്യം കോടതി വിലക്കേണ്ടതാകുന്നു.

153. **സത്യശീലത പരീക്ഷിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിലെ വൈരുദ്ധ്യം കാണിക്കുന്ന തെളിവ് ഒഴിച്ചുനിറുത്തൽ.**—സാക്ഷിയോട് അയാളുടെ സ്വഭാവത്തിന് ക്ഷതിയുണ്ടാക്കി അയാളുടെ വിശ്വാസ്യതയെ ഉലയ്ക്കുന്ന പ്രവണതയുള്ളിടത്തോളംമാത്രം ആ അന്വേഷണത്തിന് പ്രസക്തമായിട്ടുള്ള ഏതെങ്കിലും ചോദ്യം ചോദിക്കുകയും അയാൾ അതിനു ഉത്തരം നല്കുകയും ചെയ്തിട്ടുള്ളപ്പോൾ, അയാൾ പറഞ്ഞതിന്റെ വൈരുദ്ധ്യം കാണിക്കുന്നതിന് യാതൊരു തെളിവും നല്കുവാൻ പാടുള്ളതല്ല. എന്നാൽ അയാൾ വ്യാജമായി ഉത്തരം നല്കുന്നുവെങ്കിൽ വ്യാജമായ തെളിവ് നല്കിയതിന് അയാളെ പിന്നീട് ചാർജ്ജ് ചെയ്യാവുന്നതാണ്.

അപവാദം.—1 ഒരു സാക്ഷിയോട്, അയാൾ മുമ്പ് ഏതെങ്കിലും കുറ്റകൃത്യത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് ചോദിക്കുകയും, നിഷേധിക്കുകയും ചെയ്യുന്നുവെങ്കിൽ അയാളുടെ മുൻകുറ്റസ്ഥാപനത്തെക്കുറിച്ച് തെളിവ് നല്കാവുന്നതാണ്.

അപവാദം.—2 ഒരു സാക്ഷിയോട്, അയാളുടെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്ന പ്രവണതയുള്ള ഏതെങ്കിലും ചോദ്യം ചോദിക്കുകയും, സൂചിതവസ്തുതകൾ നിഷേധിച്ചുകൊണ്ട് അയാൾ അതിന് ഉത്തരം നല്കുകയും ചെയ്യുന്നു എങ്കിൽ അയാൾ പറഞ്ഞതിലെ വൈരുദ്ധ്യം കാണിക്കാവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു അണ്ടർറൈട്ടർക്ക് എതിരായുള്ള ഒരു അവകാശവാദം വഞ്ചനയുടെ കാരണത്തിൻമേൽ ചെറുക്കപ്പെടുന്നു.

ഒരു മുൻഇടപാടിൽ, അയാൾ വഞ്ചനാപൂർവകമായ ഒരു അവകാശവാദം ഉന്നയിച്ചിരുന്നില്ലേ എന്ന് അവകാശവാദക്കാരനോട് ചോദിക്കുന്നു. അയാൾ അത് നിഷേധിക്കുന്നു.

അയാൾ ഇങ്ങനെ ഒരു അവകാശവാദം ഉന്നയിച്ചു എന്നു കാണിക്കുന്നതിന് തെളിവു നല്കാം എന്നു പറയുന്നു. ആ തെളിവ് അസ്വീകാര്യമാണ്.

(ഖ) സാക്ഷിയോട്, നേരുകേടിന് അയാളെ ജോലിയിൽനിന്ന് ഡിസ്മിസ് ചെയ്തിട്ടില്ലേ എന്ന് ചോദിക്കുന്നു. അയാൾ അത് നിഷേധിക്കുന്നു.

നേരുകേടിന് അയാളെ ഡിസ്മിസ്സ് ചെയ്തുവെന്ന് കാണിക്കാൻ തെളിവ് നല്കാമെന്ന് പറയുന്നു.

ആ തെളിവ് സ്വീകാര്യമല്ല.

(ഗ) 'ക' ഒരു ദിവസം 'ഖ'-യെ താൻ ലാഹോറിൽവച്ച് കണ്ടുവെന്ന് ഉറപ്പിച്ചുപറയുന്നു.

'ക' യോട് ആ ദിവസം അയാൾ കൽക്കട്ടയിൽ അല്ലായിരുന്നോ എന്ന് ചോദിക്കുന്നു. അയാൾ അത് നിഷേധിക്കുന്നു.

'ക' ആ ദിവസം കൽക്കട്ടയിൽ ആയിരുന്നുവെന്ന് കാണിക്കാൻ തെളിവ് നല്കാമെന്ന് പറയപ്പെടുന്നു.

'ക' യെ അയാളുടെ വിശ്വാസ്യതയെ ബാധിക്കുന്ന ഒരു വസ്തുതയിൻമേൽ വിരുദ്ധത കാണിക്കുന്നതിനെന്ന നിലയ്ക്കല്ല, എന്നാൽ ആ ദിവസം 'ഖ' ലാഹോറിൽ കാണപ്പെട്ടുവെന്നു പറഞ്ഞ വസ്തുതയ്ക്ക് വിരുദ്ധമായത് കാണിക്കുന്നുവെന്ന നിലയ്ക്ക് ആ തെളിവ് സ്വീകരിക്കപ്പെടുന്നതാണ്.

ഈ സംഗതികളിൽ ഓരോന്നിലും സാക്ഷി, അയാളുടെ നിഷേധം വ്യാജമായിരുന്നെങ്കിൽ, വ്യാജമായ തെളിവ് നല്കിയതിന് ചാർജ് ചെയ്യപ്പെടാവുന്നതാണ്.

താൻ 'ഖ' യ്ക്കു ആ സാമാനങ്ങൾ ഡെലിവർ ചെയ്തിട്ടില്ലെന്ന് മുമ്പൊരിക്കൽ അയാൾ പറഞ്ഞിട്ടുണ്ടെന്ന് കാണിക്കാൻ തെളിവു നല്കാമെന്ന് പറയുന്നു.

ആ തെളിവ് സ്വീകരിക്കപ്പെടുന്നതാണ്.

(ഖ) 'ഖ' യുടെ കൊലപാതകത്തിന് 'ക' യുടെ മേൽ കുററം ചുമത്തിയിരിക്കുന്നു. തന്റെ മരണത്തിന് ഇടയാക്കിയ മുറിവ് തനിക്ക് 'ക' യാണ് ഏൽപ്പിച്ചതെന്ന് 'ഖ' മരിക്കുമ്പോൾ പറഞ്ഞതായി 'ഗ' പറയുന്നു.

'ക' യോ, അയാളുടെ സാന്നിദ്ധ്യത്തിലോ അല്ല ആ മുറിവ് ഏല്പിച്ചതെന്ന് മുമ്പൊരിക്കൽ 'ഗ' പറഞ്ഞുവെന്ന് കാണിക്കുവാൻ തെളിവു നല്കാമെന്ന് പറയുന്നു.

ആ തെളിവ് സ്വീകരിക്കപ്പെടുന്നതാണ്.

156. പ്രസക്ത വസ്തുതയെക്കുറിച്ചുള്ള തെളിവിന് ഉപോദ്ബലകമാക്കുന്ന പ്രവണതയുള്ള ചോദ്യങ്ങൾ സ്വീകരിക്കപ്പെടുന്നതാണെന്ന്.—ഏത് സാക്ഷിയുടെ തെളിവിനാണോ ഉപോദ്ബലകത്തെളിവ് നല്കാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്, അങ്ങനെയുള്ള സാക്ഷി ഏതെങ്കിലും പ്രസക്ത വസ്തുതയെക്കുറിച്ച് തെളിവ് നല്കുമ്പോൾ, അങ്ങനെയുള്ള പ്രസക്ത വസ്തുത സംഭവിച്ചത് ഏതു സമയത്തോ സ്ഥലത്തോ ആണോ, ആ സമയത്തോ സ്ഥലത്തോ അവയ്ക്കടുത്തോ അയാൾ കണ്ട മറെറന്തെങ്കിലും പരിതഃസ്ഥിതികളെപ്പററി, അങ്ങനെയുള്ള പരിതഃസ്ഥിതികൾ തെളിയിക്കുന്നുവെങ്കിൽ അയാൾ സാക്ഷിപറയുന്ന പ്രസക്ത വസ്തുത സംബന്ധിച്ച സാക്ഷിത്തെളിവിന് ഉപോദ്ബലകമാകുമെന്ന് കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, അയാളോട് ചോദിക്കാവുന്നതാണ്.

ദൃഷ്ടാന്തം

[illegible] കൂട്ടുകൃത്യകാരനായ 'ക' അയാൾ പങ്കെടുത്ത ഒരു കവർച്ചയുടെ വിവരം നല്കുന്നു. ആ കവർച്ച നടത്തിയ സ്ഥലങ്ങളെ [illegible] സംബന്ധിച്ചതും കവർച്ചയുമായി [illegible] വിവരിക്കുന്നു.

കവർച്ചയെപ്പററിത്തന്നെയുള്ള അയാളുടെ തെളിവിന് ഉപോദ്ബലനം നല്കുവാൻവേണ്ടി ഈ വസ്തുതകളെക്കുറിച്ച് സ്വതന്ത്രമായ തെളിവ് നല്കാവുന്നതാണ്.

157. __പിന്നീടുള്ള സാക്ഷിത്തെളിവിന് ഉപോദ്ബലനം നല്കുവാൻ സാക്ഷിയുടെ അതേ വസ്തുത സംബന്ധിച്ചുള്ള മുൻ പ്രസ്താവനകൾ തെളിയിക്കാമെന്ന്.__—സാക്ഷിത്തെളിവിന് ഉപോദ്ബലനം നല്കുവാൻവേണ്ടി അങ്ങനെയുള്ള സാക്ഷി അതേ വസ്തുത സംബന്ധിച്ച് അതുണ്ടായ സമയത്തോ അതിന് അടുത്തോ അല്ലെങ്കിൽ ആ വസ്തുതയെപ്പററി അന്വേഷണം നടത്തുവാൻ നിയമപരമായി ക്ഷമതയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ മുൻപാകെയോ, ചെയ്ത ഏതെങ്കിലും മുൻ പ്രസ്താവന തെളിയിക്കാവുന്നതാണ്.

158. __32-ാം വകുപ്പിനോ 33-ാം വകുപ്പിനോ കീഴിൽ പ്രസക്തമായി തെളിയിക്കപ്പെട്ട പ്രസ്താവന സംബന്ധിച്ച ഏതു വിഷയങ്ങളും തെളിയിക്കാമെന്ന്.__—32-ാം വകുപ്പിനോ 33-ാം വകുപ്പിനോ കീഴിൽ പ്രസക്തമായ ഏതെങ്കിലും പ്രസ്താവന തെളിയിക്കപ്പെടുമ്പോഴെല്ലാം, അതിന് വിരുദ്ധമായത്

(ഘ) 'ക' യോട്, അയാൾ എതിരായി തെളിവു നല്കുന്ന 'ഖ' യുടെ കുടുംബവുമായി, അയാളുടെ കുടുംബത്തിന് കുടിപ്പക ഉണ്ടായിരുന്നിട്ടില്ലേ എന്ന് ചോദിക്കുന്നു.

അയാൾ അത് നിഷേധിക്കുന്നു. ആ ചോദ്യം അയാളുടെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്ന പ്രവണതയുള്ളതാണ് എന്ന കാരണത്തിൻമേൽ അയാൾ പറഞ്ഞതിന് വിരുദ്ധമായത് കാണിക്കാവുന്നതാണ്.

154. __സ്വന്തം സാക്ഷിയോടുള്ള കക്ഷിയുടെ ചോദ്യം.__—സാക്ഷിയെ വിളിക്കുന്ന ആളെ, എതിർകക്ഷിക്ക് എതിർവിസ്താരത്തിൽ ചോദിക്കാവുന്ന ഏതെങ്കിലും ചോദ്യങ്ങൾ സാക്ഷിയോട് ചോദിക്കാൻ, കോടതിക്ക് സ്വവിവേകം ഉപയോഗിച്ച് അനുവദിക്കാവുന്നതാണ്.

155. __സാക്ഷിയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നത്.__—ഒരു സാക്ഷിയുടെ വിശ്വാസ്യതയെ താഴെ പറയുന്ന മാർഗ്ഗങ്ങളിലൂടെ എതിർകക്ഷിക്കോ അല്ലെങ്കിൽ കോടതിയുടെ അനുവാദത്തോടുകൂടി, അയാളെ വിളിക്കുന്ന കക്ഷിക്കോ ചോദ്യം ചെയ്യാവുന്നതാണ്.

(1) സാക്ഷിയെപ്പററിയുള്ള തങ്ങളുടെ അറിവിൽനിന്ന്, വിശ്വാസ്യതയ്ക്ക് അനർഹനാണെന്ന് അയാളെപ്പററി തങ്ങൾ വിശ്വസിക്കുന്നതായി സാക്ഷി പറയുന്ന ആളുകളുടെ തെളിവുവഴി;

(2) തെളിവ് നല്കാൻ സാക്ഷിക്ക് കൈക്കൂലി കൊടുത്തിട്ടുണ്ടെന്നോ കൈക്കൂലി കൊടുക്കാമെന്നുള്ള ഒരു ആഫർ സാക്ഷി സ്വീകരിച്ചിട്ടുണ്ടെന്നോ അഴിമതിപരമായ മറേറതെങ്കിലും പ്രചോദനം അയാൾക്ക് ലഭിച്ചിട്ടുണ്ടെന്നോ ഉള്ളത് തെളിയിക്കുന്നതുവഴി;

(3) അയാളുടെ തെളിവിന്റെ ഏത് ഭാഗത്തിന് വിരുദ്ധമായാണോ തെളിയിക്കപ്പെടാവുന്നത് അങ്ങനെയുള്ള ഭാഗത്തോട് അസംഗതമായ മുൻ പ്രസ്താവനകൾ തെളിയിക്കുന്നതുവഴി;

(4) ബലാൽസംഗത്തിനോ, ബലാൽസംഗശ്രമത്തിനോ ആയി ഒരു പുരുഷനെ പ്രാസിക്യൂട്ട് ചെയ്തിരിക്കുമ്പോൾ, പരാതിക്കാരി, പൊതുവെ അസാൻമാർഗ്ഗിക സ്വഭാവത്തോടുകൂടിയവളായിരുന്നെന്ന് കാണിക്കാവുന്നതാണ്.

വിശദീകരണം.—മറ്റൊരു സാക്ഷി വിശ്വാസ്യതയ്ക്ക് അനർഹനാണെന്ന് പ്രസ്താവിക്കുന്ന ഒരു സാക്ഷി, അയാളെ ആദ്യവിസ്താരം ചെയ്യുമ്പോൾ അയാളുടെ വിശ്വാസത്തിനുള്ള കാരണങ്ങൾ നല്കിയിരിക്കണമെന്നില്ല, എന്നാൽ എതിർവിസ്താരത്തിൽ അവയെപ്പറ്റി ചോദിക്കാവുന്നതും, അയാൾ നല്കുന്ന ഉത്തരങ്ങൾ വ്യാജമാണെങ്കിൽ വ്യാജമായ തെളിവു നല്കിയതിന് അയാളെ പിന്നീട് ചാർജ്ജ് ചെയ്യാമെങ്കിലും, ആ ഉത്തരങ്ങൾക്ക് വിരുദ്ധമായത് കാണിക്കാവുന്നതല്ലാത്തതും ആകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) 'ഖ' യ്ക്ക് വില്ക്കുകയും ഡെലിവർ ചെയ്യുകയും ചെയ്ത സാമാനങ്ങളുടെ വിലയ്ക്കായി അയാളുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു. താൻ 'ഖ' യ്ക്കു സാമാനങ്ങൾ ഡെലിവർ ചെയ്തു എന്നു 'ഗ' പറയുന്നു. തെളിയിക്കുവാനോ അതിന് ഉപോദ്ബലനം നല്കുവാനോ വേണ്ടിയോ, അല്ലെങ്കിൽ അത് ചെയ്ത ആളുടെ വിശ്വാസ്യത ചോദ്യം ചെയ്യുവാനോ സ്ഥിരീകരിക്കുവാനോ വേണ്ടിയോ ആ ആൾ ഒരു സാക്ഷിയായി വിളിച്ചു വരുത്തപ്പെടുകയും സൂചിതവിഷയത്തിന്റെ സത്യസ്ഥിതി എതിർവിസ്താരത്തിൽ നിഷേധിക്കുകയും ചെയ്തിരുന്നുവെങ്കിൽ തെളിയിക്കാമായിരുന്ന എല്ലാ വിഷയങ്ങളും തെളിയിക്കാവുന്നതാണ്.

159. ഓർമ്മ പുതുക്കൽ.—ഒരു സാക്ഷിക്കു തന്നെ വിസ്തരിച്ചുകൊണ്ടിരിക്കുമ്പോൾ, തന്നോടു ചോദ്യം ചോദിക്കുന്നത് ഏത് ഇടപാട് സംബന്ധിച്ചാണോ, ആ ഇടപാടിന്റെ സമയത്തോ, അല്ലെങ്കിൽ അത് തന്റെ ഓർമ്മയിൽ പുതുതായിരിക്കത്തക്കവിധം ആ സമയത്തിന് അത്ര അടുത്ത് പുറകേയാണെന്ന് കോടതി കരുതുന്ന സമയത്തോ, താൻതന്നെ ഉണ്ടാക്കിയ ഏതെങ്കിലും ലിഖിതത്തിൽ നോക്കി, തന്റെ ഓർമ്മ പുതുക്കാവുന്നതാണ്.

മറ്റേതെങ്കിലും ആൾ ഉണ്ടാക്കിയതും മേല്പറഞ്ഞ സമയത്തിനുള്ളിൽ സാക്ഷി വായിച്ചതുമായ ഏതെങ്കിലും ലിഖിതവും അത് വായിച്ചപ്പോൾ ശരിയായിട്ടുള്ളതാണെന്ന് തനിക്കറിയാമായിരുന്നെങ്കിൽ, സാക്ഷിക്ക് നോക്കാവുന്നതാണ്.

ഓർമ്മ പുതുക്കുവാൻ രേഖയുടെ പകർപ്പ് സാക്ഷിക്ക് എപ്പോൾ ഉപയോഗിക്കാമെന്ന്.—ഏതെങ്കിലും രേഖ നോക്കി സാക്ഷിക്ക് തന്റെ ഓർമ്മ പുതുക്കാവുമ്പോഴെല്ലാം അയാൾക്ക് കോടതിയുടെ അനുവാദത്തോടുകൂടി, അങ്ങനെയുള്ള രേഖയുടെ പകർപ്പ് നോക്കാവുന്നതാണ്.

എന്നാൽ അതിന് അസ്സൽ ഹാജരാക്കാതിരിക്കുന്നതിന് മതിയായ കാരണമുണ്ടെന്ന് കോടതിക്ക് ബോദ്ധ്യമാകേണ്ടതാണ്.

ഒരു വിദഗ്ദ്ധന് വൃത്തി സംബന്ധമായ പ്രബന്ധങ്ങൾ നോക്കി തന്റെ ഓർമ്മ പുതുക്കാവുന്നതാണ്.

160. 159-ാം വകുപ്പിൽ പറഞ്ഞ രേഖയിൽ പ്രസ്താവിച്ച വസ്തുതകളെ പററിയുള്ള സാക്ഷിത്തെളിവ്.—159-ാം വകുപ്പിൽ പറഞ്ഞ ഏതെങ്കിലും രേഖയിൽ പറഞ്ഞിട്ടുള്ള വസ്തുതകളെക്കുറിച്ച്, സാക്ഷിക്ക് വ്യക്തമായ ഓർമ്മയില്ലെങ്കിലും, ആ വസ്തുതകൾ രേഖയിൽ ശരിയായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് അയാൾക്ക് ഉറപ്പുണ്ടെങ്കിൽ, അവയെക്കുറിച്ചും സാക്ഷി പറയാവുന്നതാണ്.

### ദൃഷ്ടാന്തം

ഒരു ബുക്ക് കീപ്പർക്ക്, അയാൾ ബിസിനസ് മുറയിൽ ക്രമമായി വച്ചുപോരുന്ന ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകളെക്കുറിച്ച് അവയിൽ ചേർത്തിട്ടുള്ള പ്രത്യേക ഇടപാടുകൾ അയാൾ മറന്നുപോയിട്ടുണ്ടെങ്കിലും, സാക്ഷി പറയാവുന്നതാണ്.

161. ഓർമ്മ പുതുക്കാനായി ഉപയോഗിക്കുന്ന ലിഖിതം സംബന്ധിച്ച് എതിർകക്ഷിക്കുള്ള അവകാശം.—ഇതിന് തൊട്ടു മുൻപുള്ള രണ്ടു വകുപ്പുകളിലെയും വ്യവസ്ഥകളിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും ലിഖിതം, എതിർകക്ഷി ആവശ്യപ്പെടുന്ന പക്ഷം, ഹാജരാക്കുകയും എതിർകക്ഷിയെ കാണിക്കുകയും ചെയ്യണം, അങ്ങനെയുള്ള കക്ഷിക്ക്, വേണമെങ്കിൽ അതിൻമേൽ സാക്ഷിയെ എതിർവിസ്താരം ചെയ്യാവുന്നതുമാണ്.

162. രേഖകൾ ഹാജരാക്കൽ.—ഒരു രേഖ ഹാജരാക്കുവാൻ സമൻ ചെയ്തിട്ടുള്ള ഒരു സാക്ഷി, അത് അയാളുടെ കൈവശത്തിലോ അധികാരത്തിലോ ആണെങ്കിൽ, അത് ഹാജരാക്കുകയോ തെളിവിൽസ്വീകരിക്കുകയോ ചെയ്യുന്നതിന് ഏതെങ്കിലും ആക്ഷേപം ഉണ്ടാകാമെങ്കിൽകൂടി കോടതിയിൽ കൊണ്ടുവരേണ്ടതാണ്. അങ്ങനെയുള്ള ഏതെങ്കിലും ആക്ഷേപത്തിന്റെ സാധുതയെപ്പററി കോടതി തീരുമാനിക്കേണ്ടതാകുന്നു.

കോടതിക്ക് ഒരു രേഖ, അത് തെളിവിൽ സ്വീകരിക്കുന്നതു സംബന്ധിച്ച് തീരുമാനിക്കാൻ കഴിവുണ്ടാക്കുന്നതിന് യുക്തമെന്നു തോന്നുന്നുവെങ്കിൽ, അത് സ്റേററു കാര്യങ്ങളെപ്പററിയുള്ളതല്ലാത്തപക്ഷം, പരിശോധിക്കുകയോ, മററു തെളിവെടുക്കുകയോ ചെയ്യാവുന്നതാണ്.

രേഖകളുടെ തർജ്ജമ.—അങ്ങനെയുള്ള ആവശ്യത്തിനായി ഏതെങ്കിലും രേഖ തർജ്ജമ ചെയ്യിക്കേണ്ടത് ആവശ്യമാണെങ്കിൽ, കോടതിക്ക് യുക്തമെന്നു തോന്നിയാൽ, രേഖ തെളിവായി കൊടുക്കേണ്ടതില്ലാത്തപക്ഷം, അതിന്റെ ഉള്ളടക്കം രഹസ്യമായി സൂക്ഷിക്കുവാൻ തർജ്ജമക്കാരനെ നിദേശിക്കാവുന്നതും, അയാൾ അങ്ങനെയുള്ള നിദേശം ലംഘിക്കുന്നുവെങ്കിൽ ഇൻഡ്യൻ ശിക്ഷാനിയമസംഹിത, 1860-ലെ (1860-ലെ 45) 166-ാം വകുപ്പ് പ്രകാരമുള്ള കുററം ചെയ്തതായി തീരുമാനിക്കേണ്ടതുമാകുന്നു.

163. ആവശ്യപ്പെടുകയും, നോട്ടീസിൻമേൽ ഹാജരാക്കുകയും ചെയ്ത രേഖ തെളിവായി കൊടുക്കുന്നത്.—ഒരു കക്ഷി, മറേറ കക്ഷിക്ക് ഹാജരാക്കാനായി നോട്ടീസ് കൊടുത്തിട്ടുള്ള ഒരു രേഖ ഹാജരാക്കുവാൻ ആവശ്യപ്പെടുകയും, അങ്ങനെയുള്ള രേഖ ഹാജരാക്കപ്പെടുകയും ഹാജരാക്കാൻ ആവശ്യപ്പെടുന്ന കക്ഷി അത് പരിശോധിക്കുകയും ചെയ്യുന്നതായാൽ, അയാൾ ഹാജരാക്കുന്ന കക്ഷി ആവശ്യപ്പെടുന്ന പക്ഷം, അത് തെളിവായി കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

**164. നോട്ടീസിൻമേൽ ഹാജരാക്കാൻ വിസമ്മതിച്ച രേഖ തെളിവായി ഉപയോഗിക്കുന്നത്.**—ഒരു കക്ഷിക്ക് ഹാജരാക്കാൻ നോട്ടീസ് ലഭിച്ചിട്ടുണ്ടായിരുന്ന ഒരു രേഖ ഹാജരാക്കുവാൻ അയാൾ വിസമ്മതിക്കുന്നതായാൽ പിന്നീട് അയാൾക്ക് ആ രേഖ മറ്റേ കക്ഷിയുടെ സമ്മതമോ കോടതിയുടെ ഉത്തരവോ കൂടാതെ തെളിവായി ഉപയോഗിക്കാവുന്നതല്ല.

### ദൃഷ്ടാന്തം

'ക' ഒരു കരാറിൻമേൽ 'ഖ' യുടെ മേൽ വ്യവഹാരപ്പെടുകയും അത് ഹാജരാക്കുവാൻ 'ഖ' യ്ക്ക് നോട്ടീസ് കൊടുക്കുകയും ചെയ്യുന്നു. വിചാരണയിൽ, 'ക' ആ രേഖ ഹാജരാക്കാൻ ആവശ്യപ്പെടുകയും 'ഖ' വിസമ്മതിക്കുകയും ചെയ്യുന്നു. 'ക' അതിന്റെ ഉള്ളടക്കത്തിന്റെ ദ്വിതീയകത്തെളിവു നല്കുന്നു. 'ക' നല്കിയ ദ്വിതീയകത്തെളിവിനു വിരുദ്ധമായതു കാണിക്കുന്നതിനോ കരാറിൽ സ്റ്റാമ്പ് പതിച്ചിട്ടില്ലെന്നു കാണിക്കുന്നതിനോ വേണ്ടി ആ രേഖ തന്നെ ഹാജരാക്കുവാൻ 'ഖ' മുതിരുന്നു. അയാൾക്ക് അതു ചെയ്യാൻ പാടുള്ളതല്ല.

**165. ചോദ്യങ്ങൾ ചോദിക്കുവാനോ ഹാജരാക്കാൻ ഉത്തരവു നല്കുവാനോ ജഡ്ജിക്കുള്ള അധികാരം.**—ജഡ്ജിക്ക്, പ്രസക്ത വസ്തുതകൾ വെളിപ്പെടുത്താനോ ശരിയായി തെളിയിക്കപ്പെടുവാനോ വേണ്ടി, ഇഷ്ടമുള്ള ഏതു ചോദ്യവും, ഏതു രൂപത്തിലും ഏതെങ്കിലും സാക്ഷിയോടോ കക്ഷിയോടോ ഏതു സമയത്തും പ്രസക്തമോ അപ്രസക്തമോ ആയ ഏതു വസ്തുതയേക്കുറിച്ചും ചോദിക്കുകയും, ഏതു രേഖയും അല്ലെങ്കിൽ സാധനവും ഹാജരാക്കാൻ ഉത്തരവു നല്കുകയും ചെയ്യാവുന്നതും, കക്ഷികൾക്കോ അവരുടെ ഏജന്റുമാർക്കോ അങ്ങനെയുള്ള ഏതെങ്കിലും ചോദ്യത്തേയോ ഉത്തരവിനെയോ പറ്റി ഏതെങ്കിലും ആക്ഷേപം പുറപ്പെടുവിക്കാനോ അല്ലെങ്കിൽ കോടതിയുടെ അനുവാദം കൂടാതെ, അങ്ങനെയുള്ള ഏതെങ്കിലും ചോദ്യത്തിന് മറുപടിയായി നല്കുന്ന ഏതെങ്കിലും ഉത്തരം സംബന്ധിച്ച് ഏതെങ്കിലും സാക്ഷിയെ എതിർവിസ്താരം ചെയ്യുവാനോ അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും, ആകുന്നു :

എന്നാൽ പ്രസക്തമാണെന്ന് ഈ ആക്റ്റ് പ്രഖ്യാപിച്ചിട്ടുള്ളതും യഥാവിധി തെളിയിക്കപ്പെട്ടിട്ടുള്ളതുമായ വസ്തുതകളെ അടിസ്ഥാനമാക്കിയിട്ടുള്ളതായിരിക്കണം വിധിന്യായം :

എന്നുമാത്രമല്ല, ഈ വകുപ്പ്, 121-ാം വകുപ്പു മുതൽ 131-ാം വകുപ്പുവരെ രണ്ടും ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം ഉത്തരം പറയുകയോ ഹാജരാക്കുകയോ ചെയ്യുന്നതിന് വിസമ്മതിക്കുവാൻ ചോദ്യം ചോദിക്കുകയോ രേഖ ഹാജരാക്കുവാൻ ആവശ്യപ്പെടുകയോ ചെയ്യുന്നത് എതിർ കക്ഷിയാണെങ്കിൽ ഏതെങ്കിലും സാക്ഷിക്ക് അവകാശം ഉള്ളതായ ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയുകയോ ഏതെങ്കിലും രേഖ ഹാജരാക്കുകയോ ചെയ്യാൻ അങ്ങനെയുള്ള സാക്ഷിയെ നിർബന്ധിക്കുവാൻ ഏതെങ്കിലും ജഡ്ജിക്ക് പ്രാധികാരം നല്കുന്നതല്ലാത്തതും, ജഡ്ജിക്ക് മറ്റാരെങ്കിലും ചോദിക്കുന്നത് 148-ാം വകുപ്പോ 149-ാം വകുപ്പോ പ്രകാരം ശരിയല്ലാത്ത ഏതെങ്കിലും ചോദ്യം ചോദിക്കുകയോ, ഇതിനു മുൻപ് ഒഴിവാക്കിയ സംഗതികളിലൊഴികെ, ഏതെങ്കിലും രേഖ സംബന്ധിച്ച് പ്രാഥമികത്തെളിവ് വേണ്ടെന്ന് വയ്ക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും ആകുന്നു.

166. ചോദ്യം ചോദിക്കാൻ ജൂറിക്കോ അസ്സസർമാർക്കോ ഉള്ള അധികാരം.—ജൂറിയേയോ അസ്സസർമാരേയോ വച്ച് വിചാരണ ചെയ്യുന്ന കേസുകളിൽ ജഡ്ജിക്കുതന്നെ ചോദിക്കാവുന്നതും, ശരിയെന്ന് അദ്ദേഹം കരുതുന്നതുമായ ഏതെങ്കിലും ചോദ്യങ്ങൾ, ജഡ്ജി മുഖേനയോ ജഡ്ജിയുടെ അനുവാദത്തോടു കൂടിയോ ജൂറിക്കോ അസ്സസർമാർക്കോ സാക്ഷികളോട് ചോദിക്കാവുന്നതാണ്.

## അദ്ധ്യായം XI

## തെളിവ്, ശരിയല്ലാതെ തെളിവിൽ സ്വീകരിക്കലും നിരസിക്കലും

167. തെളിവ് ശരിയല്ലാതെ തെളിവിൽ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതുകൊണ്ട് പുതിയ വിചാരണ ഇല്ലെന്ന്.—തെളിവ് ശരിയല്ലാതെ തെളിവിൽ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതുകൊണ്ട് മാത്രം ആക്ഷേപിക്കുകയും തെളിവിൽ സ്വീകരിക്കുകയും ചെയ്ത തെളിവിനെ ആശ്രയിക്കാതെ തീരുമാനം ന്യായീകരിക്കുവാൻ മതിയായ തെളിവ് ഉണ്ടായിരുന്നെന്നോ, അല്ലെങ്കിൽ നിരസിക്കപ്പെട്ട തെളിവ് സ്വീകരിച്ചിരുന്നെങ്കിൽ അത് തീരുമാനത്തെ വ്യത്യാസപ്പെടുത്തുവാൻ പാടില്ലായിരുന്നു എന്നോ, അങ്ങനെയുള്ള ആക്ഷേപം ഏത് കോടതി മുൻപാകെയാണോ ഉന്നയിക്കപ്പെടുന്നത്, ആ കോടതിക്ക് തോന്നുന്നുവെങ്കിൽ ഏതെങ്കിലും കേസിൽ ഒരു പുതിയ വിചാരണയ്ക്കോ തീരുമാനം മറിച്ചു വിധിക്കുന്നതിനോ കാരണമാവുന്നതല്ല.

പട്ടിക :—(റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ) റദ്ദാക്കൽ ആക്റ്റ്, 1938 (1938-ലെ 1-ാം നമ്പർ)-ലെ 2-ാം വകുപ്പും പട്ടികയും വഴി റദ്ദാക്കപ്പെട്ടു.

# GLOSSARY OF THE INDIAN EVIDENCE ACT

## 'A'

| | | |
|---|---|---|
| Abbreviations | സംക്ഷേപങ്ങൾ | 98 |
| Absolutely | നിരുപാധികം | 92 |
| Abstract | സംക്ഷേപം | 78 |
| Accept | സ്വീകരിക്കുക | 92 |
| Access | പ്രാപിക്കാൻ സാദ്ധ്യത | 112 |
| Accession | സ്ഥാനാരോഹണം | 57 |
| Accidental | യാദൃച്ഛികമായ | 14 |
| Accrue | സിദ്ധിക്കുക | 41 |
| Accurate | കൃത്യമായ | 83 |
| Accused | പ്രതി | 33 |
| Actionable wrong | വ്യവഹാരപ്പെടാവുന്ന അപകൃത്യം | 10 |
| Active confidence | സജീവമായ വിശ്വാസ്യത | 111 |
| Add to | കൂട്ടിച്ചേർക്കുക | 92 |
| Admiralty | അഡ്മിറാൽററി | 41 |
| Admissibility of evidence | തെളിവിൽ സ്വീകരിക്കുന്നത് | 136 |
| Admission | അഡ്മിഷൻ | 17 |
| Admission | സ്വീകരിക്കൽ | 167 |
| Admit to probate | പ്രൊബേററ് അനുവദിക്കുക | 91 |
| Adoption | ദത്ത് | 32 |
| Adverse party | എതിർകക്ഷി | 33. 44 |
| Affairs of state | സ്റേററ് കാര്യങ്ങൾ | 123 |
| Affirm | ഊന്നിപ്പറയുക | 21 |
| Afford opportunity | അവസരം നല്കുക | 7 |
| Ambiguous | സന്ദിഗ്ദ്ധാർത്ഥമുള്ള | 93 |
| Amend | ഭേദഗതി ചെയ്യുക | 92 |
| Ancestor | പൂർവ്വികൻ | 13 |
| Annex | കൂട്ടിച്ചേർക്കുക | 92 |
| Annoy | അലട്ടുക | 152 |
| Applies | ബാധകമാകുന്നു | 91 |
| Arbitrator | മദ്ധ്യസ്ഥൻ | 3 |
| Art | കല | 45 |
| Articles of war | യുദ്ധനിയമാവലി | 57 |
| Ascertain | തിട്ടപ്പെടുത്തുക | 73 |
| Assert | ഉറപ്പിച്ചുപറയുക | 101, 13 |
| Assert | ദൃഢാഖ്യാനംചെയ്യുക | 3 |
| Assessor | അസസ്സർ | 166 |
| Assistant | അസിസ്ററൻറ് | 57 |
| At his own instance | സ്വയമായി | 128 |
| Attest | സാക്ഷ്യപ്പെടുത്തുക | 68 |
| Attested documents | സാക്ഷ്യപ്പെടുത്തിയ രേഖകൾ | 72 |
| Attesting witness | സാക്ഷ്യപ്പെടുത്തുന്ന സാക്ഷി | 68 |
| Attorney | അറേറാർണി | 57 |
| Authenticate | പ്രമാണീകരിക്കുക | 82 |

## 'B'

| | | |
|---|---|---|
| Bailee | ബെയിലി | 117 |
| Bar | തടസ്സം | 40 |
| Bigamy | ദ്വിഭർതൃത്വം | 43 |
| Board | ഭക്ഷണം | 92 |
| Bodily feeling | ശാരീരികാനുഭൂതി | 14 |
| Bond | ബാണ്ട് | 5 |
| Books of account | കണക്കുബുക്കുകൾ | 34 |
| Broker | ബ്രോക്കർ | 57 |
| Burden of proof | തെളിയിക്കേണ്ട ഭാരം | 101 |
| By leave of the judge | ജഡ്ജിയുടെ അനുവാദത്തോടുകൂടി | 166 |
| By permission of the Court | കോടതിയുടെ അനുവാദ-ത്തോടുകൂടി | 3 |

## 'C'

| | | |
|---|---|---|
| Capable of being perceived by the senses | ഇന്ദ്രിയഗ്രാഹ്യമായ | 3 |
| Caricature | ഹാസ്യചിത്രം | 3 |
| Cast away | ഉപയോഗശൂന്യമാക്കിക്കളയുക | 21 |
| Cause | ഹേതു | 7 |
| Cause of death | മരണത്തിനുള്ള കാരണം | 32 |
| Cease | അവസാനിക്കുക | 41 |
| Certified copies | സർട്ടിഫൈചെയ്ത പകർപ്പുകൾ | 63 |
| Cession | ദത്തമായത് | 113 |
| Characters | അക്ഷരങ്ങൾ | 98 |
| Charge a person with liability | ആളുകളുടെ മേൽ ബാദ്ധ്യത ചുമത്തുക | 34 |
| Charitable foundation | ധർമ്മസ്ഥാപനം | 49 |
| Claim | അവകാശപ്പെടുക | (v)-13 |
| Club | ഗദ | 5 |
| Collections of laws | നിയമങ്ങളുടെ ശേഖരം | 84 |
| Collusion | കപടസന്ധി | 44 |
| Come into operation | പ്രവർത്തനത്തിൽ വരുക | 41 |
| Common course of natural events | സ്വാഭാവിക സംഭവങ്ങളുടെ സാധാരണഗതി | 114 |
| Common design | പൊതുവായ ഉദ്ദേശ്യം | 10 |
| Communication | അറിയിക്കുന്ന സംഗതികൾ | 122 |
| Compare | താരതമ്യപ്പെടുത്തുക | 73 |
| Complicity | സഹാപരാധിത്വം | 10 |
| Concerned | ബന്ധപ്പെട്ട | 123 |
| Conclusive proof | നിശ്ചായകമായ തെളിയിക്കൽ | 4 |
| Condition | അവസ്ഥ | 60 |
| Condition precedent | മുൻ ഉപാധി | 92 |
| Conduct | പെരുമാറ്റം | 8 |

| | | |
|---|---|---|
| Confession | കുററസമ്മതം | 80 |
| Confidential | ഗോപ്യമായ | 129 |
| Consider | പരിഗണിക്കുക | 3 |
| Considerable | ഗണ്യമായ | 48 |
| Conspiracy | ഗൂഢാലോചന | 10 |
| Conspirator | ഗൂഢാലോചനക്കാരൻ | 10 |
| Constitution | ഘടന | 49 |
| Contemporaneous | സമകാലിക | 99 |
| Contents | ഉള്ളടക്കം | 57 |
| Contents of document | രേഖയുടെ ഉള്ളടക്കം | 66 |
| Contingency | അനിശ്ചിതസംഭവം | 92 |
| Continuance | തുടർച്ച | 57 |
| Contract | കാൺട്രാക്റ്റ് | 91 |
| Contradict | വിപരീതമായി പറയുക | 92 |
| Contradict | പറഞ്ഞതിന് വിരുദ്ധമായത് കാണിക്കുക | 145 |
| Conversation | സംഭാഷണം | 39 |
| Correspond | ഒത്തതായ | 48 |
| Corroborate | ഉപോദ്ബലക | 114 |
| Counterpart | മറുരേഖ | 62 |
| Course of business | ബിസിനസ് മുറ | 32 & 15 |
| Court | കോടതി | 3 |
| Court of justice | നീതിന്യായകോടതികൾ | 40 |
| Create | സൃഷ്ടിക്കുക | 13 |
| Credit | വിശ്വാസ്യത | 155 |
| Credibility | വിശ്വാസ്യത | 148 |
| Cross examination | എതിർ വിസ്താരം | 137 |
| Cross-examine | എതിർവിസ്താരം ചെയ്യുക | 33 |
| Crown representative | ക്രൗൺ പ്രതിനിധി | 57 |
| Custody | കസ്റ്റഡി | 24 |
| Custom | ആചാരം | 13 |

'D'

| | | |
|---|---|---|
| Damages | നഷ്ടപരിഹാരം | 12 |
| Declaration | പ്രസ്താവന | 115 |
| Defective | ന്യൂനതയുള്ള | 93 |
| Delivery | ഡെലിവറി | 92 |
| Deny | നിഷേധിക്കുക | 3 |
| Deputy | ഡെപ്യൂട്ടി | 57 |
| Derived from | നിന്ന് ലഭിച്ച | 123 |
| Determine | നിശ്ചയിക്കുക | 12 |
| Diplomatic agent | ഡിപ്ലോമാററിക് ഏജൻറ് | 78 |
| Direct | നേരിട്ടുള്ള | 60 |
| Directly or indirectly | നേരിട്ടോ അല്ലാതെയോ | |
| Disability | അവശത | 3 |
| Disclose | വെളിപ്പെടുത്തുക | 122 |
| Discretion | വിവേകം | 135 |

| | | |
|---|---|---|
| Disease | രോഗം | 181 |
| Disentitled | അവകാശം നിഷേധിക്കപ്പെട്ട | 5 |
| Dishonesty | നേരുകേട് | 153 |
| Disposition | ശീലം | 55 |
| Disposition of property | വസ്തുസംബന്ധിച്ച വിനിയോഗം | 91 |
| Disproportion | അന്തരം | 148 |
| Disproved | ഇല്ലെന്നു തെളിയിക്കപ്പെട്ടു | 3 |
| Dispute | തർക്കം | 9 |
| Dissolution | വിഘടനം | 112 |
| Distinct | വേറിട്ടുള്ള | 92 |
| Divorce | വിവാഹമോചനം | 50 |
| Document | രേഖ | 3 |
| Documentary evidence | രേഖാമൂലമുള്ള തെളിവ് | 61 |
| Dominion | അധീശത | 57 |
| Drawer | എഴുതിക്കൊടുക്കുന്ന ആൾ | 117 |
| Duly | യഥാവിധി | 165 |
| Dumb | സംസാരിക്കുവാൻ കഴിവില്ലാത്ത | 119 |
| Dying declaration | മരണമൊഴി | 8 |


'E'


| | | |
|---|---|---|
| Effect | പരിണാമം | 7 |
| Effect | പ്രഭാവം | 42 |
| Embezzlement | ധനാപഹരണം | 126 |
| Endorse | എൻഡോഴ്സ് ചെയ്യുക | 117 |
| Enjoin | ആദേശിക്കുക | 35 |
| Enquiry | അന്വേഷണവിചാരണ | 33 |
| Equally | ഒന്നുപോലെ | 91 |
| Especially | സവിശേഷമായ | 106 |
| Establish | സ്ഥാപിക്കുക | 9 |
| Estoppel | വാദതടസ്സം | 115 |
| Evidence | തെളിവ് | 1 |
| Examination | വിസ്താരം | 135 |
| Examination in chief | ആദ്യവിസ്താരം | 137 |
| Exclusion | ഒഴിച്ചു നിറുത്തൽ | 91 |
| Execution | ഒപ്പിട്ടു പൂർത്തീകരിക്കൽ | 68 |
| Existence | അസ്തിത്വം | 3 |
| Expect | പ്രതീക്ഷിക്കുക | 141 |
| Experiment | പരീക്ഷണം | 51 |
| Expert | വിദഗ്ദ്ധൻ | 45 |
| Explain | വിശദീകരിക്കുക | 93 |
| Expose to penalty | ദണ്ഡനത്തിന് വിധേയനാക്കുക | |
| Expression | പദം | 3 |
| Extort | അപഹരിക്കുക | 8 |
| Extreme old age | അത്യധിക വാർദ്ധക്യം | 118 |

'F'


| | | |
|---|---|---|
| Fact | വസ്തുത | 3 |
| Facts in issue | വിവാദ്യ വസ്തുതകൾ | 3 |
| Failure of consideration | പ്രതിഫലത്തിന്റെ നിഷ്ഫലത | 92 |
| False entry | വ്യാജമായ ഉൾക്കുറിപ്പ് | 15 |
| Family affairs | കുടുംബകാര്യങ്ങൾ | 32 |
| Family pedigree | കുടുംബത്തിന്റെ വംശാവലി | 32 |
| Family portrait | കുടുംബചിത്രം | 32 |
| Feelings | വികാരങ്ങൾ | [8 |
| Festival | ഉൽസവം | 57 |
| Figure | അക്കം | 3 |
| Finger impression | വിരലടയാളം | 45 |
| First mentioned | ആദ്യം പറഞ്ഞ | 136 |
| Fishery | ഫിഷറി | 13 |
| Following cases | താഴെ പറയുന്ന സംഗതികൾ | 32 |
| Foreign law | വിദേശ നിയമം | 45 |
| Formality | ഔപചാരികത | 92 |


'G'


| | | |
|---|---|---|
| General custom or right | പൊതുവായ ആചാരം അല്ലെങ്കിൽ അവകാശം | 47 |
| General interest | സാമാന്യതാൽപ്പര്യം | 87 |
| General result | ആകപ്പാടെയുള്ള പരിണാമം | 65 |
| Genuineess | യഥാർത്ഥത | 79&22 |
| Geographical division | ഭൂമിശാസ്ത്രപരമായ വിഭാഗം | 57 |
| Government | ഭരണം | 49 |
| Grant | ഗ്രാന്റ് | 91 |
| Grounds of opinion | അഭിപ്രായത്തിനുള്ള കാരണങ്ങൾ | 51 |


'H'


| | | |
|---|---|---|
| Habitually | പതിവായി | 47 |
| Handwriting | കൈപ്പട | 45 |
| Head of department | വകുപ്പദ്ധ്യക്ഷൻ | |
| Highly probable | അത്യധികം സംഭാവ്യമായ | 11 |
| Holiday | ഒഴിവുദിവസം | 57 |
| Hostility | യുദ്ധനടപടികൾ | 57 |
| Human conduct | മാനുഷികമായ പെരുമാററം | 114 |


'I'


| | | |
|---|---|---|
| Identity | അനന്യത | 9 |
| Illegality | നിയമവിരുദ്ധത | 92 |
| Illegible | അവ്യക്തമായ | 98 |
| Immediate presence | തൊട്ടടുത്തസാന്നിദ്ധ്യം | 26 |
| Immoral character | അസാൻമാർഗ്ഗിക സ്വഭാവം | 155 |
| Impartiality | നിഷ്പക്ഷത | 153 |
| Impeach | ചോദ്യം ചെയ്യുക | 153 |

| | | |
|---|---|---|
| Impossible | അസാദ്ധ്യമായ | 11 |
| Impression | ധാരണ | 8 |
| Improbable | അസംഭാവ്യമായ | 11 |
| Improper | ശരിയല്ലാത്ത | 90 |
| Imputation | ദോഷാരോപണം | 148 |
| Impute | ആരോപിക്കുക | 52 |
| Incident | ഉപസംഗതി | 92 |
| Inconsistent with | അസംഗതമായ | 11 |
| Indecent | അസഭ്യമായ | 151 |
| Inducement | പ്രചോദനം | 24 |
| Inference | നിഗമനം | 17 |
| Influence | സ്വാധീനപ്പെടുത്തുക | 8 |
| In furtherance of any purpose | ഏതെങ്കിലും ആവശ്യത്തെ പുരോഗമിപ്പിക്കുന്നതിൽ | 126 |
| In reference to | സംബന്ധിച്ച് | 10 |
| Inscription | ആലേഖനം | 3 |
| In so far as necessary | ആവശ്യത്തിനുവേണ്ടിടത്തോളം | 9 |
| Insolvency | നിർദ്ധനത്വം | 41 |
| Insult | അപമാനിക്കുക | 152 |
| Insure | ഉറപ്പുവരുത്തുക | 63 |
| Intention | ഉദ്ദേശ്യം | 14 |
| Intentional | ഉദ്ദേശ്യപൂർവ്വകമായ | 15 |
| Intermediate | ഇടയിലുള്ള | 136 |
| Interpretation Clause | വ്യാഖ്യാനഖണ്ഡം | 3 |
| Interpreter | ദ്വിഭാഷി | 127 |
| In the course of and for the purpose of employment | നിയോജനത്തിന്റെ അടിസ്ഥാനത്തിലും നിയോജനത്തിനുവേണ്ടിയും | 126 |
| Intimidation | ഭയപ്പെടുത്തൽ | 92 |
| Introduce | അവതരിപ്പിക്കുക | 9 |
| Introductory | അവതാരകം | 142 |
| Invalidate | അസ്ഥിരപ്പെടുത്തുക | 92 |
| Investigate | അന്വേഷണം നടത്തുക | 157 |
| Isolated | ഒററതിരിഞ്ഞ് | 39 |

'J'

| | | |
|---|---|---|
| Journal | ജേർണൽ | 78 |
| Judicial Notice | ജുഡിഷ്യൽനോട്ടീസ് | 56 |
| Judicial Proceeding | ജുഡിഷ്യൽ നടപടി | 33 |
| Jury | ജൂറി | 166 |
| Justification | ന്യായീകരണം | 43 |

'K'

| | | |
|---|---|---|
| Knowledge | അറിവ് | 106 |

'L'

| | | |
|---|---|---|
| Landed property | ഭൂസ്വത്ത് | 90 |
| Last mentioned | ഒടുവിൽപറഞ്ഞ | 136 |
| Law books | നിയമപുസ്തകങ്ങൾ | 38 |
| Leading questions | സൂചകചോദ്യങ്ങൾ | 139 |
| Legal adviser | നിയമോപദേഷ്ടാവ് | 129 |
| Legal character | നിയമസ്വഭാവം | 42 |
| Legal custody | നിയമാനുസൃതമായ കസ്റ്റഡി | 78 |
| Legally authorised | നിയമപ്രകാരം അധികാരപ്പെടുത്തപ്പെട്ട | 3 |
| Legal professional adviser | നിയമവൃത്തികോപദേഷ്ടാവ് | 126 |
| Legitimacy | നിയമാനുസൃതപുത്രത്വം | 112 |
| Legitimate | നിയമാനുസൃതമായ | 90 |
| Legitimate son | നിയമാനുസൃത പുത്രൻ | 50 |
| Libel | അപമാനലേഖം | 9 |
| Libellous | അപമാനലേഖമായ | 9 |
| Libellous character | അപമാനലേഖമെന്ന നിലയിലുള്ള സ്വഭാവം | 32 |
| License | ലൈസൻസ് | 116 |
| Licensee | ലൈസൻസുകാരൻ | 116 |
| Literature | സാഹിത്യം | 57 |
| Lithographed | ലിത്തോഗ്രാഫ് ചെയ്ത | 3 |
| Local | തദ്ദേശികമായ | 98 |
| Lodging | താമസസ്ഥലം | 92 |
| Lost document | നഷ്ടപ്പെട്ടരേഖ | 104 |
| Lunatic | ഭ്രാന്തൻ | 118 |

'M'

| | | |
|---|---|---|
| Machine copy | യന്ത്രനിർമ്മിതപകർപ്പ് | 63 |
| Manner | രീതി | 92 |
| Maritime jurisdiction | മാരിടെയിം അധികാരിത | 57 |
| Mark | അടയാളം | 3 |
| Material particulars | സാരവത്തായ വിവരങ്ങൾ | 114 |
| Material thing | ഭൗതികമായ സാധനം | 60 |
| Matrimonial | വിവാഹബന്ധത്തെസംബന്ധിച്ച | 41 |
| Matters in writing | ലിഖിതവിഷയങ്ങൾ | |
| Matters of fact | വസ്തുതാപരമായ കാര്യങ്ങൾ | 3 |
| May presume | അനുമാനിക്കാവുന്നതാണ് | 4 |
| Means and includes | അർത്ഥം ആകുന്നതും അതിൽ ഉൾപ്പെടുന്നതും | 3 |
| Means of living | ജീവിതമാർഗ്ഗം | 149 |
| Memorandum | മെമ്മോറാണ്ടം | 32 |
| Memorandum Book | ഓർമ്മക്കുറിപ്പ് പുസ്തകം | 32 |
| Mental condition | മാനസികാവസ്ഥ | 3 |
| Mistake in fact | വസ്തുതയെക്കുറിച്ചുള്ള തെറ്റ് | 92 |
| Mistake in law | നിയമത്തെക്കുറിച്ചുള്ള തെറ്റ് | 92 |
| Modifications | രൂപഭേദങ്ങൾ | 73 |
| Modify | ഭേദഗതിചെയ്യുക | 13 |
| Motive | പ്രേരകം | 8 |
| Municipal Body | മുനിസിപ്പൽനികായം | 78 |

## 'N'

| | | |
|---|---|---|
| National Flag | ദേശീയ പതാക | 57 |
| Native State | നാട്ടുരാജ്യം | 113 |
| Nature | സ്വഭാവം | 3 |
| Needlessly offensive | അനാവശ്യമായി ക്ഷോഭിപ്പിക്കുന്ന | 152 |
| Negligence | ഉപേക്ഷ | 14 |
| New trial | പുതിയ വിചാരണ | 167 |
| Non-existence | അനസ്തിത്വം | 2 |
| Not conclusive | നിശ്ചായകമല്ല | 31 |
| Notice to produce | ഹാജരാക്കുന്നതിനുള്ള നോട്ടീസ് | 66 |
| Notify | വിജ്ഞാപനം ചെയ്യുക | 57 |
| Not intelligible | ഗ്രഹിക്കാൻ വയ്യാത്ത | 98 |
| Not otherwise relevant | മററുവിധത്തിൽ പ്രസക്തമല്ലാത്ത | 11 |
| Not proved | തെളിയിക്കപ്പെട്ടിട്ടില്ല | 3 |
| Notory Public | നോട്ടറി പബ്ലിക് | 57 |

## 'O'

| | | |
|---|---|---|
| Obligation | കടപ്പാട് | |
| Observe | നിരീക്ഷണം ചെയ്യുക | 126 |
| Obsolete | പ്രചാരലുപ്തമായ | 98 |
| Obstruction | തടസ്സം | 46 |
| Occasion | സന്ദർഭം | 7 |
| Occur | സംഭവിക്കുക | 6 |
| Occurrence | സംഭവം | 7 |
| Official body | ഔദ്യോഗികനികായം | 74 |
| Official character | ഔദ്യോഗികസ്ഥാനം | 79 |
| Omission | കൃത്യവിലോപം | 115 |
| On its face | പ്രത്യക്ഷത്തിൽ | 93 |
| On notice | നോട്ടീസ്സിൻമേൽ | 163 |
| Oral account | വാക്കാൽ വിവരണം | 63 |
| Oral evidence | വാക്കാൽ തെളിവ് | 3 |
| Origin | ഉൽഭവം | 90 |
| Original | അസ്സൽ | 65 |
| Order | ക്രമം | 137 |
| Otherwise than in accordance with | അനുസരിച്ചല്ലാതെ | 5 |
| Ought to be awarded | അവാർഡ് ചെയ്യേണ്ട | 12 |
| Ownership | ഉടമാവകാശം | 110 |

## 'P'

| | | |
|---|---|---|
| Partial | ഭാഗികമായ | 92 |
| Particular instances | പ്രത്യേക സന്ദർഭങ്ങൾ | 13 |
| Partner | പങ്കുകാരൻ | 109 |
| Party interested | താൽപ്പര്യമുള്ള കക്ഷി | 17 |
| Peculiar sense | വിശേഷാർത്ഥം | 95 |
| Perceive | ഗ്രഹിക്കുക | 60 |

| | | |
|---|---|---|
| Performance | നിർവ്വഹണം | 35 |
| Person legally bound | നിയമാനുസൃതം ബാദ്ധ്യസ്ഥൻ | 65 |
| Persuade | പ്രോൽസാഹിപ്പിക്കുക | 10 |
| Photographed | ഫോട്ടോഗ്രാഫ് ചെയ്തത് | 3 |
| Placard | പ്ലക്കാർഡ് | 62 |
| Plain | സ്പഷ്ടമായ | 95 |
| Position | നില | 19 |
| Position in life | ജീവിതത്തിലുള്ള സ്ഥിതി | 146 |
| Powers of attorney | മുക്തിയാർ നാമങ്ങൾ | 84 |
| Preclude | തടയുക | 91 |
| Preliminary | പ്രാരംഭികം | 1 |
| Preparation | ഒരുക്കം | 8 |
| Presumption | അനുമാനം | 79 |
| Previous conduct | മുൻപുള്ള പെരുമാററം | 8 |
| Previous conviction | മുൻകുററസ്ഥാപനം | 54 |
| Previous statement | മുൻപ്രസ്താവന | 145 |
| Primary evidence | പ്രാഥമിക തെളിവ് | 61 |
| Prince | നാട്ടുരാജാവ് | 113 |
| Printed Book | അച്ചടി ബുക്ക് | 78 |
| Prisoner | തടവുകാരൻ | 80 |
| Private business | പ്രൈവററ് ബിസിനസ്സ് | 114 |
| Private document | പ്രൈവററ് രേഖ | 75 |
| Privilege | പ്രത്യേകാവകാശം | 128 |
| Probate | പ്രൊബേററ് | 41 |
| Process | പ്രോസസ് | 57 |
| Produce | ഹാജരാക്കുക | 21 |
| Professional communications | വൃത്തി സംബന്ധമായി അറിയിച്ച സംഗതികൾ | 124 |
| Professional duty | തൊഴിൽപരമായ കൃത്യം | 32 |
| Promise of secrecy | രഹസ്യമായി വയ്ക്കാമെന്നുള്ള വാഗ്ദാനം | 26 |
| Proper custody | ശരിയായ കസ്ററഡി | 81 |
| Proper proof | ശരിയായി തെളിയിക്കൽ | 164 |
| Prosecutor | പ്രോസിക്യൂട്ടർ | 33 |
| Prosecutrix | പരാതിക്കാരി | 153 |
| Proved | തെളിയിക്കപ്പെട്ടു | 3 |
| Prove to the satisfaction of the Court | കോടതിക്ക് ബോദ്ധ്യമാകുംവണ്ണം തെളിയിക്കുക | 73 |
| Provincial | പ്രാദേശികമായ | 98 |
| Prudent man | വിവേകിയായ ആൾ | 3 |
| Public business | പബ്ലിക് ബിസിനസ് | |
| Public document | പബ്ലിക് രേഖ | 74 |
| Public history | പൊതു ചരിത്രം | 57 |
| Public interest | പൊതുജനതാൽപ്പര്യം | 87 |
| Public nature | പൊതു സ്വഭാവം | 37 |
| Public officer | പബ്ലിക് ഉദ്യോഗസ്ഥൻ | 74 |
| Public record | പബ്ലിക് റിക്കാർഡ് | 35 |

3/2553/V

| | | |
|---|---|---|
| Public right | പബ്ലിക് അവകാശം | 32 |
| Public right of way | പബ്ലിക് വഴിനടപ്പവകാശം | 42 |
| Purporting to be written | എഴുതിയതെന്ന് കരുതപ്പെടുന്ന | 47 |

## Q

| | | |
|---|---|---|
| Question in issue | വിവാദപ്രശ്നം | 33 |
| Question of dispute | തർക്കപ്രശ്നം | |

## R

| | | |
|---|---|---|
| Rational answers | അർത്ഥമുള്ളമറുപടികൾ | 118 |
| Reasonable ground | ന്യായമായ കാരണം | 10 |
| Rebut | ഖണ്ഡിക്കുക | 9 |
| Recital | ആഖ്യാനം | 37 |
| Recognition | അംഗീകരണം | 78 |
| Recognize | അംഗീകരിക്കുക | 13 |
| Recollection | ഓർമ്മ | 160 |
| Record of evidence | തെളിവിന്റെ റെക്കാർഡ് | 80 |
| Reduce to the form of document | രേഖാരൂപത്തിലാക്കുക | 91 |
| Re-examination | പുനർവിസ്താരം | 137 |
| Refresh | പുതുക്കുക | 157 |
| Refreshing memory | ഓർമ്മ പുതുക്കൽ | |
| Regard | പരിഗണിക്കുക | 113 |
| Regularly kept in the course of business | ബിസിനസ് മുറിയിൽ ക്രമമായി സൂക്ഷിച്ചുപോരുന്ന | 32 |
| Rejection | നിരസിക്കൽ | 167 |
| Relationship | ബന്ധുത്വം | 50, 32 |
| Relationship by blood | രക്തംവഴിയുള്ള ബന്ധുത്വം | 32 |
| Relevancy | പ്രസക്തി | 1 |
| Relevant | പ്രസക്തമായ | 3 |
| Religious foundation | മതസ്ഥാപനം | 49 |
| Rely | ആശ്രയിക്കുക | 5 |
| Remote in time | വിദൂരകാലം | 148 |
| Reports of decision | തീരുമാനങ്ങളുടെ റിപ്പോർട്ടുകൾ | 84 |
| Representation in interest | താൽപ്പര്യങ്ങളെ പ്രതിനിധാനം ചെയ്യൽ | 21 |
| Representatives in interest | താൽപ്പര്യങ്ങൾ പ്രതിനിധാനം ചെയ്യുന്നവർ | 33 |
| Repugnant | വിരുദ്ധമായ | 92 |
| Reputation | ഖ്യാതി | 55 |
| Rescind | റദ്ദാക്കുക | 92 |
| Retain | കൈവശം തുടരുക | 102 |
| Right to inspect | പരിശോധിക്കുവാനുള്ള അവകാശം | 76 |
| Rule of road | ഗതാഗതച്ചട്ടം | 57 |
| Ruler | ഭരണാധികാരി | 113 |
| Ruling | റൂളിംഗ് | 38 |

## S


| | | |
|---|---|---|
| Saving | ഒഴിവാക്കൽ | 100 |
| Scandalous | അപവാദപരമായ | 151 |
| Science | ശാസ്ത്രം | 45 |
| Seal | മുദ്ര | 57 |
| Sea wall | കടൽഭിത്തി | 56 |
| Secondary evidence | ദ്വിതീയകത്തെളിവ് | 22 |
| Seek production | ഹാജരാക്കുവാൻ ആവശ്യപ്പെടുക | 130 |
| Self control | ആത്മനിയന്ത്രണം | 105 |
| Sense | അർത്ഥം | 3 |
| Series | പരമ്പര | 39 |
| Several | പല | 62 |
| Several persons | പല ആളുകൾ | 8 |
| Shake credit | വിശ്വാസ്യതയെ ഉലയ്ക്കുക | 146 |
| Shall presume | അനുമാനിക്കേണ്ടതാണ് | 4 |
| Sign manual | രാജഹസ്താക്ഷരം | 57 |
| Similarity | സാദൃശ്യം | 32 |
| Skilled | പ്രാവീണ്യമുള്ള | 65 |
| Slight degree | സ്വൽപ്പമായി | 148 |
| Soon after | കഴിഞ്ഞ ഉടനെ | 114 |
| Sound | കുറ്റമറ്റ | 92 |
| Sovereign authority | പരമാധികാരസ്ഥാനം | 74 |
| Special circumstances | പ്രത്യേക പരിതഃസ്ഥിതികൾ | 34 |
| Special exception | പ്രത്യേക അപവാദം | 105 |
| Special means of knowledge | അറിയുവാനുള്ള വിശേഷാൽ മാർഗ്ഗം | 49 |
| Special order | വിശേഷാൽ ഉത്തരവ് | 121 |
| Specific performance | വിനിർദ്ദിഷ്ട നിർവ്വഹണം | 92 |
| Stage | ഘട്ടം | 5 |
| Statement | പ്രസ്താവന | 3 |
| Stop | മുടക്കുക | 13 |
| Subordinate officers | കീഴുദ്യോഗസ്ഥൻമാർ | 57 |
| Suborn | പ്രലോഭനം നൽകി സമ്പാദിക്കുക | 8 |
| Subsequent | പിന്നീടുള്ള | 5 |
| Subsequent conduct | പിൻപുള്ള പെരുമാററം | 8 |
| Substantially | സാരാംശത്തിൽ | 32 |
| Subtract | കുറയ്ക്കുക | 92 |
| Succession | പിന്തുടർച്ചാവകാശം | 100 |
| Sudden | സത്വരമായി | 9 |
| Suggest | സൂചിപ്പിക്കുക | 106 |
| Suitor | കക്ഷി | 5 |
| Support | പിന്താങ്ങുക | 46 |
| Supposition | സങ്കൽപ്പം | 3 |
| Symptom | ലക്ഷണം | 45 |

## T

| | | |
|---|---|---|
| Take cognizance | വിചാരണാധികാരത്തിലേക്ക് എടുക്കുക | 40 |
| Technical | സാങ്കേതികമായ | 98 |
| Telegraphic message | ടെലഗ്രാഫ് സന്ദേശം | 88 |
| Tender years | ഇളംപ്രായം | 118 |
| Tending | പ്രവണതയുള്ള | 15 |
| Tend to criminate | കുറ്റക്കാരനാകാൻ പ്രവണതയുള്ളതാവുക | 130 |
| Tenet | സിദ്ധാന്തം | 49 |
| Terms of complaint | പരാതിയിലെ വചനങ്ങൾ | 8 |
| Territory | രാജ്യക്ഷേത്രം | 57 |
| Test | പരീക്ഷിക്കുക | 146 |
| Testify | സാക്ഷി പറയുക | 118 |
| Testimony to facts | വസ്തുക്കളെപ്പറ്റിയുള്ള സാക്ഷിത്തെളിവ് | 160 |
| Threat | ഭീഷണി | 24 |
| Through the judge | ജഡ്ജി മുഖേന | 166 |
| Time of payment | പണം കൊടുക്കേണ്ട സമയം | 92 |
| Title | ഉദ്യോഗപ്പേര് | 57 |
| Title deed | അവകാശപത്രം | 130 |
| Tomb stone | സമാധിശില | 32 |
| Transaction | ഇടപാട് | 6 & 63 |
| Translation | തർജ്ജമ | |
| Transmission | അയയ്ക്കൽ | 88 |
| Trespass | കൈയേറ്റം | 42 |
| Trial | വിചാരണ | 33 |
| Tribunal | ട്രൈബ്യൂണൽ | 74 |

## U

| | | |
|---|---|---|
| Unconnected | ബന്ധമില്ലാത്ത | 9 |
| Uncorroborated testimony | ഉപോദ്ബലനരഹിതമായ സാക്ഷിത്തെളിവ് | 133 |
| Under writer | അണ്ടർ റൈറ്റർ | 153 |
| Undisputed | അവിതർക്കിതമായ | 142 |
| Unfavourable | അനുകൂലമല്ലാത്ത | |
| Uniform process | ഏകരൂപമായ പ്രക്രിയ | 62 |
| Unless a contrary intention appears from the context | സന്ദർഭത്തിൽനിന്ന് വിപരീതമായ ഉദ്ദേശ്യം വെളിപ്പെടുത്താത്തപക്ഷം | 3 |
| Unmeaning | അർത്ഥഹീനം | 95 |
| Unsatisfactory | അതൃപ്തികരമായ | 148 |
| Unsoundness of mind | ചിത്തഭ്രമം | 105 |
| Unworthy of credit | വിശ്വാസ്യതയ്ക്കു അർഹനായ | 114 |
| Urgent | അടിയന്തരമായ | 9 |
| Usage | വഴക്കം | 49 |

## V

| | | |
|---|---|---|
| Vary | വ്യത്യാസപ്പെടുത്തുക | 99, 167 |
| Varacity | സത്യശീലത | 146 |
| Verbally | വാക്കാൽ | 91 |
| Volunteering evidence | സ്വേച്ഛയാ തെളിവു നൽകുക | 128 |

## W

| | | |
|---|---|---|
| Waive | ഉപേക്ഷിക്കുക | 128 |
| Want of capacity | കഴിവില്ലായ്മ | 92 |
| Want of consideration | പ്രതിഫലത്തിന്റെ അഭാവം | 92 |
| Warn | മുന്നറിയിപ്പ് നൽകുക | 148 |
| Warranty | വാറന്റി | 92 |
| Well-founded | ശരിയായ അടിസ്ഥാനമുള്ള | 148 |
| Will | മരണശാസനം | 32 |
| Wish | ഇച്ഛിക്കുക | 141 |
| Withhold permission | അനുവാദം നൽകാതിരിക്കുക | 123 |
| Witness | സാക്ഷി | 3 |
| Word | വാക്ക് | 3 |
| Written or verbal | രേഖാമൂലമോ വാക്കാലോ | 32 |